# WiSE

WALKING IN SPIRITUAL EXCELLENCE

Aug - Oct 2013 / ₹ 30



## സമയം ദൈവഹിതപ്രകാരം വിനിയോഗിക്കുക

**മലയാളം ശ്രേഷ്ഠഭാഷാ പദവി: അക്ഷരവഴിയിലെ മിഷനറി സാന്നിധ്യം**

നേതൃത്വത്തെപ്പറ്റിയുള്ള പൗലൊസ് അപ്പൊസ്തലന്റെ കാഴ്ചപ്പാട്

**സി. റ്റി. സ്റ്റഡ്: ദൈവത്തിന്റെ ബാറ്റ്സ്മാൻ**

ഫെയ്ത്ത് ലീഡേഴ്സ്
ചർച്ച് ഓഫ് ഗോഡ്

# ജനറൽ കൺവൻഷൻ 2014

FAITH LEADERS CHURCH OF GOD - GENERAL CONVENTION 2014

## 2014 ജനുവരി 5 ഞായർ മുതൽ 12 ഞായർ വരെ
## ഫെയ്ത്ത് ലീഡേഴ്സ് കൺവൻഷൻ ഗ്രൗണ്ട് പാമല – തിരുവല്ല


Rev. Daniel Mathew


Pastor Roy Daniel


Rev. Valson Abraham


Pastor P.C. Cherian


Pastor K. Joy


Pastor James George

### പ്രസംഗകർ

റവ. ദാനിയേൽ മാത്യു
പാസ്റ്റർ റോയി ദാനിയേൽ മാത്യു
റവ. വത്സൻ ഏബ്രഹാം
പാസ്റ്റർ പി. സി. ചെറിയാൻ–റാന്നി
പാസ്റ്റർ കെ. ജോയി – ഡൽഹി
പാസ്റ്റർ ജെയിംസ് ജോർജ്ജ്–പത്തനാപുരം
പാസ്റ്റർ കെ. ജെ. തോമസ്–കുമളി

പവ്വർ കോൺഫറൻസ്, പൊതുയോഗങ്ങൾ
ബൈബിൾ ക്ലാസ്സുകൾ
ഫെയ്ത്ത് വുമൺസ് വാർഷിക സമ്മേളനം
ബൈബിൾ സ്കൂൾ ഗ്രാജുവേഷൻ
ഫ്ളാഗ് & സൺഡേസ്കൂൾ വാർഷിക സമ്മേളനം
സ്നാനശുശ്രൂഷ, കർത്തൃമേശ
സംയുക്ത ആരാധന

## ഏവർക്കും സ്വാഗതം

ഗാനശുശ്രൂഷ
MIZMOR
Heir to superior identity...
തിരുവല്ല

*For further details*
**Evg. Charly John**
9846061298

*For Power Conference Registration*
**Pr. John Gamaliel** - 9349336529
**Pr.Gigi Thomas** - 9048781018

*For Prayer*
**Pr. Saji Chathenkari** - 9847245630

WISE
WALKING IN SPIRITUAL EXCELLENCE
VOLUME 01 ISSUE 11 / AUG - OCT 2013

Chief Editor: Pastor Roy Daniel Mathew
Managing Editor: Santhosh Joseph | Editors: Saji Methanam | Jyothi Roy
Advisory Board: Rev. Daniel Mathew | Pastor Anish Ulahannan
Pastor M. A. John | Pastor M. P. Baby | Mrs. Mollykutty Daniel | Mrs. Mariamma Mathew
Circulation Manager: Ajay Jacob | Printing and Publishing: Reji Daniel Mathew

# ഉള്ളടക്കം

49
## കരിങ്കുളം മത്തായി ഉപദേശി:
മലനിരകളിൽ സുവിശേഷം
എത്തിച്ച സൂര്യതേജസ്

06 ജയിലിലും രക്ഷയുടെ സന്ദേശവുമായി പാസ്റ്റർ സയിദ് അബെദിനി
16 സുവിശേഷങ്ങളിലെ ക്രിസ്തു
32 ഒരു രാജാവ് നീതിയോടെ വാഴും
34 പെന്തക്കോസ്തൽ അപ്പാർത്തീഡ്
36 സഹിഷ്ണുത രൂപപ്പെടുത്തുന്ന ആത്മീയത
40 ദരിദ്രനിലേക്കുള്ള അകലം എത്ര?
52 കൊലപാതകം ഒരു കലയല്ല
54 കവിത: കൂടാരം
56 കഥ: ചിറകുകൾ തളരുമ്പോൾ
62 സച്ചിൻ പടിയിറങ്ങിയപ്പോൾ



FAITH LEADERS CHURCH OF GOD
Wise Magazine | Faith Leaders Church of God | Palakkathakidi Post | Venkotta, Pin - 689581
Pathanamthitta Dist | Kerala State | India | Tel: +91 469 326 9009 | Email: wise@faithleaderschurch.org
Circulation: Tel: +91 974 448 2454 | Email: circulationwise@faithleaderschurch.org | www.faithleaderschurch.org

Disclaimer: The views expressed in the articles are those of the writers. The magazine will not bear any responsibility for them.
Some of the images used in this magazine have been downloaded from websites. We acknowledge that the copyright of those images remain with the original owners, and WISE does not intend to use those for commercial purposes and does not claim any rights for them.

Subscription Charges : INDIA: Single Copy 30/- For 1 year 100/- | ABROAD: For 1 year $60

Copyright@Faith Leaders Church of God | For private circulation only

Find us on Facebook www.facebook.com/wisereaders

# ക്രിസ്തുഹൃദയത്തിലെ സേവനശുദ്ധി പിൻതുടരുക

സേവനം ക്രിസ്തീയ സ്നേഹത്തിന്റെ ഉദാത്ത മാതൃകയാണ്. ക്രിസ്തീയ ജീവിതത്തിന്റെ ശ്രേഷ്ഠതയുടെ ആഴവും പരപ്പും വെളിവാക്കപ്പെടുന്ന സേവനം എന്ന പദവും, ആ പദം ഉൾക്കൊള്ളുന്ന അർഥവ്യാപ്തിയും ഒരു ആത്മീയ മനുഷ്യന് ഏറ്റവും അത്യന്താപേക്ഷിതമാണ്. യേശുക്രിസ്തു തന്റെ ജീവിത, ശുശ്രൂഷാ പ്രയാണത്തിൽ സേവനത്തിന്റെ ഉത്തമ മാതൃക അനുഗാമികൾക്കും ചൂണ്ടിക്കാണിച്ചു. സുവിശേഷങ്ങളിൽ, ''മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുക്കുവാനും അത്രെ വന്നത്'' (മർക്കൊസ് 10:45) എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിന്റെ അനുഗാമികൾ എപ്രകാരം ആയിരിക്കണമെന്ന വസ്തുത ഈ വചന സൂക്തത്തിൽ അന്തർലീനമായിട്ടുണ്ട്. ശുശ്രൂഷിപ്പാൻ ആയിരങ്ങൾ മുമ്പിൽ ഉണ്ടായിരുന്നിട്ടും യജമാനന്റെ സിംഹാസനത്തിൽ അവരോധിക്കപ്പെടുവാൻ ആഗ്രഹിക്കാതെ ദാസന്റെ തുവർത്ത് അരയിൽ ചുറ്റിയ കർത്താവിന്റെ സേവന സന്നദ്ധത ഇന്നത്തെ വിശ്വാസ സമൂഹത്തിനു മുമ്പിൽ തെളിഞ്ഞു നിൽക്കുന്നു.

ക്രിസ്തുവിന്റെ അനുയായികൾ എന്ന് അവകാശപ്പെടുന്നവർ സേവനത്തിന്റെ ആദ്യ പാഠങ്ങൾ പോലും മറന്നിരിക്കുന്നു. സേവനത്തിന്റെ തുവർത്ത് അലക്കി മടക്കി പാരമ്പര്യത്തിന്റെ തകരപ്പെട്ടിയിൽ നിക്ഷേപിച്ച് അധികാര പ്രമത്തതയോടെ സിംഹാസനങ്ങൾ മോടി പിടിപ്പിക്കുന്ന അഭിനവ ഭക്തശിരോമണികൾ വർധിച്ചു കൊണ്ടിരിക്കുന്നു. പ്രേഷിത പ്രയാണത്തിൽ സേവനത്തിന്റെ പാതയിലൂടെ ആത്മീയ മൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ട് മുന്നേറേണ്ട വ്യക്തികളും പ്രസ്ഥാനങ്ങളും ആത്മിക ദർശനം നഷ്ടപ്പെട്ട് ഇരുളിൽ ഉഴലുകയാണിപ്പോൾ. ആത്മീയ ദർശനത്തിന്റെ സാക്ഷാത്കാരം സാമൂഹിക പ്രവർത്തനത്തിൽ അനുവർത്തിക്കേണ്ട ക്രിസ്തുശിഷ്യർ പലരും ക്രിസ്തു



പാസ്റ്റർ റോയി ഡാനിയേൽ മാത്യു

വിന്റെ വചനങ്ങൾക്ക് ക്രിയാത്മക സമീപനം നൽകാതെ ദൈവികപാതവിട്ടു പര്യടനം നടത്തിക്കൊണ്ടിരിക്കുന്ന ദുഷിച്ച പ്രവണത ആത്മീയ സംസ്ക്കാരത്തിനു എന്നും അപചയമാണ്.

സ്വാർഥ താൽപര്യങ്ങളെ തന്നിൽ തന്നെ തടവറ തീർത്ത് അതിനുള്ളിൽ ചങ്ങലക്കിട്ട് പിതൃഹിതത്തിനുവേണ്ടി ജീവിതം സമർപ്പിച്ച ഒരു ഉജ്ജ്വല ത്യാഗിയെ ഉലകത്തിൽ വേറെ കണ്ടെത്താനാവില്ല. ആത്മീയ ആഹാരമായ ദൈവവചനം കേൾക്കേണ്ടതിനു അനുഗമിച്ച പുരുഷ സഞ്ചയത്തിനു ഭൗതിക ആഹാരം നൽകുവാൻ ആഗ്രഹിച്ച യേശുവിന്റെ മനസലിവ് അവർണനീയമാണ്. നിന്നോട് വ്യവഹരിച്ച് നിന്റെ വസ്ത്രം എടുപ്പാൻ ഇച്ഛിക്കുന്നവന് നിന്റെ പുതപ്പും വിട്ടുകൊടുക്കാനും ഒരു നാഴിക വഴിപോകുവാൻ നിർബന്ധിച്ചാൽ രണ്ടു നാഴിക പോകുവാനും യാചിക്കുന്നവന് കൊടുക്കുവാനും വായ്പ വാങ്ങുവാൻ ഇച്ഛിക്കുന്നവനെ ഉപേക്ഷിക്കയുമരുത് (മത്തായി 5:40–42) എന്നും ക്രിസ്തു പറയുമ്പോൾ സേവന സന്നദ്ധതയുടെ ഒരു വ്യത്യസ്ത മുഖം നമുക്ക് ദർശിക്കാം. ക്രിസ്തു ദർശനത്തിന്റെ ശരിയായ പാന്ഥാവിലൂടെ ലക്ഷ്യത്തിലേക്ക് യാത്ര ചെയ്യുവാൻ നാം തീരുമാനിക്കേണ്ട സമയം ഇതു തന്നെയാണ് എന്ന് തിരിച്ചറിയുവാൻ ഇടയാകട്ടെ.

സൽക്കർമങ്ങളും ദാനധർമങ്ങളും ദൈവരാജ്യപ്രവേശനത്തിനുള്ള ഉപാധികൾ അല്ലെങ്കിൽപോലും ദൈവരാജ്യ പ്രവേശനത്തിനു ഒരുക്കപ്പെടുന്ന ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ ഈ പറഞ്ഞ സേവനത്തിന്റെ വിവിധ വശങ്ങൾ നിർണ്ണായകമാണ് എന്നുള്ളത് നാം വിസ്മരിച്ചു കൂടാ. ആത്മികതയുടെ അനുകരണവും ശുശ്രൂഷയുടെ അഭിനയവും ആഡംബരത്തിന്റെ അതിപ്രസരണവും ക്രിസ്തു ശിഷ്യരെപ്പോലും സ്വാധീനിച്ച് ക്രിസ്തുഹിതത്തിൽ നിന്ന് നീക്കിക്കളയുമ്പോൾ അനുകരണവും അഭിനയവും അടവുനയങ്ങളും പുറകിൽ എറിഞ്ഞുകളഞ്ഞ് ക്രിസ്തീയ സേവനത്തിന്റെ പാതയിൽ പരിശുദ്ധാത്മാവിന്റെ ശക്തി ആർജ്ജിച്ചെടുത്ത് പ്രവർത്തന പാന്ഥാവിൽ മുന്നേറാൻ നമുക്ക് കഴിയട്ടെ. ഇടവും വലവും ഇരിക്കാൻ അനുവാദം ചോദിച്ച സെബദിമക്കളോട് ഒരുക്കപ്പെട്ടവർക്ക് പിതാവ് അത് നൽകിത്തരും (മർക്കൊസ് 10:35–40) എന്ന് പറഞ്ഞ് ശിഷ്യസഞ്ചയം മുഴുവൻ കേൾക്കെ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ശുശ്രൂഷക്കാരൻ ആകണമെന്നും യജമാനൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാവർക്കും ദാസൻ ആകണമെന്നും പറയുമ്പോൾ ക്രിസ്തീയ ദാസ്യ ശുശ്രൂഷയുടെ അഥവാ സേവന സന്നദ്ധതയുടെ മർമം ക്രിസ്തു വെളിപ്പെടുത്തുകയായിരുന്നു.

മഹാൻ എന്നു വിശേഷിപ്പിക്കപ്പെടുവാൻ പ്രാപ്തനായിട്ടും ഒരിക്കൽപോലും യജമാനൻ ആകാതെ ദാസൻ ആയിരിക്കുവാൻ ആഗ്രഹിച്ച യേശുക്രിസ്തുവിന്റെ അനുഗാമികൾ യഥാർഥ ശിഷ്യത്വത്തിന്റെ ആത്മിക സത്ത ഉൾക്കൊണ്ട് ഭൂമിയിലെ പ്രതിഫലങ്ങൾക്കായിട്ടല്ല പ്രത്യുത ഉയരത്തിൽ നിന്നുള്ള മഹാപ്രതിഫലത്തിനായി മുന്നേറുക. ''നാം അവന്റെ കൈപ്പണിയായി സൽപ്രവർത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തു പോരേണ്ടതിനു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു'' (എഫെസ്യർ 2:10) എന്നുള്ള തിരുവചന പ്രകാരം സൽപ്രവർത്തികളുടെ സേവന മാർഗത്തിലൂടെ മഹാപ്രതിഫലം സ്വായത്തമാക്കുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ. ''എനിക്ക് ശുശ്രൂഷ ചെയ്യുന്നവൻ എന്നെ അനുഗമിക്കട്ടെ; ഞാൻ ഇരിക്കുന്നേടത്ത് എന്റെ ശുശ്രൂഷക്കാരനും ഇരിക്കും. എനിക്കു ശുശ്രൂഷ ചെയ്യുന്നവനെ പിതാവ് മാനിക്കും'' (യോഹന്നാൻ 12:26). ''മനുഷ്യർ നിങ്ങൾക്ക് ചെയ്യേണം എന്ന് നിങ്ങൾ ഇച്ഛിക്കുന്നതൊക്കെയും നിങ്ങൾ അവർക്കും ചെയ്വിൻ'' (മത്തായി 7:12) എന്ന തേജസ്സേറിയ വചനം നമ്മുടെ ക്രിസ്തീയ പ്രേഷിത യാത്രയിൽ പാതക്കു പ്രകാശമായിത്തീരട്ടെ...



സന്തോഷ് ജോസഫ്

**ക്രിസ്തുവിനുവേണ്ടി തടവറയിൽ എത്തപ്പെട്ട പാസ്റ്റർ സയിദ് അബെദിനി സഹനതയുടെയും ത്യാഗത്തിന്റെയും ആൾരൂപമാണ്. ഈ പ്രേഷിതന്റെ മോചനത്തിനായി ക്രൈസ്തവലോകം പ്രാർഥിക്കുകയാണ്.**

# ജയിലിലും രക്ഷയുടെ സന്ദേശവുമായി പാസ്റ്റർ സയിദ് അബെദിനി

ഇറാൻ ജയിലിൽ സെപ്തംബർ 2012 മുതൽ തടവിൽ കഴിയുന്ന അമേരിക്കൻ പൗരത്വമുള്ള ഇറാൻകാരനാണ് പാസ്റ്റർ സയിദ് അബെദിനി. ഇറാനിൽ വച്ച് അറസ്റ്റിലായ പാസ്റ്റർ സയിദ് അബെദിനിയെ 2013 ജനുവരി 27 ന് 8 വർഷത്തെ തടവിനാണ് ഇറാൻ കോടതി ശിക്ഷിച്ചത്. 2000 ത്തിന്റെ ആദ്യവർഷങ്ങളിൽ ക്രിസ്തീയ സുവിശേഷീകരണ പ്രവർത്തനങ്ങളിലൂടെ ഇറാന്റെ ദേശീയ സുരക്ഷയ്ക്ക് കോട്ടം വരുത്തുന്ന രീതിയിൽ പ്രവർത്തിച്ചുവെന്നാണ് അദ്ദേഹത്തിന്റെ മേൽ ചുമത്തിയിട്ടുള്ള കുറ്റം.

ഇറാനിൽ ജനിച്ചുവളർന്ന സയിദ് 2000 ത്തിലാണ് ക്രിസ്തീയ വിശ്വാസം സ്വീകരിച്ചത്. ക്രിസ്തീയ വിശ്വാസം സ്വീകരിച്ചവർക്ക് ഇറാനിലെ അംഗീകൃത ന്യൂനപക്ഷക്രിസ്തീയ സമൂഹത്തോടൊത്ത് ആരാധിക്കുവാനോ അംഗീകൃതമായി സ്ഥാപിച്ചിട്ടുള്ള ക്രിസ്തീയ സഭകളിൽ പോകുവാനോ അനുവാദമില്ല. ക്രിസ്തീയ വിശ്വാസം സ്വീകരിച്ചവർ ഭവനസഭകൾ *(house or underground churches)* സ്ഥാപിച്ച് ഒരുമിച്ച് ആരാധിക്കുന്നു. 2002ന് ശേഷം 30 ഇറാൻ പട്ടണങ്ങളിലായി 2000ലധികം അംഗങ്ങൾ വരുന്ന ഏകദേശം 100 സഭകൾ അനധികൃതമായി സ്ഥാപിക്കുന്നതിന് പാസ്റ്റർ സയിദ് നേതൃത്വം കൊടുത്തുവെന്നാണ് ഗവൺമെന്റ് പറയുന്നത്.

2005 ൽ, പുതിയ ഗവൺമെന്റ് തിരഞ്ഞെടുക്കപ്പെട്ടതോടെയാണ് ഭവനസഭകളെല്ലാം നിരോധിക്കാൻ ആരംഭിച്ചത്. തത്ഫലമായി സയിദിനും തന്റെ പ്രവർത്തനം ഉപേക്ഷിച്ച് അമേരിക്കക്കാരിയായ ഭാര്യയോടൊപ്പം അമേരിക്കയിലേക്ക് പോകേണ്ടിവന്നു. അമേരിക്കയിൽ വച്ച് പാസ്റ്റർ സയിദിന് ഓർഡിനേഷനും അമേരിക്കൻ പൗരത്വവും ലഭിച്ചു. തന്റെ ഭാര്യ നെഹമായ വളർന്ന ഇഡാഹോയിലെ ബോയിസിലാണ് സയിദിന്റെ അമേരിക്കയിലെ വീടും കുടുംബവും. അവർക്ക് രണ്ട് മക്കളുണ്ട്. അമേരിക്കയിലെ കാൽവറി ചാപ്പൽ ചർച്ചിലെ അംഗമാണ്.

2009 ൽ തന്റെ കുടുംബത്തെ സന്ദർശിക്കാനായി ഇറാനിലേക്ക് മടങ്ങി വരുമ്പോഴാണ് ഗവൺമന്റ് അധികാരികൾ സയിദിനെ തടവിലാക്കുന്നത്. ചോദ്യം ചെയ്യലിനിടെ ക്രിസ്ത്യാനിയായി മതപരിവർത്തനം ചെയ്തതുകൊണ്ട് വധഭീക്ഷണി നേരിടുകയും പീഡനമേൽക്കുകയും ചെയ്തു. തന്റെ നേതൃത്വത്തിലുള്ള ഭവനസഭകൾ നിർത്താമെന്ന് സമ്മതിച്ചതോടെയാണ് സയിദിനെ അന്ന് വിട്ടയച്ചത്.

പിന്നീട് 2012ൽ കുടുംബത്തെ സന്ദർശിക്കാനെത്തുകയും ഇറാൻ പട്ടണമായ റാഷ്തിൽ ഒരു അനാഥശാല





പണിയുവാൻ ലക്ഷ്യമിട്ട് പ്രവർത്തിക്കുകയും ചെയ്യുന്നതിനിടെയാണ് സയിദിനെ വീട്ടുതടങ്കലിലാക്കുകയും പിന്നീട് എവിൻ ജയിലേക്ക് മാറ്റുകയും ചെയ്തത്. പാസ്റ്റർ സയിദിനെ ഇപ്പോൾ കുപ്രസിദ്ധമായ രാജായി ഷഹർ ജയിലിലേക്ക് മാറ്റിയെന്നാണ് അമേരിക്കൻ സെന്റർ ഫോർ ലോ ആന്റ് ജസ്റ്റിസ് റിപ്പോർട്ട് ചെയ്യുന്നത്. തടവിൽ ജീവനുതന്നെ ഭീഷണിയായേക്കാവുന്ന സാഹചര്യത്തിലാണ് സയിദ്. രാജായി ഷഹർ ജയിലിലെ ഏറ്റവും അപകടകരമായ വാർഡിൽ കൊടുംകുറ്റവാളികളോടൊപ്പമാണ് സയിദിനെ ഇപ്പോൾ പാർപ്പിച്ചിരിക്കുന്നത്. സ്വന്തം കുടുംബങ്ങൾക്കോ അടുത്ത സുഹൃത്തുക്കൾക്കോപോലും ഈ ജയിലിൽ സന്ദർശകരായി ചെല്ലുവാൻ അനുവാദമില്ല. മനുഷ്യാവകാശ പ്രവർത്തകർക്കോ മാധ്യമപ്രവർത്തകർക്കോ ഈ ജയിൽ സന്ദർശിക്കുവാനോ തടവുകാരെ കാണുവാനോ സാധ്യമല്ല. കൊലപാതകത്തിലും ബലാൽസംഗത്തിലും പിടിയിലായി വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടവരോടൊപ്പമുള്ള പാസ്റ്റർ സയിദിന്റെ സഹവാസം അപകടകരമാണെന്നാണ് ബന്ധുക്കൾ പറയുന്നത്.

റിബേക്ക എന്ന മകളുടെ ഏഴാം ജന്മദിനാശംസയായി ‘ക്ഷമയോടെയിരിക്കുക, സഹനശക്തി നിലനിർത്തുക’ എന്നീ വാക്കുകളാണ് ഇറാൻ ജയിലിൽ നിന്നും പാസ്റ്റർ സയിദ് അയച്ചത്. റിബേക്കാ തന്റെ അമ്മയും അഞ്ചുവയസുള്ള ജേക്കബ് എന്ന സഹോദരനുമായി ബർത്ത്ഡേ കാന്റിലുകൾ ഊതി അണയ്ക്കുമ്പോൾ പാസ്റ്റർ സയിദ് ഇല്ലെങ്കിലും അദ്ദേഹം ആശംസകളായി അയച്ച വാക്കുകളിൽ നിന്നും ലഭിക്കുന്ന ഉത്തേജനമാണ് ആ കുടുംബത്തെ നിലനിർത്തുന്നത്.

വേൾഡ് വാച്ച് മോനിട്ടർ റിപ്പോർട്ട് അനുസരിച്ച് ജയിലുകളിൽ തടവിൽ കഴിയുന്ന നാല്പത്തിരണ്ട് ഇറാൻകാരായ ക്രിസ്ത്യാനികളെയും വിചാരണ നേരിടുന്ന മറ്റ് നാൽപ്പത്തിയഞ്ച് പേരെയും വിട്ടയയ്ക്കണമെന്ന് മനുഷ്യാവകാശ പ്രവർത്തകനായ അഭിഭാഷകൻ അട്ടെയിഹ ഫാർഡ് യുണൈറ്റഡ് നേഷൻസിന്റെ ഹ്യൂമൻ റൈറ്റ്സ് കൗൺസലിംഗ് സെപ്തംബർ 24 ന് ആവശ്യപ്പെട്ടിരുന്നു. വേൾഡ് വാച്ച് മോനിട്ടറിന്റെ മറ്റൊരു റിപ്പോർട്ടിൽ പറയുന്നത് ഇറാനിൽ മതന്യൂനപക്ഷങ്ങൾക്ക് സംഘടിക്കാൻ അനുവാദം നൽകുന്നുണ്ടെങ്കിലും കഴിഞ്ഞ കുറെ വർഷങ്ങൾക്കിടയിൽ 300 ൽപ്പരം ക്രിസ്ത്യാനികൾ അറസ്റ്റിലായിട്ടുണ്ടെന്നാണ്. അതിലൊരാൾ പാസ്റ്റർ ലൂസഫ് നാദർഖാനിയായിരുന്നു. ക്രിസ്തീയ വിശ്വാസത്തിന്റെ പേരിൽ തടവിലാക്കുകയും വധശിക്ഷയ്ക്കു വിധിക്കപ്പെടുകയും ചെയ്ത അദ്ദേഹത്തെ, ആഗോളവ്യാപകമായ പ്രതിഷേധത്തിന്റെയും സമയോജിതമായ ഇടപെടലിന്റെയും ഫലമായി 2012 സെപ്തംബർ 8ന് വിട്ടയച്ചു. അതിന് ശേഷം 18 ദിവസം കഴിഞ്ഞാണ് പാസ്റ്റർ സയിദ് അനാഥാലയം സ്ഥാപിക്കുന്നതിന് ഗവൺമെന്റ് നടപടികൾ നടത്തുന്നതിനിടയിൽ പിടിയിലാകുന്നത്.

തടവിൽ പാസ്റ്റർ സയിദ് നിരവധി പീഡനങ്ങളിലൂടെയാണ് കടന്നുപോകുന്നതെന്നും, ഇറാൻ ജയിലുകളിൽ (എവിൻ പ്രിസൺ, രാജായി ഷഹർ ജയിൽ) കഴിയുന്നത് വധശിക്ഷയ്ക്ക് സമാനമാണെന്നുമാണ് ഭാര്യ നെഹമായ, ദി പാത്ത് വേ എന്ന ന്യൂസ് ജേർണലിനുള്ള ഇന്റർവ്യൂവിൽ വ്യക്തമാക്കിയത്. 8 വർഷത്തെ ജയിൽവാസത്തിനിടയിൽ മക്കളോടൊ ഭാര്യയോടോ ടെലിഫോണിലൂടെ സംസാരിക്കുന്നതിനുപോലും ജയിലധികൃതർ അനുവാദം നിഷേധിച്ചിരിക്കുകയാണ്.

പാസ്റ്റർ സയിദിന്റെ വിമോചനത്തിനായി 6,50,000 ത്തിലധികം പേർ ഒപ്പുവയ്ക്കുകയും, 1,70,000 ത്തിൽ അധികം പേർ നേരിട്ട് ഇറാൻ പ്രസിഡന്റിന് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്. യൂറോപ്യൻ പാർലമെന്റും നിരവധി രാജ്യങ്ങളും ആഗോള മനുഷ്യാവകാശ സംഘടനകളും പാസ്റ്റർ സയിദിന്റെ മോചനത്തിനായി ശബ്ദമുയർത്തിക്കൊണ്ടിരിക്കുന്നു. സയിദിനെ കുറ്റവിമുക്തനാക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് അമേരിക്കൻ പ്രസിഡന്റ് ഒബാമയും ഇറാൻ പ്രസിഡന്റിനെ ടെലിഫോണിലൂടെ ബന്ധപ്പെട്ടിരുന്നു. കഴിഞ്ഞ 34 വർഷത്തിനിടയിൽ ഒരു അമേരിക്കൻ പ്രസിഡന്റും ഒരു ഇറാനിയൻ പ്രസിഡന്റും തമ്മിൽ ടെലിഫോണിലൂടെ സംസാരിക്കുന്ന ആദ്യ വിഷയം പാസ്റ്റർ സയിദിന്റെ വിമോചനത്തിനെക്കുറിച്ചായിരുന്നുവെന്നത് ചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്.

ക്രിസ്തുവിനുവേണ്ടി തടവറയിൽ എത്തപ്പെട്ട പാസ്റ്റർ സയിദ് അബെദിനി സഹനതയുടെയും ത്യാഗത്തിന്റെയും ആൾരൂപമാണ്. ഈ പ്രേഷിതന്റെ മോചനത്തിനായി ക്രൈസ്തവലോകം പ്രാർഥിക്കുകയാണ്. അതിൽ നമുക്കും പങ്കുച്ചേരാം. •



റജി ദാനിയേൽ മാത്യു

# സമയം ദൈവഹിതപ്രകാരം വിനിയോഗിക്കുക

**ജീവിതത്തിൽ പാഴാക്കുന്ന ഓരോ സമയത്തിനും ദൈവത്തോട് കണക്കു ബോധിപ്പിക്കേണ്ടി വരും. കാരണം ദൈവമാണ് ഈ വിലമതിക്കാനാവാത്ത ജീവിതത്തിൽ വിലപിടിപ്പുള്ള സമയം തന്നത്.**

“സമയമില്ല, ബിസിയാണ്'', ‘‘അതിനൊക്കെ എവിടെയാ സമയം''' എന്നൊക്കെ നാം സ്ഥിരം കേൾക്കുകയും പറയുകയും ചെയ്യുന്നവരാണ്. സമയം ഒന്നിനും തികയുന്നില്ല എന്നർഥമാണിതിന് പിന്നിലുള്ളത്. യഥാർഥത്തിൽ സമയം തികയുന്നില്ല എന്നതാണോ അതോ സമയം ശരിയായ വിധത്തിൽ വിനിയോഗിക്കാൻ അറിയാത്തതാണോ ഓരോരുത്തരുടെയും പ്രശ്നം? നല്ലൊരു ശതമാനം ആൾക്കാർക്കും സമയം ചിലവഴിക്കുന്നതിലെ അപകാതയാണ് സമയമില്ലായ്മയുടെ കാരണം. സമയനിയന്ത്രണം പാലിക്കുവാൻ അറിയുകയും പരിശീലിക്കുകയും ചെയ്യുകയാണെങ്കിൽ ജീവിതത്തിൽ നിരവധി കാര്യങ്ങൾ അനായാസം ചെയ്യാൻ കഴിയും. മാത്രമല്ല, നല്ല ലക്ഷ്യങ്ങൾ പ്രാപിക്കാനും കഴിയും.

ഉത്പാദനക്ഷമതയും, കാര്യശേഷിയും വർധിപ്പിക്കുന്നതിലൂടെ പ്രത്യേക ലക്ഷ്യം വെച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളിൽ ചിലവഴിക്കുവാൻ പോകുന്ന മുഴുവൻ സമയത്തെ പ്രത്യേക പ്ലാനിംഗിലൂടെ ഘട്ടം ഘട്ടമായി നിയന്ത്രണവിധേയമാക്കുകയാണ് ടൈം മാനേജ്മെന്റു കൊണ്ടുദ്ദേശിക്കുന്നത്. വളരെ ലളിതമായി പറഞ്ഞാൽ, സമയം ഫലപ്രദമായി ഉപയോഗിക്കാനുള്ള പ്ലാനിംഗിനെയാണ് ടൈം മാനേജ്മെന്റ് (സമയ നിയന്ത്രണം) എന്നു പറയുന്നത്. ഉത്പാദനക്ഷമത വർധിപ്പിച്ച് നല്ല ലക്ഷ്യങ്ങൾ സഫലീകരിക്കാൻ ഉപകരിക്കുന്ന സാഹചര്യങ്ങൾ സൃഷ്ടിച്ചെടുക്കുന്നതിന് ടൈംമാനേജ്മെന്റ് അത്യന്താപേക്ഷിതമാണ്. ലക്ഷ്യപ്രാപ്തിയേയും മുൻഗണനകളെയെയും മുൻനിർത്തിക്കൊണ്ടുള്ള പ്രവർത്തന മേഖലകൾ കണ്ടെ

**സമയത്തെ നിയന്ത്രിക്കുക എന്നാൽ ജീവിതത്തെ നിയന്ത്രിക്കുക എന്നാണർഥം. മറ്റൊരു വാക്കിൽ പറഞ്ഞാൽ സമയനിയന്ത്രണത്തിൽ പരാജയപ്പെട്ടാൽ, ജീവിതത്തെ നിയന്ത്രിക്കുന്നതിൽ പരാജയം സംഭവിക്കും. ജോലിയിലും ശുശ്രൂഷയിലും വിദ്യാഭ്യാസത്തിലും എന്നുവേണ്ട, ദൈനംദിനം ഒരു മനുഷ്യൻ ഇടപെടുന്ന എല്ലാ കാര്യങ്ങളിലും ടൈം മാനേജ്മെന്റ് വളരെ പ്രയോജനപ്പെടും.**

ത്തുകയും മുൻഗണനയിൽ വരാത്ത കാര്യങ്ങളെ ബോധപൂർവം ഒഴിവാക്കിയുമാണ് സമയനിയന്ത്രണം നമ്മുടെ ജീവിതത്തിൽ ഏർപ്പെടുത്താവുന്നത്. എത്രയധികം കഴിവുകളും താലന്തുകളും സാധ്യതകളും ഉപജീവന മാർഗങ്ങളും മാനവവിഭവശേഷിയും ഉണ്ടെങ്കിലും, ടൈം മാനേജ്മെന്റിൽ പരാജയപ്പെട്ടാൽ അവയെക്കൊണ്ടൊന്നും ഒരു പ്രയോജനമില്ല.

ദൈവം എല്ലാ മനുഷ്യർക്കും ഒരേപോലെയാണ് സമയം നൽകിയിട്ടുള്ളത്. ധനവാനും, ദരിദ്രനും ഉദ്യോഗസ്ഥർക്കും തൊഴിലില്ലാത്തവർക്കും മാത്രമല്ല, ഒരു രാജ്യത്തിന്റെ ഉന്നതപദവികൾ അലങ്കരിക്കുന്നവർക്കും സാധാരണ പൗരന്മാർക്കും ഒരേപോലെയാണ് സമയം നൽകപ്പെട്ടിരിക്കുന്നത്. അതായത് ഒരു ദിവസം 24 മണിക്കൂർ മാത്രം. എല്ലാവർക്കും സമയം തുല്യമാണെങ്കിലും എല്ലാവരും സമയത്തെ നല്ലവണ്ണം ഉപയോഗിക്കാൻ അറിയാവുന്നവരല്ല. ഉത്തരവാദിത്തബോധമില്ലായ്മ, ലക്ഷ്യത്തെക്കുറിച്ചുള്ള അവ്യക്തത, പ്ലാനിംഗിലെ അശാസ്ത്രീയത, കഴിവുകളെക്കുറിച്ചുള്ള ഉറപ്പില്ലായ്മ തുടങ്ങി നിരവധി കാര്യങ്ങൾ സമയം ശരിയായി ഉപയോഗിക്കുവാൻ കഴിയാത്തവിധം നമ്മെ ആക്കിത്തീർക്കുന്നു.

മറ്റൊരാൾക്ക് ആവശ്യമായ സമയം കണ്ടെത്തുവാൻ ആർക്കും സാധ്യമല്ല. സമയനിയന്ത്രണത്തോടുള്ള കാഴ്ചപ്പാട് ജീവിതത്തിലെ ഉത്തരവാദിത്തത്തോടുള്ള ബന്ധത്തിൽ കോർത്തിണക്കപ്പെട്ടിരിക്കുന്നു. എന്ത്, എപ്പോൾ എങ്ങനെ ചെയ്തെടുക്കണമെന്ന മുന്നറിവിനെ പ്രായോഗികവത്ക്കരണത്തിലൂടെ സഫലീകൃതമാക്കുകയാണ് ടൈംമാനേജ്മെന്റിലൂടെ അർഥമാക്കുന്നത്. സമയത്തെ നിയന്ത്രിക്കുക എന്നാൽ ജീവിതത്തെ നിയന്ത്രിക്കുക എന്നാണർഥം. മറ്റൊരു വാക്കിൽ പറഞ്ഞാൽ സമയനിയന്ത്രണത്തിൽ പരാജയപ്പെട്ടാൽ, ജീവിതത്തെ നിയന്ത്രിക്കുന്നതിൽ പരാജയം സംഭവിക്കും.

ജീവിത വിജയത്തിന് സമയവിനിയോഗം എങ്ങനെ ഫലപ്രദമാകുന്നുവെന്ന് നാം അറിഞ്ഞിരിക്കണം. സമയത്തെക്കുറിച്ചുള്ള ഏറ്റവും പ്രാധാന്യമേറിയ കാര്യം അത് ആർക്കുവേണ്ടിയും കാത്തുനിൽക്കുന്നില്ല എന്നതാണ്. നമുക്ക് സമയത്തോടൊപ്പം സഞ്ചരിക്കുവാൻ കഴിയുന്നില്ലെങ്കിൽ അത് നഷ്ടപ്പെട്ടുപോകും. സമയത്തെ നമുക്ക് വരുതിയിലാക്കാനും എത്തിപ്പിടിക്കുവാനും സാധിക്കണം.



## സമയവും ഉത്തരവാദിത്വബോധവും

സമയം, താലന്ത്, ധനം, ആരോഗ്യം എന്നിവ എങ്ങനെ കൈകാര്യം ചെയ്തു എന്നതിനെ ആശ്രയിച്ചാണ് ദൈവം നമ്മെ ന്യായം വിധിക്കുന്നതെന്ന് ബൈബിൾ പ്രസ്താവിക്കുന്നു.' 'അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു' (2 കൊരി. 5:10). ടൈം മാനേജ്മെന്റ് ഒരു ദീർഘവീക്ഷണത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്. നാളെ എന്തു ചെയ്യണം എന്നു നേരത്തെ തീരുമാനിച്ചുറച്ച് അതിന് വേണ്ടിയുള്ള സമയം വേർതിരിക്കലാണ് ടൈം മാനേജ്മെന്റ്. ഇന്നോ നാളെയോ ഞങ്ങൾ ഇന്ന പട്ടണത്തിൽ പോയി അവിടെ ഒരാണ്ടു കഴിച്ചു വ്യാപാരം ചെയ്തു ലാഭം ഉണ്ടാക്കും എന്നു പറയുന്നവരെ, കേൾപ്പിൻ; നാളത്തേതു നിങ്ങൾ അറിയുന്നില്ലല്ലോ; നിങ്ങളുടെ ജീവൻ എങ്ങനെയുള്ളത്? അല്പ നേരത്തേക്കു കാണുന്നതും പിന്നെ മറഞ്ഞു പോകുന്നതുമായ ആവിയല്ലോ'' (യാക്കോ. 4:14). സദൃശവാക്യങ്ങൾ 20:4ൽ പറയുന്നത് സമയം ഉത്തരവാദിത്തബോധത്തോടെ ഉപയോഗിക്കാതിരുന്നാലുള്ള ദോഷങ്ങളെപ്പറ്റിയാണ്: മടിയൻ ശീതം നിമിത്തം ഉഴാതിരിക്കുന്നു; കൊയ്ത്തുകാലത്ത് അവൻ ഇരക്കും; ഒന്നും കിട്ടുകയുമില്ല. ദീർഘവീക്ഷണത്തോടെ സമയം ചിലവഴിക്കാത്തവൻ, ദാരിദ്ര്യത്തിലേക്കാണ് കൂപ്പുകുത്തുന്നതെന്ന് ശലോമോൻ ഓർമിപ്പിക്കുന്നു. 'കുറെക്കൂടെ ഉറക്കം; കുറെക്കൂടെ നിദ്ര; കുറെക്കൂടെ കൈകെട്ടികിടക്ക. അങ്ങനെ നിന്റെ ദാരിദ്ര്യം വഴിപോക്കനെപ്പോലെയും നിന്റെ ബുദ്ധിമുട്ട് ആയുധപാണിയെപ്പോലെയും വരും' (സദൃ. 6:10-11).



**ജീവിതത്തിൽ പാഴാക്കുന്ന ഓരോ സമയത്തിനും ദൈവത്തോട് കണക്കു ബോധിപ്പിക്കേണ്ടി വരും. കാരണം ദൈവമാണ് ഈ വിലമതിക്കാനാവാത്ത ജീവിതത്തിൽ വിലപിടിപ്പുള്ള സമയം തന്നത്.**

ഒരിക്കൽ നഷ്ടമായ സമയം എന്നന്നേക്കും നഷ്ടമാണ്. നാം സമയത്തെ നഷ്ടപ്പെടുത്തുമ്പോൾ നമ്മുടെ ജീവിതത്തെ തന്നെയാണ് നാം ഉപയോഗ - പ്രയോജന ശൂന്യമാക്കിത്തീർക്കുന്നത്. സമയം അമൂല്യ സമ്പത്താണ്. ഒരിക്കലും തിരിച്ചു കിട്ടുവാൻ സാധിക്കാത്ത സമയത്തെ ഏറ്റവും വിലപിടിപ്പുള്ള വസ്തുവായി കാണുവാനുള്ള ഉൾബോധം ഉണ്ടായിരിക്കണം. ടൈംമാനേജ്മെന്റ് ആർജ്ജിച്ചെടുക്കാവുന്ന കലയാണ്. നൈസർഗിക കലകളെ വികസിപ്പിച്ചെടുക്കുന്നതിനും ചെയ്തുതീർക്കേണ്ട കടമകൾ, കർത്തവ്യങ്ങൾ വിജയകരമായി പൂർത്തീകരിക്കുവാനും ജീവിതത്തിൽ അനുദിനം ഇടപെടേണ്ടിവരുന്ന സമസ്തമേഖലകളിലും (കുടുംബം, ജോലി, ആരോഗ്യം, ആത്മീയം, കായികം മുതലായവ) സമയം വിഭജിച്ചു ഉപയോഗിക്കേണ്ടതിനും ഈ കല ഒരു അനുഗ്രഹമായിത്തീരും.

സമയത്തിന് ആവർത്തനങ്ങൾ ഇല്ലാത്തതുകൊണ്ടും ജീവിതത്തിന് മറ്റൊരു അവസരം ഇല്ലാത്തതുകൊണ്ടും സമയമെന്ന മഹാപ്രതിഭാസത്തെ കൈകൾക്കിണങ്ങുന്ന ആയുധമാക്കി മാറ്റി, ജീവിതായോധനത്തിൽ വിജയം വരിക്കുവാൻ നമുക്ക് സാധിക്കണം. സമയം ജീവിതമാണ്, ജീവിതം സമയവും. എവിടെയെങ്കിലും സൂക്ഷിച്ചുവച്ചിട്ടോ കൂട്ടിവച്ചിട്ടോ പിന്നീടെടുത്തുപയോഗിക്കാവുന്ന ഒന്നല്ല സമയം. പണം കൊടുത്തിട്ട് ഒരിക്കലും വാങ്ങുവാൻ അസാധ്യമായ സമയം ജീവിതത്തിലെ ഉയർച്ച താഴ്ചകളെ മാറ്റി മറിക്കാൻ ശക്തിയുള്ളതാണ്.

നാം നഷ്ടപ്പെടുത്തുന്ന ഓരോ സെക്കന്റും മിനിറ്റും മണിക്കൂറുമെല്ലാം നമ്മുടെ ആയുസ്സിന്റെ ദൈർഘ്യത്തെയാണ് ബാധിക്കുന്നത്. നാം കടന്നുപോകുന്ന ഓരോ ചെറു നിമിഷവും നമ്മെ മരണത്തോടാണ് ഏറ്റവും അടുപ്പിക്കുന്നത്. മരണമെന്ന അനിർവചനീയ പ്രതിഭാസത്തോടെ അണഞ്ഞുതീരുന്ന ജീവിതത്തിൽ സമയമെന്ന പ്രതിഭാസത്തെ മെരുക്കിയെടുക്കാൻ പരിശീലിച്ചാൽ ജീവിതം അർഥപൂർണ്ണമാക്കിയെടുക്കാൻ സാധിക്കും. വെറുതെ പാഴാക്കാൻ ദൈവം ആർക്കും സമയം അനുവദിച്ചിട്ടില്ല. വെറുതെ പാഴാക്കുന്ന ഓരോ നിമിഷവും ജീവിതവിജയത്തിന്റെ പൂർത്തീകരണത്തിനാണ് ഉപയോഗിക്കേണ്ടത്.

ജീവിതത്തിൽ പാഴാക്കുന്ന ഓരോ സമയത്തിനും ദൈവത്തോട് കണക്കു ബോധിപ്പിക്കേണ്ടി വരും. കാരണം ദൈവമാണ് ഈ വിലമതിക്കാനാവാത്ത ജീവിതത്തിൽ വിലപിടിപ്പുള്ള സമയം തന്നത്. ദൈവം നൽകിയ സമയം പാഴാക്കിക്കളയുമ്പോൾ ദൈവത്തോട് അവിശ്വസ്തരാകുകയാണെന്ന ഉൾക്കാഴ്ച, സമയനിയന്ത്രണബോധം നമ്മിലുണ്ടാക്കുവാനിടയാകും. നമുക്ക് ലഭിച്ചിരിക്കുന്ന സമയം വളരെ പരിമിതമാണ്. അത് എപ്പോൾ അവസാനിക്കുമെന്ന് ആർക്കും പ്രവചിക്കാൻ കഴിയില്ല. ദൈവം തന്നിട്ടുള്ള കാലാവധി അവസാനിക്കുമ്പോൾ, നാം ഈ ജീവിതത്തോടും ലോകത്തോടും എന്നെന്നേക്കുമായി വിട പറയേണ്ടവരാണ്.

''ഞങ്ങളുടെ ആയുഷ്കാലം എഴുപതു സംവത്സരം; ഏറെയായാൽ എൺപതു സംവത്സരം; അതിന്റെ പ്രതാപവും പ്രയാസവും ദുഃഖവുമത്രെ; അതു വേഗം തീരുകയും ഞങ്ങൾ പറന്നുപോകുകയും ചെയ്യുന്നു'' (സങ്കീ. 90:10). ദാവീദ് ദൈവത്തോട് ചോദിക്കുന്നതിങ്ങനെയാണ്: 'യഹോവേ, എന്റെ അവസാനത്തെയും എന്റെ ആയുസ്സ് എത്ര എന്നതിനെയും എന്നെ അറിയിക്കേണമേ; ഞാൻ എത്ര ക്ഷണികൻ എന്നു ഞാൻ അറിയുമാറാകട്ടെ' (സങ്കീ. 39:4). 'ആകയാൽ സൂക്ഷ്മത്തോടെ അജ്ഞാനികളായിട്ടല്ല ജ്ഞാനികളായിട്ടത്രേ നടപ്പാൻ നോക്കുവിൻ. ഇതു ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ'' (എഫെ. 5:15-16) എന്നാണ് പൗലൊസ് ആഹ്വാനം ചെയ്യുന്നത്.

ജീവിതത്തിന്റെ ക്ഷണികതയെക്കുറിച്ചും സമയനിയന്ത്രണത്തെ സംബന്ധിച്ചും ബൈബിൾ നിരവധി യാഥാർഥ്യങ്ങൾ നമുക്ക് മുമ്പിൽ വെളിപ്പെടുത്തുന്നുണ്ട്.

''എല്ലാറ്റിനും ഒരു സമയമുണ്ട്; ആകാശത്തിൻ കീഴിൽ സകല കാര്യത്തിനും ഒരു കാലം ഉണ്ട്'' എന്ന് ശലോമോൻ ഉദ്ബോധിപ്പിക്കുന്നു (സഭാ. 3:1–8).

സമയം നഷ്ടപ്പെടുത്തിയാൽ ഉണ്ടാകുന്ന ഭവിഷ്യത്തിനെക്കുറിച്ചാണ് പത്തുകന്യകമാരുടെ ഉപമയിൽ നിന്നും ഉരുത്തിരിയുന്ന മുന്നറിയിപ്പുകൾ. മണവാളനെ എതിരേൽപ്പാൻ ചെന്ന ബുദ്ധിയില്ലാത്ത അഞ്ചു കന്യകമാർ വിളക്ക് എടുത്തപ്പോൾ എണ്ണ എടുത്തില്ല. എന്നാൽ ബുദ്ധിയുള്ള കന്യകമാർ വിളക്കോടുകൂടെ എണ്ണയും എടുത്തു. മണവാളൻ വരുവാൻ താമസിച്ചപ്പോൾ എണ്ണ കരുതാതിരുന്നവരുടെ വിളക്കുകൾ കെട്ടുപോകുകയും അവർ എണ്ണ വാങ്ങാൻ പോയി മടങ്ങി വന്നപ്പോൾ കല്യാണ സദ്യയ്ക്കുള്ള വാതിൽ അടയ്ക്കപ്പെടുകയും ചെയ്തു.

ബുദ്ധിയില്ലാത്ത കന്യകമാർക്ക് അവസരം ഉണ്ടായിരുന്നിട്ടും തക്കസമയത്ത് എണ്ണ ഇല്ലാതിരുന്നതുകൊണ്ട് മണവാളനെ എതിരേൽപ്പാൻ സാധിച്ചില്ല. പിന്നീടൊരു അവസരം അവർക്കു മുമ്പിൽ നിഷേധിക്കപ്പെടുകയും ചെയ്തു. അവർക്ക് നഷ്ടമായത് സമയവും അവസരവുമാണ്. അവസരം നഷ്ടപ്പെടാൻ കാരണം കന്യകമാരുടെ ബുദ്ധിപരമല്ലാത്ത സമീപനം ആയിരുന്നു. അവസരങ്ങളോടൊപ്പം എപ്പോഴും നഷ്ടമാകുന്ന ഏറ്റവും പ്രധാന കാര്യം സമയം ആണ് എന്ന യാഥാർഥ്യം മറക്കരുത്! സമയം അനുചിതമായി ഉപയോഗിക്കുമ്പോൾ അവസരം മാത്രമല്ല, പണം, സാധ്യതകൾ ഒക്കെ നഷ്ടമാകും. എന്നാൽ പണവും അവസരവും സാധ്യതകളും വീണ്ടും ലഭിക്കുമെങ്കിലും സമയം ഒരിക്കലും വീണ്ടും ലഭിക്കില്ല.

ഉല്പത്തി പുസ്തകത്തിലെ സൃഷ്ടി വിവരണത്തിൽ ദൈവം എല്ലാം സൃഷ്ടിച്ചത്, മുൻകൂട്ടി ആസൂത്രണം ചെയ്ത പ്ലാൻ പ്രകാരമായിരുന്നു. ഓരോ ദിവസവും ഏതു സൃഷ്ടികർമം ചെയ്യണമെന്ന് ദൈവത്തിന് ബോധ്യമുണ്ടായിരുന്നു. വ്യക്തമായ പദ്ധതിയോടെയാണ് ദൈവം സൃഷ്ടികർമത്തിലേർപ്പെട്ടത്. അതുകൊണ്ട് പിന്നീടൊരു അഴിച്ചുപണിക്കോ ഊർജ്ജ നഷ്ടത്തിനോ, സമയം പാഴാക്കലിനോ ഹേതുവാകാത്തവിധത്തിൽ വിജയം കൈവരിക്കുവാൻ സാധിച്ചു.

മൂന്നരപ്പതിറ്റാണ്ടുകൊണ്ട് സഹസ്രാബ്ദങ്ങളും തലമുറകളും നീണ്ടുനിൽക്കുന്ന വ്യക്തിസ്വാധീനം ചെലുത്തിയ യേശുക്രിസ്തുവിന്റെ ജീവിതശൈലിയും പ്രവർത്തനങ്ങളും തികച്ചും സമയബന്ധിതമായിരുന്നു. 'യേശു അവളോട്: എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല' (യോഹ.2:4); യേശു അവരോട് ഉത്തരം പറഞ്ഞത്: 'മനുഷ്യപുത്രൻ തേജസ്കരിക്കപ്പെടുവാനുള്ള നാഴിക വന്നിരിക്കുന്നു' (യോഹ. 12:23) എന്നീ വാക്യങ്ങളിൽ യേശുവിന് തന്റെ സമയത്തെക്കുറിച്ച് ശരിയായ കാഴ്ചപ്പാട് ഉണ്ടായിരുന്നു എന്നു ബോധ്യപ്പെടുന്നു. യേശുക്രിസ്തു അതിരാവിലെ എഴുന്നേറ്റു (മർക്കൊ. 1:35) എന്നും, പ്രാർഥനയ്ക്കു സമയം കണ്ടെത്തി (ലൂക്കൊ. 5:1216) എന്നും നാം വായിക്കുന്നു.

# ടിവിയും റിയാലിറ്റി ഷോകളും



ഇന്ന് ടിവി പ്രോഗ്രാമുകളെയും ചാനലുകളെയും ലൈവാക്കി മാറ്റുന്നത് റിയാലിറ്റിഷോകൾ ആണ്. നിരവധിപേരാണ് റിയാലിറ്റി ഷോകളുടെ അടിമകളായി മാറിയിരിക്കുന്നത്. നല്ല ഗായകരെ മാത്രമല്ല, നല്ല ഭാര്യയെയും ഭർത്താവിനെയും വരെ ഇന്ന് റിയാലിറ്റി ഷോകളിലൂടെ കണ്ടെത്തുന്ന സ്ഥിതിയാണ്. നമ്മുടെ ഇഷ്ടങ്ങളെയും അഭിരുചികളെയും വാണിജ്യച്ചരക്കാക്കി മാറ്റി കോടികളുടെ ലാഭമുണ്ടാക്കുന്ന റിയാലിറ്റിഷോകൾ നമുക്ക് എത്രത്തോളം പ്രയോജനമുണ്ടാക്കുന്നു എന്നതിനോടൊപ്പം കുടുംബത്തിലും സുഹൃത്തുക്കളുടെ ഇടയിലും ആത്മീയവും ജോലിപരവുമായി കാര്യങ്ങളിൽ നമ്മുടെ എത്രത്തോളം സമയം കവർന്നെടുക്കുന്നു എന്നും നാം മനസിലാക്കേണ്ടതുണ്ട്.

കോമഡി ഷോകൾ ആണ് ഇന്നത്തെ കുടുംബസായാഹ്നങ്ങളെ നിയന്ത്രിക്കുന്നത്. എന്നാൽ ഇന്നത്തെ കോമഡി റിയാലിറ്റിഷോകളിൽ സംശുദ്ധമായ നർമ്മരസങ്ങൾ കുറവാണെന്നു തന്നെയല്ല; ഉള്ള നർമ്മങ്ങൾ ഒട്ടുമുക്കാലും അശ്ലീല ചുവയുള്ളതുമാണ്. ബൈബിൾ മൂല്യങ്ങൾ പുലർത്തിവരുന്ന ധാർമിക സ്വഭാവമുള്ള ഒരു ക്രിസ്തീയ കുടുംബത്തിൽ മാതാപിതാക്കൾക്കും മക്കൾക്കും ഒരുമിച്ചിരുന്ന് കാണാൻ മാത്രം സ്റ്റാൻഡേർഡ് പുലർത്തുന്ന കോമഡിഷോകൾ ഇല്ല എന്നുതന്നെ പറയാം. വിശ്വാസഭവനങ്ങൾ സീരിയലുകൾ കാണുന്നത് പൂർണ്ണമായും ഒഴിവാക്കണം. റിയാലിറ്റിഷോകൾ കാണുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം. കാരണം ഇവ നമ്മിലേക്ക് പകർന്നുതരുന്നത് ബൈബിൾ മൂല്യങ്ങൾ പുലർത്താത്ത, വിശ്വാസികൾക്ക് ഒരിക്കലും മാതൃകയാക്കാൻ യോഗ്യതയില്ലാത്ത സംസ്കാരമാണ്. വാർത്തകളും വിജ്ഞാനപരിപാടികളും ഒഴികെ, എല്ലാ ടിവി പ്രോഗ്രാമുകളും ഒഴിവാക്കുന്നത്, ദൈവഹിതപ്രകാരം സമയം ചിലവഴിക്കുവാൻ സഹായിക്കുന്നു.

**70 വർഷം ജീവിക്കുന്ന ഒരു വ്യക്തി വെറും 25550 ദിവസങ്ങളാണ് ഈ ഭൂമിയിൽ ആയിരിക്കുന്നത്. അതിൽ ഏകദേശം 5000 ദിവസങ്ങൾ മാത്രമാണ് സജീവമായി ജോലിയിൽ ഏർപ്പെടാൻ കഴിയുന്നത്.**



യേശുവിന്റെ പ്രവൃത്തിപഥത്തിലെ മറ്റൊരു മാതൃകാപരമായ സവിശേഷതയാണ് സമയോചിതമായ തീരുമാനം കൈക്കൊള്ളുക. നിങ്ങളിൽ പാപമില്ലാത്തവർ, അവളെ ഒന്നാമതു കല്ലെറിയട്ടെ എന്നൊരു വാക്കിലൂടെ സമയോചിതമായി ഇടപെട്ടപ്പോൾ പാപിനിയായ സ്ത്രീയെ രക്ഷിക്കുവാൻ യേശുവിന് കഴിഞ്ഞു. ടൈം മാനേജ്മെന്റിന് ഇവിടെ കാണുന്ന പുതിയ അർഥം, ശരിയായ തീരുമാനങ്ങൾ നിർണ്ണായകമായ സന്ദർഭങ്ങളിൽ എടുക്കുവാൻ കഴിയണമെന്നുള്ളതാണ്. തീരുമാനം സമയനിയന്ത്രണത്തിലെ അഭിവാജ്യഘടകമാണ്. സമയോചിതമായി നിർണ്ണായക തീരുമാനങ്ങൾ എടുക്കാൻ കഴിഞ്ഞാൽ ജീവിതത്തിലെ വിജയപാതകളെ അത് അനുകൂലമായി സ്വാധീനിക്കും.

യേശുവിന്റെ ജീവിതവും പ്രവർത്തനവും അപഗ്രഥിക്കുമ്പോൾ സമയബോധത്തെയും സമയക്രമീകരണത്തെയും സംബന്ധിച്ച സമവാക്യങ്ങൾ കണ്ടെത്താൻ കഴിയും. ബൈബിളിലെ നിരവധി മറ്റു വേദഭാഗങ്ങളും കഥാപാത്രങ്ങളും പഠനവിധേയമാക്കുമ്പോൾ ജീവിതത്തിൽ സമയബോധം എത്രത്തോളം അത്യന്താപേക്ഷിതമാണെന്ന് നമുക്ക് ബോധ്യപ്പെടും.

യാഥാർഥ്യബോധത്തോടെ ഒരു ലക്ഷ്യത്തെ പിൻതുടരുമ്പോൾ മാത്രമാണ് സമയനിയന്ത്രണത്തിന്റെ ആവശ്യകത ഉണ്ടാകുന്നത്. പ്രത്യേക ലക്ഷ്യമോ നിർവഹണ ദൗത്യമോ ഇല്ലാതെയിരിക്കുമ്പോൾ വെറുതെ ഇരിക്കുവാനും സമയം വെറുതെ പാഴാക്കുവാനും ഇടം ലഭിക്കുന്നു. കഴിവുകളെയും വാസനകളെയും വൈദഗ്ധ്യങ്ങളെയും വളർത്തിയെടുത്ത് വ്യക്തിപരവും ആത്മീയപരവും കുടുംബപരവുമായ സ്ഥാനങ്ങളിലൊക്കെ വിജയിക്കണമെങ്കിൽ ടൈം മാനേജ്മെന്റ് അറിഞ്ഞിരിക്കണം.

അനാവശ്യമായ ടെൻഷൻ ഇല്ലായ്മ ചെയ്യാനും പ്രവർത്തനവഴികളിലെ പ്രശ്നങ്ങളും പ്രതിസന്ധികളും മുൻകൂട്ടിക്കണ്ട് മുമ്പോട്ടു പോകുവാനും സമയത്തെ ഉപയോഗിക്കാൻ പഠിക്കേണ്ടതാവശ്യം തന്നെ. അച്ചടക്കബോധമുള്ള ജീവിത ശൈലിയ്ക്കുടമയാകുവാൻ, കടമകൾ, ഉത്തരവാദിത്തങ്ങൾ, ലക്ഷ്യങ്ങൾ എന്നിവ കൃത്യസമയത്തു തന്നെ ക്രമീകൃതമായ രീതികളിൽ ചെയ്തവസാനിപ്പിക്കാൻ ടൈം മാനേജ്മെന്റ് സഹായകമാകും.

ഒരു പഠനമനുസരിച്ച് എഴുപതു വർഷം ജീവിക്കുന്ന ഒരു വ്യക്തി ചിലവഴിക്കുന്ന സമയത്തെ വിഭജിച്ചപ്പോൾ അപഗ്രഥിക്കുവാൻ സാധിച്ചത്; അയാൾ 25 വർഷം ഉറക്കത്തിനും 8 വർഷം പഠനത്തിനും വായനയ്ക്കും 6 വർഷം വിശ്രമത്തിനും രോഗത്തിനും 4 വർഷം ഭക്ഷണം കഴിക്കുന്നതിനും 5 വർഷം യാത്രയ്ക്കും ഉപയോഗിക്കുന്നുവെങ്കിൽ 12 വർഷം മാത്രമാണ് ഫലപ്രദമായി ജോലികാര്യങ്ങൾക്കുവേണ്ടി സജീവമായി സമയം ചിലവിടുന്നത് എന്നാണ്. 70 വർഷം ജീവിക്കുന്ന ഒരു വ്യക്തി വെറും 25550 ദിവസങ്ങളാണ് ഈ ഭൂമിയിൽ ആയിരിക്കുന്നത്. അതിൽ ഏകദേശം 5000 ദിവസങ്ങൾ മാത്രമാണ് സജീവമായി ജോലിയിൽ ഏർപ്പെടാൻ കഴിയുന്നത്.

ഈ കണക്ക് ചൂണ്ടിക്കാണിക്കുന്നത് നമുക്ക് ഒരു ദിവസത്തിലെ ഒരു മിനിറ്റുപോലും പാഴാക്കുവാൻ പാടില്ല എന്ന സത്യമാണ്. പുനരുല്പാദിപ്പിക്കാനോ പുനർനിർമിക്കാനോ അസാധ്യമായ സമയത്തെ നിയന്ത്രണവിധേയമാകുന്നതിലൂടെയാണ് ടൈം മാനേജ്മെന്റിന്റെ പ്രയോജനം നമുക്ക് ലഭിക്കുന്നത്.

സമയത്തെ ഫലപ്രദമായി ഉപയോഗിക്കുക എന്നതുപോലെ പ്രാധാന്യമുള്ളതാണ് ദൈവേഷ്ടപ്രകാരമുള്ള സമയവിനിയോഗവും. ദൈവഹിതമനുസരിച്ച് ജീവിതം നയിക്കാത്തവർ ടൈം മാനേജ്മെന്റിൽ വിജയിച്ചാലും ദൈവികോദ്ദേശ്യപ്രകാരമുള്ള കാര്യങ്ങളിൽ ടൈംമാനേജ് ചെയ്യാൻ പരാജയപ്പെടുന്നവരാണ്. അങ്ങനെയെങ്കിൽ ലോകപ്രകാരമുള്ള പല കാര്യങ്ങളിലും വിജയിച്ചുവെങ്കിലും ദൈവഹിതപ്രകാരം ജീവിക്കുന്നതിൽ നാം പരാജിതരായിത്തീരും എന്ന് സമ്മതിക്കേണ്ടിവരും.

ഒരാൾ എന്തിനെല്ലാം സമയം കണ്ടെത്തണമെന്നത് ടൈം മാനേജ്മെന്റിനെ സംബന്ധിച്ച് വളരെ പ്രസക്തമാണ്. ഒരു പ്രത്യേക കാര്യത്തിനോ ലക്ഷ്യത്തിനോ ആവശ്യത്തിനോ മാത്രം സമയം ചിലവിടുമ്പോൾ നമുക്ക് ഉത്തരവാദിത്തമുള്ള മറ്റു പല കാര്യങ്ങളിലും സമയം വിനിയോഗിക്കുവാൻ പരാജയപ്പെടുന്നു. ഉദാഹരണത്തിന് ബിസിനസിൽ മാത്രം അതീവ ശ്രദ്ധ ചെലുത്തുന്ന ഒരു ബിസിനസുകാരന്, കുടുംബവുമായോ അടുത്ത സുഹൃത്തുക്കളുമായോ ആത്മീയകാര്യങ്ങളിലോ ചിലവിടേണ്ട സമയം വളരെ പരിമിതമായിരിക്കും.

ഒരു വ്യക്തി തന്റെ കുടുംബം, ആത്മീയത, ജോലി, തുടങ്ങിയ 3 അടിസ്ഥാനപരമായ കാര്യങ്ങൾക്കെങ്കിലും മുൻഗണനയനുസരിച്ച് അധികം സമയം ചിലവിടാൻ തയ്യാറാകേണം. സമയമില്ലായ്മ ഇന്ന് വലിയൊരു പ്രശ്

നം തന്നെയാണ്. ജീവിതത്തിരക്കുകൾ വളരെയധികം വർധിച്ച ഈ കാലഘട്ടത്തിൽ എല്ലാ കാര്യങ്ങൾക്കും സമയം പങ്കിടുക എന്നതൊരു ശ്രമകരമായ ഉദ്യമം തന്നെയാണ്. ജോലി, പഠനം എന്നിവയോടുള്ള ബന്ധത്തിൽ ഒരു കുടുംബത്തിലെ ഏറ്റവും അടുത്തുള്ളവർപോലും ദീർഘമാസങ്ങളോ വർഷങ്ങളോ തമ്മിൽ കാണാതിരിക്കുന്നത് ദുരിതപൂർണ്ണം തന്നെ. അത്തരം സന്ദർഭങ്ങളിൽ ഭാര്യാഭർത്താക്കന്മാർ ഒരേ അഭിരുചിയുള്ള ജോലി തിരഞ്ഞെടുത്ത് ഒരിടത്തുതന്നെ താമസിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്നത് കുടുംബഭദ്രതയും ബന്ധങ്ങളും നിലനിർത്താൻ കഴിയും. അത് ജോലിയിലോ ബിസിനസിലോ മാത്രം കേന്ദ്രീകരിക്കാതെ കുടുംബമായും സമയം പങ്കിടാനുള്ള സമയമായി മാറ്റാം.

മറ്റൊരു പ്രധാന കാര്യം ഉല്പാദനം (ജോലി), ബന്ധങ്ങൾ (കുടുംബസാമൂഹിക സാംസ്കാരിക ആത്മീയ), വിശ്രമം/ഉറക്കം എന്നീ ത്രിവിധ ഘടകങ്ങൾ മുൻനിർത്തിയാണ് ഒരാൾ ടൈംമാനേജ്മെന്റ് പ്ലാൻ ചെയ്യേണ്ടത്. ജീവിതചക്രത്തിലെ ഈ മൂന്നു ഘടകങ്ങൾക്കും ഒരേ സമയം വിഭജിച്ച് കൊടുക്കണം. ഇതിലേതെങ്കിലും ഒരു ഘടകത്തിന് മാത്രം പ്രാധാന്യം കൊടുക്കുകയോ കൊടുക്കാതിരിക്കുകയോ ചെയ്താൽ അത് മറ്റ് രണ്ടു ഘടകങ്ങളെയും ബാധിക്കും. ഉദാഹരണത്തിന് ദീർഘനാളുകൾ ഉറങ്ങാതിരുന്ന് ഒരു കാര്യം ചെയ്യുമ്പോൾ അത് ഭാവിയിൽ ശാരീരികമായ ബലഹീനതകൾ വരുത്തിവയ്ക്കും. അതുകൊണ്ട് ആവശ്യമായ ഉറക്കം ഓരോ ദിവസവും ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണം.

ടൈം മാനേജ്മെന്റിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് അച്ചടക്കം. താൽപ്പര്യമില്ലായ്മ, ഉദാസീനത അലസത തുടങ്ങിയ കാര്യങ്ങളെ ഒഴിവാക്കി ടൈം മാനേജ്മെന്റ് കൂടുതൽ അർഥവത്താക്കാൻ അച്ചടക്കശീലം ഗുണം ചെയ്യും. അച്ചടക്കബോധം ഉണ്ടെങ്കിൽ മാത്രമേ ഒരേ കാര്യത്തിൽ ശ്രദ്ധചെലുത്തുവാനും കൃത്യതയോടെ സമയാസമയങ്ങളിൽ കർത്തവ്യങ്ങൾ ഫലവത്തായി ചെയ്തു തീർക്കാനും കഴികയുള്ളൂ.

വിരസത ഒഴിവാക്കുവാനാവശ്യമായ കാര്യങ്ങളും ടൈം മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തണം. ഹോബികൾ, ഗെയിമുകൾ, പാട്ടുകൾ കേൾക്കുക, ടിവി കാണുക തുടങ്ങിയ വിവിധ കാര്യങ്ങൾ വിരസത ഒഴിവാക്കാൻ ചെയ്യാവുന്നതാണ്. എന്നാൽ അവ ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കുവാനുള്ള മാർഗങ്ങൾ ആകാതിരിക്കുവാൻ ശ്രദ്ധിക്കണം. വിരസത ഒഴിവാക്കുവാൻ ചെയ്യുന്ന കാര്യങ്ങൾ യഥാർഥത്തിൽ ചെയ്തുതീർക്കേണ്ട ലക്ഷ്യങ്ങൾ ചെയ്യുവാൻ കൂടുതൽ ഉന്മേഷവും കരുത്തും പകർന്നു

# മാധ്യമങ്ങളും സമയനിയന്ത്രണവും

ആവശ്യത്തിനും അനാവശ്യത്തിനുമെല്ലാം ഫെയ്സ്ബുക്ക് ഇടതടവില്ലാതെ തുറന്നുനോക്കുന്നവരാണ് മിക്കവരും. രാവിലെ ഉണരുമ്പോൾ ആദ്യം ചെയ്യുന്നതും രാത്രിയിൽ ഉറങ്ങുന്നതിന് മുമ്പ് അവസാനം ചെയ്യുന്നതും ഫെയ്സ്ബുക്ക് നോക്കലാണ്. ഫെയ്സ്ബുക്ക് അത്രയേറെ ജീവിതത്തെ ഇന്ന് ഗ്രസിച്ചിരിക്കുന്നു. കൂടുതൽ പേരും ഫെയ്സ്ബുക്കിൽ സമയം ചിലവിടുന്നത് യാതൊരു പ്രയോജനവും ലഭിക്കുന്ന കാര്യങ്ങൾക്കല്ല എന്നത് വാസ്തവമാണ്. എങ്കിലും ഫെയ്സ്ബുക്ക് എന്തെങ്കിലും കാരണങ്ങൾക്കൊണ്ട് ലഭിക്കാതിരുന്നാൽ തലയ്ക്ക് ഭ്രാന്തു പിടിക്കുവാൻ സാധ്യതയുള്ളവരാണധികവും എന്നതിൽ സംശയമില്ല. ക്രിയാത്മകമായി ചിന്തിക്കുവാനോ പ്രവർത്തിക്കുവാനോ ആവാത്തവിധം അലസതയിലേക്കും മടിയിലേക്കും കൊണ്ടുചെന്നെത്തിക്കുന്നതിൽ പ്രധാന പങ്ക് ഫെയ്സ്ബുക്കിനാണ്.

എന്നാൽ മറ്റൊരു തരത്തിൽ പറഞ്ഞാൽ, ഫെയ്സ്ബുക്കിലൂടെ നമുക്ക് നിരവധി ഗുണങ്ങളും ഉണ്ട്. ഫെയ്സ്ബുക്ക് ഞാൻ എന്തിന് വേണ്ടി ഉപയോഗിക്കണം എന്ന് നമുക്ക് നിർവചിക്കുവാൻ കഴിഞ്ഞാൽ, ഫെയ്സ്ബുക്കിന്റെ ഉപയോഗത്തിലൂടെ നമ്മുടെ വിലപ്പെട്ട സമയത്തെയും നിയന്ത്രിക്കാൻ കഴിയും.

ഇമെയിൽ ഒരു ദിവസത്തിൽ മൂന്നു പ്രാവശ്യം (രാവിലെ, ഉച്ചയ്ക്ക്, വൈകിട്ട്) മാത്രം ചെക്ക് ചെയ്യുന്നത് സമയലാഭത്തിനിടയാക്കും. എന്തെങ്കിലും ഒരാവശ്യത്തിന് ഇന്റർനെറ്റിൽ സേർച്ചു ചെയ്യുമ്പോൾ മറ്റൊരു ലിങ്കിലേക്ക്




അനാവശ്യമായി കയറിപ്പോകാതിരിക്കുക. അത്യാവശ്യമായി മാത്രം (ഒരു ദിവസത്തിൽ ഒരു പ്രാവശ്യം) സോഷ്യൽ മീഡിയാ സ്റ്റാറ്റസ് അപ്ഡേറ്റ് ചെയ്യുക. ആവശ്യത്തിനും അത്യാവശ്യത്തിനും മാത്രം ചാറ്റ് ചെയ്യുക. പ്രയോജനപ്പെടുന്ന പ്രോഗ്രാമുകൾ മാത്രം ടിവിയിൽ കാണുക. ആവശ്യമുള്ള വാർത്തകൾ മാത്രം പത്രങ്ങളിലൂടെ വായിക്കുക.



തരുന്നവയായിരിക്കണം.

സമയം പാഴാക്കുന്ന നിരവധി കാര്യങ്ങൾ അനുദിന ജീവിതത്തിൽ കടന്നുവരാം. ടിവിയും ഇന്റർനെറ്റും സോഷ്യൽ മീഡിയാകളും ഫോണുകളിൽ വ്യാപകമായി ഉപയോഗിക്കുവാൻ തുടങ്ങിയതോടെ, നല്ലൊരു ശതമാനം ആൾക്കാരും പ്രത്യേകിച്ച് കൗമാരക്കാരും യുവതീയുവാക്കളും വെറുതെ സമയം പാഴാക്കുന്നത് ഇവയിലൂടെയാണ്. ഫെയ്സ്ബുക്കിൽ വെറുതെ ലൈക്ക് ചെയ്തും കമന്റടിച്ചും പാഴാക്കുന്ന സമയം വളരെയധികമാണ്. ഉല്പാദനക്ഷമതയുള്ള കാര്യങ്ങൾക്കുവേണ്ടി ചിലവാക്കേണ്ട സമയമാണ് എല്ലാവരും സോഷ്യൽമീഡിയായിൽ ചിലവഴിക്കുന്നത്. ടിവിയും മൊബൈലും ഇന്റർനെറ്റും നമ്മുടെ സമയത്തെ ചൂഷണം ചെയ്തെടുക്കുന്നു. ഇവയുടെ അമിതോപയോഗം മാനസികവും ബൗദ്ധികവുമായ നിഷ്ക്രിയത്വത്തിന് നിദാനമാകുന്നു.

സുഹൃത്തുക്കൾ കൂടിയിരുന്ന് അനാവശ്യ സംസാരങ്ങളിലേർപ്പെടുന്നത് സമയം പാഴാക്കുന്നതിനു മറ്റൊരു കാരണമാകും. വ്യക്തമായ പ്ലാനിംഗ് ഇല്ലായ്മ, ആശയവിനിമയ പരാജയം, ചുമതലകൾ നീട്ടിവയ്ക്കൽ, ഓരോരോ തുടർസന്ദർശകർ, അപ്രതീക്ഷിതമായ സംഭവങ്ങൾ ഒക്കെ സമയം പാഴാക്കുന്നതിന് കാരണമാകുന്നു. എത്ര ഭംഗിയായി ടൈം മാനേജ്മെന്റ് പ്ലാൻ ചെയ്താലും സമയം പാഴാക്കിക്കളയുന്ന അനേകം ആളുകൾ, സംഭവങ്ങൾ, സാഹചര്യങ്ങൾ ഒക്കെ നമ്മുടെ മുമ്പിൽ വന്നു പെടാം. ഇത്തരം സാഹചര്യങ്ങളെക്കുറിച്ച് ബോധവാനാകുകയും അനാവശ്യമായ എല്ലാ കാര്യങ്ങളെയും വ്യക്തികളെയും ഒഴിവാക്കുവാനും പഠിക്കണം.

സമയം പാഴാക്കുന്ന കാര്യങ്ങളിൽ നിന്നും പൂർണ്ണമായി ഒഴിഞ്ഞിരിക്കാൻ ഒരാൾക്ക് കഴിയില്ലെങ്കിലും അവയെ നിയന്ത്രണവിധേയമാക്കുവാൻ കഴിയുന്നതാണ്. പ്രാധാന്യമുള്ളതും ഒഴിവാക്കേണ്ടതുമായ കാര്യങ്ങൾ തീരുമാനിക്കുക. അനാവശ്യകാര്യങ്ങളോട് 'നോ' പറയാൻ പഠിക്കുക. ചെയ്തുതീർക്കാവുന്ന കാര്യങ്ങൾ മാത്രം ഏറ്റെടുക്കുക.

ചില സമയലാഭനിയമങ്ങൾ പാലിക്കുന്നത് സമയനിയന്ത്രണത്തിന് പ്രയോജനപ്പെടും. ഒരു പുതിയ ദിനം ആരംഭിക്കുമ്പോൾ, പ്രാർഥനയോടെ അന്നത്തെ പ്രധാന കാര്യങ്ങൾ പ്ലാൻ ചെയ്യണം. രാത്രിയിൽ ഉറങ്ങുന്നതുവരെയുള്ള കാര്യങ്ങളാണ് ആലോചിച്ചു തയാറാക്കേണ്ടത്. ഒരു പ്രത്യേക കാര്യം നടത്തുവാൻ ഒരോ ദിവസവും നമുക്കു ലഭ്യമാകുന്ന ഓരോ മണിക്കൂറും എങ്ങനെ ഉപയോഗിക്കണം എന്നതിലാണ് ടൈം മാനേജ്മെന്റിന്റെ അടിസ്ഥാനതത്വം ഒളിഞ്ഞുകിടക്കുന്നത്.

ഓരോ മണിക്കൂറും എന്തെല്ലാം കാര്യങ്ങൾ ചെയ്യണമെന്ന് രാവിലെ തന്നെ ആലോചിച്ചുറപ്പിച്ച് ആ ടൈംടേബിൾപ്രകാരം ഓരോ മണിക്കൂറിലും ചെയ്യേണ്ട കാര്യങ്ങൾ ചെയ്താൽ ഒരു ദിവസം മുഴുവനും ഫലപ്രദമായി സമയത്തെ വിനിയോഗിക്കാൻ കഴിയും. പ്ലാനിട്ട ഒരു കാര്യം നടക്കാൻ സാധ്യത കുറവാണെങ്കിൽ പകരം ചെയ്യുവാനുള്ള കാര്യം മുൻകൂട്ടി നിശ്ചയിക്കുക. അതുപോലെ, ഒരു പ്രത്യേക കാര്യത്തിനായി ഒരു യാത്രയോ മറ്റോ ക്രമീകരിക്കുന്നുവെങ്കിൽ ആ യാത്രയിൽ തന്നെ ചെയ്യാൻ കഴിയുന്ന മറ്റേതെങ്കിലും സാധ്യതകൾ ഉണ്ടോ എന്നറിയുന്നതും സമയ ലാഭത്തിനിടയാക്കും.

ഒരു ദിവസം മാത്രമല്ല; ഓരോ മാസവും ഒരോ വർഷവും അല്ലെങ്കിൽ അടുത്ത അഞ്ചോ പത്തോ വർഷങ്ങൾക്കുള്ളിൽ എന്തെല്ലാം ലക്ഷ്യങ്ങൾ നേടാനുണ്ട് എന്ന് മുൻകൂട്ടി പ്ലാൻ ചെയ്യണം. ദീർഘകാലം കൊണ്ട് നേടാനാഗ്രഹിക്കുന്ന ലക്ഷ്യങ്ങൾ വളരെ കണക്കുകൂട്ടി വേണം തീരുമാനിക്കേണ്ടത്. ഇടയ്ക്കുവച്ചു ഉപേക്ഷിക്കേണ്ടി വരികയോ വിജയിക്കാൻ സാധ്യത കുറഞ്ഞതോ കാലക്രമേണ പ്രയോജനരഹിതമായിത്തീരാൻ ഇടയായതോ ആയ ലക്ഷ്യങ്ങൾ പെട്ടെന്ന് ഉണ്ടായ ഒരു താൽപ്പര്യത്തിന്റെയോ ആരിൽ നിന്നെങ്കിലും ലഭിച്ച പ്രചോദ

നത്തിന്റെയോ പേരിൽ തുടങ്ങിയാൽ സമയവും ധനവും ഒക്കെ നഷ്ടപ്പെടാം.

ദീർഘകാല പ്രൊജക്ടുകൾ ആരംഭിക്കുന്നതിന് മുമ്പ് പരിചയസമ്പന്നരായവരോട് ആരായുകയും വിദഗ്ധരായവരോട് ഉപദേശം തേടുകയും വേണം. ദീർഘകാല പ്രോജക്ടുകൾ/ലക്ഷ്യങ്ങൾ നേടിയെടുക്കാൻ ഓരോ ദിവസവും ഓരോ മാസവും എത്രത്തോളം സമയവും വിഭവങ്ങളും ചിലവിടണം എന്നതിനെ ആശ്രയിച്ചായിരിക്കണം, പ്രതിദിന, പ്രതിമാസ പ്ലാനുകൾ തയാറാക്കേണ്ടത്. മറിച്ച് പ്രതിദിന പ്രതിമാസ പ്ലാനുകൾ ദീർഘകാല പ്ലാനുകളെ നിർവഹിക്കാവുന്ന രീതിയിലായിരിക്കണം ക്രമപ്പെടുത്തേണ്ടത്. ഘട്ടം ഘട്ടമായി എന്തൊക്കെ ചെയ്യണം, മുൻഗണനാക്രമത്തിൽ ഏതെല്ലാം കാര്യങ്ങൾ ചെയ്യണം, എന്തെല്ലാം കാര്യങ്ങൾ ഓരോ ദിവസവും ഓരോ മാസവും ചെയ്യണം എന്നൊക്കെ മുൻകൂട്ടി ആസൂത്രണം ചെയ്താൽ, മുഴുവൻ കഴിവുകളെയും അഥവാ പദ്ധതികളെയും ലഘൂകരിക്കുന്നതിലൂടെ അനായാസമായി ലക്ഷ്യം നേടാം.

ചെയ്തു തീർക്കുന്ന കാര്യങ്ങൾ മൂല്യനിർണയത്തിലൂടെയും വിശദമായ പരിശോധനയിലൂടെയും ഉറപ്പാക്കേണ്ടതും ആവശ്യമാണ്. നടന്ന കാര്യങ്ങളെക്കുറിച്ചു മാത്രമല്ല, ഇനിയെന്തെല്ലാം നടക്കുവാൻ ഉണ്ട് എന്ന കാര്യത്തെ സംബന്ധിച്ചും നാം ബോധമുള്ളവരായിരിക്കണം. പിഴവുകളും വീഴ്ചകളും പരിമിതികളും പരാജയങ്ങളും പ്രതിസന്ധികളും ജീവിതത്തിന്റെ ഭാഗമായതുകൊണ്ട്, അവ ടൈം മാനേജ്മെന്റിനെ ബാധിക്കാം. എങ്കിലും അത്തരം സന്ദർഭങ്ങളിൽ തളർന്നുപോകാതെ, അവയെ മറികടക്കാനുള്ള ആന്തരികോർജ്ജം സ്വയം നേടിയെടുക്കേണം.

ഒരു പ്രൊജക്ട് ലഭിച്ചുകഴിഞ്ഞാൽ അല്ലെങ്കിൽ ഒരു പ്രൊജക്ടിന് പദ്ധതിയിട്ടാൽ അതിനെ നേടിയെടുക്കാൻ ആവശ്യമായ പ്രായോഗിക നടപടികൾ ഓരോ മണിക്കൂറിലും ചെയ്യുവാൻ കഴിയുന്ന രീതിയിൽ ലഘൂകരിക്കുമ്പോൾ സമയം ശരിയായ രീതിയിൽ ആ പദ്ധതിക്ക് വേണ്ടി ഉപയോഗിക്കുവാൻ കഴിയും. ആയിരംപേരെ നേരിട്ട് കാണുക എന്ന പ്രൊജക്ട് ലഘൂകരിക്കുമ്പോൾ ഓരോ ദിവസവും 50 പേരെ നേരിട്ടു കാണുക എന്നു പദ്ധതിയിടാവുന്നതാണ്. അല്ലെങ്കിൽ ഒരു ദിവസം നൂറു പേരെ നേരിൽക്കണ്ട് പത്തുദിവസംകൊണ്ട് 1000 പേരെ നേരിൽ കാണുക എന്ന രീതിയിലും പദ്ധതി പൂർത്തീകരിക്കാം. വ്യക്തികളെ നേരിൽ കാണുക എന്നു കേട്ട ഉടൻ തന്നെ ആയിരം പേരെയും ഒരു സ്ഥലത്തു വിളിച്ചു കൂട്ടിയാൽ ഒരു പക്ഷെ നമ്മുടെ ലക്ഷ്യം നേടാനാകാതെ വരും. പ്രോഗ്രാം നിയന്ത്രണാതീതമായി മാറും.

ഒന്നിലധികം പേർ പ്രോഗ്രാമിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ഉത്തരവാദിത്തങ്ങൾ വിഭാഗിച്ചു കൊടുക്കുന്നതിലും ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചുള്ള ആശയവിനിമയം വ്യക്തതയോടെ നടത്തുന്നതിലും നാം നിപുണതയുള്ളവരായിക്കണം. ചുമതലകൾ വിഭാഗിച്ച് ഏല്പിക്കാൻ സാധിച്ചാൽ പദ്ധതികൾ പെട്ടെന്ന് പൂർത്തികരിക്കുവാനും സമയം ലാഭിക്കുവാനും സാധിക്കും.

മോശെ ജനത്തിനു ന്യായം വിധിപ്പാൻ ഇരിക്കുമ്പോൾ ജനം അധികമായതുകൊണ്ട് വൈകുന്നേരമായിട്ടുപോലും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടു തീർന്നില്ല. മോശെയുടെ അമ്മായപ്പനായ യിത്രോ

> **അന്നന്നു ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ അന്നന്നുതന്നെ ചെയ്യാൻ ശ്രമിക്കണം. ഒരിക്കലും മറ്റൊരു സന്ദർഭത്തിലേക്ക് മാറ്റിവയ്ക്കരുത്.**

ഇതു കണ്ടപ്പോൾ അദ്ദേഹം പറയുന്ന ഉപദേശം അനുസരിച്ച്, മറ്റുള്ളവരെക്കൂടി മോശെ ചുമതല ഏൽപിക്കുമ്പോൾ ജനങ്ങളുടെ പ്രശ്നങ്ങളെ കേൾക്കുവാനും പരിഹരിക്കുവാനും മോശെയ്ക്കു കഴിഞ്ഞു (പുറ. 18:13–27). ഓരോരുത്തരും ഏല്പിക്കപ്പെട്ട ചുമതല വഹിക്കുമ്പോൾ, പദ്ധതി വളരെ ലളിതമായി എല്ലാവർക്കും അനുഭവപ്പെടും. അപ്രതീക്ഷിതമായി വൈദ്യുതി നിലച്ചുപോകുക, ബസ്സോ, ട്രെയിനോ, രണ്ടു മണിക്കൂർ താമസിച്ചെത്തുക, പങ്കെടുക്കേണ്ട മീറ്റിംഗ് മുന്നറിയിപ്പില്ലാതെ റദ്ദാക്കുക തുടങ്ങിയ പ്രത്യേക സന്ദർഭങ്ങളിൽ മാനസിക സമ്മർദ്ദത്തിലാകുകയോ നിരാശരാകുകയോ ചെയ്യാതെ അത്തരം അവസ്ഥകളിൽ വായന, പഠനം തുടങ്ങിയ എന്തെങ്കിലും താൽക്കാലികമായ കാര്യങ്ങൾ ചെയ്യുവാൻ എപ്പോഴും തയ്യാറായിരിക്കണം.

24 മണിക്കൂറിലെ ഒരു പ്രധാന ഘട്ടമാണ് ഉറക്കസമയം. നല്ലതായി ആരോഗ്യം കാത്തു സൂക്ഷിച്ച് ഉല്പാദനകേന്ദ്രീകൃതമായി സമയത്തെ കൈപ്പിടിയിലൊതുക്കണമെങ്കിൽ ഓരോ ദിവസവും നല്ല ഉറക്കം ആവശ്യമാണ്. ഏറ്റവും കുറഞ്ഞത് ആറേഴ് മണിക്കൂറെങ്കിലും പ്രതിദിനം ഉറക്കത്തിനുവേണ്ടി ടൈം മാനേജ്മെന്റിൽ സമയം കണ്ടെത്തണം. വൈകിട്ട് 11 മുതൽ രാവിലെ 5.30 വരെയാണ് ഉറക്കത്തിന് നല്ല സമയം. ജോലിയുടെയും ജീവിത സാഹചര്യങ്ങളുടെയും തിരക്കുകളുടെയും സ്വഭാവമനുസരിച്ച് സമയം വ്യത്യാസപ്പെട്ടാലും, ഉറക്കം വളരെ പ്രാധാന്യമാണ്. പ്രതിദിനം ഒന്നൊന്നര ലിറ്റർ വെള്ളം കുടിക്കുന്നതും കൃത്യസമയത്ത് ആഹാരം കഴിക്കുന്നതും വ്യായാമം ചെയ്യുന്നതുമൊക്കെ, ആരോഗ്യം കാത്തു സൂക്ഷിക്കുന്നതിലൂടെ സമയത്തെ നിയന്ത്രിക്കാൻ പ്രയോജനപ്പെടുന്ന വസ്തുതകളാണ്.

അന്നന്നു ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ അന്നന്നുതന്നെ ചെയ്യാൻ ശ്രമിക്കണം. ഒരിക്കലും മറ്റൊരു സന്ദർഭത്തിലേക്ക് മാറ്റിവയ്ക്കരുത്. പാഴാക്കുകയോ നീട്ടിവയ്ക്കുകയോ ചെയ്യുന്ന സമയം, നഷ്ടപ്പെട്ട സമയം തന്നെയാണ്. പിന്നീട് ചെയ്യാമെന്നു കരുതി ഉത്തരവാദിത്തങ്ങൾ നീട്ടി വയ്ക്കുമ്പോൾ പിന്നീട് പുതിയ ഉത്തരവാദിത്തങ്ങളും പഴയ കാര്യങ്ങളും ഒന്നിച്ചു ചെയ്യേണ്ടി വരികയും ഒരു കാര്യവും ഭംഗിയായി ചെയ്യാൻ കഴിയാതെ കുഴയുകയും ചെയ്യും. ഇതിനിടെ ചില അപ്രതീക്ഷിത സാഹചര്യങ്ങൾ കൂടി വന്നുവെങ്കിൽ നാം സമ്മർദ്ദത്തിലായിത്തീരുകയും മാനസികമായ പ്രശ്നങ്ങളിലേക്കു ചെന്നെത്തുകയും ചെയ്യും. •





ഷാജു സി. ജോസഫ്

**വംശീയ വിമോചന വീക്ഷണമുൾക്കൊണ്ട തീവ്രവാദിയായ വിപ്ലവകാരിയായിരുന്നില്ല ക്രിസ്തു. മറിച്ച്, സമൂഹം പാർശ്വവത്കരിച്ച പാപികൾ, ചുങ്കക്കാർ, കുഷ്ഠരോഗികൾ, വേശ്യമാർ തുടങ്ങിയവർക്ക് മതത്തിലെ കപടസദാചാരവാദികളുടെ ശിക്ഷാവിധിയിൽ നിന്നും സ്വമനഃസാക്ഷിയുടെ കുറ്റവിചാരണകളിൽ നിന്നും മോചനം കല്പിച്ച ആർദ്രതയുടെ ആൾരൂപമായിരുന്നു.**

# സുവിശേഷങ്ങളിലെ ക്രിസ്തു

യേശുക്രിസ്തു ചരിത്രത്തിൽ വെളിപ്പെട്ട് ഇരുപതു നൂറ്റാണ്ടുകൾ പിന്നിട്ടുകഴിഞ്ഞിരിക്കുന്നു. ബി.സി. 6 നും എ.ഡി. 32 നുമിടയിൽ വ്യക്തമായ ജോഗ്രഫിക്കൽ അതിരുകൾ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഭൂമികയിൽ ജീവിച്ചിരുന്ന് കാലം കാത്തിരുന്ന വിമോചക സ്വപ്നങ്ങൾ അന്വർഥമാക്കി, ചരിത്രശകലങ്ങളിലും രേഖകളിലും ജീവിതസ്പന്ദനങ്ങളവശേഷിപ്പിച്ചും മടങ്ങി. ക്രിസ്തു ആദ്യകാല ദൃക്സാക്ഷികൾക്ക് അനുഭവ സന്ദേശമായും പിൽക്കാല ശിഷ്യഗണങ്ങൾക്ക് കേട്ടറിവിന്റെ സന്ദേശമായും മാറി. മധ്യയുഗങ്ങളോടെ നേരറിവുകളിൽ നിന്നു ഒട്ടേറെ അകലം മാറി യുക്തിവിചാരങ്ങളുടെ വെളിച്ചത്തിൽ ക്രിസ്തു വ്യാഖ്യാനിക്കപ്പെട്ടു. അനുഭവങ്ങളുടെ ബഹുതലമാതൃകകളനുസരിച്ച് ക്രിസ്തുവിന്റെ യഥാർഥ രൂപം ഉടച്ചുവാർക്കപ്പെട്ടു. സംഘടിത സഭകളുടെ അച്ചുകൂടങ്ങൾ വ്യത്യസ്ത അക്ഷരച്ചിത്രങ്ങൾ അനുയായികൾക്കു നൽകി. ഓരോരുത്തരും രൂപം കൊടുത്ത ക്രിസ്തു സ്വന്തം സംഘടനയുടെ നിലപാടുകളെ ആശീർവദിക്കുന്ന ക്രിസ്തുവിനെയായിരുന്നു.

ചരിത്രത്തിലെ ക്രിസ്തു ആരെയെല്ലാം അടുത്തു നിർത്തിയോ സഭകൾ അവരെയകറ്റുന്നതിൽ മത്സരിച്ചു. സമ്പന്നരെ സഭയ്ക്കകത്തു തളച്ചിടുന്നതിൽ താല്പര്യമുള്ളവരായി. ഫലമോ, ലോകം ക്രിസ്തുവിന്റെ വികലമായ ചിത്രം കണ്ട് യാഥാർഥ്യമെന്നു തെറ്റിദ്ധരിച്ചുകൊണ്ടേയിരുന്നു. മതപരത കവിഞ്ഞൊഴുകുന്ന യഹൂദ സമൂഹം ഭ്രഷ്ടുകല്പിച്ച് പാർശ്വവത്കരിച്ചിരുന്ന മനുഷ്യരെ സ്വന്തം ആടുകളായി കരുതിയ വിശ്വഅജപാലകനായിരുന്നു യേശു. വംശീയ വിമോചന വീക്ഷണമുൾക്കൊണ്ട തീവ്രവാദിയായ വിപ്ലവകാരിയിരുന്നില്ല ക്രിസ്തു. മറിച്ച്, സമൂഹം പാർശ്വവത്കരിച്ച പാപികൾ, ചുങ്കക്കാർ, കുഷ്ഠരോഗികൾ, വേശ്യമാർ തുടങ്ങിയവർക്ക് മതത്തിലെ കപടസദാചാരവാദികളുടെ ശിക്ഷാവിധിയിൽ നിന്നും സ്വമനഃസാക്ഷിയുടെ കുറ്റവിചാരണകളിൽ നിന്നും മോചനം കല്പിച്ച ആർദ്രതയുടെ ആൾരൂപമായിരുന്നു.

വ്യത്യസ്ത വിഷയചരിത്രത്തിലെ ക്രിസ്തുവിന്റെ സമീപനം വിശകലനം ചെയ്താൽ...

## പാപികൾ

യഹൂദർ പാപികൾ എന്നു വിശേഷിപ്പിച്ചിരുന്നത് കുറ്റം ചെയ്യുന്നവർ എന്ന അർഥത്തിലായിരുന്നില്ല. ന്യായപ്രമാണത്തിന്റെ അനുഷ്ഠാന നിയമങ്ങളെ അത്ര ഗൗരവമായെടുക്കാത്ത, മതനിഷ്ഠ കുറവുള്ള സാമാന്യജനങ്ങളെയാണ് പാപികൾ എന്നു വിളിച്ചിരുന്നത്. ഗിരിപ്രഭാഷണത്തിലെ ആത്മാവിൽ ദരിദ്രർ' പാപികൾ എന്നു പരീശരും മതപ്രമാണിമാരും മുദ്രകുത്തിയിരുന്ന സാധാരണ ജനങ്ങളാണ്. മീൻപിടുത്തക്കാർ, ആട്ടിടയന്മാർ, തോൽക്കൊല്ലന്മാർ തുടങ്ങിയവർ ശുചീകരണ നിയമങ്ങൾ പാലിക്കാൻ കഴിയാത്തവരാണ്. അവരും പാപികളാണ്. ക്രിസ്തു മനഃപൂർവ്വം അവരെ ശിഷ്യഗണങ്ങളിൽ ഉൾപ്പെടുത്തി.

കൂടാതെ വ്യഭിചാരത്താൽ പിടിക്കപ്പെട്ടവളായി തന്റെ മുന്നിൽകൊണ്ടുവന്ന സ്ത്രീയോടുള്ള സമീപനം ശ്രദ്ധേയമാണ്. ദൈവാലയത്തിന്റെ സമീപമെങ്കിലും പുറവാരത്തു ഒരു കോടതിയുടെ മുഖം രൂപപ്പെട്ടുകഴിഞ്ഞു.

## ന്യായാധിപൻ – ക്രിസ്തു

കുറ്റാരോപിതയായ വ്യക്തി – സ്ത്രീ

വാദികൾ, തെളിവുകൾ – ശാസ്ത്രിമാർ, പരീശന്മാർ, അവരോടൊപ്പമുള്ള സമൂഹം (ദൃക്സാക്ഷി ഉണ്ടാകാം).

ഒരു തെറ്റ് ഈ കളക്ടീവ് വാദികൾക്കു പിണഞ്ഞിട്ടുണ്ട്. ന്യായാധിപൻ വിധി കല്പിക്കും മുമ്പ് ശിക്ഷാവിധിക്കുള്ള കല്ലുകൾ കൈയിൽ കരുതിയിരുന്നു. സാധാരണയായി നിയമപുസ്തകം മാത്രമാണു വിധികർത്താവായി വരാറുള്ളത്. തോറയുടെ നിയമശാസനകളുടെ മുന്നിൽ ക്രിസ്തുവിനെ പരീക്ഷിക്കുകയായിരുന്നു വാദികളുടെ ലക്ഷ്യം.

പാപി മാത്രമല്ല, ക്രിസ്തുവിന്റെ മുന്നിൽ പാപം എന്ന അമൂർത്ത യാഥാർഥ്യം തെളിഞ്ഞുനിന്നു.

നിങ്ങളിൽ പാപമില്ലാത്തവൻ ഒന്നാമത് എറിയട്ടെ. പാപികൾ എന്ന മതസമൂഹത്തിന്റെ നിർവചനം ക്രിസ്തു പൊളിച്ചെഴുതി. നിമിഷങ്ങൾക്കകം വാദികളുടെ ഭാഗം ശൂന്യമായി. കുറ്റവാളിയും ന്യായാധിപനും മാത്രം.

ആരോപിതമായ കുറ്റം അന്തരീക്ഷത്തിലുണ്ട്. ക്രിസ്തു പറഞ്ഞു: 'ഞാനും ശിക്ഷ വിധിക്കുന്നില്ല.' നിന്നെ സ്വതന്ത്രമാക്കുകയാണ്. പോക...

ക്രിസ്തു ഒരിക്കൽപോലും പാപത്തിന്റെ പേരിൽ ആരെയും കുറ്റപ്പെടുത്തുകയോ ശിക്ഷ വിധിക്കുകയോ ചെയ്തില്ല.

### യഹൂദേതരർ

യഹൂദനല്ലാത്തവരെ ആ സമൂഹം പുറംജാതികൾ എന്നാണു വിളിച്ചിരുന്നത്. സങ്കരവർഗമായ ശമര്യരോടു പോലും അവർക്ക് സമ്പർക്കമുണ്ടായിരുന്നില്ല. അപ്പോൾ ജാതികളുടെ കാര്യം ചിന്തിക്കാവുന്നതേയുള്ളൂ. യേശു അവരോടു എങ്ങനെയായിരുന്നു? കഫർന്നഹൂമിലെ ശതാധിപനോട് യേശു പറഞ്ഞു: ഞാൻ നിന്റെ വീട്ടിൽ വന്ന് സൗഖ്യമാക്കും.'

ഒരു പുറംജാതിയുടെയും വീട്ടിൽ കയറരുത് എന്നുള്ള പരീശധർമശാസ്ത്രം യേശു അവഗണിച്ചു. ശമര്യാക്കാരി സ്ത്രീയോടു പരസ്യമായി സംസാരിച്ചു. കനാന്യസ്ത്രീയ്ക്കും വിശ്വാസത്താൽ ദൈവം മക്കൾക്കു മാത്രം വച്ചിരിക്കുന്ന രോഗസൗഖ്യം അവകാശമാക്കാം എന്നു തെളിവുകൊടുത്തു.

**ദുരിതക്കയത്തിൽ നീറുന്ന ജീവിതങ്ങൾക്കാശ്വാസമാകേണ്ടവനെ അൾത്താരയിലേക്കു മാറ്റിത്തളച്ചിരിക്കുന്നു. ജനം തിരക്കുന്നു. ഞങ്ങളുടെ ക്രിസ്തു എവിടെ? ചരിത്രത്തിലെ ക്രിസ്തു ഇന്നും മാറ്റമില്ലാതെ തുടരുന്നതാണ് മനുഷ്യന്റെ ആവശ്യം.**

### കുഷ്ഠരോഗികൾ

കുഷ്ഠരോഗിയെ സംബന്ധിച്ചുള്ള തോറയുടെ നിബന്ധനകൾ കർക്കശസ്വഭാവമുള്ളതായിരുന്നു. താമസം പാളയത്തിനുപുറത്ത്. പുരോഹിതൻ ശുദ്ധിയുള്ളവനെന്നു വിധിക്കുന്നത് വരെ ഏകാന്തതാമസം. മാനസിക പീഡനം സഹിച്ച്, കുട്ടിക്കാലത്ത് അമ്മയല്ലാതെ ആരും തൊട്ടിട്ടില്ലാത്ത ശരീരത്തിലൊരു കുറ്റംപ്രതീക്ഷിച്ച് ഒറ്റപ്പെട്ട വാസം. മനുഷ്യശബ്ദം കേൾക്കാൻ കൊതിക്കാറുണ്ടാകും.

യേശു സൗഖ്യം നൽകിയ കുഷ്ഠരോഗികളെക്കുറിച്ച് അവരെ തൊട്ട് സൗഖ്യമാക്കി എന്നെഴുതിയിരിക്കുന്നു. സ്പർശിച്ചുകൊണ്ട് സുഖപ്പെടുത്തി. ആരും അന്നും ഇന്നും ചെയ്യാത്തത് ക്രിസ്തു ചെയ്തു.

### ധനം, ധനികർ

ധനികരോട് ഒരു തരം പക, അകൽച്ച പുലർത്തുന്ന മറ്റുള്ളവർ മനുഷ്യസമൂഹത്തിലുണ്ട്. ആ വക കാരണങ്ങളുള്ളവർക്ക് ധനം നല്ല കാര്യമായി തോന്നാറുണ്ട്. ക്രിസ്തു ധനം ഒരു കുറവായി കണ്ടു. ന്യായപ്രമാണത്തിന്റെ ധർമ്മശാസനകളിൽ കുറ്റമറ്റവനെന്ന് അവകാശപ്പെട്ട ധനിക യുവാവിനോട് യേശു പറഞ്ഞു: ഒരു കുറവ് നിനക്കുണ്ട്; നിനക്കുള്ളത് വിറ്റ് ദരിദ്രർക്ക് കൊടുക്കുക. ആ യുവാവിന്റെ ആത്മിക ലക്ഷ്യത്തിന് ധാർമിക ഗുണങ്ങൾ മാത്രം പോരാ. ധനികനെന്ന അവസ്ഥ ത്യജിക്കണം. ഒന്നുമില്ലാതാകണം. പിന്നെ വന്ന് ക്രിസ്തുവിനെ അനുഗമിക്കണം.

ധനികർക്കു സ്വർഗ്ഗരാജ്യ പ്രവേശനം വൈഷമ്യം നിറഞ്ഞ കാര്യമാണ്. ധനം കുമിഞ്ഞു കൂടുന്നത് ഒരു പ്രശ്നമാണെന്ന് യേശു പഠിപ്പിച്ചു.

### ശാബത്

വിശ്രമം എന്നർഥം വരുന്ന ശാബത് പിൽക്കാല യഹൂദ ചരിത്രത്തിൽ സാധാരണ മനുഷ്യരുടെ ജീവിതം കൂടുതൽ ദുസ്സഹമാക്കിക്കൊണ്ടിരുന്നു. ദേശീയ മരണദിന ദുഃഖാചരണമോ എന്നു തോന്നിപ്പിക്കുന്ന ശാബതുകളിൽ യേശുക്രിസ്തു മനുഷ്യരെ സുഖപ്പെടുത്തുകയും സ്വതന്ത്രമാക്കുകയും ചെയ്തു. നിയമജ്ഞരോട് മറുചോദ്യമാണ് ഉന്നയിച്ചത്. നിങ്ങൾ വളർത്തു മൃഗങ്ങളോടു കാണിക്കുന്ന കാരുണ്യംപോലും മനുഷ്യരായ ഇവരോട് നിഷേധിക്കുന്നത് ക്രൂരതയാണെന്ന് ഓർമിപ്പിക്കുകയും ചെയ്തു.

### സ്നേഹിതർ

ലോകം കണ്ടിട്ടുള്ള ആത്മീയാചാര്യന്മാരിൽ മറ്റൊരാൾക്കും ലഭിക്കാത്ത പേരാണ് ക്രിസ്തുവിന്റേത്. ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതൻ...'

സമൂഹം ഭ്രഷ്ടുകല്പിച്ച റോമാ ഗവണ്മെന്റുദ്യോഗസ്ഥരായ കരം പിരുവകാരും സാധാരണ ജനങ്ങളും (അമ്മെ – ഹാറെസ്സ്) ക്രിസ്തുവിന്റെ സ്നേഹിതന്മാരെന്നറിയപ്പെട്ടു. അവരൊടൊത്ത് ജീവിക്കുവാനും, ഭക്ഷണം കഴിക്കുവാനും ഒരു റബ്ബി ധൈര്യപ്പെട്ടുവെന്നത് ചരിത്ര സംഭവമാണ്. കുഷ്ഠരോഗിയും ദരിദ്രരും ചുങ്കക്കാരും വേശ്യമാരും സ്നേഹിത വലയത്തിലും അനുഷ്ഠാന ഭക്തിയുടെ കാവൽക്കാരായ മതപരതയുള്ള വരേണ്യവർഗം ശത്രുക്കളും. വിചിത്രമായിരുന്നു നസറേത്തിലെ യുവാവിന്റെ ജീവിതം.

### വികലാംഗരും ഭിക്ഷക്കാരും

പതിനായിരക്കണക്കിനാളുകളുടെ കൂടെ സഞ്ചരിക്കുമ്പോൾ വഴിയരികിലെ അംഗവൈകല്യമുള്ളവരും ഭിക്ഷക്കാരുമായവരുടെ ദയനീയാപേക്ഷയാരു കേൾക്കാൻ..?

ക്രിസ്തു നിന്നു. അവർക്കു ഭിക്ഷയായി നൽകിയത് സൗഖ്യവും വീണ്ടുമൊരിക്കൽ ഭിക്ഷക്കാരനാകാതിരിക്കുവാനുള്ള സ്വാതന്ത്ര്യവും.

റബ്ബി യെഷ്ഠവാ ബാർ യോസെഫ്' എന്നു ചിലരും തച്ചന്റെ മകൻ എന്നു മറ്റു ചിലരും ദൈവദൂഷണക്കാരൻ എന്നു പുരോഹിതരും വിശേഷിപ്പിച്ച നസറായനായ യേശു ചരിത്രത്തിൽ വെളിപ്പെട്ടതിങ്ങനെയാണ്.

അപൂർവം ചില ഒറ്റപ്പെട്ട പേരുകളൊഴികെ എല്ലാ സമൂഹങ്ങളും സംഘടനകളും കണ്ടാൽ ഒഴിഞ്ഞുമാറാനിഷ്ടപ്പെടുന്ന സമൂഹത്തെ കൂട്ടാളികളാക്കാനിഷ്ടപ്പെട്ടക്രിസ്തു എവിടെ? ദൈവശാസ്ത്രജ്ഞന്മാർ ഇന്ന് റോമൻ പടയാളികളെക്കാൾ നിഷ്ഠൂരമായി ക്രിസ്തുവിന്മേൽ ആണിയടിച്ചു കയറി നിസഹായനാക്കിയിരിക്കുന്നു. ദുരിതക്കയത്തിൽ നീറുന്ന ജീവിതങ്ങൾക്കാശ്വാസമാകേണ്ടവനെ അൾത്താരയിലേക്കു മാറ്റിത്തളച്ചിരിക്കുന്നു. ജനം തിരക്കുന്നു. ഞങ്ങളുടെ ക്രിസ്തു എവിടെ? ചരിത്രത്തിലെ ക്രിസ്തു ഇന്നും മാറ്റമില്ലാതെ തുടരുന്നതാണ് മനുഷ്യന്റെ ആവശ്യം. •




# നിങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ട് !

**രോഗം, കടബാധ്യത, ആത്മഹത്യ ചിന്ത, പരാജയഭീതി, അപകർഷബോധം, നിരാശ, കുടുംബത്തകർച്ച, മദ്യപാനം, വിവാഹമോചനം, അനിശ്ചിത ഭാവി, സാമ്പത്തിക തകർച്ച, ലക്ഷ്യബോധമില്ലായ്മ,**

*ഇങ്ങനെ ഏതെങ്കിലും പ്രശ്നം നേരിടുന്ന ഒരു വ്യക്തിയാണോ നിങ്ങൾ?*

വിഷമിക്കേണ്ട!! നിങ്ങൾക്കായി പ്രാർഥിക്കുവാൻ, നിങ്ങളുടെ പ്രശ്നങ്ങൾക്ക് വേദപുസ്തകാടിസ്ഥാനത്തിൽ മാർഗനിർദ്ദേശം നൽകുവാൻ ഫെയ്ത്ത് വിമൻസ് ഓർഗനൈസേഷന്റെ നേതൃത്വത്തിൽ ഇരുപത്തിനാല് മണിക്കൂറും പ്രെയർസെൽ പ്രവർത്തിക്കുന്നു. ബന്ധപ്പെടുക.

*പ്രെയർസെൽ, ഫെയ്ത്ത് ലീഡേഴ്സ് ഇന്ത്യാ മിനിസ്ട്രീസ്*
*പാലയ്ക്കാത്തകിടി പി.ഒ., കുന്നന്താനം, പത്തനംതിട്ട ജില്ല - 689 581*
*ഫോൺ: 0469 3269009, 9656670153, 9846379851*



# മലയാളം ശ്രേഷ്ഠഭാഷാ പദവി:

## അക്ഷരവഴിയിലെ മിഷനറി സാന്നിധ്യം



പാസ്റ്റർ ഷിബു ജോസഫ്

**ജാതി ചിന്തയും അസമത്വങ്ങളും നിലനിന്നിരുന്ന സമൂഹ ത്തിൽ ഇവയെ ഉന്മൂലനം ചെയ്യാനുള്ള പോംവഴിയായി വിദ്യാഭ്യാസത്തെ മിഷനറിമാർ ഉപയോഗിച്ചു. ജാതിചിന്ത, മതഭേദങ്ങൾ ഇവയുടെ പിടിയിലമർന്ന് അധീശവർഗത്തിന്റെ കുത്തകയായിരുന്ന വിദ്യാഭ്യാസത്തെ ജനകീയമാക്കുന്നതിന് അവർ മുഖ്യ പങ്കുവഹിച്ചു.**

മലയാളികളുടെ മാതൃഭാഷയായ മലയാളം ഇന്നത്തെ പുരോഗതിയിൽ എത്തിയതിന് പിന്നിൽ ദീർഘവർഷ ങ്ങളുടെ പ്രയത്നമുണ്ട്. ആദ്യമായി മലയാളം ലിപി അച്ചടിച്ച ഹോർത്തൂസ് മലബാറിക്കൂസ് എന്ന ഗ്രന്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷ ശ്രദ്ധിക്കൂ: ''മലെയാളത്തിലെ വൃക്ഷങ്ങളും ചെറു വൃക്ഷങ്ങളും കായ്കെളും വിത്തുകെളും രെസങ്ങളും വെരുകളും ചക്തികെളും സുദചെക്തികളും പറെങ്കിപ്പാഴെയിലും മലയാംപാഴെയിലും വകതിരിച്ചു ചൊല്ലുകയും... ഈ വണ്ണം ഒരു സംശയം എത്തി നേരാ കുംവണ്ണം എഴുതിത്തീർത്ത നിശ്ചയത്തിൽ എന്റെ ഒപ്പ് അമ്പ്രീൽ മാസം മത കൊച്ചിയിൽ കോട്ടയിൽ എഴുത്ത്''.

ഇവിടെ നിന്നും മലയാള ഭാഷ എത്രയോ മുമ്പോട്ടു പോയിരിക്കുന്നു. മറ്റേതു ഭാഷയ്ക്കും എന്നതുപോലെ മലയാളത്തിനും കാലാനുസൃതമായ മാറ്റങ്ങൾ സംഭവിച്ചു. ഭാഷയിലെ പ്രയോഗങ്ങൾക്കും ശൈലികൾക്കും അക്ഷര ങ്ങൾക്കും അപ്പുറമായി ശ്രേഷ്ഠഭാഷയായി മലയാള ഭാ ഷ അംഗീകരിക്കപ്പെട്ടു കഴിഞ്ഞു. കേരളപ്പിറവി ദിനമായ 2012 നവംബർ 1ന് തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർ വകലാശാല എന്ന പേരിൽ മലയാളത്തിന് ഒരു സർവ കലാശാലയും സ്വന്തമായി. ഇവിടെ മലയാള ഭാഷയുടെ വികാസത്തിനു വഴിതെളിച്ച വ്യക്തികളെ നമുക്കു വിസ് മരിക്കാനാവില്ല. നമ്മുടെ ഭാഷയെ പുരോഗതിയിലേക്കു കൈപിടിച്ചു നയിച്ച മിഷനറിമാരുടെ സംഭാവനകൾ സു വർണ്ണ ലിപികളിൽ ചരിത്രം കോറിയിട്ടിരിക്കുന്നു. വാസ് തവത്തിൽ മലയാള ഭാഷയ്ക്കു ഇന്നു കൈവന്നിട്ടുള്ള യശ്ശസ്സിന് നാം നന്ദിയർപ്പിക്കേണ്ടത് വിദേശ മിഷനറിമാ രോടാണ്.


## അല്പം ചരിത്രം

മലയാള ഭാഷയുടെ ചരിത്രത്തിന് നൂറ്റാണ്ടുകളോ ളം പഴക്കമുണ്ട്. ഇന്നത്തെ രൂപത്തിൽ ഭാഷ വളർച്ച പ്രാപിക്കുന്നതിന് തമിഴ് - സംസ്കൃത ഭാഷകളുടെയും ബഹുഭാഷാ പണ്ഡിതരുടെയും സഹായമുണ്ടായിട്ടുണ്ട്. മലയാള ഭാഷയുടെ ഉത്ഭവത്തെക്കുറിച്ച് പണ്ഡിതന്മാർ ക്ക് വിവിധ അഭിപ്രായങ്ങളാണുള്ളത്. സംസ്കൃതത്തിൽ നിന്നാണ് മലയാളം ഉണ്ടായതെന്നും അതല്ല, സംസ്കൃ തവും തമിഴും ചേർന്നാണ് മലയാളം ഉണ്ടായതെന്നും രണ്ട് അഭിപ്രായമുണ്ട്. ഏ. ആർ. രാജരാജവർമ, ഡോ. കാൾഡ്വൽ എന്നീ പണ്ഡിതരുടെ അഭിപ്രായത്തിൽ തമിഴ് ഭാഷയിൽ നിന്നാണ് മലയാളം ആവിർഭവിച്ചത്. എന്നാൽ മറ്റു ചിലർ അവകാശപ്പെടുന്നത്, ദക്ഷിണേന്ത്യമുഴുവൻ പണ്ട് ഒരു ഭാഷയാണു സംസാരിച്ചിരുന്നതെന്നാണ്. മൂല ദ്രാവിഡ ഭാഷയെന്ന് വിളിക്കപ്പെട്ട ഭാഷയിൽ നിന്നാണ് മലയാളം, തമിഴ്, തെലുങ്ക് എന്നീ ഭാഷകളെല്ലാം ഉണ്ടായ തെന്നാണ് മറ്റൊരു വാദം. ഒമ്പതാം നൂറ്റാണ്ടിൽ തന്നെ മലയാളം ഒരു സ്വതന്ത്ര ഭാഷയായിരുന്നു. എന്നാൽ മല യാളത്തിന്റേത് എന്നവകാശപ്പെടാൻ കഴിയുന്ന സാഹിത്യ കൃതികൾ ഉണ്ടായത് പന്ത്രണ്ടാം നൂറ്റാണ്ടിന് ശേഷമാണ്. ആധുനിക മലയാള ഭാഷയുടെ പിതാവായ തുഞ്ചത്ത് രാ മാനുജൻ എഴുത്തച്ഛൻ മലയാള ഭാഷയിൽ വലിയൊരു വഴിത്തിരിവു തന്നെ സൃഷ്ടിച്ചു. അന്നു നിലനിന്നിരുന്ന, തമിഴും സംസ്കൃതവും കൂടിക്കലർന്ന മലയാള ഭാഷയ്ക്ക് സ്വന്തമായ ഒരു ശൈലി തന്നെ അദ്ദേഹം രൂപപ്പെടുത്തി.

## വിദ്യാഭ്യാസ പ്രവർത്തനങ്ങളും വൈദേശിക സംഭാവനകളും

വിദേശ മിഷനറിമാർ ഇന്ത്യയിൽ നടപ്പിലാക്കിയ വി ദ്യാഭ്യാസ പരിഷ്കാരങ്ങൾ വലിയ മാറ്റങ്ങൾക്കു തന്നെ വഴിതെളിച്ചു. ജാതി സമ്പ്രദായത്തിൽ അധിഷ്ഠിതമായ ഘടന പൊളിച്ചെഴുതി പുതിയൊരു സമൂഹത്തെ സൃഷ്ടി ക്കുന്നതിൽ അവർ വഹിച്ച പങ്ക് എന്നും സ്മരിക്കപ്പെടുന്ന താണ്. കത്തോലിക്കാ മിഷനറിമാരുടെ പ്രവർത്തനങ്ങളിൽ നിന്നും വ്യത്യസ്തമായിരുന്നു പ്രൊട്ടസ്റ്റന്റ് മിഷനറിമാർ നടപ്പിൽ വരുത്തിയത്. അതിനുവേണ്ടി ആദ്യമായി പരി ശ്രമിച്ച ഡാനിഷ് മിഷനറി ഡോ. ജോൺ ആയിരുന്നു.

ജാതി ചിന്തയും അസമത്വങ്ങളും നിലനിന്നിരുന്ന സമൂ ഹത്തിൽ ഇവയെ ഉന്മൂലനം ചെയ്യാനുള്ള പോംവഴിയായി വിദ്യാഭ്യാസത്തെ മിഷനറിമാർ ഉപയോഗിച്ചു. ജാതിചിന്ത,



മതഭേദങ്ങൾ ഇവയുടെ പിടിയിലമർന്ന് അധീശവർഗത്തിന്റെ കുത്തകയായിരുന്ന വിദ്യാഭ്യാസത്തെ ജനകീയമാക്കുന്നതിന് അവർ മുഖ്യ പങ്കുവഹിച്ചു. തിരുവിതാംകൂറിൽ അടിമത്തം നിയമം മൂലം നിരോധിക്കുന്നതിന് രണ്ടു പതിറ്റാണ്ടുകൾക്കു മുമ്പു തന്നെ മിഷനറിമാർ തങ്ങളുടെ കീഴിലുള്ള അടിമകളെ മോചിപ്പിച്ചിരുന്നു. താഴ്ന്ന ജാതിക്കാരുടെയെന്നപോലെ സ്ത്രീകളുടെ സാമൂഹികാവസ്ഥ മെച്ചപ്പെടുത്തുന്നതിലും പാശ്ചാത്യരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മൂലം കഴിഞ്ഞിരുന്നു. ദീർഘദർശികളായ മിഷനറിവര്യന്മാരായ തോമസ് നോർട്ടൻ, റവ. മീഡ് വില്യം ടോബിയാസ്, റിംഗിൾ ടോബ്, ബെഞ്ചമിൻ ബെയ്‌ലി, ഹെർമൻ ഗുണ്ടർട്ട്, ഹെൻറി ബേക്കർ, ജോസഫ് പീറ്റ്, തോമസ് ഡോവ്സൻ, ജോൺ ഹോക്സ് വർത്ത് ഇങ്ങനെ പോകുന്നു അവരുടെ പട്ടിക.

## മലയാള ഭാഷയും മിഷനറിമാരുടെ സംഭാവനകളും

പ്രാദേശിക തലത്തിൽ പലവിധ വിദ്യാഭ്യാസ പ്രവർത്തനങ്ങളും നിലവിലുണ്ടായിരുന്നെങ്കിലും 19-ാം നൂറ്റാണ്ടിന്റെ ആരംഭമായപ്പോൾ ഇവയെല്ലാം മന്ദഗതിയിലായിരുന്നു. ജാതി വ്യവസ്ഥ, ഭരണകർത്താക്കളുടെ താല്പര്യക്കുറവ്, അസംഘടിതമായ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എന്നിവയുടെ ഫലമായി വലിയൊരു വിഭാഗം ആളുകളും നിരക്ഷരതയിലും അജ്ഞതയിലും കഴിഞ്ഞുകൂടി. ഈ കാലഘട്ടത്തിലാണ് പ്രൊട്ടസ്റ്റന്റ് മിഷനറിമാർ കേരളത്തിൽ എത്തുന്നത്. ഇവിടെയെത്തിയ മിഷൻ സംഘടനകളുടെ ലക്ഷ്യം യേശുക്രിസ്തുവിന്റെ സുവിശേഷം പ്രചരിപ്പിക്കുക എന്നതായിരുന്നു. ലണ്ടൻ മിഷൻ സൊസൈറ്റി (എൽ.എം.എസ്), ചർച്ച് മിഷൻ സൊസൈറ്റി (സി.എം.എസ്), ബാസൽ മിഷൻ എന്നിവയായിരുന്നു അവയിൽ പ്രധാനമായവ. ദക്ഷിണ തിരുവിതാംകൂറിലാണ് ലണ്ടൻ മിഷൻ സൊസൈറ്റി പ്രവർത്തിച്ചിരുന്നത്. ചർച്ച് മിഷൻ സൊസൈറ്റിയുടെ പ്രവർത്തന കേന്ദ്രം മധ്യതിരുവിതാംകൂറും കൊച്ചിയുമായിരുന്നു. എന്നാൽ ബാസൽ മിഷൻ പ്രവർത്തിച്ചിരുന്നത് മലബാർ കേന്ദ്രമാക്കിയാണ്. ഈ മൂന്നു സംഘടനകളുടെയും പ്രവർത്തനങ്ങൾ കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ ആധുനികവൽക്കരിക്കുകയും നവീകരിക്കുകയും ചെയ്തു.

വിദ്യാഭ്യാസത്തിന്റെ ആധുനികവൽക്കരണവും അച്ചടിയുടെ പ്രചാരവും മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയ്ക്കു വഹിച്ച പങ്ക് വളരെ വലുതാണ്. ഏ.ആർ. രാജരാജവർമ മലയാള ഭാഷയുടെ പരിണാമ കാലഘട്ടത്തെ മൂന്നായി തിരിച്ചിട്ടുണ്ട്. ആദ്യഘട്ടം 'കരിന്തമിഴ് കാലം' മധ്യഘട്ടം 'മലയാണ്മക്കാലം' ആധുനിക ഘട്ടം മലയാള കാലം' എന്നിങ്ങനെ. ചെറുശ്ശേരി, എഴുത്തച്ഛൻ, ഉണ്ണായി വാര്യർ, കുഞ്ചൻ നമ്പ്യാർ എന്നിവരുടെ കൃതികൾ മലയാളത്തെ സമ്പന്നമാക്കി. എന്നാൽ മറ്റൊരു കാര്യം സാഹിത്യം മിക്കവാറും സവർണ്ണ മേധാവിത്വത്തിന്റെ കരങ്ങളിലായിരുന്നു എന്നതാണ്. ഗദ്യസാഹിത്യം വളരെ ശുഷ്കമായ സ്ഥിതിയിലായിരുന്നു അന്നുണ്ടായിരുന്നത്. എന്നാൽ പുതിയൊരു ഗദ്യഭാഷയുടെ പ്രചാരം മലയാളത്തിലുണ്ടായത് അച്ചടിച്ച ഗ്രന്ഥങ്ങളിലൂടെയായിരുന്നു. ഗദ്യഭാഷയുടെ പ്രചാരണത്തിന് ബൈബിൾ വിവർത്തനങ്ങൾ വഹിച്ച പങ്ക് വളരെ വലുതാണ്.

## അച്ചടിയുടെ സ്വാധീനം

വിജ്ഞാന വിസ്ഫോടന യന്ത്രം' എന്നാണ് റവ. ജോസഫ് ഫെൻ അച്ചടിയന്ത്രത്തെ വിശേഷിപ്പിച്ചത്. അച്ചടിയുടെ ആരംഭമാണ് സാധാരണക്കാർക്കും ഗ്രന്ഥങ്ങൾ വായിക്കുവാനുള്ള അവസരം സാധ്യമാക്കിയത്. തന്മൂലം വളരെപ്പേർ വായനാശീലമുള്ളവരാകുകയും അറിവ് വ്യാപിക്കുകയും വളരുകയും ചെയ്തു.

മലയാള ഭാഷയിൽ ആദ്യമായി ഒരു ഗ്രന്ഥം അച്ചടിക്കപ്പെട്ടത് 1683 ലാണ്. കേരളത്തിലെ സസ്യങ്ങളെക്കുറിച്ച് ഡച്ചുകാരനായ വാൻറീദ് ഇട്ടി അച്യുതന്റെ സഹായത്തോടെ തയാറാക്കിയ 'ഹോർത്തൂസ് മലബാറിക്കൂസ്' എന്ന ഗ്രന്ഥമാണത്. എന്നാൽ മലയാള ഭാഷയിൽ ഒരു ഗ്രന്ഥം പൂർണ്ണമായി അച്ചടിക്കപ്പെട്ടത് 1772 ലായിരുന്നു, റോമിൽ അച്ചടിച്ച സംക്ഷേപ വേദാർത്ഥം' 1811 ൽ ഡോ. ക്ലോഡിയസ് ബുക്കാനൻ പഴയ ബോംബെയിലെ കൂറിയർ പ്രസ്സിൽ ബൈബിളിലെ നാലു സുവിശേഷങ്ങൾ അച്ചടിച്ചു. എന്നാൽ കേരളത്തിനു വെളിയിൽ നടന്ന അച്ചടികളെല്ലാം ഒറ്റപ്പെട്ട സംഭവങ്ങളായിരുന്നു. എന്നാൽ കേരളത്തിൽ ഒരു അച്ചടിയന്ത്രം സ്ഥാപിച്ച് അച്ചടിയെ വളർത്തിയെടുത്തതിന്റെ എല്ലാ അംഗീകാരവും ബെഞ്ചമിൻ ബെയ്‌ലി എന്ന



ഹെർമൻ ഗുണ്ടർട്ട്



റവ. ബെഞ്ചമിൻ ബെയ്‌ലി

മഹാനായ മിഷനറിക്കു മാത്രം അവകാശപ്പെട്ടതാണ്.

## റവ. ബെഞ്ചമിൻ ബെയ്‌ലി

ഉരുണ്ട, വടിവൊത്ത ലിപിയിൽ മലയാളം വായിക്കുമ്പോൾ മലയാള അക്ഷരങ്ങൾക്ക് എന്തൊരു ഭംഗി എന്ന് ഒരു നിമിഷമെങ്കിലും തോന്നുന്നുണ്ടോ? ഉണ്ടെങ്കിൽ, ഈ അക്ഷരഭംഗിക്കു ബെഞ്ചമിൻ ബെയ്‌ലിയോടു നന്ദി പറയുക.' ബെയ്‌ലിയെക്കുറിച്ച് പുറത്തിറങ്ങിയ ചരിത്ര പഠനവുമായി ബന്ധപ്പെട്ട് 'നന്ദി ബെയ്‌ലി, ഈ അക്ഷരഭംഗികൾക്ക്' എന്ന പേരിൽ മലയാള മനോരമ ദിനപത്രത്തിൽ (2008 ജൂലൈ 1) പ്രസിദ്ധീകരിച്ച ബോക്സ് ആർട്ടിക്കിളിലെ വാചകങ്ങൾ തുടങ്ങുന്നത് ഇങ്ങനെയാണ്: കേരളത്തിൽ ആദ്യമായി അച്ചുകൂടം സ്ഥാപിച്ച് മലയാള ലിപികൾ ഉണ്ടാക്കി മലയാള അച്ചടിക്ക് പുതിയൊരു പാത വെട്ടിത്തുറന്ന ഇംഗ്ലണ്ടിലെ യോർക്ക് ഷെയറുകാരനായ അദ്ദേഹത്തോട് നാം എന്നും കടംപെട്ടിരിക്കുന്നു. 'മലയാളം അച്ചടിയുടെ പിതാവ്'' എന്നാണ് ബെയ്‌ലി അറിയപ്പെടുന്നത്.

ചർച്ച് മിഷൻ സൊസൈറ്റിയുടെ മിഷനറിയായി 1816 ൽ ബെഞ്ചമിൻ ബെയ്‌ലി കേരളത്തിലെത്തി. 1817ൽ താൻ കുടുംബമായി കോട്ടയത്തെത്തി. കേരളത്തിലെത്തിയശേഷം രണ്ടു വർഷം കൊണ്ടു മലയാള ഭാഷയിൽ പരിജ്ഞാനം നേടി. മലയാളത്തിലേക്ക് ബൈബിൾ പരിഭാഷപ്പെടുത്തുവാൻ അദ്ദേഹം പരിശ്രമിച്ചു. കേണൽ മൺറോയുടെ മേൽനോട്ടത്തിൽ ബെഞ്ചമിൻ ബെയ്‌ലിയുടെ നേതൃത്വത്തിൽ എട്ടു സുറിയാനി പട്ടക്കാർ ചേർന്ന് ബൈബിൾ പരിഭാഷ നിർവഹിച്ചു. ഹീബ്രു പണ്ഡിതനായ മോശ ഈശാർഫനി, സംസ്കൃത പണ്ഡിതനായ വൈദ്യനാഥയ്യർ, മലയാള പണ്ഡിതനായ ചാത്തുമേനോൻ എന്നിവർ സഹായികളായി. പരിഭാഷ തീരുന്ന മുറയ്ക്ക് സുറിയാനി പള്ളികളിൽ പുതിയനിയമം വിതരണം ചെയ്യപ്പെട്ടു. പക്ഷെ അവ എഴുതിയുണ്ടാക്കുവാനുള്ള പ്രയാസം മൂലം വേണ്ടതുപോലെ വിതരണം ചെയ്യാനായില്ല.

ഈ സന്ദർഭത്തിലാണ് അച്ചടിയെപ്പറ്റി താൻ ഗൗരവമായി ചിന്തിച്ചുതുടങ്ങിയത്. ഈ വിവരം അദ്ദേഹം കേണൽ മൺറോ വഴി മദ്രാസിലെ കറസ്പോണ്ടിംഗ് കമ്മറ്റിയെ അറിയിച്ചു. 1821 ൽ, ഇംഗ്ലണ്ടിൽ നിന്നയച്ച ഒരു പ്രസ്സ് ബോംബെ വഴി കോട്ടയത്തെത്തി. കോട്ടയത്തെ ആദ്യത്തെ പ്രസ്സ് ഇംഗ്ലണ്ടിൽ നിന്നും ലഭിച്ചതാണെന്നു റിക്കോർഡുകൾ വ്യക്തമാക്കുന്നതായി ഡോ. സാമുവേൽ നെല്ലിമുകൾ രേഖപ്പെടുത്തിയിരിക്കുന്നു (കേരളത്തിലെ സാമൂഹ്യ പരിവർത്തനം, പേജ് 140). ഈ പ്രസ്സിന്റെ രൂപത്തിൽ ബെയ്‌ലി പിന്നീട് ഒരു പ്രസ്സ് ഉണ്ടാക്കി. എന്നാൽ മലയാളം അച്ചുകൾ ലഭിക്കുക എന്നതായിരുന്നു അതിനുശേഷം തന്നെ അലട്ടിയത്. അച്ചടി വിദ്യയുമായി മുൻപരിചയം യാതൊന്നുമില്ലാതിരുന്ന താൻ എൻസൈക്ലോപീഡിയ ബ്രിട്ടാണിക്കയിൽ നിന്നും മറ്റൊരു ലഘു ഗ്രന്ഥത്തിൽ നിന്നും മനസിലാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തട്ടാന്റെയും കൊല്ലന്റെയും സഹായത്തോടെ മലയാളം അച്ചുകൾ നിർമ്മിക്കുകയാണുണ്ടായത്. ബെയ്‌ലിയുടെ പ്രസ്സ് ഇന്നും കോട്ടയത്ത് സൂക്ഷിച്ചിട്ടുണ്ട്. നിരവധി ക്രൈസ്തവസാഹിത്യ കൃതികൾ ബെയ്‌ലിയുടെ പ്രസ്സിൽ അച്ചടിച്ചിട്ടുണ്ട്. ഇത് സന്ദർശിച്ച് വിവരങ്ങൾ മനസിലാക്കിയ സ്വാതി തിരുനാൾ മഹാരാജാവ് തിരുവനന്തപുരത്ത് സർക്കാർ പ്രസ്സ് സ്ഥാപിച്ചു.

മലയാള ഭാഷയ്ക്ക് ബെയ്‌ലി നൽകിയ സംഭാവന ലിപി പരിഷ്ക്കരണമാണ്. വ്യഞ്ജനങ്ങളോട് ചേർത്ത് എഴുതിയിരുന്ന ഇ, ഈ എന്നീ സ്വരങ്ങളുടെ ലിപികൾ വേർതിരിച്ച് സ്വതന്ത്രലിപികളാക്കി (ി, ീ) ചതുരവടിവിൽ നിന്നും ഉരുണ്ട ലിപികളാക്കി മലയാള അക്ഷരങ്ങളെ അദ്ദേഹം രൂപഭേദം ചെയ്തു. പുതുതായി നിർമിച്ച അച്ചു ഉപയോഗിച്ച് 1824 ൽ 'ചെറു പൈതങ്ങളുടെ ഉപകാരാർത്ഥം ഇംഗ്ലീഷിൽ നിന്നും പരിഭാഷപ്പെടുത്തിയ കഥകൾ'' എന്ന ഗ്രന്ഥവും 1827 ൽ പുതിയ നിയമവും അച്ചടിച്ചു. പുതിയ നിയമത്തിലെ ലിപി മാതൃകയാണ് മലയാള ഭാഷ എന്നന്നേക്കുമായി സ്വീകരിച്ചത്.

ബൈബിൾ പരിഭാഷ കൂടാതെ മലയാള ഭാഷയുടെ വികാസത്തിനും പുരോഗതിക്കും ബെഞ്ചമിൻ ബെയ്‌ലി നൽകിയ സംഭാവന വളരെ വലുതായിരുന്നു. മലയാളം – ഇംഗ്ലീഷ്, ഇംഗ്ലീഷ് – മലയാളം നിഘണ്ടുക്കൾ നീണ്ട ഇരുപതു വർഷത്തെ ശ്രമങ്ങളുടെ പരിണിത ഫലമായിരുന്നു. തിരുവിതാംകൂറിൽ ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ട മാസിക ജ്ഞാന നിക്ഷേപം,' എ കൺസൈസ് ഡിക്ഷനറി ഓഫ് ഇംഗ്ലീഷ് ആൻഡ് മലയാളം,' മുറേ സായ്പിന്റെ വ്യാകരണ സംഗ്രഹം,' രാമമോഹന റോയിയുടെ ഉപനിഷദ്വ്യാഖ്യാനം, മിസ് ഷെർവുഡിന്റെ ഭാരതീയ തീർഥാടകൻ എന്നിവ അദ്ദേഹത്തിന്റെ സാഹിത്യ സംഭാവനകളാണ്.




തലശേരി സ്റ്റേഡിയത്തിൽ സ്ഥാപിച്ചിട്ടുള്ള ഗുർട്ടിന്റെ പ്രതിമ. ഫോട്ടോ: വിക്കിപീഡിയ

## ഹെർമൻ ഗുണ്ടർട്ട്

മരിച്ചു സ്വർഗത്തിൽ എത്തിയാൽ അവിടെവച്ചും പുതിയ ഭാഷ പഠിക്കുവാൻ അവസരം കിട്ടിയാൽ എന്തൊരു സന്തോഷമായിരിക്കും എന്ന് ഒരിക്കൽ ഗുണ്ടർട്ടു പറഞ്ഞു. ഭാഷാപഠനം അദ്ദേഹത്തിന് അത്രമാത്രം ഇഷ്ടമായിരുന്നു. അതുമൂലം തനിക്ക് വശമായിരുന്നത് 18 ഭാഷകളായിരുന്നു. യാത്രയ്ക്കിടയിൽ തിരുവനന്തപുരത്തു വച്ചാണ് ഗുണ്ടർട്ട് ആദ്യമായി മലയാളം കേട്ടത്. മലയാള ഭാഷയുടെ സൗന്ദര്യം അദ്ദേഹത്തെ വളരെ ആകർഷിച്ചു.

മലയാള ഭാഷയുടെ ആധുനികവത്കരണത്തിന് ഏറ്റവുമധികം സംഭാവന നൽകിയത് ഒരു പക്ഷേ ജർമൻ മിഷനറിയായ ഹെർമൻ ഗുണ്ടർട്ടായിരിക്കും. 1838–ൽ അദ്ദേഹം ബാസൽ മിഷന്റെ പ്രവർത്തകനായാണ് കേരളത്തിൽ എത്തുന്നത്. മലബാറിൽ മിഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുക എന്നതായിരുന്നു തന്റെ ഉത്തരവാദിത്തം. അദ്ദേഹത്തിന്റെ പ്രവർത്തനം മലയാള ഭാഷയെ സമ്പന്നമാക്കുകയാണ് ചെയ്തത്. തലശ്ശേരിയിലെ ഇല്ലിക്കുന്ന് കേന്ദ്രമാക്കിയായിരുന്നു തന്റെ പ്രവർത്തനം.

വിദ്യാഭ്യാസ രംഗത്തും സാഹിത്യ രംഗത്തും തനതായ സംഭാവനകൾ നൽകുവാൻ ഗുണ്ടർട്ടിനും കഴിഞ്ഞു. നാടൻ പാഠശാലകളിൽ സംസ്കൃതമായിരുന്നു കൂടുതൽ പഠിച്ചിരുന്നത്. എന്നാൽ കുട്ടികൾ ചരിത്രവും ഭൂമിശാസ്ത്രവും ഇംഗ്ലീഷുമെല്ലാം പഠിക്കണമെന്ന ലക്ഷ്യത്തോടെ അദ്ദേഹം സ്കൂളുകൾ സ്ഥാപിച്ചു. ഇതിനിടയിൽ തന്നെ ഭാഷാപഠനവും തുടർന്നു. മറ്റുള്ളവരോടു സംസാരിക്കുമ്പോൾ ലഭിക്കുന്ന പുതിയ പദങ്ങൾ കുറിച്ചെടുത്തു. മലയാള വ്യാകരണവും നിഘണ്ടുവും രചിക്കുവാൻ ഇതു സഹായിച്ചു. 1843 ൽ അദ്ദേഹം കോട്ടയത്തെത്തി ബെഞ്ചമിൻ ബെയ്‌ലിയെ കണ്ടു. അദ്ദേഹത്തിന്റെ പ്രസ്സ് കണ്ട് അച്ചടികളെക്കുറിച്ചു മനസിലാക്കി. 1845 ൽ ജർമനിയിലേക്കു പോയ ഗുണ്ടർട്ട് അവിടെ വച്ചാണ് മലബാർ മിഷന്റെ ചരിത്രമെഴുതിയത്. ചില മലയാള പുസ്തകങ്ങളും ചില കയ്യെഴുത്തു പ്രതികളും താൻ ട്യൂബിങ്ങൻ സർവകലാശാലയ്ക്കു നൽകി. കുറെ പുസ്തകങ്ങൾ അവിടുത്തെ രാജാവിനും.

കുറെക്കാലം അദ്ദേഹം താമസിച്ചത് കണ്ണൂരിനടുത്തുള്ള ചിറയ്ക്കൽ എന്ന സ്ഥലത്തായിരുന്നു. മിഷൻ പ്രവർത്തനങ്ങൾ ആരംഭിക്കാനിരിക്കെ പനിപിടിച്ച് സംസാരിക്കാൻ പോലും വയ്യാതായി. ഈ സമയം മലയാള വ്യാകരണം, ബൈബിൾ വിവർത്തനം എന്നിവയ്ക്കു തുടക്കമിട്ടു. പിന്നീട് മംഗലാപുരം, കോഴിക്കോട് എന്നിവിടങ്ങളിലും മാറി മാറി താമസിച്ചു. മദ്രാസ് ഗവൺമെന്റ് അദ്ദേഹത്തെ സ്കൂൾ ഇൻസ്പെക്ടറായി നിയമിച്ചത് മലബാറിലെ വിദ്യാഭ്യാസ രംഗത്ത് പുതിയൊരു ഉണർവിനു കാരണമായി. സ്കൂളിൽ പാഠപുസ്തകങ്ങളുടെ അപര്യാപ്തത മനസിലാക്കി അദ്ദേഹം പാഠപുസ്തകങ്ങൾ എഴുതിയുണ്ടാക്കി. അവ അച്ചടിക്കുവാൻ ഇല്ലിക്കുന്നിലെ പള്ളിവരാന്തയിൽ ഒരു കല്ലച്ചുകൂടവും സ്ഥാപിച്ചു. ഈ അച്ചുകൂടത്തിലാണ് മലയാളത്തിലെ ആദ്യത്തെ വാർത്താപത്രികയായ 'രാജ്യസമാചാരം' പ്രസിദ്ധീകരിച്ചത്.

ആറു പതിറ്റാണ്ടിലെ ഭാഷാപ്രവർത്തനങ്ങൾക്കിടയിൽ അദ്ദേഹത്തിന്റെ തൂലികയിൽ നിന്നും ജന്മം കൊണ്ട കൃതികൾ വളരെയാണ്. ലേഖനങ്ങൾ, ജീവചരിത്രങ്ങൾ, ദേശചരിത്രങ്ങൾ, വിവർത്തനങ്ങൾ, നിഘണ്ടുക്കൾ... അങ്ങനെ പലതും. നൂറ്റാണ്ടുകളായി ജർമനിയിൽ പ്രചാരത്തിലിറങ്ങുന്ന പല ക്രിസ്തീയ ഗാനങ്ങളും അദ്ദേഹം മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി.

**കേരള ജനതയുടെ സമഗ്രമായ പുരോഗതിയ്ക്കായി അക്ഷരത്തിന്റെയും ആത്മീയതയുടെയും വെളിച്ചം പകർന്ന വിദേശ മിഷനറിമാരുടെ പ്രവർത്തനങ്ങൾ ഇന്നും നിലനിൽക്കുന്നു. അവരുടെ ആഗമനം ദൈവികമായ നിയോഗമായിരുന്നു. മറിച്ചായിരുന്നുവെങ്കിൽ നമ്മുടെ നാട് ഇന്നത്തെ പുരോഗതി കൈവരിക്കുവാൻ കാലങ്ങളേറെ കാത്തിരിക്കേണ്ടി വന്നേനെ.**

ഭാഷാ സേവനമായിരുന്നു അദ്ദേഹത്തിന്റെ 'മതപ്രവർത്തനം' എന്ന് ഡോ. ആർ.വി.എം. ദിവാകരൻ (മാതൃഭൂമി തൊഴിൽ വാർത്ത ഹരിശ്രീ, 2012 സെപ്തംബർ 29, പേജ് 14) അഭിപ്രായപ്പെട്ടത് വളരെ അർഥവത്തായ കാര്യമാണ്. മലയാളത്തിൽ ആദ്യമായി ശാസ്ത്രീയ അടിത്തറയോടെ രചിക്കപ്പെട്ട വ്യാകരണകൃതി അദ്ദേഹത്തിന്റേതാണ് (മലയാള ഭാഷാ വ്യാകരണം). കാൽനൂറ്റാണ്ടുകൊണ്ട് തയാറാക്കിയ ഈ കൃതി കോവുണ്ണി നെടുങ്ങാടിയുടെ കേരള കൗമുദി 'ഏ. ആർ. രാജരാജവർമയുടെ കേരള പാണിനീയം' എന്നിവയ്ക്ക് മാതൃകയായി എന്നത് എത്ര പേർക്കറിയാം? മലയാളത്തിന്റെ ദ്രാവിഡ അടിത്തറയേയും സംസ്കൃതവുമായും തമിഴുമായുമുള്ള ബന്ധത്തെയും വസ്തുനിഷ്ഠമായി വിവരിക്കാൻ ബഹുഭാഷാ പണ്ഡിതനായ അദ്ദേഹത്തിന് കഴിഞ്ഞു. ഗുണ്ടർട്ടിന്റെ മലയാളം – ഇംഗ്ലീഷ് നിഘണ്ടുപോലെ ഒരു മഹാഗ്രന്ഥം മലയാളത്തിൽ വേറെയില്ല എന്ന് ഉള്ളൂർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

കേരളത്തിൽ പ്രചാരത്തിലിരുന്ന പഴഞ്ചൊല്ലുകളുടെ സമാഹാരമായ പഴഞ്ചൊൽ മാല, സെല്ലർ രചിച്ച കൃതിയുടെ മലയാള വിവർത്തനം വേദോപദേശം, പോളികാർപ്പ് ചരിത്രം,' ക്രിസ്തു സഭാചരിത്രം,' ജോൺ ബനിയന്റെ പ്രിൽഗ്രീം പ്രോഗ്രസ് വിവർത്തനം, സഞ്ചാരിയുടെ പ്രയാണം,' നളചരിത സാരശോധന,' കേരള ചരിത്രത്തെക്കുറിച്ചുള്ള കേരളപ്പഴമ,' ഗ്രാമർ ഓഫ് ദ മലയാളം,' കേരള ആചാര സംക്ഷേപം,' ദ കേരള മാഹാത്മ്യ ഓർ കേരളോൽപ്പത്തി' മിഷൻ ചരിത്രം,' മാനവചരിത്രം' ഇങ്ങനെ എത്രയെത്ര ഗ്രന്ഥങ്ങൾ!

ഗുണ്ടർട്ടിന്റെ കൃതികളെ രണ്ടു നിലകളിൽ വിലയിരുത്താറുണ്ട്. മതപരമായും അല്ലാത്തവയും എന്നിങ്ങനെ. മതപരമായ രചനകളിൽ പ്രധാനം ബൈബിൾ വിവർത്തനങ്ങളാണ്. ഉല്പത്തിയിലെ ആദ്യ പതിനൊന്ന് അധ്യായങ്ങളുടെ സംഗ്രഹമായ സത്യവേദ ഇതിഹാസമാണ് മലയാളത്തിൽ അദ്ദേഹം ചെയ്ത ആദ്യവിവർത്തനം. പിന്നീട് ദാവീദ് വരെയുള്ള ഭാഗങ്ങൾ പരിഭാഷപ്പെടുത്തി. ബൈബിളിന്റെ സമ്പൂർണ്ണ വിവർത്തനം തുടങ്ങിയത് 1849 ലാണ്. ഗുണ്ടർട്ടിന്റെ പരിഭാഷയ്ക്കു മുമ്പു തന്നെ ബെയ്‌ലിയുടെ ബൈബിൾ പുറത്തിറങ്ങിയിരുന്നു. അത് ഇംഗ്ലീഷ് ബൈബിളിന്റെ വിവർത്തനമായിരുന്നു. എന്നാൽ ഗുണ്ടർട്ട് മൂല ഭാഷകളായ ഹീബ്രുവിൽ നിന്നും ഗ്രീക്കിൽ നിന്നുമാണ് പരിഭാഷ നിർവഹിച്ചത്. എന്നാൽ ഈ പരിഭാഷ വേണ്ട രീതിയിൽ ശ്രദ്ധിക്കപ്പെട്ടില്ല. സാധാരണക്കാർക്ക് മനസിലാക്കുവാൻ കഴിയുന്ന വിധത്തിൽ ഒട്ടേറെ ബൈബിൾ കഥകൾ അദ്ദേഹം എഴുതി. കൂടാതെ കന്നടയിൽ നിന്നും ജർമനിൽ നിന്നും മതപരമായ രചനകൾ പരിഭാഷപ്പെടുത്തി നമ്മുടെ മാതൃഭാഷയെ അദ്ദേഹം ശക്തിപ്പെടുത്തി.

## മിഷനറിമാരും പത്രപ്രവർത്തനവും

മലയാള ഭാഷയുടെ വികാസത്തിന് മിഷനറിമാർ തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ മുഖ്യപങ്കു വഹിച്ചു. ഡോ. ഹെർമൻ ഗുണ്ടർട്ടിന്റെ പത്രാധിപത്യത്തിൽ 1847 ജൂണിൽ ആരംഭിച്ച 'രാജ്യസമാചാര'മാണ് മലയാളത്തിലെ ആദ്യ വൃത്താന്തപത്രം. മലയാളത്തിലെ രണ്ടാമത്തെ പത്രം 1847 ഒക്ടോബറിൽ പ്രസിദ്ധീകരിച്ച 'പശ്ചിമോദയം' ആണ്. ഗുണ്ടർട്ടിന്റെ ശിഷ്യനും സഹപ്രവർത്തകനുമായ എഫ്. മുള്ളറായിരുന്നു ഇതിന്റെ പത്രാധിപർ. രാജ്യ സമാചാരത്തിൽ മതപരമായ കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്, എന്നാൽ 'പശ്ചിമോദയ'ത്തിൽ മതേതര വിഷയങ്ങളും. റവ. ബെഞ്ചമിൻ ബെയ്‌ലിയുടെ പത്രാധിപത്യത്തിൽ 1848 ൽ പ്രസിദ്ധീകരിച്ച ജ്ഞാനനിക്ഷേപമാണ് മൂന്നാമത്തെ മലയാള പത്രം. കുറെക്കാലം ഇത് തിരുവിതാംകൂർ സർക്കാരിന്റെ ഗസറ്റുകൂടിയായിരുന്നു. 1864 ൽ കോട്ടയത്തു നിന്നും ആരംഭിച്ച മറ്റൊരു പ്രസിദ്ധീകരണമാണ് 'വിദ്യാസംഗ്രഹം'. ഇതിന്റെ ശില്പി റവ. റിച്ചാർഡ് കോളിൻസ് ആയിരുന്നു. കൂടാതെ 1867 ൽ ഡബ്ല്യൂ എച്ച്. മൂർ എന്ന സായ്പ് 'സന്ദിഷ്ടവാദി' എന്ന പേരിൽ കോട്ടയത്തുനിന്നും മറ്റൊരു മലയാള പത്രവും ആരംഭിച്ചിരുന്നു. ഈ പ്രസിദ്ധീകരണങ്ങളിൽ 'ജ്ഞാനനിക്ഷേപം' മാത്രം ഇന്നും കോട്ടയത്തു നിന്നും മുടങ്ങാതെ പ്രസിദ്ധീകരിക്കുന്നു.

കേരള ജനതയുടെ സമഗ്രമായ പുരോഗതിയ്ക്കായി അക്ഷരത്തിന്റെയും ആത്മീയതയുടെയും വെളിച്ചം പകർന്ന വിദേശ മിഷനറിമാരുടെ പ്രവർത്തനങ്ങൾ ഇന്നും നിലനിൽക്കുന്നു. അവരുടെ ആഗമനം ദൈവികമായ നിയോഗമായിരുന്നു. മറിച്ചായിരുന്നുവെങ്കിൽ നമ്മുടെ നാട് ഇന്നത്തെ പുരോഗതി കൈവരിക്കുവാൻ കാലങ്ങളേറെ കാത്തിരിക്കേണ്ടി വന്നേനെ. മലയാള ഭാഷ ഇന്നു പുരോഗതിയുടെ പാതയിൽ മുന്നേറുന്നു. ആധുനിക മാധ്യമങ്ങളുടെ രംഗപ്രവേശനത്തിനിടയിലും അക്ഷരങ്ങളുടെ പ്രാധാന്യം നഷ്ടപ്പെടുന്നില്ല. ഈ പുരോഗതിക്ക് ത്യാഗോജ്ജ്വലമായ സേവനം ചെയ്ത മിഷനറി വര്യന്മാരോടു നാം കടപ്പെട്ടിരിക്കുന്നു.

നമുക്കു കൈവന്ന ഈ സൗഭാഗ്യം പ്രയോജനകരമായ രീതിയിൽ ഉപയോഗിക്കുക എന്ന കർത്തവ്യമാണ് ഇന്നുള്ളത്. വരും തലമുറയ്ക്ക് നാം കടന്നു വന്ന വഴിത്താരകൾ പറഞ്ഞുകൊടുക്കുവാനും മലയാള ഭാഷയുടെ ശ്രേഷ്ഠതയെ ബോധ്യപ്പെടുത്തുവാനും കഴിയണം. വിദേശ ക്രൈസ്തവ മിഷനറിമാർ പകർന്നു നൽകിയ അക്ഷര വെളിച്ചം സംരക്ഷിക്കുവാനും പ്രയോജനപ്പെടുത്തുവാനും നാം ഉത്സുകരാകണം. •

സഭയിലുള്ളവരോടുള്ള ബന്ധത്തിൽ നേതാവ് കുറ്റമറ്റവനായി കാണപ്പെടണം. എതിരാളികൾക്ക് തനിക്കെതിരെയ ആക്രമണം അഴിച്ചു വിടുവാൻ തക്കവണ്ണം നിലയുറപ്പിക്കുവാനുള്ള ചവിട്ടുപടികൾ ഉണ്ടാകരുത്. നേതാവിനെതിരായി ഒരു കുറ്റപത്രം കൊണ്ടുവന്നാൽ അത് നിലനിൽക്കാത്ത രീതിയിൽ നേതാവ് നിരപവാദ്യനായിരിക്കേണം.

# നേതൃത്വം: പൗലൊസ് അപ്പൊസ്തലന്റെ കാഴ്ചപ്പാട്

ഓസ്വാൾഡ് സാൻഡേഴ്സ്



"എന്നാൽ അദ്ധ്യക്ഷൻ നിരപവാദ്യനായി ഏക ഭാര്യയുടെ ഭർത്താവും നിർമ്മദനും ജിതേന്ദ്രിയനും സുശീലനും അതിഥിപ്രിയനും ഉപദേശിപ്പാൻ സമർഥനും ആയിരിക്കേണം. മദ്യപ്രിയനും തല്ലുകാരനും അരുത്; ശാന്തനും കലഹിക്കാത്തവനും ദ്രവ്യാഗ്രഹമില്ലാത്തവനും സ്വന്തകുടുംബത്തെ നന്നായി ഭരിക്കുന്നവനും മക്കളെ പൂർണ്ണ ഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവനും ആയിരിക്കണം. സ്വന്ത കുടുംബത്തെ ഭരിപ്പാൻ അറിയാത്തവൻ ദൈവസഭയെ എങ്ങനെ പരിപാലിക്കും? നിഗളിച്ചിട്ട് പിശാചിനു വന്ന ശിക്ഷയിൽ അകപ്പെടാതിരിക്കുവാൻ പുതിയ ശിഷ്യനും അരുത്. നിന്ദയിലും പിശാചിന്റെ കെണിയിലും കുടുങ്ങാതിരിക്കുവാൻ പുറമെയുള്ളവരോട് നല്ല സാക്ഷ്യം പ്രാപിച്ചവനും ആയിരിക്കണം''' (1 തിമൊ. 3:2-7).

ഒരിക്കൽ ഒരു സുഹൃത്തു പറഞ്ഞു: 'നിന്റെ തന്നെ തെറ്റുകൾ രണ്ടു കാലുകളിൽ ഓടി നടക്കുന്നത് കാണുന്നത് താഴ്മ ഉളവാക്കുന്ന കാര്യമല്ലേ?'' അതെന്നെ ഒരു കാര്യം ഓർമിപ്പിച്ചു. ആത്മീയ തത്വങ്ങൾ പ്രസ്താവനകളിലല്ലല്ലോ രണ്ടു കാലിൽ ഓടി നടക്കുമ്പോഴല്ലേ അത് വ്യക്തമാകുന്നത്. അപ്പൊസ്തലനായ പൗലൊസ് നേതൃത്വതത്വങ്ങൾ തന്റെ ജീവിതത്തിൽ കാണിച്ചവനാണ്. തന്റെ ജീവിതത്തെ നോക്കുമ്പോൾ നേതൃത്വം എന്തെന്ന് വളരെയേറെ വ്യക്തമാകുന്നു.

വർഷങ്ങൾ കഴിയുന്തോറും ഒരു നേതാവിന്റെ ഖ്യാതി വർദ്ധിച്ചു വരുന്നു. കൂടുതൽ പഠിക്കുന്തോറും പൗലൊസിന്റെ ധാർമികവും ആത്മികവുമായ വലുപ്പം വളരെ മനസിലാക്കാൻ കഴിയും. 'ലോകത്തിലെ ഏറ്റവും സഫലനായ ക്രിസ്ത്യാനി' എന്നാണ് ഏ. ഡബ്ല്യൂ. ടോസർ പൗലൊസിനെക്കുറിച്ച് പറഞ്ഞത്. ഇതൊരു വലിയ അത്ഭുതമാണ്, ക്രിസ്ത്യാനിത്വത്തിന്റെ ബദ്ധശത്രുവായിരുന്നവനെ ദൈവം പിടികൂടി ക്രിസ്തീയ പ്രസ്ഥാനത്തിന്റെ അഗ്രഗണ്യനായ നേതാവാക്കിത്തീർത്തു.

ദൈവം തന്നെ വിളിച്ച ശുശ്രൂഷയ്ക്കുവേണ്ടി പൗലൊസിനു നിസ്തുല്യമായ നിലയിൽ പരിശീലനം സിദ്ധിച്ചിരുന്നു. പൗലൊസിന് തുല്യനായ ഒരു വ്യക്തി ഇന്നുണ്ടായിരുന്നെങ്കിൽ അയാൾ ഇങ്ങനെ ആയിരിക്കും? ചൈനീസ് ഭാഷയിൽ കൺഫ്യൂഷ്യസിനെക്കുറിച്ചും മെൻഷ്യസിനെക്കുറിച്ചും ബെയ്ജിങ്ങിൽ സംസാരിക്കുവാൻ കഴിയുന്നവൻ, അഖണ്ഡനീയമായ വേദശാസ്ത്രമെഴുതി ഓക്സ്ഫോർഡിൽ പഠിക്കുവാൻ കഴിയുന്നവൻ, തന്റെ വിശ്വാസത്തെ ശുദ്ധമായ റഷ്യൻ ഭാഷയിൽ സോവിയറ്റ് അക്കാഡമി ഓഫ് സയൻസിൽ യുക്തിയുക്തമായി സ്ഥാപിക്കുവാൻ കഴിയുന്നവൻ. സഭ ഇന്നുവരെ കണ്ടിട്ടുള്ളതിൽവച്ച് പൗലൊസാണ് ഏറ്റവും ബഹുമുഖ പണ്ഡിതനായ ഒരു നേതാവ്.

ശ്രേഷ്ഠനായ ഒരു നേതാവായ പൗലൊസ് അപ്പൊസ്തലനെക്കാൾ നേതൃത്വത്തിന്റെ സ്വഭാവയോഗ്യതകളെപ്പറ്റി പറയുവാൻ കഴിവുള്ളവർ മറ്റാരുണ്ട്? തന്റെ അനുഭവ പരിചയത്തിനു പുറമെ, തനിക്ക് പറയുവാൻ പരിശുദ്ധാത്മാവിന്റെ പ്രകാശനവും പ്രചോദനമായിരുന്നു. ആത്മികമാന ദണ്ഡങ്ങൾ ഒന്നുതന്നെയാണ്. ഇവിടെ പറഞ്ഞിരിക്കുന്ന സ്വഭാവയോഗ്യതകളൊന്നും ഇഷ്ടമാണെങ്കിൽ ഉണ്ടായിരിക്കേണ്ട യോഗ്യതകളല്ല, പിന്നെയോ അത്യന്താപേക്ഷിതമായ യോഗ്യതകളാണ്.

സഭയോടുള്ള ബന്ധത്തിൽ നേതാക്കന്മാരെപ്പറ്റി പറയുമ്പോൾ ഉപയോഗിച്ചിരിക്കുന്ന 'അദ്ധ്യക്ഷൻ,'' 'മൂപ്പന്മാർ' എന്നീ വാക്കുകൾ ഒരേ വ്യക്തിയെ ഉദ്ദേശിച്ച് ഉപയോഗിച്ചിരിക്കുന്ന വാക്കുകളാണ് എന്നാണ് പൊതുവിലുള്ള അഭിപ്രായം. മൂപ്പൻ എന്ന പദം തന്റെ ബഹുമാനത്തെയും സ്ഥാനത്തെയും കാണിക്കുമ്പോൾ അദ്ധ്യക്ഷൻ എന്ന പദം തന്റെ ജോലി അല്ലെങ്കിൽ ചുമതല എന്നതിനെയും കാണിക്കുന്നു. അപ്പൊ. പ്രവൃ. 20:17, 28 എന്നീ വാക്യങ്ങളിൽ പൗലൊസ് അപ്പൊസ്തലൻ നേതാക്കന്മാരെ ആദ്യം മൂപ്പന്മാരും പിന്നീട് അദ്ധ്യക്ഷന്മാർ എന്നും സംബോധന ചെയ്തിരിക്കുന്നു. അദ്ധ്യക്ഷൻ എന്ന പദത്തിന് ഇപ്പോഴുള്ള അർഥം വളരെക്കാലങ്ങൾക്കു ശേഷം ഉണ്ടായിട്ടുള്ളതാണ്. ഒരു ആത്മിക നേതാവിന് പല മണ്ഡലങ്ങളിലും ബന്ധങ്ങളിലും ഉണ്ടായിരിക്കേണ്ട സ്വഭാവവിശേഷങ്ങൾ മേലുദ്ധരിച്ച വാക്കുകളിൽ വെളിവാക്കപ്പെട്ടിരിക്കുന്നു.

## സാമൂഹിക യോഗ്യതകൾ

സഭയിലുള്ളവരോടുള്ള ബന്ധത്തിൽ നേതാവ് കുറ്റമറ്റവനായി കാണപ്പെടണം. എതിരാളികൾക്ക് തനിക്കെതിരെ ആക്രമണം അഴിച്ചു വിടുവാൻ തക്കവണ്ണം നിലയുറപ്പിക്കുവാനുള്ള ചവിട്ടുപടികൾ ഉണ്ടാകരുത്. നേതാവിനെതിരായി ഒരു കുറ്റപത്രം കൊണ്ടുവന്നാൽ അത് നിലനിൽക്കാത്ത രീതിയിൽ നേതാവ് നിരപവാദ്യനായിരിക്കേണം. തന്റെ മേൽ ചെളി വാരിയെറിയുന്നതിന് പിശാച് അവസരം കൊടുക്കുവാൻ പര്യാപ്തമായ രീതിയിൽ നേതാവ് യാതൊന്നും ചെയ്യരുത്.

സഭയ്ക്ക് വെളിയിലുള്ളവരോടുള്ള ബന്ധത്തിൽ നേതാവ് സൽപ്പേരുള്ളവനായിരിക്കണം. സാധാരണ ജീവിതത്തിലും ലോകപരമായ ഇടപാടുകളിലും ഒരു ക്രിസ്തുവിന്റെ അനുയായിയുമായി സമ്പർക്കമുള്ളവർക്ക് തന്റെ ജീവിതത്തെപ്പറ്റിയും ക്രിസ്തീയ ജീവിതത്തിന്റെ മാറ്റിനെപ്പറ്റിയും വ്യക്തമായ ഉൾക്കാഴ്ചയുണ്ട്. അതുകൊണ്ടാണ് നേതാവ് സൽപ്പേരുള്ളവനായിരിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നത്. എനിക്ക് പരിചയമുള്ള ഒരു വ്യാപാരി ചിലപ്പോൾ ഞായറാഴ്ച സഭായോഗങ്ങളിൽ പ്രസംഗിക്കുക പതിവായിരുന്നു. എന്നാൽ പിറ്റേ ദിവസം താൻ അസാധാരണമായി കോപിക്കുക പതിവായിരുന്നതിനാൽ അയാൾ ഞായറാഴ്ച സഭയിൽ പ്രസംഗിച്ചു എന്ന് തന്റെ ജോലിക്കാർ പറയുക പതിവായിത്തീർന്നു. അയാൾക്ക് തന്റെ ജോലിക്കാരെ ക്രിസ്തുവിങ്കലേക്ക് ആകർഷിക്കുവാൻ സാധിച്ചില്ല.

അക്രൈസ്തവർ ക്രിസ്തുവിന്റെ അനുയായികളെ വിമർശിക്കുന്നെങ്കിലും ക്രിസ്തീയമായ സ്വഭാവവിശേഷങ്ങൾ ഒരു വ്യക്തിയിൽ കാണപ്പെടുമ്പോൾ അവർ അദ്ദേഹത്തെ ബഹുമാനിക്കുന്നു. ഇതേ സ്വഭാവവിശേഷങ്ങൾ ക്രിസ്തുവിന്റെ ഒരു അനുയായിയിൽ കാണപ്പെടാതിരിക്കുമ്പോൾ അവർ വിമർശിക്കുന്നു. പ്രസംഗത്തെക്കാൾ പ്രവർത്തിയാണ് കൂടുതൽ ശക്തിയുള്ളത്.

## സാന്മാർഗിക യോഗ്യതകൾ

ധാർമികമായ യോഗ്യതകൾക്കെതിരെ തുടർച്ചയായ ആക്രമണങ്ങൾ നിലവിലിരിക്കുന്ന ഒരു ലോകത്തിൽ ഒരു നേതാവ് ഈ കാര്യത്തിൽ കുറ്റമില്ലാത്തവനായിരിക്കേണ്ടതാണ്. ഈ വാക്കുകളെ പലവിധത്തിൽ വ്യാഖ്യാനിക്കാറുണ്ട്. അത് എന്തെല്ലാമായിരുന്നാലും തന്റെ ഏകവിവാഹപങ്കാളിയോട് വിശ്വസ്തത പാലിക്കുന്ന ഉന്നതമായ മാനദണ്ഡം നിലനിർത്തുവാൻ നേതാവ് ബാധ്യസ്ഥനാണ്. അതേ സമയം തന്നെ മദ്യപാനം എന്ന ദോഷം ഒരു നേതാവിനെ തീണ്ടുകപോലുമരുത്. സാധാരണ സമൂഹത്തിൽ പോലും കുടിച്ചുമത്തനായ ഒരുവൻ നിന്ദാപാത്രമാണ്. പി



ന്നെ ക്രിസ്തീയ സഭയിലെ കാര്യം പ്രത്യേകിച്ച് പറയേണ്ട തില്ലല്ലോ. തന്റെ ജീവിതവിശുദ്ധിയെയോ സാക്ഷ്യത്തെയോ കളങ്കപ്പെടുത്തുന്ന യാതൊരു പ്രവർത്തനങ്ങളിലും നേ താവ് രഹസ്യമായിപ്പോലും ഇടപെടരുത്.

## മാനസിക യോഗ്യതകൾ

ആത്മസംയമനംമൂലം സന്തുലിതമായ മനസിന്റെ ഉടമയായി, സുബോധമുള്ളവനും വിവേകമുള്ളവനുമായി ക്രിസ്തീയ നേതാവ് വർത്തിക്കേണ്ടതാണ്. ഈ സ്വഭാവ വിശേഷത്തെ ജെറമി ടെയ്‌ലർ 'സുബോധത്തിന്റെ അര ക്കച്ചയും തീവ്രവികാരങ്ങളുടെ കടിഞ്ഞാണും' എന്നാണ് വിളിച്ചിരിക്കുന്നത്. ഗ്രീക്കുകാർ ഈ സ്വഭാവവിശേഷണത്തി ന് വലിയ വില കല്പിച്ചിരുന്നു. അച്ചടക്കബോധമുള്ളതും വികാരങ്ങളുടെ ഏറ്റക്കുറച്ചലിലേക്ക് പോകാത്തതുമായ സന്തുലിതമായ ഒരു സ്വഭാവ വിശേഷമായിട്ടാണ് അതിനെ കണക്കാക്കിയത്. ഉദാഹരണമായി ധൈര്യം എന്ന ഗുണ വിശേഷം ഭയത്തിന്റെയും ലെക്കില്ലായ്മയുടെയും ഇടയിൽ നിൽക്കുന്നു. സാന്മാർഗികശുദ്ധി അമിതൗചിത്യത്തിനും അസാന്മാർഗികതയ്ക്കും ഇടയിൽ കാണപ്പെടുന്നു. ഈ സ്വഭാവിശേഷമുള്ള നേതാവിന് തന്റെ പ്രകൃതിയുടെ ഏതൊരു ഭാഗത്തെയും നിയന്ത്രിക്കുവാൻ കഴിയും.

ഒരു നേതാവിന്റെ ബാഹ്യമായ പ്രവർത്തനങ്ങൾ ബഹുമാന്യവും ഉചിതവുമായിരിക്കണം. നന്നായി നിയ ന്ത്രിക്കപ്പെടുന്ന ഒരു മനസിന്റെ ബഹിർസ്ഫുരണമാണ് അച്ചടക്കബോധമുണ്ടാക്കുന്ന ഒരു ജീവിതം. ദൈവത്തിന്റെ മഹത്വവും ക്രമവും ചിട്ടയും ഒരു ക്രിസ്തീയ നേതാവി ന്റെ ജീവിതത്തിൽ പ്രതിഫലിക്കേണ്ടതാണ്.

മാനസികവും ആത്മികവുമായ പ്രബോധനം നൽകു വാൻ ഒരു ക്രിസ്തീയ നേതാവിന് കഴിവുണ്ടാകണം. ഇത് വെറും പഠിപ്പിക്കുവാനുള്ള മനസ്സല്ല; പിന്നെയോ മറ്റുള്ളവർ ക്ക് പരിശുദ്ധാത്മാവ് തങ്ങളെ പഠിപ്പിച്ചിട്ടുള്ള സത്യത്തെ വിഭാഗിച്ചു കൊടുപ്പാനുള്ള ദൈവസ്നേഹത്തിന്റെ നിർ ബന്ധമാണ്. മറ്റുള്ളവരെ പഠിപ്പിക്കുവാൻ ഒരു നേതാവ് ഒരുമ്പെടുന്നുവെങ്കിൽ താൻ തന്നെ ദൈവവചനം പഠി ക്കുന്നവനായിരിക്കണം. മറ്റുള്ളവരെ വിജയകരമായി പ ഠിപ്പിക്കാൻ കഴിവില്ലാത്ത ഒരാൾക്ക് മൂപ്പനായിരിക്കാനുള്ള യോഗ്യത ഇല്ല' എന്ന് എച്ച്. എ. കെന്റ് പറഞ്ഞിട്ടുണ്ട്. ഒരു ആത്മിക നേതാവ് മറ്റുള്ളവരെ പഠിപ്പിക്കാൻ ബാദ്ധ്യസ്ഥ നാണ്. തന്റെ അധ്യാപനത്തിന് നേതാവിന്റെ കുറ്റമറ്റ ജീ വിതം ഒരു ശക്തമായ കൈത്താങ്ങ് ആയിരിക്കേണ്ടതാണ്. സാമുവേൽ ബ്രെംഗിൾ ഇങ്ങനെ വിലപിച്ചു: ഓ, നമുക്ക് പഠിക്കാൻ കഴിവുള്ള ആത്മിക നേതാക്കൾ കുറെക്കൂടി ഉണ്ടായിരുന്നെങ്കിൽ?

ഒരു നല്ല ഡോക്ടർ രോഗികളുടെ ദീനം മനസിലാക്കി തക്കതായ പ്രതിവിധികൾ ചെയ്യുന്നതുപോലെ ഹൃദയങ്ങ ളുടെ അവസ്ഥ അറിഞ്ഞ് ജനങ്ങളുടെ ആവശ്യങ്ങൾക്കനു സരണമായ സത്യങ്ങളെ അവർക്ക് പ്രായോഗികമാക്കുവാൻ കഴിവുള്ള നേതാക്കളെ നമുക്ക് ആവശ്യമുണ്ട്. ഒളിഞ്ഞും തെളിഞ്ഞുമുള്ള ആത്മാവിന്റെ രോഗങ്ങൾ (ഉപരിപ്ലവമാ യതും ആഴത്തിൽ സ്ഥാനമുറപ്പിച്ചവയും) എങ്ങും കാ ണാൻ കഴിയുന്നു. യേശുവിലുള്ള സത്യത്തിനു മാത്രമേ അവയെ സൗഖ്യമാക്കാൻ കഴിയുകയുള്ളൂ. പക്ഷേ, ഓരോ രോഗത്തിനും ഓരോ മരുന്ന് എന്നതുപോലെ വ്യത്യസ്തമായ ആത്മരോഗങ്ങൾക്ക് വ്യത്യസ്തമായ മരുന്നുകൾ ആവശ്യമാണ്. ഇക്കാരണത്താലാണ് നാം ദൈവവചനം വളരെ ഉത്സാഹത്തോടുകൂടെ പഠിക്കേണ്ടതും പരിശുദ്ധാ ത്മാവിന്റെ പ്രകാശനത്തിനായി പ്രാർഥിക്കേണ്ടതുമാണ്.'

**മാനസികവും ആത്മികവുമായ പ്രബോധനം നൽകുവാൻ ഒരു ക്രിസ്തീയ നേതാവിന് കഴിവുണ്ടാകണം. ഇത് വെറും പഠിപ്പിക്കുവാനുള്ള മനസ്സല്ല; പിന്നെയോ മറ്റുള്ളവർക്ക് പരിശുദ്ധാത്മാവ് തങ്ങളെ പഠിപ്പിച്ചിട്ടുള്ള സത്യത്തെ വിഭാഗിച്ചു കൊടുപ്പാനുള്ള ദൈവസ്നേഹത്തിന്റെ നിർബന്ധമാണ്.**

ജോൺ വെസ്ലി ഇത്തരത്തിലുള്ള സ്വഭാവവിശേഷങ്ങൾ ഉള്ള ഒരാളായിരുന്നു. ബുദ്ധിപരമായ കഴിവുകളുടെ വി ലകെടുത്താതെ തനിക്കു ചുറ്റുമുള്ളവരുടെ ആത്മികവും ബുദ്ധിപരവും ധാർമികവുമായ കഴിവുകളെ ഉയർത്തുവാൻ അദ്ദേഹം എപ്പോഴും ശ്രമിച്ചുകൊണ്ടിരുന്നു. തന്റെ ബുദ്ധി പരമായ കഴിവുകൾ ഉന്നതമായവയായിരുന്നു. തനിക്കു വേണമെങ്കിൽ അന്നത്തെ പണ്ഡിതന്മാരുടെ കൂട്ടത്തിൽ ഒരു നല്ല സ്ഥാനം ലഭിക്കുമായിരുന്നു. ഇംഗ്ലീഷ് സാഹി ത്യത്തിൽ തനിക്ക് അഗാധമായ ജ്ഞാനമുണ്ടായിരുന്നു. എങ്കിലും അദ്ദേഹം വചനത്തിന്റെ മനുഷ്യൻ എന്ന പേ രിലാണ് അറിയപ്പെട്ടിരുന്നത്. സമർപ്പിക്കപ്പെട്ട ബുദ്ധിശ ക്തിയുടെ തിളങ്ങുന്ന ഒരു മാതൃകയായിരുന്നു അദ്ദേഹം.

## വ്യക്തിത്വത്തിന്റെ സ്വഭാവവിശേഷങ്ങൾ

ഒരു ക്രിസ്തീയ നേതാവ് കലഹപ്രിയനായിരുന്നുകൂടാ. എന്നാൽ ശാന്തനും സമാധാനപ്രേമിയുമായിരിക്കണം. വാ ദപ്രതിവാദത്തിനിട കൊടുക്കുന്ന സംസാരമുണ്ടാക്കാതെ പ്രിയങ്കരവും യുക്തിക്കു ചേരുന്ന രീതിയിലുള്ള സംസാ രമുള്ളവനായിരിക്കണം. സൗമ്യതയെപ്പറ്റി ആർ. സി. ട്രെ ഞ്ച് പറയുന്നു: നീതിയിലെ അനീതിയെ തിരുത്തുകയും തുടച്ചുമാറ്റുകയും ചെയ്യുന്ന ആത്മാവാണത്. ഈ സ്വഭാവ വിശേഷമുള്ളവർ തിന്മയെക്കാൾ നന്മയെ ഓർക്കുകയും

താൻ ചെയ്ത നന്മകളെക്കാൾ തനിക്ക് ലഭിച്ച നന്മകളെ ഓർക്കുകയും ചെയ്യുന്നു' എന്ന് അരിസ്റ്റോട്ടിൽ പറഞ്ഞു. താൻ ദയാലുവും ക്ഷമിക്കുന്നവനുമായിരിക്കും എന്നു മാത്രമല്ല, സ്ഫോടനാത്മകമായ ഒരു സാഹചര്യത്തിലും മുള്ളുകൾ നിറഞ്ഞ ഒരു പ്രശ്നത്തിലും എല്ലായ്പ്പോഴും സമാധാനം ഉണ്ടാക്കുവാൻ ശ്രമിക്കുന്നവനായിരിക്കും.

ഒരു ക്രിസ്തീയ നേതാവ് അതിഥിപ്രിയനും അപരിചിതരുടെ സ്നേഹിതനുമായിരിക്കണം. ഈ ശുശ്രൂഷ ഒരു ഭാരമായിട്ടല്ല തന്റെ നാഥനുവേണ്ടി ചെയ്യുന്ന പദവിയുള്ള ഒരു സേവനമായി കണക്കാക്കേണ്ടതാണ്. 'ഹെർമാസിലെ ഇടയൻ'' എന്ന പ്രാചീന കൃതിയിൽ, ഒരു നേതാവ് അതിഥിപ്രിയനും എല്ലായ്പ്പോഴും ദൈവദാസന്മാരെ തന്റെ ഭവനത്തിലേക്ക് സ്വാഗതം ചെയ്യുന്നവനുമായിരിക്കണം എന്നു പറഞ്ഞിട്ടുണ്ട്.''

പൗലൊസ് അപ്പൊസ്തലൻ അതിഥികളെ സൽക്കരിക്കുന്നതിനെപ്പറ്റി പറഞ്ഞപ്പോൾ ഇക്കാലങ്ങളിലെക്കാൾ കൂടുതലായി അത് ആവശ്യമായിരുന്നു. എന്നാൽ ഇന്നും അതിഥിപ്രിയം അത്യന്താപേക്ഷിതമായ ഒരു കാര്യമാണ്. നേതാവിൽ മാത്രമല്ല, നേതാവിന്റെ ഭാര്യയിലും ഇത് ആവശ്യമാണ്. കാരണം അതിഥികളെ സൽക്കരിക്കുന്നതിന്റെ ഭാരങ്ങൾ മുഴുവൻ വഹിക്കുന്നത് ഭാര്യയാണ്. ആദിമസഭയുടെ കാലങ്ങളിൽ വഴിയമ്പലങ്ങൾ ശുചിയില്ലാത്തവയും അസാന്മാർഗികത നിറഞ്ഞതുമായിരുന്നു. സ്ഥലം സഭകളെ സന്ദർശിക്കാൻ വരുന്ന ഉപദേശകർക്ക് ജാതികളുടെ ഭവനത്തിൽ താമസിക്കുക സാധ്യമായിരുന്നില്ല. മതപീഡനം വർധിച്ചപ്പോൾ ഒരു പട്ടണത്തിൽ പ്രവേശിച്ചാലുടൻ ക്രിസ്ത്യാനികളെ പിടിച്ചുകെട്ടി അടിമകളായി വിൽക്കപ്പെടുവാൻ സാധ്യതയുണ്ടായിരുന്നു. ആയതിനാൽ സഭാംഗങ്ങൾ പ്രത്യേകിച്ച് നേതാക്കൾ അതിഥിപ്രിയരാകേണ്ടതായിവന്നു. സഹവിശ്വാസികൾക്കു മാത്രമല്ല, അക്രൈസ്തവർക്കും അവിടെ ഒരു ഹൃദയംഗമമായ ക്ഷണം ലഭിക്കേണ്ടതാണ്.

വ്യാപാര സംബന്ധമായ വലിയ ചുമതലകളും സഭാസംബന്ധമായ പല ജോലിത്തിരക്കുകളുമുള്ള എന്റെ ഒരു സ്നേഹിതൻ, കർത്തൃദിവസത്തിൽ തന്റെ ഭവനം സന്ദർശകർക്കും പാവപ്പെട്ട ജനങ്ങൾക്കുമായി തുറന്നു കൊടുത്തു. സഭാജീവിതത്തിന്റെ നല്ല അന്തരീക്ഷത്തിന് വഴിതുറക്കുന്നതിന് പുറമെ, അദ്ദേഹത്തിന്റെ ആത്മികനേതൃത്വം ശക്തിപ്പെടുന്നതിനും ഇതു മുഖാന്തരം കഴിഞ്ഞു. അത് മറ്റുള്ളവർക്കും അനുഗ്രഹത്തിനിടയാക്കി.

ദ്രവ്യാഗ്രഹവും പണത്തോടുള്ള സ്നേഹവും ഒരു ക്രിസ്തീയ നേതാവിന് അയോഗ്യതകളുണ്ടാക്കുന്ന ഘടകങ്ങളാണ്. ഒരു ക്രിസ്തീയ നേതാവ് തനിക്കു ലഭിക്കാവുന്ന സാമ്പത്തിക പ്രതിഫലത്താൽ ഒരു കാലത്തും ഇളകിപ്പോകരുത്. വലിയ ശമ്പളമോ ചെറിയ ശമ്പളമോ ലഭിക്കുന്ന ശുശ്രൂഷകൾ സമചിത്തതയോടുകൂടെ വീക്ഷി

**ദ്രവ്യാഗ്രഹവും പണത്തോടുള്ള സ്നേഹവും ഒരു ക്രിസ്തീയ നേതാവിന് അയോഗ്യതകളുണ്ടാക്കുന്ന ഘടകങ്ങളാണ്. ഒരു ക്രിസ്തീയ നേതാവ് തനിക്കു ലഭിക്കാവുന്ന സാമ്പത്തിക പ്രതിഫലത്താൽ ഒരു കാലത്തും ഇളകിപ്പോകരുത്.**



**വിവാഹിതനായ ഒരു ക്രിസ്തീയ നേതാവ് തന്റെ കുടുംബത്തെ ദൈവികമായ വഴിയിൽ ഭരിച്ചു നടത്തുവാൻ പ്രാപ്തനായിരിക്കണം. സ്വന്ത കുടുംബത്തെ നന്നായി ഭരിക്കുവാനും മക്കളെ പൂർണ്ണഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവനും ആയിരിക്കേണം'(1 തിമൊ. 3:4). ഈ കാര്യത്തിൽ വീഴ്ച വന്നതിനാൽ അനേക മിഷനറിമാരുടെയും നേതാക്കന്മാരുടെയും ശുശ്രൂഷകൾക്ക് മങ്ങലേറ്റിട്ടുണ്ട്.**

ക്കുവാനും സ്വീകരിക്കുവാനും ഒരു ക്രിസ്തീയ നേതാവിനു സാധിക്കേണം.

മാഡെലി എന്ന സ്ഥലത്ത് പ്രവർത്തിച്ച ഫ്ളെച്ചർ എന്ന സഭാശുശ്രൂഷകനെപ്പറ്റി വെസ്ലി ഇങ്ങനെ പറഞ്ഞു: അദ്ദേഹത്തെപ്പോലെ എല്ലാ നിലകളിലും കുറ്റമറ്റ ഒരു വ്യക്തിയെ ഞാൻ യൂറോപ്പിലോ അമേരിക്കയിലോ കണ്ടിട്ടില്ല. നിത്യതയ്ക്കിപ്പുറം അപ്രകാരമുള്ള ഒരു വ്യക്തിയെ കണ്ടെത്തുമോ എന്ന് എനിക്ക് സംശയമാണ്.' ഫ്ളെച്ചറിന്റെ പേര് മാഡെലി എന്ന സ്ഥലത്തോട് ബന്ധപ്പെട്ടാണ് അറിയപ്പെട്ടിരുന്നത്. അവിടേക്കു പോകുന്നതിന് മുമ്പുതന്നെ അവിടേക്ക് അയയ്ക്കാൻ കാരണമായ ഹിൽ എന്ന വ്യക്തി ഫ്ളെച്ചറോട് ഇങ്ങനെ പറഞ്ഞു: ''നിങ്ങൾക്ക് ഡൺഹാം എന്ന സ്ഥലത്ത് പ്രവർത്തിക്കാം. അവിടുത്തെ ഇടവക ചെറുതാണ്. അവിടെ നിന്നുള്ള വരുമാനം നല്ലതാണ്. അത് ആരോഗ്യകരമായ ഒരു നല്ല സ്ഥലമാണ്''.'

ഫ്ളെച്ചർ ഇങ്ങനെ പറഞ്ഞു: 'സാറേ, ഡൺഹാം എനിക്ക് അനുയോജ്യമല്ല, അവിടെ വലിയ വരുമാനമുണ്ട്, ജോലി കുറവുമാണ്.''

''ഇപ്രകാരമുള്ള ഒഴികഴിവുകൾ പറയുന്ന സുവിശേഷകർ ചുരുക്കമാണ്,' ഹിൽ പറഞ്ഞു. അപ്രകാരം സൗകര്യപ്രദമായ ഒരു സ്ഥലത്തെ തള്ളിക്കളയുന്നത് കഷ്ടമാണ്. മറ്റൊരു തക്കതായ സ്ഥലം കണ്ടുപിടിക്കാൻ എനിക്ക് ബുദ്ധിമുട്ടുണ്ട്. ആകട്ടെ, മാഡെലിയിലേക്കു പോകാൻ നിങ്ങൾക്കിഷ്ടമുണ്ടോ? അദ്ദേഹം ചോദിച്ചു.

'സാർ ആ സ്ഥലത്തു പോകാൻ എനിക്ക് സന്തോഷമാണ്'.' ഫ്ളെച്ചർ പ്രതിവചിച്ചു. നിങ്ങൾക്കിഷ്ടമുള്ളയിടത്ത് നിങ്ങളെ അയക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. മാഡെലിയിലെ സഭാശുശ്രൂഷകനോട് ഡൺഹാമിലേക്ക് പോകാൻ പറഞ്ഞാൽ അദ്ദേഹം അത് സന്തോഷത്തോടെ ചെയ്യും; കാരണം, ഡൺഹാമിലെ വരുമാനം വളരെ കൂടുതലാണ്' ഹിൽ പറഞ്ഞു. ദ്രവ്യാഗ്രഹവും പണക്കൊതിയുമില്ലാത്ത ആ മനുഷ്യൻ ആ ചെറിയ ഇടവകയിൽ ശ്രദ്ധേയമായ ഒരു ശുശ്രൂഷ ചെയ്തു. തന്റെ ജീവചരിത്രത്തിലൂടെ അദ്ദേഹം ഇന്നും അനേകരുടെ ജീവിതങ്ങളിൽ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നു.

## കുടുംബസംബന്ധമായ യോഗ്യതകൾ

വിവാഹിതനായ ഒരു ക്രിസ്തീയ നേതാവ് തന്റെ കുടുംബത്തെ ദൈവികമായ വഴിയിൽ ഭരിച്ചുനടത്തുവാൻ പ്രാപ്തനായിരിക്കണം. സ്വന്തകുടുംബത്തെ നന്നായി ഭരിക്കുവാനും മക്കളെ പൂർണ്ണഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവനും ആയിരിക്കേണം' (1 തിമൊ. 3:4). ഈ കാര്യത്തിൽ വീഴ്ച വന്നതിനാൽ അനേക മിഷനറിമാരുടെയും നേതാക്കന്മാരുടെയും ശുശ്രൂഷകൾക്ക് മങ്ങലേറ്റിട്ടുണ്ട്.

മേൽപ്പറഞ്ഞ കാര്യത്തിൽ ഒരു നേതാവ് വിജയം പ്രാപിക്കണമെങ്കിൽ അദ്ദേഹത്തിന്റെ ഭാര്യ തന്റെ ആത്മിക അഭിലാഷങ്ങളെ അറിഞ്ഞ് പങ്കുവയ്ക്കുന്നവളും അതിനാവശ്യമായ ത്യാഗങ്ങൾ സഹിക്കാൻ മനസുള്ളവളുമായിരിക്കണം. ഉന്നതമായ നേതൃത്വ സ്ഥാനങ്ങൾ അലങ്കരിപ്പാൻ കഴിവുള്ള പല നേതാക്കന്മാർ, തങ്ങൾ തിരഞ്ഞെടുത്ത ഭാര്യമാരുടെ അയോഗ്യത നിമിത്തം തങ്ങളുടെ സ്ഥാനങ്ങൾ നഷ്ടപ്പെടുത്തിയിട്ടുണ്ട്. തന്റെ സ്വന്തം ഭവനത്തെ ഗൗരവപൂർണ്ണമായും അച്ചടക്കബോധത്തോടും കൂടെ സംരക്ഷിക്കാത്തവൻ ദൈവികഭവനം ഭരിക്കാൻ യോഗ്യനായിരിക്കയില്ല. മാത്രമല്ല, തന്റെ ഭവനം നന്നായി ഭരിക്കയും മക്കളെ നിയന്ത്രിക്കുകയും ചെയ്യാത്ത ഒരാൾക്ക് അതിഥിസൽക്കാരം ചെയ്യാനുള്ള കഴിവ് ഇല്ലാതായിത്തീരും. മറ്റു കുടുംബങ്ങളുടെ മേലുള്ള തന്റെ സ്വാധീനം നഷ്ടപ്പെട്ടുപോകും.

## പക്വതയുടെ സ്വഭാവ വിശേഷങ്ങൾ

ക്രിസ്തീയ നേതൃത്വത്തിന് ആത്മികമായ പക്വത അത്യന്താപേക്ഷിതമാണ്. പുതുതായി രക്ഷിക്കപ്പെടുന്നവർക്കും അനുഭവ പരിചയമില്ലാത്തവർക്കും നേതൃത്വസ്ഥാനങ്ങളിൽ ഇടമില്ല. പുതുതായി രക്ഷിക്കപ്പെട്ടവർ എന്നതിന് മൂലഭാഷയിൽ ഉപയോഗിച്ച പദം പുതിയ ചെടി എന്നാണ്. ഒരു ചെടി നട്ടാൽ അത് വളർന്ന് ഫലം കായ്ക്കുന്നതിന് വളരെ സമയം ആവശ്യമാണ്. ആ പ്രക്രിയയുടെ കാലം ഹ്രസ്വമാക്കുക സാധ്യമല്ല. ഫലം കായ്ക്കുന്നതിന് മുമ്പ് അതിന്റെ വേരുകൾ ആഴത്തിലേക്ക് ഇറങ്ങേണ്ടതായിട്ടിരിക്കുന്നു. അതുകൊണ്ടാണ് പൗലൊസ് അപ്പൊസ്തലൻ ഇങ്ങനെ പറഞ്ഞത്: ''പുതിയ ശിഷ്യനും അരുത്... അവരെ ആദ്യം പരീക്ഷിക്കേണം. അനിന്ദ്യരായി കണ്ടാൽ അവർ ശുശ്രൂഷ ഏൽക്കട്ടെ'' (1 തിമൊ.3:6,10).

തിമൊഥെയൊസ് എഫെസൊസിലെ സഭയുടെ ശുശ്രൂഷകനായപ്പോൾ, ആ സഭ സ്ഥാപിക്കപ്പെട്ടിട്ട് ഏകദേശം പത്തുവർഷം ആയിക്കഴിഞ്ഞിരുന്നു. ആ സഭയിൽ കഴിവുറ്റ ശുശ്രൂഷകന്മാരും ഉപദേഷ്ടാക്കളും ഉണ്ടായിരുന്നു. അതുകൊണ്ടാണ് തക്കതായ സ്വഭാവ ശ്രേഷ്ഠതകളുള്ളവരെ നേതാക്കളായി നിയമിക്കണമെന്ന് പൗലൊസ് അപ്പൊസ്



തലൻ നിർബന്ധിച്ചത്. എന്നാൽ യാഥാർഥ്യബോധമുള്ള പൗലൊസ് അപ്പൊസ്തലൻ പുതുതായി രൂപം കൊണ്ട ക്രേത്തയിലെ സഭയിൽ മൂപ്പന്മാരെ നിയോഗിക്കുന്നതിനെപ്പറ്റി പറയുമ്പോൾ മേൽപ്പറഞ്ഞ രീതിയിലുള്ള സ്വഭാവവിശേഷമുള്ളവരെ വേണമെന്ന് പറയുന്നില്ല. കാരണം അവിടെ അങ്ങനെയുള്ളവർ ഇല്ലായിരുന്നു (തീത്തോ. 1:5-9). സഭകളുടെ ആരംഭത്തിൽ ഏറ്റവും ശ്രേഷ്ഠകരമായ സ്വഭാവവിശേഷങ്ങളുള്ളവരെ വേണമെന്ന് നിർബന്ധിക്കുക സാധ്യമല്ല. എങ്കിലും നേതാക്കന്മാരായിത്തീരുന്നവർ ഉറച്ച സ്വഭാവവിശേഷങ്ങളുള്ളവരും ആത്മികമായ കാഴ്ചപ്പാടുകൾ ഉള്ളവരും സ്ഥാനമാനങ്ങൾക്കുവേണ്ടിയുള്ള അഭ്യുദയേച്ഛയില്ലാത്തവരും ആയിരിക്കേണം.

സഭയിലെ നേതൃത്വത്തെപ്പറ്റി പറയുമ്പോൾ അപ്പൊസ്തലൻ ഇങ്ങനെ പറഞ്ഞു: ''നിഗളിച്ചിട്ട് പിശാചിനു വന്ന ശിക്ഷയിൽ അകപ്പെടാതിരിപ്പാൻ പുതിയ ശിഷ്യനും അരുത്'' (1 തിമൊ. 3:6). പുതുതായി രക്ഷിക്കപ്പെടുന്നവർക്ക് ആത്മിക പക്വത ഉണ്ടായിരിക്കയില്ല. നേതൃത്വത്തിന് പക്വത ആവശ്യമാകയാൽ പക്വതയില്ലാത്തവരെ നേതൃത്വത്തിൽ അവരോധിക്കുക ഭോഷത്തമാണ്. ഇപ്രകാരമുള്ള പരാജയങ്ങൾ സഭാ ചരിത്രത്തിൽ ധാരാളമായി കാണാൻ കഴിയും. അപ്രകാരമുള്ള ഒരാളെ നേതൃത്വത്തിലാക്കുന്നത് അദ്ദേഹത്തിനും താൻ നയിക്കുന്ന സഭയ്ക്കും ഒരുപോലെ അപകടകരമായിരിക്കും. പുതുതായി വീണ്ടും ജനനം പ്രാപിച്ച ഒരു ശിഷ്യന് ഉയർന്ന ഒരു സ്ഥാനം ലഭിച്ചാൽ അത് തനിക്ക് തന്നെപ്പറ്റി താൻ വലിയവനാണെന്ന തെറ്റായ ധാരണകൾ വച്ചുപുലർത്തുന്നതിന് ഇടയാകും. പുതിയ ശിഷ്യൻ എത്രമാത്രം സ്വതസിദ്ധമായ കഴിവുകളുള്ള ആളായാലും സുപ്രധാനവുമായ സ്ഥാനങ്ങൾ വഹിച്ച് താൻ നേതൃത്വപരിശീലനം നേടുവാനുള്ള അവസരങ്ങൾ നൽകുകയാണ് വേണ്ടത്. അതേ സമയം തന്നെ, നിരാശ ഉള്ളവാകുവാൻ തക്കവണ്ണം പുതിയ ശിഷ്യനെ അവഗണിക്കുകയോ അടിച്ചമർത്തുകയോ ചെയ്യരുത്.

മേൽപ്പറഞ്ഞ പ്രമാണങ്ങൾക്കനുസരണമായി പൗലൊസ് അപ്പൊസ്തലൻ തന്റെ ഒന്നാമത്തെ മിഷനറി യാത്രയിൽ സഭകളിൽ മൂപ്പന്മാരെ ആക്കിയില്ല എന്ന് വില്യം ഹെൻഡ്രിക്സൺ ചൂണ്ടിക്കാണിക്കുന്നു. താൻ സഭകളെ വീണ്ടും സന്ദർശിക്കുകയും അവിടെ നേതൃത്വസ്ഥാനം വഹിക്കുന്നതിന് യോഗ്യതയുള്ളവരുണ്ട് എന്ന് കാണുകയും ചെയ്തപ്പോൾ അവരെ മൂപ്പന്മാരായി നിയമിക്കയാണ് ചെയ്തത് (അപ്പൊ. പ്രവൃ. 14:23). തിമൊഥെയൊസിനെ രക്ഷിക്കപ്പെട്ട ഉടനെ മൂപ്പനായി നിയമിച്ചില്ല. പൗലൊസ് അപ്പൊസ്തലന്റെ ഒന്നാമത്തെ മിഷനറി യാത്രയിലാണ് തിമൊഥെയൊസ് രക്ഷിക്കപ്പെട്ടത് എങ്കിലും രണ്ടാമത്തെ മിഷനറി യാത്രയിലാണ് തിമൊഥയൊസിനെ സഭയിലെ മൂപ്പനായി നിയമിച്ചത്.

ഡീറ്റ്റിച്ച് ബോൺഹോഫർ ഇങ്ങനെ പറഞ്ഞു: പക്വത പ്രാപിച്ച ഒരു നേതാവ് എല്ലായ്പ്പോഴും തന്റെ ഗുരുത്വാകർഷണകേന്ദ്രം കണ്ടെത്തുന്നു. തന്റെ അഭിലാഷങ്ങൾ സാധിച്ചുകിട്ടുവാൻ താൻ എത്രമാത്രം ആഗ്രഹിച്ചാലും തന്റെ സ്ഥാനത്ത് നിന്നുകൊണ്ട് തന്റെ കടമ നിർവഹിക്കുന്നു.' എന്നാൽ ഒരു പുതിയ ശിഷ്യന് ഇത് സാധ്യമല്ല. പക്വത പ്രാപിച്ച ഒരു നേതാവിൽ മാത്രമേ മേൽപ്പറഞ്ഞ സ്വഭാവ വിശേഷങ്ങൾ കാണുവാൻ സാധിക്കയുള്ളൂ.

ക്രിസ്തീയ നേതൃത്വത്തിൽ മേൽപ്പറഞ്ഞ സ്വഭാവ വിശേഷങ്ങൾ അത്യന്താപേക്ഷിതമാണെന്നു ലോകക്കാർ പോലും പറയുന്നു. ദൈവവിശ്വാസമില്ലാത്ത ഒനോസാൻഡർ എന്ന ഒരു വ്യക്തി, ഒരു നല്ല നേതാവിനുണ്ടായിരിക്കേണ്ട സ്വഭാവ വിശേഷങ്ങളെപ്പറ്റി പറഞ്ഞത് വില്യം ബാർക്ലേ ഉദ്ധരിച്ചിട്ടുണ്ട്. നേതാവ് ബുദ്ധിപൂർവം സ്വയത്തെ നിയന്ത്രിക്കുന്നവനും സുബോധമുള്ളവനും മിതവ്യയശീലമുള്ളവനും കഷ്ടങ്ങളിൽ സഹിഷ്ണുതയുള്ളവനും ബുദ്ധിമാനും ദ്രവ്യാഗ്രഹമില്ലാത്തവനുമായിരിക്കണം. യുവാവോ വൃദ്ധനോ ആയിരിക്കരുത്; ഒരു കുടുംബത്തിന്റെ പിതാവും നന്നായി സംസാരിക്കുവാൻ കഴിവുള്ളവനും സൽപ്പേരുള്ളവനുമായിരിക്കണം. ലോകക്കാർ തങ്ങളുടെ നേതാക്കളിൽ ഇപ്രകാരമുള്ള സ്വഭാവവിശേഷങ്ങൾ പ്രതീക്ഷിക്കുന്നുവെങ്കിൽ ദൈവസഭയിലെ നേതാക്കൾക്ക് ഈ സ്വഭാവവിശേഷങ്ങളോ അതിലധികമോ പ്രതീക്ഷിക്കുന്നത് ഒരിക്കലും അസ്ഥാനത്താകില്ല. •

*(ഒതെന്റിക് മീഡിയ പ്രസിദ്ധീകരിച്ച ആത്മികനേതൃത്വം എന്ന പുസ്തകത്തിൽ നിന്ന്)*

# ഒരു രാജാവ് നീതിയോടെ വാഴും



പാസ്റ്റർ ഉമ്മൻ തോമസ്

**ലോകത്തെ സംബന്ധിച്ച് ദൈവിക കാര്യപരിപാടിയുടെ രഹസ്യം മനസിലാക്കുവാൻ ലോകജ്ഞാനികൾക്ക് കഴിവില്ലെന്നും ജ്ഞാനവും ബലവും ദൈവത്തിന് മാത്രമുള്ളതാണെന്നും ദാനീയേൽ നെബുഖദ്നേസർ രാജാവിനോട് പറഞ്ഞു.**

ഇന്നേക്ക് ഏകദേശം ഇരുപത്തിയേഴ് നൂറ്റാണ്ടുകൾക്കപ്പുറം ദീർഘദർശിയായ യെശയ്യാ പ്രവാചകൻ ദിവ്യദൃഷ്ടിയാൽ രേഖപ്പെടുത്തിയ ഒരു പ്രവചന വേദഭാഗമാണ് തലക്കെട്ടായി കൊടുത്തിരിക്കുന്നത്. ഒരു രാജാവ് നീതിയോടെ വാഴും. പ്രഭുക്കന്മാർ ന്യായത്തോട് അധികാരം നടത്തും (യെശ. 32:1).

ഒരു കാലത്ത് ഉറച്ച ഭരണത്തിൻകീഴിലായിരുന്നു ലോകരാഷ്ട്രങ്ങൾ മുഴുവനും. തന്നിഷ്ടക്കാരും സ്വേച്ഛാധിപതികളുമായിരുന്ന രാജാക്കന്മാരുടെ കല്ലേ പിളർക്കുന്ന കല്പനയെ ചോദ്യം ചെയ്യുവാൻ പ്രജകൾക്ക് അവകാശമില്ലായിരുന്നു. പക്ഷേ ഇന്ന് സ്ഥിതിക്ക് പാടേ മാറ്റം വന്നു. ജനാധിപത്യ ഭരണ സമ്പ്രദായമാണ് ഇന്ന് ലോകരാജ്യങ്ങളിൽ നിലനിൽക്കുന്നത്. ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളാൽ ഭരിക്കപ്പെടുന്ന ഭരണ വ്യവസ്ഥ. ചുരുക്കത്തിൽ സർവ അധികാരവും ജനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നുവെന്നു സാരം.

പ്രഗത്ഭരും കീർത്തിമാന്മാരുമായ എത്രയെത്ര രാജാക്കന്മാർ, ചക്രവർത്തിമാർ ഭൂമിയിൽ ആധിപത്യം പുലർത്തിപ്പോന്നു. എത്രയെത്ര ഭരണാധിപന്മാർ ഇവിടെ അടക്കിവാണിരുന്നു. പക്ഷേ ഈ ക്ഷേമം നിലനിർത്തി എല്ലാ ജനവിഭാഗത്തിനും ഒരു പോലെ നീതി വിഭാഗിച്ചു കൊടുക്കുന്ന കാര്യത്തിൽ എല്ലാവരും അമ്പേ പരാജയപ്പെട്ടിരിക്കുന്നു.

ബാബിലോൺ, മേദ്യപാർസ്യ, ഗ്രീക്ക്, റോമാ എന്നീ



നാല് മഹാസാമ്രാജ്യങ്ങൾ ഈ ഭൂമുഖത്ത് ഉദിക്കുകയും അസ്തമിക്കുകയും ചെയ്തു. യെരുശലേമിനെ കീഴടക്കി ബി.സി. 606 ൽ ബാബിലോൺ സാമ്രാജ്യം രംഗത്തുവന്നു. ബി.സി. 539 ൽ ബാബിലോണിനെ കീഴടക്കി മേദ്യ-പാർസ്യ ആധിപത്യം സ്ഥാപിച്ചു. ബി.സി. 331 ൽ മേദ്യ പാർസ്യയെ തോൽപ്പിച്ച് ഗ്രീസ് അധികാരമേറ്റു. ബിസി. 33 ൽ അത്ഭുത പരാക്രമങ്ങളോട് ഭൂമുഖത്ത് വച്ച് പ്രത്യക്ഷപ്പെട്ട സാമ്രാജ്യമാണ് റോമാസാമ്രാജ്യം. ഈ നാല് സാമ്രാജ്യങ്ങളെക്കുറിച്ച് അവധാനപൂർവം പഠിച്ചാൽ ഇക്കാലങ്ങളിലുണ്ടായ യുദ്ധങ്ങളും ആൾനാശവും മനുഷ്യനെ അമ്പരപ്പിക്കുന്നതാണ്. ഇത്രയേറെ മനുഷ്യരെ കൊന്നുകൂട്ടിയ കാലം ലോക ചരിത്രത്തിൽ മറ്റെങ്ങും ഉണ്ടായിട്ടില്ല.

പ്രതാപശാലികളായ യിസ്രായേൽ രാജാക്കന്മാരുടെ രാജ്യവും ദൈവനഗരം എന്ന് വിളിക്കപ്പെട്ടിരുന്ന യെരുശലേമും ബി.സി. 606 ൽ ബാബിലോൺ രാജാവായ നെബുഖദ്നേസർ കീഴടക്കി വാഴുകയാണ്. ഈ അവസരത്തിൽ രാജാവ് തന്റെ രാജ്യത്തിന്റെ ഭാവിയെപ്പറ്റി ഒരു സ്വപ്നം കണ്ടു. വലിപ്പമേറിയതും വിശേഷശോഭയുള്ളതുമായ ഒരു ബിംബം. അതിന്റെ തല തങ്കം, നെഞ്ചും കൈയും വെള്ളി, വയറും അരയും താമ്രം, തുടയും കാലും ഇരുമ്പും കളിമണ്ണും ഇങ്ങനെയായിരുന്നു ബിംബത്തിന്റെ നിർമാണം. രാജാവ് നോക്കി നിൽക്കുമ്പോൾ കൈതൊടാതെ ഒരു കല്ല് പർവതത്തിൽ നിന്നും പറിഞ്ഞുവന്ന് ബിംബത്തെ ഇരുമ്പും കളിമണ്ണും കൊണ്ടുള്ള പാദങ്ങളിൽ അടിച്ച് തകർത്ത് കളഞ്ഞു. ഇരുമ്പും കളിമണ്ണും താമ്രവും വെള്ളിയും പൊന്നും ഒരുപോലെ തകർന്ന് വേനൽക്കാലത്തെ കളത്തിലെ പതിർപ്പോലെയായിത്തീർന്നു. ഒരിടത്തും തങ്ങാതവണ്ണം കാറ്റ് അവയെ പറപ്പിച്ച് കൊണ്ടുപോയി. ബിംബത്തെ അടിച്ച കല്ല് മഹാപർവതമായി ഭൂമിയിൽ ഒക്കെയും നിറഞ്ഞു (ദാനി. 2:31-35).

സ്വപ്നം രാജാവിനെ ചഞ്ചലചിത്തനാക്കിത്തീർത്തു. സ്വപ്നത്തിന്റെ സാരം അറിയുവാൻ രാജാവിന് ആകാംക്ഷയുണ്ടായി. ഈ പ്രതിസന്ധിയിൽ അടിമയായിരുന്ന ദാനീയേൽ രംഗത്തു വന്നു. രാജാവ് കണ്ട സ്വപ്നവും അർത്ഥവും അറിയിക്കാൻ ദാനീയേൽ തയാറായി. ലോകത്തെ സംബന്ധിച്ച് ദൈവിക കാര്യപരിപാടിയുടെ രഹസ്യം മനസിലാക്കുവാൻ ലോകജ്ഞാനികൾക്ക് കഴിവില്ലെന്നും ജ്ഞാനവും ബലവും ദൈവത്തിന് മാത്രമുള്ളതാണെന്നും ദാനീയേൽ നെബുഖദ്നേസർ രാജാവിനോട് പറഞ്ഞു. ദാനീയേൽ തുടർന്നു: ലോകചരിത്രത്തിന്റെ കഴിഞ്ഞ പേജുകളിൽ മറഞ്ഞു മാറിയ മിസ്രയീമും അശൂരും യിസ്രായേൽ രാജാക്കന്മാരുടെ ഭരണവും കഴിഞ്ഞ് രംഗത്ത് വന്നതാണല്ലോ അങ്ങയുടെ സാമ്രാജ്യം. ഈ ബിംബത്തിന്റെ പൊന്നുകൊണ്ടുള്ള തല അവിടുത്തെ സാമ്രാജ്യത്തെതന്നെയാണ് കാണിക്കുന്നത്. അതിനുശേഷം മൂന്ന് സാമ്രാജ്യങ്ങൾ കൂടെ വരേണ്ടതുണ്ട്. ഒടുവിലത്തെ സാമ്രാജ്യത്തിന്റെ കാലത്ത് ഈ ലോകരാജ്യങ്ങളെ തകർത്തുകളയുന്നതിനുള്ള ഒരു സംഘട്ടനമുണ്ടാകും. അതു നിമിത്തം ലോകസാമ്രാജ്യങ്ങൾ പൊന്നോ വെള്ളിയോ താമ്രമോ കളിമണ്ണോ ഇരുമ്പോ എന്തുതന്നെയായാലും അത് തകർത്ത് കാറ്റിൽപ്പെട്ട പതിർപോലെ പറന്നുപോകും. ഒടുവിൽ സ്ഥാപിതമാകുന്ന രാജ്യവും ഭരണകൂടവും മാത്രമേ നിലനിൽക്കുകയുള്ളൂ. ഈ വരുവാനുള്ള രാജ്യം നമ്മുടെ നീതിപതിയായ കർത്താവ് സ്ഥാപിക്കും തീർച്ച.

ലോകാരംഭം മുതൽ ലോകാവസാനം വരെയുള്ള ലോക രാജ്യങ്ങളുടെ ഗതിവിഗതികൾ യാദൃശ്ചികമല്ല.



**ഒടുവിൽ സ്ഥാപിതമാകുന്ന രാജ്യവും ഭരണകൂടവും മാത്രമേ നിലനിൽക്കുകയുള്ളൂ. ഈ വരുവാനുള്ള രാജ്യം നമ്മുടെ നീതിപതിയായ കർത്താവ് സ്ഥാപിക്കും തീർച്ച.**

സൃഷ്ടി കർത്താവിന്റെ നിയന്ത്രണത്തിന് വിധേയമായിട്ടാണ് അവ രംഗപ്രവേശനം ചെയ്യുന്നതും തിരോഭവിക്കുന്നതും. ത്രികാലങ്ങൾക്ക് സാക്ഷി നിൽക്കുന്ന വിശുദ്ധ ബൈബിളിലെ ആ വാക്കുകൾ അവധാനപൂർവം പഠിച്ചാൽ ഏവർക്കും അത് ഗ്രഹിക്കുവാൻ കഴിയും. നീതിമാനും, രാജാധിരാജാവുമായ യേശുക്രിസ്തു ഈ ഭൂലോകത്തിന്റെ ഭരണസാരഥ്യം ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന അനുഭവത്തെയാണ് പ്രവാചകൻ രേഖപ്പെടുത്തിയിരിക്കുന്നത്.

മരുഭൂമിയും വരണ്ട നിലവും ആനന്ദിക്കും. നിർജ്ജന പ്രദേശം ഉല്ലസിച്ച് പനിനീർപുഷ്പം പോലെ പൂക്കും. അതു മനോഹരമായി പൂത്തു ഉല്ലസിക്കും (യെശ. 35:1,2). ചെന്നായ് കുഞ്ഞാടിനോടുകൂടെ പാർക്കും. പുള്ളിപ്പുലി കോലാട്ടുകുട്ടിയോടുകൂടെ കിടക്കും. പശുക്കിടാവും ബാലസിംഹവും തടിപ്പിച്ച മൃഗവും ഒരുമിച്ച് പാർക്കും. സമുദ്രം വെള്ളം കൊണ്ട് നിറഞ്ഞിരിക്കുന്നതുപോലെ ഭൂമി യഹോവയുടെ പരിജ്ഞാനം കൊണ്ട് പൂർണ്ണമായിരിക്കയാൽ എന്റെ വിശുദ്ധപർവതത്തിൽ എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്കയില്ല (യെശ. 11:6-9). യേശുക്രിസ്തു ഭരണ സാരഥ്യം ഏറ്റെടുക്കുന്നതോടുകൂടി ശാപഗ്രസ്ഥമായ ഈ ഭൂമിയുടെ ഇന്നത്തെ അവസ്ഥ മാറി ഭൂമി സമ്പൽസമൃദ്ധികൊണ്ട് നിറയുകയും ആ അനുഭൂതി മനുഷ്യവർഗ്ഗം മാത്രമല്ല പക്ഷിമൃഗാദികൾപോലും ആവോളം ആസ്വദിക്കുകയും ചെയ്യുമെന്ന് എത്രയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. കർത്താവായ യേശുക്രിസ്തു ഈ ലോകത്തിന്റെ ആധിപത്യം ഏറ്റെടുക്കുമ്പോൾ ഇന്ന് ലോകം വിഭാവനം ചെയ്യുന്ന ഒരു നല്ല കാലം വന്നുചേരും. ആ ദൈവരാജ്യം സ്ഥാപിക്കുവാൻ സമയം സമാഗതമായി. നമുക്കൊരുങ്ങാം. ഒരു രാജാവ് നീതിയോടെ വാഴും.



ടോണി എം. പി.



**പരിഷ്കൃത സമൂഹത്തിൽ ജാതി ചിന്തകൾ അലിഞ്ഞുതീരുമ്പോൾ പെന്തെക്കോസ്തു സമൂഹത്തിൽ ജാതി ചിന്തകൾ കൂടുതൽ രൂഢമൂലമാകുന്നു. ബൈബിൾ മാത്രം വിശ്വസിക്കുന്ന പെന്തെക്കോസ്തുകാരൻ ബൈബിൾ വിരുദ്ധമായ ജാതീയഭൂതത്തെ എന്നന്നേക്കും ശാസിച്ചുന്മൂലനം ചെയ്യാനുള്ള ശ്രമമാണ് ആരംഭിക്കേണ്ടത്.**

# പെന്തക്കോസ്തൽ അപ്പാർത്തീഡ്

കേരളത്തിലെ ആദ്യകാല പെന്തെക്കോസ്തു സഭകൾ സാമൂഹ്യ മാറ്റത്തിനായി വേറിട്ട വഴികളിലൂടെ നടന്ന ഒരു പുരോഗമന പ്രസ്ഥാനമായിരുന്നു. കമ്മ്യൂണിസ്റ്റ് ആശയങ്ങൾക്ക് നമ്മുടെ നാട്ടിൽ ആഴത്തിൽ വേരോട്ടം ലഭിച്ചതുപോലെ പെന്തെക്കോസ്തു വിശ്വാസ ജീവിതരീതിക്ക് കേരള നാട്ടിൽ ചെറുതാണെങ്കിലും വലിയ സ്വീകരണം ലഭിച്ചു.

എല്ലാവരെയും ഒന്നായിക്കാണുന്ന വിശ്വാസ സമൂഹം എന്നതു തന്നെയായിരുന്നു ആരംഭകാല പെന്തെക്കൊസ്തിന്റെ ഐഡന്റിറ്റി. ജാതിയുടെയും ഉപജാതിയുടെയും ഭ്രാന്തമായ വേലിക്കെട്ടുകൾക്ക് അതീതമായിരുന്നു പെന്തെക്കൊസ്തിന്റെ ലളിതമായ വിശ്വാസരീതി. ക്രിസ്തുവിനാൽ വിളിക്കപ്പെടുന്നവർ എല്ലാവരും ഒന്നാണെന്നും വർണ-വർഗ-ദേശ-മത വ്യത്യാസമില്ലാതെ എല്ലാ മനുഷ്യരെയും മനുഷ്യരായിക്കാണുന്ന അതിമഹത്തായ ആശയമായിരുന്നു പെന്തെക്കൊസ്തുകാർ ദൈവത്തിന്റെ നാടിനു സമ്മാനിച്ചത്. ബൈബിളിനു മാത്രമാണ് പെന്തെക്കൊസ്തിൽ സ്ഥാനം. വേദപുസ്തകത്തിനു പുറത്തുള്ള പഠിപ്പിക്കലുകളും ആചാരങ്ങളും ആരംഭകാല പിതാക്കന്മാർ പടിക്കുപുറത്തു നിർത്തി. സമുദായ സഭകളുടെ ബൈബിൾ വിരുദ്ധ നിലപാടുകൾ ശക്തമായി ചോദ്യം ചെയ്തു. സുവിശേഷത്തിന്റെ വസന്തമായിരുന്നു അന്ന് പിറന്നത്.

ഒരു പുരുഷായുസ് പിന്നിടുന്ന മലയാളനാട്ടിലെ പെന്തക്കോസ്തു സമൂഹത്തിലിന്ന് ജാതിക്കോമരങ്ങൾ ഉറഞ്ഞുതുള്ളുകയാണ്. എല്ലാ മനുഷ്യരും ഒന്നാണെന്നുള്ള പഠിപ്പിക്കലുകൾ ഉട്ടോപ്യൻ ആശയമായി കുപ്പുകുത്തുന്നു. കമ്മ്യൂണിസ്റ്റു പ്രസ്ഥാനങ്ങൾ സോഷ്യലിസം വിട്ടു മുതലാളിത്തത്തിലേക്കടുക്കുന്നതുപോലെ പെന്തെക്കൊസ്തു പ്രസ്ഥാനങ്ങൾ ജാതിവ്യവസ്ഥയുടെ വേലിക്കെട്ടിനുള്ളിലേക്ക് സ്വയം ഉൾവലിയുന്ന ദയനീയകാഴ്ച യഥാർഥ വിശ്വാസിയെ വേദനയിലാഴ്ത്തും. കറുത്തവനും വെളുത്തവനും വേണ്ടി പ്രത്യേകം രണ്ടുസ്വർഗങ്ങൾ യേശു പണിയുന്നുണ്ടോ എന്ന് ഒരു പെന്തെക്കൊസ്ത് യുവാവ് ചോദിച്ച ചോദ്യം ഇവിടെ വളരെ പ്രസക്തമാണ്.

സവർണന് ഒരു സഭയും ദളിതന് മറ്റൊരു സഭയും നിശ്ചയിക്കുന്ന ഇന്നത്തെ പെന്തെക്കൊസ്തു സമൂഹത്തിൽ, നിത്യതയിൽ രണ്ടു സ്വർഗമുണ്ടെന്നു ചിന്തിക്കുന്നതിൽ തെറ്റില്ല. മറ്റു മതങ്ങളിലെ ജാതി വ്യവസ്ഥയും അയിത്തവും ഭയന്ന് പെന്തെക്കൊസ്തിൽ എത്തിയവർ കാണുന്നത് ഭീകരമായ മറ്റൊരു പെന്തെക്കൊസ്തൽ ജാതി വ്യവസ്ഥയാണ്. ദളിതർക്ക് റീജിയനും സവർണർക്ക് സ്റ്റേറ്റും കല്പിച്ചുകൊടുത്ത ബൈബിൾ വാക്യമേതാണെന്നുള്ളതാണ് പെന്തെക്കൊസ്തിലെ പുതുതലമുറ തിരയുന്നത്. ചില സഭകൾ സകല സൃഷ്ടികളോടും സുവിശേഷം പറയും എന്നാൽ അവരുടെ സഭയിലേക്ക് ഹിന്ദുക്കൾക്കും പിന്നോക്കർക്കും മുസ്ലീങ്ങൾക്കും പ്രവേശനമില്ല എന്ന അലിഖിത ബോർഡാണ് സ്ഥാപിച്ചിരിക്കുന്നത്. ഇതിലെ വിരോധാഭാസമാണ് സാധാരണ വിശ്വാസികൾക്ക് മനസിലാക്കാൻ കഴിയാത്തത്.

ക്രിസ്തീയ വിശ്വാസത്തിന്റെ പരമപ്രധാന അനുഷ്ഠാനമായ തിരുവത്താഴത്തിൽ കറുപ്പും വെളുപ്പും കാണുന്നവർ ഏതു സ്വർഗത്തിന്റെ അവകാശികളാണെന്ന് സഭാനേതാക്കന്മാർ വ്യക്തമാക്കേണ്ടതുണ്ട്. പരിഷ്കൃത സമൂഹത്തിൽ ജാതി ചിന്തകൾ അലിഞ്ഞുതീരുമ്പോൾ പെന്തെക്കൊസ്തു സമൂഹത്തിൽ ജാതി ചിന്തകൾ കൂടുതൽ രൂഢമൂലമാകുന്നു. ബൈബിൾ മാത്രം വിശ്വസിക്കുന്ന പെന്തെക്കൊസ്തുകാരൻ ബൈബിൾ വിരുദ്ധമായ ജാതി വ്യവസ്ഥ തുടച്ചു നീക്കുവാനുള്ള ശ്രമമാണ് ആരംഭിക്കേണ്ടത്. കൊച്ചിയിലും തിരുവിതാംകൂറിലും വിപ്ലവകരമായ മുന്നേറ്റം നടത്തിയ വേർപെട്ട സമൂഹം വിപ്ലവകരമായി തന്നെ നിലവിലെ പെന്തെക്കൊസ്തു ജാതിചിന്ത ഉഴുതു മറിക്കണം. ഘോരംഘോരം പ്രസംഗിക്കുന്ന വിലയേറിയ ദൈവദാസന്മാർ സാത്താന്യമായ വർണവിവേചനത്തിനെതിരെ ദൈവവചനം പ്രസംഗിക്കുന്നതാണ് ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യം.

ഈഴവർക്ക് ശ്രീനാരായണ ഗുരുവും നായന്മാർക്ക് ചട്ടമ്പി സ്വാമികളും നമ്പൂതിരിമാർക്ക് വി.ടി. ഭട്ടതിരിപ്പാടും സമുദായ പരിഷ്ക്കർത്താക്കളായതുപോലെ പെന്തെക്കോസ്തുസമൂഹത്തിന് ഒരു പരിഷ്ക്കർത്താവു വേണമെന്ന് ചിന്തിക്കുന്നതിൽ തെറ്റില്ല. പെന്തെക്കൊസ്തു അയിത്തോച്ചാടനം നടന്നില്ലെങ്കിൽ ഒരു കൂട്ടം പെന്തെക്കൊസ്തുകാർ സമീപഭാവിയിൽ ബുദ്ധമതം സ്വീകരിച്ചാൽ അതിൽ അത്ഭുതപ്പെടേണ്ടതില്ല.



**ദൈവത്താലും സാത്താനാലും ദേശക്കാരാലും സ്വന്തഭാര്യയാലും സ്നേഹിതന്മാരാലും നല്ല സാക്ഷ്യം പ്രാപിച്ചവൻ ആയിരുന്നു ഇയ്യോബ്. എന്നാൽ കഷ്ടത തന്റെ ജീവിതത്തിൽ വന്നു ചേർന്നു. തന്റെ സമ്പത്തുകൾ എല്ലാം അപഹരിക്കപ്പെട്ടു. എന്നിട്ടും ദൈവത്തോട് ഒരു പരിഭവവും പറഞ്ഞില്ല.**

# സഹിഷ്ണുത രൂപപ്പെടുത്തുന്ന ആത്മീയത

"എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ചു നാൾതോറും തന്റെ ക്രൂശെടുത്തു എന്നെ അനുഗമിക്കട്ടെ''' (ലൂക്കൊ. 9:23).

ഇതു യേശുവിന്റെ സന്ദേശമാണ്. അവൻ മാതൃക കാണിച്ചു തന്നിട്ടാണ് ഈ സന്ദേശം നമുക്കു നൽകിയിരിക്കുന്നത്. നാൾതോറും നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ് രോഗം, ദുഃഖം, കടഭാരം മുതലായവ. ഇതെല്ലാം അഭിമുഖീകരിക്കുമ്പോൾത്തന്നെ, ക്രിസ്തീയ ജീവിതത്തിൽ വിശ്വസ്തതയോടും നീതിയോടും ദൈവത്തിന്റെ പ്രമാണം അനുസരിച്ചു ജീവിക്കുന്ന ഒരു ദൈവപൈതൽ ആണ് യഥാർഥ ശിഷ്യൻ.

തന്റെ ക്രൂശെടുത്തു കൊണ്ട് എന്റെ പിന്നാലെ വരാത്തവനും എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല (ലൂക്കൊ. 14:27). ഒരു ശാസ്ത്രി യേശുവിന്റെ അടുക്കൽ വന്നു ഗുരോ, നീ എവിടെപ്പോയാലും ഞാൻ നിന്നെ അനുഗമിക്കാം എന്നു പറഞ്ഞു. യേശു അവനോടു: കുറുനരികൾക്കു കുഴികളും ആകാശത്തിലെ പറവകൾക്കു കൂടും ഉണ്ട്. മനുഷ്യപുത്രനോ തല ചായിപ്പാൻ ഇടം ഇല്ല' എന്നു പറഞ്ഞു (മത്താ. 8:19). ക്രിസ്തു നമുക്കുവേണ്ടി കഷ്ടത സ്വയം ഏറ്റെടുക്കുകയായിരുന്നു. അങ്ങനെയെങ്കിൽ നാമും അവനുവേണ്ടി കഷ്ടത സ്വയം ഏറ്റെടുക്കേണ്ടതാണ്. മോശെ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നെണ്ണിക്കൊണ്ട് കൊട്ടാരം വിട്ടു. ഫറവോന്റെ പുത്രിയുടെ മകൻ



എന്നു വിളിക്കപ്പെടുന്നതും നിരസിച്ചു. ക്രിസ്തു സമ്പന്നൻ ആയിരുന്നു. നമുക്കുവേണ്ടി അവൻ ദരിദ്രനായിത്തീർന്നു (2 കൊരി. 8:9). നിന്ദ, ഉപദ്രവം, തള്ളപ്പെടൽ ഇവയാണ് ക്രിസ്തുവിന്റെ മാർഗങ്ങൾ. അടിക്കുന്നവർക്കു ഞാൻ എന്റെ മുതുകും രോമം പറിക്കുന്നവർക്കു ഞാൻ എന്റെ കവിളും കാണിച്ചുകൊടുത്തു. എന്റെ മുഖം നിന്ദയ്ക്കും തുപ്പലിനും മറച്ചിട്ടുമില്ല' (യെശ. 50:6) ഇതായിരുന്നു യേശുവിന്റെ സാക്ഷ്യം.

കുരിശ് ഹീനമായ മരണത്തിന്റെയും നിന്ദയുടെയും ചിഹ്നമായിരുന്നു. യഹൂദർ അതിനെ ശപിക്കപ്പെട്ടതായി കരുതി. ഗ്രീക്കുകാർക്ക് അതു അപമാനം നിറഞ്ഞതായിരുന്നു. കാരണം വലിയ കുറ്റം ചെയ്ത അടിമകൾക്കും നീചവർഗത്തിൽ പെട്ടവർക്കും രാജ്യദ്രോഹികൾ, രാജ്യത്തിനെതിരായി പ്രവർത്തിച്ചവർ, യുദ്ധത്തിൽ ശത്രുക്കളുമായി ഒളിച്ചോടുന്നവർ, കൊള്ളക്കാർ ഇങ്ങനെയുള്ളവർക്കായിരുന്നു ഈ കഠിന ശിക്ഷ വിധിച്ചിരുന്നത്. അതുകൊണ്ടാണ് ഇങ്ങനെയുള്ള തെറ്റുചെയ്ത രണ്ടു കള്ളന്മാരുടെ നടുവിൽ ഇതേ തെറ്റുകാരനായി കുറ്റം ചുമത്തി യേശുവിനെ അവർ ക്രൂശിച്ചത്. അതുകൊണ്ടു റോമൻ പൗരന്മാരെ ക്രൂശുമരണത്തിൽ നിന്നും അധികാരികൾ ഒഴിവാക്കിയിരുന്നു. ലോകം കുരിശിനെ ശാപമായി കണ്ടതു കൊണ്ടാണ് പത്രോസും മറ്റു ശിഷ്യന്മാരും അല്പനേരത്തെങ്കിലും യേശുവിനെ വിട്ടുപോയത്. അന്നത്തെ യഹൂദന്മാർക്ക് കുരിശിനെ ശാപവും ഹീനവും ആയി കാണാതിരിക്കാൻ സാധ്യമല്ലായിരുന്നു. കാരണം മരത്തിന്മേൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ ആകുന്നു എന്ന ന്യായപ്രമാണം തന്നെ ശാപത്തിന്റെ ചിഹ്നമായി കണ്ടു. അതുകൊണ്ട് ഇത്രയും നിന്ദ്യമായ രീതിയിൽ തറയ്ക്കപ്പെട്ടയാൾ എങ്ങനെ മനുഷ്യരുടെ രക്ഷകനും ദൈവത്തിന്റെ പുത്രനുമായി തീരും എന്നായിരുന്നു അവരുടെ മനസിലുണ്ടായിരുന്ന സംശയം (ഗലാ. 3:13). നമുക്കുവേണ്ടി ക്രിസ്തു ശാപമായിത്തീർന്നു. ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നും ക്രിസ്തു നമ്മെ വിലയ്ക്കു വാങ്ങി (ഗലാ. 3:13). യഹൂദന്റെ ദൃഷ്ടിയിൽ ശപിക്കപ്പെട്ട ക്രൂശ്, ക്രിസ്തുവിന്റെ ക്രൂശീകരണത്തിലൂടെ മാനവജാതിക്ക് അനുഗ്രഹത്തിന്റെയും പ്രതീക്ഷയുടെയും ചിഹ്നമായി മാറി. യേശുവിലൂടെ കുരിശിന് ഒരു പുനർജന്മം നൽകി. കുരിശ് ദൈവശക്തിയായി മാറി (1 കൊരി. 1:23–24). വിശ്വസിക്കുന്നവരിൽ



വ്യാപരിക്കുന്ന അളവറ്റ ദൈവശക്തിയായി മാറി (എഫെ. 1:9). കഷ്ടതയുടെ തീച്ചൂളയിലൂടെ കടന്നുപോയ ഭക്തനായ ഇയ്യോബു പറയുന്നത്: 'സ്ത്രീ പ്രസവിച്ച മനുഷ്യൻ അല്പായുസുള്ളവനും കഷ്ട സമ്പൂർണ്ണനും ആകുന്നു'. കർത്താവു പറഞ്ഞു: 'ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട് എങ്കിലും ധൈര്യപ്പെടുവിൻ, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു'' (യോഹ. 16:33).

ദൈവജനത്തിനുവരുന്ന കഷ്ടതകളും പ്രയാസങ്ങളും ദുഃഖങ്ങളുമെല്ലാം പിന്നീട് അത് നന്മയ്ക്കായ് ദൈവം തീർക്കും എന്നുള്ള കാര്യം മറന്നുപോകരുത്. റോമ.8:26 ൽ പറയുന്നു: എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം

**ദൈവജനത്തിനുവരുന്ന കഷ്ടതകളും പ്രയാസങ്ങളും ദുഃഖങ്ങളുമെല്ലാം പിന്നീട് അത് നന്മയ്ക്കായ് ദൈവം തീർക്കും എന്നുള്ള കാര്യം മറന്നുപോകരുത്.**

അറിയുന്നു. ഇതിനു ഉത്തമ ഉദാഹരണമാണ് യോസേഫിന്റെ ചരിത്രം. യാക്കോബിന്റെ വാത്സല്യ പുത്രനായി വളർന്നു വന്ന യോസേഫ് ചെറുപ്രായത്തിൽ തന്നെ ദൈവിക ദർശനങ്ങൾ കണ്ടതിനാൽ സ്വന്തസഹോദരന്മാരുടെ ക്ഷേമം അന്വേഷിച്ചുച്ചെന്ന യോസേഫിനെ അവർ പൊട്ടക്കിണറ്റിൽ ഇടുകയും തുടർന്നു ഒരു അടിമയായി ഇരുപതു വെള്ളിക്കാശിന് വിൽക്കുകയും ചെയ്തു. യോസേഫിനെ കൊണ്ടുപോയ മിദ്യാന്യ കച്ചവടക്കാർ അവനെ ഫറവോന്റെ അകമ്പടി നായകനായ പോത്തീഫറിന് വിറ്റു. ആ വീട്ടിലും യോസേഫിനു സ്വസ്ഥതയുണ്ടായില്ല. ചെയ്യാത്ത തെറ്റ് തന്റെമേൽ ആരോപിച്ച് വിശുദ്ധനായ യോസേഫിനെ പൊത്തീഫറിന്റെ ഭാര്യയുടെ അപേക്ഷ പ്രകാരം കാരാഗൃഹത്തിലടച്ചു. 'യഹോവയുടെ വചനം നിവർത്തിയാകുകയും അവന്റെ അരുളപ്പാടിനാൽ അവന് ശോധന വരികയും ചെയ്യുവോളം അവൻ അവന്റെ കാലുകളെ വിലങ്ങുകൊണ്ട് ബന്ധിക്കുകയും അവൻ ഇരുമ്പുചങ്ങലയിൽ കുടുങ്ങുകയും ചെയ്തു' (സങ്കീ. 105:17–19). തന്റെ കഷ്ടതയിൽ തന്നെ ഓർക്കേണ്ട പലരും തന്നെ മറന്നുപോയി. എന്നാൽ യോസേഫ് എന്നും കാരാഗൃഹത്തിലല്ല. അവന് ഒരു കൊട്ടാരവാസവും ദൈവം ഒരുക്കിയിട്ടുണ്ട്. ഫറവോന്റെ രാജ്യത്തിലെ പ്രധാനമന്ത്രിയായും മിസ്രയീം ദേശത്തിനൊക്കെയും അധിപതിയായും ദൈവം ഉയർത്തി. യോസേഫ് തന്റെ ആദ്യജാതന് ദൈവം എന്നെ സകല കഷ്ടതയും മറക്കുമാറാക്കി എന്ന് പറഞ്ഞു മനശ്ശെ എന്നു പേരിട്ടു. പൗലൊസ് പറയുന്നു: കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്ന് അറിഞ്ഞു നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു. പ്രത്യാശയ്ക്കോ ഭംഗം വരുന്നില്ല.

ഇയ്യോബിന്റെ പുസ്തകം കഷ്ടതയിൽ കൂടി കടന്നുപോകുന്ന ഏതൊരു ദൈവപൈതലിനും ആശ്വാസവും പ്രത്യാശയും നൽകുന്നതാണ്. ദൈവത്താലും സാത്താനാലും ദേശക്കാരാലും സ്വന്തഭാര്യയാലും സ്നേഹിതന്മാരാലും നല്ല സാക്ഷ്യം പ്രാപിച്ചവൻ ആയിരുന്നു ഇയ്യോബ്. എന്നാൽ കഷ്ടത തന്റെ ജീവിതത്തിൽ വന്നു ചേർന്നു. തന്റെ സമ്പത്തുകൾ എല്ലാം അപഹരിക്കപ്പെട്ടു. എന്നിട്ടും ദൈവത്തോട് ഒരു പരിഭവവും പറഞ്ഞില്ല. ഭവനത്തിന്മേൽ വലിയ കൊടുങ്കാറ്റടിച്ചു. മക്കൾ പത്തുപേരും മരിച്ചു. തന്റെ മുമ്പിൽ പത്തു ശവപ്പെട്ടികൾ. ഏതിന്റെ മുമ്പിൽ പോയി വേണം കരയാൻ? മാതാപിതാക്കൾ ജീവിച്ചിരിക്കുമ്പോൾ മക്കളുടെ മരണം കാണുക പ്രയാസമുള്ള കാര്യമാണ്. താൻ എഴുന്നേറ്റു വസ്ത്രം കീറി തല ചിരച്ചു സാഷ്ടാംഗം വീണു ദൈവത്തെ നമസ്കരിച്ചു. തുടർന്നു താൻ പറഞ്ഞത് നഗ്നനായി ഞാൻ എന്റെ അമ്മയുടെ ഗർഭത്തിൽ നിന്നു പുറപ്പെട്ടു വന്നു. നഗ്നനായി തന്നെ മടങ്ങിപ്പോകും. യഹോവ തന്നു യഹോവ എടുത്തു യഹോവയുടെ

നാമം വാഴ്ത്തപ്പെടുമാറാകട്ടെ (ഇയ്യോ. 1:13–22). പിന്നീടു സാത്താൻ തന്റെ ദേഹത്തെ പരുക്കളാൽ ബാധിച്ചു. ഉള്ളങ്കാൽ മുതൽ നെറുക വരെ വല്ലാത്ത പരുക്കളാൽ താൻ വളരെ കഷ്ടമനുഭവിച്ചു. തന്റെ ദേഹത്തുള്ള പുൺ വായ്ക്കൾ അടഞ്ഞു വീണ്ടും പഴുത്തു പൊട്ടുന്നു. അതിനകത്തു പുഴുക്കളും മൺകട്ടയും നിറഞ്ഞിരിക്കുന്നു (ഇയ്യോ. 7:5; 17:14). ഇയ്യോബ് തന്റെ ദേഹത്തെ ചാരം വാരിയിട്ട് ഓട്ടിൻ കഷണമെടുത്ത് ചുരണ്ടിക്കൊണ്ടിരിക്കുകയാണ് (ഇയ്യോ. 2:8). എന്റെ ത്വക്കു കറുത്തു പൊളിഞ്ഞു വീഴുന്നു. എന്റെ അസ്ഥി ഉഷ്ണം കൊണ്ട് കരിഞ്ഞിരിക്കുന്നു. എന്റെ കിന്നരനാദം വിലാപമായും എന്റെ കുഴലൂത്തു കരച്ചിലായും തീർന്നിരിക്കുന്നു (ഇയ്യോ. 30:30,31). 'എന്റെ ശ്വാസം എന്റെ ഭാര്യയ്ക്കു അസഹ്യവും എന്റെ യാചന എന്റെ ഉടപ്പിറന്നവർക്കു അറെപ്പും ആയിരിക്കുന്നു. പിള്ളേരും എന്നെ നിരസിക്കുന്നു. ഞാൻ എഴുന്നേറ്റാൽ അവർ എന്നെ കളിയാക്കുന്നു. എന്റെ പ്രാണസ്നേഹിതന്മാർ ഒക്കെയും എന്നെ വെറുക്കുന്നു' (ഇയ്യോ. 19: 17,9). 'എന്റെ ബന്ധുജനം ഒഴിഞ്ഞുമാറി. എന്റെ ഉറ്റസ്നേഹിതന്മാർ എന്നെ മറന്നുകളഞ്ഞു. എന്റെ വീട്ടിൽ പാർക്കുന്നവരും എന്റെ ദാസികളും എന്നെ അന്യനായി എണ്ണുന്നു. ഞാൻ എന്റെ ദാസനെ വിളിച്ചു. അവൻ വിളി കേൾക്കുന്നില്ല. എന്റെ വായ് കൊണ്ടു ഞാൻ അവനോട് യാചിക്കേണ്ടി വരുന്നു' (ഇയ്യോ. 19:14;16).

എന്നിലും പ്രായം കുറഞ്ഞവർ എന്നെ നോക്കി ചിരിക്കുന്നു. ഞാൻ അവരുടെ പാട്ടായിരിക്കുന്നു. അവർക്കു പഴഞ്ചൊല്ലായിത്തീർന്നിരിക്കുന്നു. അവർ എന്നെ അറച്ചു അകന്നുനിൽക്കുന്നു. എന്നെക്കണ്ടു തുപ്പുവാൻ ശങ്കിക്കുന്നില്ല (ഇയ്യോ. 30:1,9,10;17:6). ആശ്വസിപ്പിപ്പാനായി വന്ന സ്നേഹിതന്മാർ തനിക്ക് എതിരായി അപവാദങ്ങൾ നിരത്തുന്നു. അവർ എല്ലാവരും വ്യസനിപ്പിക്കുന്ന ആശ്വാസകന്മാരായി മാറി (ഇയ്യോ. 16:1,2). വ്യർഥമാസങ്ങൾ എനിക്ക് അവകാശമായി വന്നു. കഷ്ടരാത്രികൾ എനിക്ക് ഓഹരിയായിത്തീർന്നിരിക്കുന്നു. കിടക്കുംനേരം എപ്പോൾ എഴുന്നേൽക്കും എന്നു പറയുന്നു. രാത്രിയോ, ദീർഘിച്ചുകൊണ്ടിരിക്കുന്നു. വെളുക്കുവോളം എനിക്ക് ഉരുളുക തന്നെ പണി (ഇയ്യോ. 7:3,4). ഇത്രയും കഠിനശോധനയിലൂടെ കടന്നു പോയിട്ടും തന്റെ പ്രത്യാശ കൈവിട്ടില്ല. ഇയ്യോബ് പറയുന്നു: ഞാൻ നടക്കേണ്ടുന്ന വഴി അവൻ അറിയുന്നു. എന്നെ ശോധന കഴിച്ചാൽ ഞാൻ പൊന്നുപോലെ പുറത്തുവരും (ഇയ്യോ. 23:10). അവൻ എന്നെ കൊന്നാലും ഞാൻ അവനെത്തന്നെ കാത്തിരിക്കും. ഞാൻ എന്റെ നടപ്പ് അവന്റെ മുമ്പാകെ തെളിയിക്കും (ഇയ്യോ. 13:15). എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ നിൽക്കുമെന്നും ഞാൻ അറിയുന്നു. എന്റെ ത്വക്ക് ഇങ്ങനെ നശിച്ച ശേഷം ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും. ഞാൻ തന്നെ അവനെ കാണും. അന്യനല്ല എന്റെ സ്വന്ത കണ്ണു അവനെ കാണും. ഇപ്രകാരം പ്രത്യാശയുള്ള ഇയ്യോബിനുവേണ്ടി ദൈവം പ്രവർത്തിച്ചു. അവനെ ദൈവം സൗഖ്യമാക്കി. അവന്റെ സ്ഥിതിക്കു ഭേദം വന്നു. നഷ്ടമായതെല്ലാം ഇരട്ടിയായി മടക്കി നൽകി. വീണ്ടും അവനു ഏഴു പുത്രന്മാരും 3 പുത്രിമാരും ഉണ്ടായി. അവന്റെ പിൻകാലം മുൻകാലത്തെക്കാൾ ദൈവം അനുഗ്രഹിച്ചു. അതിനുശേഷം ഇയ്യോബ് 140 സംവത്സരം കൂടി ജീവിച്ചിരുന്നു. അവൻ മക്കളെയും മക്കളുടെ മക്കളെയും നാലു തലമുറയോളം കണ്ടു. താൻ വൃദ്ധനും കാലസമ്പൂർണ്ണനുമായി മരിച്ചു. (ഇയ്യോ. 42:10–17). യാക്കോബ് പറയുന്നു: സഹിഷ്ണുത കാണിച്ചവരെ നാം ഭാഗ്യവാന്മാരെന്നു പുകഴ്ത്തുന്നു. ഇയ്യോബിന്റെ സഹിഷ്ണുത നിങ്ങൾ കേട്ടും കർത്താവു വരുത്തിയ അവസാനം കണ്ടുമിരിക്കുന്നു. കർത്താവു മഹാകരുണയും മനസലിവുമുള്ളവനുമല്ലോ (യാക്കോ. 5:11).

ആകയാൽ കഷ്ടത വരുമ്പോൾ പിറുപിറുക്കാതെ സഹിഷ്ണുതയോടെ അതിനെ നമുക്ക് അഭിമുഖീകരിക്കാം. ഇയ്യോബിന്റെ അവസ്ഥയ്ക്ക് മാറ്റം വരുത്തിയ ദൈവം, യോസേഫിനെ സഹായിച്ച ദൈവം, നമ്മെയും സഹായിക്കും.



WiSE
ഞാൻ വായിക്കുന്നു...
നിങ്ങളോ?

# ദരിദ്രനിലേക്കുള്ള അകലം എത്ര?

**പറവകളുടെ ആകാശം പോലെയോ കുറുനരികളുടെ മാളം പോലെയോ സുരക്ഷിതമായി അന്തിയുറങ്ങാൻ മനുഷ്യപുത്രന് ഇടമില്ലെന്ന യേശുവിന്റെ വാക്കുകളിൽ, കയറിക്കിടക്കാൻ ഒരു കൂരയില്ലാത്തവന്റെ വേദന നിഴലിക്കുന്നുണ്ട്.**

**ജിനു താമരശേരി**

മുറിയിൽക്കടന്ന് വാതിലടച്ച് പ്രാർഥിച്ചുകൊണ്ടിരിക്കുമ്പോഴാണ് കോളിംഗ് ബെല്ലിലെ കിളി ചിലക്കുന്നത് അയാൾ കേട്ടത്. വാതിൽക്കൽ വൃദ്ധനായ ഒരു ഭിക്ഷക്കാരൻ. വിശക്കുന്നു, കഴിക്കാനെന്തെങ്കിലും? ഭിക്ഷക്കാരൻ പറഞ്ഞു. ഞാനൽപ്പം തിരക്കിലാ, പിന്നീട് വാ, ചില്ലറയ്ക്കുവേണ്ടി പോക്കറ്റിൽ പരതുന്നതിനിടയിൽ അല്പം നീരസത്തോടെയാണ് അയാളതു പറഞ്ഞത്. തിരികെ ചെന്ന് വീണ്ടും പ്രാർഥിക്കാൻ തുടങ്ങി. പക്ഷെ പ്രാർഥനാ വാചകങ്ങളെല്ലാം പ്രതിധ്വനികളായി തിരിച്ചു വരികയാണ്.

ദൈവമേ എന്താണിത്? എന്റെ പ്രാർഥന അവിടുന്ന് ശ്രവിക്കുന്നില്ലേ? അയാൾ ദൈവത്തോട് ചോദിച്ചു. അപ്പോൾ ദൈവം പറഞ്ഞ മറുപടി ഇങ്ങനെയായിരുന്നു: ഞാനൽപ്പം തിരക്കിലാണ്. ഒരു വൃദ്ധഭിക്ഷു വിശന്ന് തളർന്ന് റോഡിൽ വീണു കിടന്നു. എനിക്കയാളെ സംരക്ഷിച്ചേ മതിയാകൂ. അയാൾക്ക് കാര്യം മനസിലായി. വാതിൽതുറന്ന് പുറത്തിറങ്ങി നോക്കിയപ്പോൾ അയാൾക്കണ്ടത്, അടുത്ത വീട്ടിലെ സ്ത്രീ, ആ വൃദ്ധനെ താങ്ങിയെഴുന്നേൽപ്പിച്ച് കൊണ്ടുപോകുന്നതാണ്!

യേശുവിന് വേണ്ടി സത്രങ്ങളായ സത്രങ്ങളിലെല്ലാം ഇടമന്വേഷിക്കുന്ന യോസഫും മറിയയും യെരുശലേമിൽ ദരിദ്രരായ അഭയാർഥികളാണ്. പിന്നീട് ഈജിപ്തിലേക്കുള്ള പലായനം. അഭയം യാചിച്ചുകൊണ്ടുള്ള ദേശാന്തര പ്രയാണം. ക്രിസ്തുവിനോളം ദാരിദ്ര്യത്തിന്റെ പീഡയും പലായനങ്ങളുടെ പൊള്ളലും നിരന്തരം ഏറ്റുവാങ്ങിയ മറ്റാരുണ്ട്?

പറവകളുടെ ആകാശം പോലെയോ കുറുനരികളുടെ മാളം പോലെയോ സുരക്ഷിതമായി അന്തിയുറങ്ങാൻ മനുഷ്യപുത്രന് ഇടമില്ലെന്ന യേശുവിന്റെ വാക്കുകളിൽ, കയറിക്കിടക്കാൻ ഒരു കൂരയില്ലാത്തവന്റെ വേദന നിഴലിക്കുന്നുണ്ട്. പത്രോസിന്റെ പടകിനെ പ്രസംഗപീഠമാക്കി ദരിദ്രരോട് സുവിശേഷം പങ്കുവയ്ക്കുമ്പോൾ, സമൂഹത്തിൽ നിൽക്കാൻ സ്ഥാനമില്ലാത്തവന്റെ സ്വരം കേൾക്കാം. പരീശന്മാർ അയച്ച ആളുകളുടെ സംശയത്തിന് മറുപടി പറയാൻ ഒരു നാണയം കാണിപ്പിൻ' എന്നാവശ്യപ്പെട്ട് മറ്റാരുടെയോ ഒരു നാണയം കടം വാങ്ങേണ്ടിവരുന്നുണ്ട് (ലൂക്കൊ. 20:24) യേശുവിന്. ഒഴിഞ്ഞ പോക്കറ്റുമായി ജീവിക്കുന്നവന്റെ നൊമ്പരം അവിടുത്തേക്ക് മനസിലാകും! വിശന്നപ്പോൾ അത്തിമരത്തിലേക്ക് നോക്കുകയാണ് (മത്താ. 21: 8). അരച്ചാൺ വയറിന്റെ വിശപ്പിന് വലിപ്പമെത്രയെന്ന് യേശുവിന് നന്നായറിയാം.

അനുഗമിക്കാനിച്ഛിക്കുന്നവൻ എല്ലാം വിറ്റ് ദരിദ്രർക്ക് കൊടുത്തതിന് ശേഷം വന്ന് തന്നെ അനുഗമിക്കട്ടെ എന്നതാണ് യേശുവിന്റെ താൽപര്യം. ദരിദ്രന് കൊടുക്കാനുള്ള മനസാണ് ക്രിസ്താനുഗമനത്തിന്റെ പ്രാഥമിക പടികളിലൊന്ന്. ഇനിയും തന്നിലവിശേഷിക്കുന്ന കുറവ് എന്തെന്ന് ധനികനായ ഒരു യുവാവ് ചോദിക്കുമ്പോൾ കർത്താവിന്റെ മറുപടി: ഒരു കുറവ് നിനക്കുണ്ട്; നീ പോയി നിനക്കുള്ളത് എല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്ക; എന്നാൽ നിനക്ക് സ്വർഗത്തിൽ നിക്ഷേപം ഉണ്ടാകും' (മർക്കോ. 10:21; മത്താ. 19:21) എന്നായിരുന്നു. കുമിഞ്ഞുകൂടിയ ധനത്തെയും ദരിദ്രനെ അവഗണിക്കുന്ന മനോഭാവത്തെയും ഒരു കുറവായിട്ടാണ് യേശു കണ്ടത്. ദരിദ്രൻ അവഗണിക്കപ്പെടേണ്ടവനല്ല; പരിഗണിക്കപ്പെടേണ്ടവനാണ്. സൽഗുണങ്ങളിൽ പൂർണത കൈവരുന്നത് ദരിദ്രന് കൊടുക്കുമ്പോഴാണ്.

ന്യായാധിപനെ അസഹ്യപ്പെടുത്തുന്ന ഒരു വിധവയെപ്പറ്റിയുള്ള ഉപമ (ലൂക്കൊ. 18:1-8) ശ്രദ്ധിക്കുക. അയാളുടെ വാതിൽ ആദ്യമാദ്യം അവളുടെ മുമ്പിൽ അടയ്ക്കപ്പെടു



**യാചകരെ പ്രോത്സാഹിപ്പിക്കരുത് എന്ന് പറയുന്ന ആളുകളുണ്ട്. കൊടുത്താൽ അതവർക്ക് വീണ്ടും കൈനീട്ടാൻ പ്രോത്സാഹനമാകുമത്രെ, നൽകാൻ ഇഷ്ടമില്ലാത്തതുകൊണ്ട് മനസാക്ഷിയോട് പറയുന്ന ഒരു എക്സ്ക്യൂസ് ആണിത്.**

കയാണ്. നിസ്വർക്കുനേരെ കൊട്ടിയടയ്ക്കപ്പെടുന്ന നീതിയെ സംബന്ധിച്ച ആവലാതിയുണ്ട്, അടഞ്ഞുകിടക്കുന്ന ആ വാതിലിനു മുമ്പിൽ, അവൾക്കുവേണ്ടി വാദിക്കാൻ ആളില്ല. അഗതിയാണവൾ. ഓരോ നിമിഷവും അഗതികൾക്കുനേരെ കൊട്ടിയടയ്ക്കപ്പെടുന്ന വാതിലുകളെത്രയാണ്? ഭൂമിയിലെതന്നെ രണ്ടാംകിട പൗരന്മാരായാണ് അവർ എപ്പോഴും ഗണിക്കപ്പെടാറുള്ളത്. ചില പ്രധാനയിടങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന ബോർഡ് കണ്ടിട്ടില്ലേ? യാചക നിരോധന മേഖലയെന്ന്? ഭിക്ഷ യാചിക്കാവുന്നതും അല്ലാത്തതുമായ ഇടങ്ങൾ പോലും നിർവചിക്കപ്പെട്ടിരിക്കുന്നു. ആരാണിവിടെ യാചകരല്ലാത്തത്? ഗവൺമെന്റുകൾ വേൾഡ് ബാങ്കിന്റെയും മറ്റ് അന്തർദേശീയ ധനകാര്യ സ്ഥാപനങ്ങളുടെയും പടിക്കൽ കൈനീട്ടി യാചിക്കുന്നു. ഹൈക്ലാസും, മിഡിൽക്ലാസും' വൻകിട ബാങ്കുകളോട് യാചിക്കുന്നു. അതിനും താഴെയുള്ളവർ അവർക്ക് കിട്ടാവുന്ന ഇടങ്ങളിൽ... അങ്ങനെ എല്ലാവരും യാചകരും ദരിദ്രരുമാകുമ്പോൾ, പിന്നെയെന്തിനാണ് യാചക നിരോധന മേഖലകൾ? കൊടുക്കാൻ മനസില്ലാത്തതുകൊണ്ട്, അല്ലേ?

യാചകരെ പ്രോത്സാഹിപ്പിക്കരുത് എന്ന് പറയുന്ന ആളുകളുണ്ട്. കൊടുത്താൽ അതവർക്ക് വീണ്ടും കൈനീട്ടാൻ പ്രോത്സാഹനമാകുമത്രേ, നൽകാൻ ഇഷ്ടമില്ലാത്തതുകൊണ്ട് മനസാക്ഷിയോട് പറയുന്ന ഒരു 'എക്സ്ക്യൂസ്'' ആണിത്. മുമ്പിൽ വന്ന് കൈനീട്ടുന്നവർക്ക് വല്ലപ്പോഴും കൊടുക്കുന്നത് തന്നെ എത്ര വേഗത്തിലാണ്. എന്തെങ്കിലും നൽകി പെട്ടെന്ന് പറഞ്ഞുവിടുകയാണ്! പക്ഷേ, കർത്താവ് പറയുന്നത്, നിന്നോട് യാചിക്കുന്നവന് കൊടുക്ക; വായ്പ വാങ്ങുവാൻ ഇച്ഛിക്കുന്നവനെ ഒഴിഞ്ഞുകളയരുത് (മത്താ. 5:42) എന്നാണ്. ദരിദ്രനോടുള്ള നമ്മുടെ മനോഭാവം സഹതാപത്തിന്റെ ചില ചില്ലിക്കാശുകൾക്ക് മീതേയ്ക്ക് വികസിക്കാത്തതെന്താണ്? എന്നിൽ നിന്ന് എന്നിലും ദരിദ്രനായവനിലേക്ക് സൂക്ഷിക്കപ്പെടുന്ന അകലം എത്രയാണ്? ദരിദ്രനിലേക്കുള്ള ദൂരം ക്രിസ്തുവിലേക്കുള്ള ദൂരമാണ്. ദരിദ്രനോട് സൂക്ഷിക്കുന്ന അകലത്തിന്റെ നേർരേഖ ചെന്നു നിൽക്കുന്നത്, ഒരു തുണ്ടുതുണിയുമായി മരണത്തെ പുൽകുന്ന ക്രൂശിതന്റെ അടുക്കലാണ്. ഇവിടെ വിടവ് വർധിക്കുന്നു.



ഗ്ലാഡ്സൺ പാറയിൽ

**ഇംഗ്ലണ്ടിലെ ടെഡ്‌വർത്തിലെ കൊട്ടാരത്തിൽ ജനിച്ച് ആഫ്രിക്ക യിലെ കുടിലിൽ മരിച്ച് ആഫ്രിക്കൻ നരഭോജികളുടെ ഹൃദയ ത്തിൽ രാജാവായി വാണ സ്റ്റഡ് ക്രൈസ്തവലോകത്തെ വളരെ യധികം സ്വാധീനിച്ച വ്യക്തിത്വമായിരുന്നു.**

# സി.റ്റി.സ്റ്റഡ്

## ദൈവത്തിന്റെ ബാറ്റ്സ്മാൻ

സി. റ്റി. സ്റ്റഡിന്റെ പിതാവ് എഡ്വേർഡ് സ്റ്റഡ് ബ്രിട്ടീഷ് അധിനിവേശ ഇന്ത്യയിലെ അന വധി തേയില തോട്ടങ്ങളുടെ ഉടമയായിരുന്നു. ഏറെ കാലത്തിന് ശേഷം അതൊക്കെ വിറ്റ് ഇംഗ്ലണ്ടിലെ ടെഡ്‌വർത്തിൽ കൊട്ടാര സദൃശമായ ഭവനത്തിൽ സകല സുഖസൗകര്യങ്ങളോടുംകൂടെ ജീവിക്കുമ്പോൾ ഒരിക്കൽ ഡി.എൽ.മൂഡിയുടെ പ്രസംഗം കേട്ട് രക്ഷിക്കപ്പെട്ടു. ക്രിക്കറ്റും നായാട്ടും, പന്തയക്കുതിര മത്സരവും ആവേശമായിരുന്ന എഡ്വേർഡ് സ്റ്റഡ് തന്റെ പ്രസിദ്ധമായ 20 കുതിരകളിൽ 10 എണ്ണത്തേയും വിറ്റശേഷമുള്ള ജീവിതം മിഷനറിമാർക്ക് അവസരവും, സൗകര്യവുമൊരുക്കി തന്റെ ജീവിതത്തിന്റെ മുൻഗണനകൾ തിരുത്തിക്കുറിച്ചു.

തന്റെ മക്കളായ ജോണും, ജോർജ്ജും, ചാൾസും യേശുക്രിസ്തുവിന് ജീവിതം സമർപ്പിക്കണം എന്നതായി രുന്നു തന്റെ അടുത്ത അഭിലാഷം. ഇംഗ്ലണ്ടിലെ ധനാഢ്യർ മാത്രം പഠിക്കുന്ന ഏറ്റൺ സ്കൂൾ വിദ്യാർഥികളാണവർ. അവധിക്കാലം ചെലവഴിക്കാൻ വീട്ടിലെത്തിയ മൂന്നു പേ രോടും അവിടെ അതിഥിയായി താമസിച്ചിരുന്ന ഒരു മിഷ നറി സുവിശേഷം പങ്കുവെക്കുകയും അവർ മൂവരും കർത്താ വിനെ രക്ഷിതാവായി അംഗീകരിക്കുകയും ചെയ്തു.

വീണ്ടും ജനനത്തിന്റെ പുത്തൻ ഉണർവും ആവേ ശവുമായി സ്കൂൾ ഹോസ്റ്റലിലേക്ക് മടങ്ങിപ്പോയ അവർ അവിടെ ഒരു ബൈബിൾ ക്ലാസ് ആരംഭിക്കുകയും അത് അനേകം കുട്ടികളുടെ ആത്മരക്ഷക്ക് കാരണമായിത്തീരു കയും ചെയ്തു. എന്നാൽ അധികം താമസിയാതെ തന്നെ ക്രിക്കറ്റിന്റെ മാസ്മരീകത തലക്കുപിടിച്ച സ്റ്റഡ് സഹോദര ന്മാർ ക്രിസ്തുപാതയിൽ നിന്നും ക്രമേണ വഴുതി പോവു കയും പ്രശസ്തിക്കും, മഹത്വത്തിനും വേണ്ടി യാത്ര തുട രുകയും ചെയ്തു.

1879 ൽ കോളേജ് ടീം ക്യാപ്റ്റനായി തിളങ്ങിയ ചാൾസ് സ്റ്റഡിനെക്കുറിച്ച് ഒരു ഇംഗ്ലീഷ് ദിനപത്രം ഇങ്ങനെ എഴു തി:' ഹാരോ–ഏറ്റൺ മൽസരത്തിൽ ഏറ്റവും തിളങ്ങിയത് സി.റ്റി.സ്റ്റഡ് ആണ്, ഈ യുവാവ് ഒരിക്കൽ ഇംഗ്ലണ്ടിന്റെ അഭിമാനമായി മാറും. ഏറ്റൺ കോളേജിലെ പഠനത്തിനു ശേഷം പ്രസിദ്ധമായ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ ഉപരിപഠനത്തിനായി ചേർന്ന ചാൾസ് അവിടെയും ക്രിക്കറ്റ് ടീമിലെ താരമായി മാറി. കേംബ്രിഡ്ജും, ജെന്റിൽമെൻ ഓഫ് ഇംഗ്ലണ്ടുമായി നടന്ന വാശിയേറിയ മൽസരത്തിൽ തങ്ങൾ നേടിയ 362 റൺസിൽ 267 ഉം ചാൾസ് സ്റ്റഡും, സഹോദരൻ ജോൺ സ്റ്റഡും ചേർന്നാണ് നേടിയത്. അപ്പോൾ ലില്ലി വൈറ്റ് ക്രിക്കറ്റ് റിക്കോർഡ് ഇങ്ങനെ രേഖപ്പെടുത്തി: ഈ ചെറുപ്രായത്തിൽ ഇത്ര മികച്ച പ്ര കടനം നടത്തിയ ഒരാൾ ക്രിക്കറ്റ് ചരിത്രത്തിൽ ഉണ്ടാ കുമോ എന്നത് സംശയമാണ്.''

1882 ൽ ഇംഗ്ലണ്ട് സന്ദർശിച്ച ഓസ്ട്രേലിയൻ ടീം കേംബ്രിഡ്ജ് ടീമുമായി ഒരു മാച്ച് കളിക്കാൻ താൽപര്യം പ്രകടിപ്പിച്ചു. കേംബ്രിഡ്ജ് ടീം ദയനീയമായി പരാജയ പ്പെടും എന്ന് ബോദ്ധ്യം ഉണ്ടായിരുന്ന യൂണിവേഴ്സിറ്റി അങ്ങനെയൊരു നാണക്കേട് ഒഴിവാക്കാൻ ആ മാച്ച് വേണ്ട എന്ന് തീരുമാനിക്കുകയാണ് ചെയ്തത്. എന്നാൽ ടീം



ക്യാപ്റ്റനായ ജോണിന്റേയും, ചാൾസിന്റേയും നിർബന്ധത്തിന് വഴങ്ങി ഒടുവിൽ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി ടീമിന്, ഓസ്ട്രേലിയയുമായി മാച്ച് കളിക്കുവാൻ അനുമതി നൽകി. പ്രതീക്ഷിച്ചിരുന്ന വമ്പൻ പരാജയത്തിനുപകരം സി.റ്റി. സ്റ്റഡ് പിച്ചിലെ മാന്ത്രികനായി മാറുകയായിരുന്നു.

ഓസ്ട്രേലിയൻ ടീം ടോസ് നേടി ബാറ്റിംഗ് ആരംഭിച്ചു. ഓപ്പണർ ആയ മാസിയുടെ ബാറ്റിൽനിന്ന് റൺസുകൾ വെടിയുണ്ടകൾ പോലെ ചീറിപാഞ്ഞുകൊണ്ടിരുന്നു. എന്നാൽ അധികം താമസിക്കുന്നതിനുമുമ്പേ ചാൾസിന്റ ബോൾ മാസിയുടെ വിക്കറ്റ് തെറിപ്പിച്ചു. ഓസിസിന്റെ തകർച്ചയുടെ തുടക്കമായിരുന്നു അത്. കേംബ്രിഡ്ജിന്റ രണ്ടാം ഇന്നിംഗ്സ് ആരംഭിച്ചപ്പോൾ 168 റൺസിന്റെ വിജയലക്ഷ്യമായിരുന്നു മുമ്പിലുണ്ടായിരുന്നത്. ചാൾസിന്റ സഹോദരന്മാരായ ജോണും, ജോർജ്ജും നേടിയ 106 റൺസും മറ്റ് അംഗങ്ങളുടെ 42 റൺസും കൈമുതലായിരുന്ന കേംബ്രിഡ്ജ് ടീം ചാൾസിനെ കളിക്കളത്തിലേക്കിറിക്കിയപ്പോൾ അത്ഭുതം പ്രതീക്ഷിച്ചിരുന്നില്ല. എന്നാൽ ചാൾസിന്റെ ക്രിക്കറ്റ് ജീവിതത്തിലെ ഏറ്റവും മനോഹരമായ ഒരു ദിവസമായിരുന്നു അത്. തന്റെ കരങ്ങളിൽ ക്രിക്കറ്റ് ബാറ്റ് ഒരു മാന്ത്രിക വടിയായി പരിണമിക്കുകയായിരുന്നു. നിർണ്ണായകമായ 15 റൺസ് ഓസീസ് ടീമിനുമേൽ നേടി കേംബ്രിഡ്ജിനെ വിജയ കിരീടമണിയിച്ചപ്പോൾ ഇംഗ്ലണ്ടിലെ ക്രിക്കറ്റ് പ്രേമികളുടെ ഹൃദയങ്ങളിൽ ചാൾസ് തോമസ് സ്റ്റഡ് എന്ന സി.റ്റി. സ്റ്റഡ് സിംഹാസനസ്ഥനാവുകയായിരുന്നു. ഈ ചരിത്രവിജയത്തിലൂടെ ക്രിക്കറ്റ് പ്രേമികളുടെ രാജകുമാരനായി മാറിയ സ്റ്റഡിനെ ഇംഗ്ലണ്ട് ടീമിൽ തെരഞ്ഞെടുത്തു. പിന്നീട് ഓസ്ട്രേലിയയുമായി നടന്ന മറ്റൊരു കളിയിൽ അപ്രതീക്ഷിതമായ ദയനീയ തോൽവി അടഞ്ഞ ചാൾസ് ഉൾപ്പെട്ട ഇംഗ്ലണ്ട് ടീം ചാരമായെന്ന് മാധ്യമങ്ങൾ തലക്കെട്ട് നിരത്തിയപ്പോൾ ക്രിക്കറ്റ് ചരിത്രത്തിലെ ആഷസ് പരമ്പരയുടെ തുടക്കം കുറിക്കുകയായിരുന്നു.

പിന്നീടങ്ങോട്ട് പണത്തിനും, പേരിനും, പ്രശസ്തിക്കും വേണ്ടി സ്റ്റഡ് പായുകയായിരുന്നു. സുഖസൗകര്യങ്ങളും ആഡംബരങ്ങളും മഹത്വവും തന്നെ പിൻതുടർന്നപ്പോൾ കർത്താവിനേയും, താനെടുത്ത ആത്മിക തീരുമാനങ്ങളും പാടെ മറന്നു. ഒരിക്കൽ, താൻ വളരെയധികം സ്നേഹിച്ച ജ്യേഷ്ഠൻ ജോർജ്ജിന്റെ മരണശയ്യക്കരികിൽ നിന്ന് ജീവിതത്തിന്റെ നൈമിഷികതയും, യൗവനമോഹങ്ങളുടെ അർഥരാഹിത്യവും പുനരവലോകനം ചെയ്തപ്പോൾ നഷ്ടപ്പെടുത്തിയ 6 വർഷത്തെ ലോകജീവിതത്തെക്കുറിച്ച് കുറ്റബോധമുണ്ടായി. കർതൃകരങ്ങളിൽ തന്റെ ജീവിതത്തെ പുനഃപ്രതിഷ്ഠിച്ച് താനിപ്രകാരം പറഞ്ഞു: ദൈവമേ, കഴിഞ്ഞ 6 വർഷക്കാലം ഞാൻ തികഞ്ഞ പരാജയമായിരുന്നു. നിന്നിൽനിന്നകന്ന് പാപത്തിന്റെ വഴികളിലൂടെ ജീവിച്ചു. എന്റെ ജീവിതത്തിൽ അങ്ങേക്ക് ഒന്നാം സ്ഥാനം നൽകാൻ കഴിയാതെ ക്രിക്കറ്റിനെ സ്നേഹിച്ചു. ഞാൻ എന്റെ പാപത്തെ ഏറ്റുപറയുകയും എന്റെ ജീവിതത്തെ നിനക്കായി സമ്പൂർണ്ണമായി സമർപ്പിക്കുകയും ചെയ്യുന്നു.''

പിന്നീടുള്ള ദിനങ്ങളിൽ ഡി.എൽ. മൂഡിയുടെ പ്രസംഗങ്ങൾ ശ്രവിക്കാനായി തന്റെ ക്രിക്കറ്റ് സുഹൃത്തുക്കളെ നിർബന്ധിച്ചതിനാൽ അവരിൽ പലരും കർത്താവിനെ സ്വന്തം രക്ഷിതാവായി സ്വീകരിക്കുവാൻ വഴിയൊരുങ്ങി. ഒരു പാപി നരക ശിക്ഷയിൽനിന്നും സ്വർഗ്ഗീയ പൈതലായി മാറ്റപ്പെടുന്ന സന്തോഷത്തെ ഓർത്തുകൊണ്ട് താൻ പറഞ്ഞത് ഇപ്രകാരമാണ്:'ക്രിക്കറ്റിൽ നിരവധി ചരിത്ര വിജയങ്ങൾക്ക് ഞാൻ പങ്കാളി ആയിട്ടുണ്ട്. എന്നാൽ ഒരു വ്യക്തിയെ യേശുക്രിസ്തുവിലേക്ക് നയിക്കുമ്പോൾ ലഭിക്കുന്ന സന്തോഷം അതിനോട് തുല്യമാകയില്ല. സിക്സറുകൾ അടിച്ചുപറത്തുമ്പോഴും, ശക്തമായിരുന്ന വിക്കറ്റുകൾ തെറിപ്പിക്കുമ്പോഴും കേൾക്കുന്ന വമ്പിച്ച ജനാവലിയുടെ കരഘോഷങ്ങളേക്കാളധികം പിന്നീട് സ്റ്റഡിനെ പുളകിതനാക്കിത്തീർത്തത്, ഒരു പാപി രക്ഷിക്കപ്പെടുമ്പോൾ

കർത്താവ് തന്റെ ഹൃദയത്തിൽ മൊഴിയുന്ന 'നല്ലവനും വിശ്വസ്തനുമായ ദാസനേ" എന്ന മൃദുമന്ത്രണമായിരുന്നു.

ഒരിക്കൽ ചൈനയിൽ മിഷനറിയായി പ്രവർത്തിക്കുന്ന മാക് അർതറിൽനിന്ന് ചൈനയിലെ പ്രവർത്തനങ്ങളെ പ്പറ്റി കേൾക്കുവാൻ സ്റ്റഡിന് സാധിച്ചു. ജനസംഖ്യയിൽ ലോകത്തിലെ ഏറ്റവും വലിയ രാജ്യം. നിത്യനാശത്തി ലേക്കടുക്കുന്ന വലിയ ജനസമൂഹം, വിരലിലെണ്ണാവുന്ന മിഷനറിമാർ, ദൈവത്തിന് ചൈനയിലേക്ക് മിഷനറിമാരെ ആവശ്യമുണ്ട്.' ഈ വാക്കുകളിൽകൂടെ പരിശുദ്ധാത്മാവ് തന്റെ നിയോഗത്തെപ്പറ്റി ബോദ്ധ്യപ്പെടുത്തി. പക്ഷെ താൻ എപ്പോഴും കൂടെയുണ്ടായിരിക്കും എന്നാഗ്രഹിക്കുന്ന രോഗിയായിരിക്കുന്ന പ്രിയ മാതാവിനെ വിട്ടുപോകുന്ന തായിരുന്നു ഏറ്റവും വലിയ വിഷമം. എനിക്ക് നിന്നെ പിരിഞ്ഞിരിക്കുവാൻ സാധിക്കുകയില്ല. എന്നെ ഉപേക്ഷിച്ച് നീ പോകരുത് എന്ന മാതാവിന്റെ യാചനാസ്വരം മറികടക്കു വാനും സ്റ്റഡിന് കഴിയുമായിരുന്നില്ല. എന്നാൽ എന്നേക്കാൾ അധികം അപ്പനേയോ, അമ്മയേയോ പ്രിയപ്പെടുന്നവൻ എനിക്ക് യോഗ്യനല്ല എന്ന തിരുവചന വാക്യത്തിലൂടെ ദൈവം സ്റ്റഡിനോട് സംസാരിച്ചു. അടുത്ത ദിവസം തന്റെ തീരുമാനം മാതാവിനോടു പറഞ്ഞു. സ്റ്റഡിന്റെ സഹോദര ന്മാരും കുടുംബാംഗങ്ങളും സുഹൃത്തുക്കളും ഒരുപോലെ സ്റ്റഡിനെ നിരുത്സാഹപ്പെടുത്തുകയും, ഇംഗ്ലണ്ടിൽതന്നെ കർത്താവിന്റെ വേല ഫലപ്രദമായി ചെയ്യുവാൻ കഴിയു മല്ലോ എന്ന് അഭിപ്രായപ്പെടുകയും ചെയ്തു. എന്നാൽ ചാൾസ് സ്റ്റഡിന്റെ തീരുമാനം കർത്താവേ ഞാൻ മറ്റൊ ന്നിനേയും സ്നേഹിക്കുന്നില്ല. നിന്റെ കല്പനകൾ അനു സരിക്കുന്നതിന് മറ്റൊന്നും തടസ്സമായി നിൽക്കുകയില്ല എന്നതായിരുന്നു.

ഈ സമയത്ത് ചൈനയിൽ മിഷനറിപ്രവർത്തനം നടത്തുന്ന ചൈനാ ഇൻലാന്റ് മിഷന്റെ സ്ഥാപകനായ ഹഡ്സൺ ടെയ്ലറുമായി സംസാരിക്കുവാനും അവിടുത്തെ പ്രവർത്തനത്തിന്റെ സാദ്ധ്യതകളും, വെല്ലുവിളികളും, ആവ ശ്യവും മനസ്സിലാക്കുന്നതിനും കഴിഞ്ഞു. ഇംഗ്ലണ്ടിന്റെ ക്രിക്കറ്റ് രോമാഞ്ചമായ സി.റ്റി. സ്റ്റഡിന്റെ ചൈനയിലേക്കുള്ള മിഷനറി ദൗത്യം യൂണിവേഴ്സിറ്റികളിലെ വിദ്യാർഥികളു ടെ ഇടയിൽ വൻ ചർച്ചാവിഷയമായി. കേംബ്രിഡ്ജിലും, ഓക്സ്ഫോർഡിലും, മറ്റ് കോളേജുകളിലും പ്രത്യേക യാത്രയയപ്പ് മീറ്റിംഗുകൾ സംഘടിപ്പിക്കപ്പെട്ടു. സ്റ്റഡിന്റെ സാക്ഷ്യം അനേക യുവജനങ്ങളുടെ വീണ്ടും ജനനത്തിന് കാരണമായി. പ്രശസ്തമായ പല ഇംഗ്ലീഷ് ദിനപത്രങ്ങളും സ്റ്റഡിന്റെ ചൈനായാത്ര പ്രാധാന്യം കൊടുത്ത് പ്രസിദ്ധീ കരിച്ചു. വിക്ടോറിയാ രാജ്ഞിയുടെ ശ്രദ്ധയിൽ പോലും ആ സംഭവം പ്രാധാന്യമുള്ളതായി തോന്നി. കേംബ്രിഡ് ജിലെ യാത്രയയപ്പിനുശേഷം താൻ ചരിത്രവിജയങ്ങൾ കൊയ്തെടുത്ത ക്രിക്കറ്റ് പിച്ചിനോടുള്ള വിടപറയൽ വികാരഭരിതമായിരുന്നു. പിന്നീട് തന്റെ ബന്ധുമിത്രാദി കളെ ഓരോരുത്തരായി ചുംബിച്ച് യാത്രപറഞ്ഞു. പ്രിയ മാതാവ് വളരെനേരം തുളുമ്പിയ കണ്ണുകളുമായി തന്റെ പ്രിയപ്പെട്ട മകനെ ആലിംഗനം ചെയ്തു നിന്നു. പിന്നെ നിന്റെ പിതാവിന്റെ ദൈവം നിന്നെ കാക്കുമാറാകട്ടെ എന്നാശംസിച്ചു. മമ്മിയെ സ്റ്റഡ് പ്രാർഥിച്ച് ദൈവകരങ്ങ ളിൽ സമർപ്പിച്ചപ്പോൾ കൂടിനിന്ന എല്ലാവരുടേയും കണ്ണു കൾ നിറഞ്ഞു. അങ്ങനെ ജീവിതം പൂർണ്ണമായി ദൈവ കരങ്ങളിൽ എറിഞ്ഞുകൊടുത്ത് സഹപ്രവർത്തകരായ 6 മിഷനറിമാരോടുകൂടെ അറ്റ്ലാന്റിക്കിന്റെ ഓളപ്പരപ്പിലൂടെ ചൈനയെ ലക്ഷ്യമാക്കി നീങ്ങി. ഹഡ്സൺ ടെയ്ലറിന്റെ ചൈന ഇൻലാന്റ് മിഷൻ പ്രവർത്തകർ സ്റ്റഡിനേയും, സുഹൃ



ത്തുക്കളേയും സ്വീകരിക്കുവാൻ അവിടെ ഉണ്ടായിരുന്നു.

ചൈനക്കാരെ ക്രിസ്തുവിനായി നേടണമെങ്കിൽ നിങ്ങൾ അവരിലൊരാളായി മാറണം, അവരുടെ ഭാഷ, വസ്ത്രധാരണം, ഭക്ഷണം എന്നിവയെല്ലാം നിങ്ങൾ ശീലി ക്കണം. ടെയ്ലറുടെ വാക്കുകൾ അവർ അക്ഷരംപ്രതി അനുസരിച്ചു. പന്നിവാലുപോലെ പിറകിൽ കെട്ടിയ തല മുടിയും, പാവാടപോലെയുള്ള വസ്ത്രവും, പുഴുങ്ങിയെ ടുത്ത കിഴങ്ങുകളും, കുടിലുകളിലുള്ള വാസവും, മറ്റ് പ്ര കൃതിയുടെ പ്രതികൂലങ്ങളും, രോഗങ്ങളും ഇംഗ്ലണ്ടിന്റെ സമ്പന്നതയിൽ വളർന്ന അവർ മനസ്സോടെ ആസ്വദി ച്ചു. സ്വന്തം മാതാപിതാക്കൾക്കുപോലും തിരിച്ചറിയാൻ കഴിയാത്തവിധത്തിൽ അവർ സമൂലമായി, മനപ്പൂർവം ക്രിസ്തുവിനെ ചൈനക്ക് നൽകേണ്ടതിനായി അന്നാ ട്ടുകാരോട് താദാത്മ്യം പ്രാപിച്ചു. അവരുടെ പ്രവർത്ത ന മേഖലയായ പിങ്ങ്യാങ്ങിലെത്തുവാനായി വീണ്ടും അനേകം വൈതരണികൾ തരണം ചെയ്യണമായിരുന്നു. അനേക മൈലുകളോളം കാൽനടയായും, കഴുതപ്പുറത്തും, ചെറുതോണിയിലുമൊക്കെ യാത്രതുടർന്നു. കാലുകളിലെ മുറിവുകൾ നഗ്നപാദനായി ചെളിയിൽ കൂടെ നടന്നതു കൊണ്ട് വ്രണമായി പരിണമിച്ചു. തന്റെ വലിയ കാലിന് പാകമായ ചെരിപ്പുകൾ ചൈനയിൽ ലഭിക്കുകയില്ലായിരു ന്നു. കൊടും ചൂടിൽ കാലുകൾ വെന്തുരുകി വിണ്ടുകീറി. ഒടുവിൽ പിങ്ങ്യാങ്ങിൽ ചെന്നെത്തി. സുവിശേഷം ഒരി ക്കൽ പോലും കേട്ടിട്ടില്ലാത്ത അനേകായിരം ജനങ്ങളു ടെ മുഖം സ്റ്റഡിന് ആവേശമായി. വളരെ ദൈവകൃപയും, കർത്താവിന്റെ സഹിത്വവും അനുഭവിച്ച ദിനങ്ങളായിരുന്നു അവ. ചൈനയുടെ ഗ്രാമങ്ങളുടെ നേർക്കാഴ്ച തന്റെ ജീവി തത്തിൽ സുഖസൗകര്യങ്ങൾക്ക് ഇനിമേൽ സ്വാധീനമില്ല എന്ന് തീരുമാനിക്കുവാൻ കാരണമായി.

1887 ജനുവരി 19 ന് തനിക്ക് 25 വയസ്സ് തികഞ്ഞു. തന്റെ പിതാവ് തന്റെ പേർക്ക് എഴുതിത്തന്ന പിതൃസ്വത്തിൽ 29,000 പൗണ്ട് തനിക്ക് ലഭിച്ചു. അതിൽ ഡി.എൽ. മൂഡിക്ക് അയച്ചുകൊടുത്ത 5000 പൗണ്ട് കൊണ്ട് അദ്ദേഹം ചിക്കാ ഗോയിൽ മൂഡി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചു.

**ദൈവ സ്നേഹവും, സ്വർഗീയ ദർശനവും ലോക സ്നേഹിയായ ഒരു വ്യക്തിയിൽ എത്രത്തോളം മാറ്റം വരുത്തും എന്നതിന് ചാൾസ് തോമസ് സ്റ്റഡ് മാതൃകയാണ്. ലോകപ്രകാരം പ്രശസ്തിയുടേയും, സമ്പന്നതയുടേയും മടിത്തട്ടിൽ ജീവിതം നയിക്കാമായിരുന്ന സ്റ്റഡ്, തന്നെ സ്നേഹിച്ച ദൈവത്തെ മുഖാമുഖം ദർശിച്ചപ്പോൾ അനശ്വരമായ നിത്യതക്കുവേണ്ടി ലോകത്തെ പാടേ ഉപേക്ഷിച്ച് സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിക്കുന്നവനായിത്തീർന്നു.**

ജോർജ്ജ് മുള്ളറിന്റെ അനാഥശാലയ്ക്കും പ്രവർത്തനങ്ങൾക്കുമായി മറ്റൊരു 5000 പൗണ്ട് നൽകി. ലണ്ടനിലെ ജോർജ്ജ് ഹോളണ്ടിനും, ഇന്ത്യയിലെ സാൽവേഷൻ ആർമി പ്രവർത്തനങ്ങൾക്കുമായി 10,000 പൗണ്ട് നൽകി. 6000 പൗണ്ട് ചൈന ഇൻലാന്റ് മിഷന്റെ പ്രവർത്തനങ്ങൾക്കായും ബാക്കി 3000 പൗണ്ട് ഒരു പ്രത്യേക ആവശ്യത്തിനായും മാറ്റിവച്ചു. 25 വയസ്സായപ്പോഴേക്കും ഭൂമിയിലെ സമ്പാദ്യം മുഴുവൻ കർത്താവിന് തിരിച്ചുനൽകിയ സ്റ്റഡിനോട് തന്നെ സ്നേഹിച്ചിരുന്നവർ ചോദിച്ചു: ഇനി എങ്ങനെ ജീവിക്കും? തന്റെ മറുപടി ഇപ്രകാരമായിരുന്നു: എന്നെ അനുഗമിക്കാൻ എന്നോട് ആവശ്യപ്പെട്ടത് ദൈവമായ യേശുക്രിസ്തുവാണ്, അവൻ വാഗ്ദത്തങ്ങളിൽ വിശ്വസ്തനായവനാണ്, അവനിൽ ഞാൻ പൂർണ്ണമായും ആശ്രയിക്കുന്നു അങ്ങനെ തനിക്കുള്ളതൊക്കെയും സുവിശേഷ പ്രവർത്തനങ്ങൾക്കായി വീതിച്ചുനൽകി താൻ സ്വർഗത്തിൽ നിക്ഷേപം സ്വരൂപിച്ചു.

പിന്നീട് തന്റെ ചൈനയിലെ പ്രവർത്തനങ്ങളിൽ ചേർന്ന് പ്രവർത്തിച്ച പ്രിസ്കില്ലയെ വിവാഹം കഴിച്ചപ്പോൾ ബാക്കിയുണ്ടായിരുന്ന 3000 പൗണ്ട് അവൾക്ക് സമ്മാനമായി നൽകി. എന്നാൽ താനും സർവ്വവും ക്രിസ്തുവിന് സമർപ്പിച്ച ദൈവപുരുഷന് സമാന ഹൃദയമുള്ളവളാണെന്ന് തെളിയിച്ചുകൊണ്ട് ആ പണവും ഇന്ത്യയിലെ സാൽവേഷൻ ആർമിയുടെ സുവിശേഷവേലയ്ക്കുവേണ്ടി നൽകുവാൻ അവൾ തീരുമാനിക്കുകയായിരുന്നു.

അങ്ങനെ പൂർണ്ണമായി ദൈവത്തിലാശ്രയിച്ചുകൊണ്ട് ആ മിഷനറികുടുംബം ചൈനയെ സുവിശേഷീകരിക്കുവാൻ ഇറങ്ങിപ്പുറപ്പെട്ടു. ചൈനയിലെ സാധാരണക്കാർ വിദേശമിഷനറികളെ കണ്ടിരുന്നത് പിശാചുക്കളെപ്പോലെയായിരുന്നു. കല്ലേറും മർദ്ദനവും പരിഹാസവും അവർക്ക് പരിചിതമായി മാറി. ആരും അവർക്ക് താമസിക്കുവാൻ ഒരു വീട് നൽകുവാൻ തയ്യാറായില്ല. ഒടുവിൽ പ്രേതബാധ ഉണ്ടെന്ന് ജനം കരുതിയിരുന്ന ഒരു തകർന്ന് കിടന്ന വീട് അവർക്ക് ലഭിച്ചു. കുറെ കഴിഞ്ഞപ്പോൾ അവിടെ വരൾച്ച ഉണ്ടായത് സ്റ്റഡ് കുടുംബത്തിന്റെ സാന്നിദ്ധ്യം കൊണ്ടാണെന്ന് ആരോപിച്ച് അക്രമാസക്തരായ ജനം അവരുടെ വീട് കല്ലെറിഞ്ഞ് തകർത്തു. അതിനിടയിൽ പ്രിസ്കില്ലക്ക് ആദ്യത്തെ പ്രസവവേദന ആരംഭിച്ചു. അടുത്തെങ്ങും ആശുപത്രിയോ ഡോക്ടറോ മരുന്നോ ലഭ്യമല്ല. കർതൃകരങ്ങളിൽ ഭാര്യയെ സമർപ്പിച്ച് സ്റ്റഡ് പ്രാർഥനാനിരതനായി. ഒടുവിൽ വ്യാകുലങ്ങൾക്ക് അറുതിവരുത്തിക്കൊണ്ട് അവരുടെ ആദ്യമകൾ ജനിച്ചു. അതിനുശേഷം പ്രിസ്കില്ലയുടെ ആരോഗ്യം നഷ്ടപ്പെട്ട് മരണവക്കോളമെത്തി. അന്നും സ്റ്റഡിന്റെ ഹൃദയമുരുകിയ പ്രാർഥന പ്രിസ്കില്ലക്ക് സൗഖ്യം നൽകി. പിന്നീട് മാറി മാറി വന്ന വ്യത്യസ്തങ്ങളായ അസുഖങ്ങളാൽ ഇരുവരുടേയും ആരോഗ്യം വഷളായിക്കൊണ്ടിരുന്നു. ഒരിക്കൽ സ്റ്റഡിന്റ ശ്വാസതടസം അതികലശലായി. താൻ ഭൂമിയിൽനിന്ന് മാറ്റപ്പെടുവാൻ പോവുകയാണെന്ന് എല്ലാവർക്കും തോന്നി. എന്നാൽ ബലഹീനമായ കൈകൾ ഉയർത്തി തനിക്കുവേണ്ടി പ്രാർഥിക്കുവാൻ പ്രിസ്കില്ലയോട് ആവശ്യപ്പെടുകയും അങ്ങനെ ചെയ്തപ്പോൾ അത്ഭുതകരമായ രോഗസൗഖ്യം തനിക്ക് തൽക്ഷണം ലഭിക്കുകയും ചെയ്തു. വളരെ ആരോഗ്യം ക്ഷയിച്ചവരായിത്തീർന്ന ഇരുവരും ഇംഗ്ലണ്ടിലേക്ക് മടങ്ങിപ്പോയി ആവശ്യമായ ചികിത്സകൾ ചെയ്യണമെന്ന് സഹപ്രവർത്തകർ നിർബന്ധിച്ചുകൊണ്ടിരുന്നു. എങ്കിലും ദൈവഹിതത്തിനായി അവർ ക്ഷമയോടെ കാത്തിരുന്നു. വ്യക്തമായി ദൈവഹിതം വെളിപ്പെട്ടപ്പോൾ 10 വർഷത്തിനുശേഷം വീണ്ടും മടങ്ങിവരാം എന്നുള്ള പ്രതീക്ഷയോടുകൂടെ ലൂഗാങ്ങ്ഹൂ ഗ്രാമം വിട്ടു. അവരെ കല്ലെറിഞ്ഞ് കൊല്ലണം എന്ന് ആരംഭത്തിൽ തീരുമാനിച്ചിരുന്ന ദേശവാസികൾ അന്ന് അവരെ കണ്ണുനീരോടുകൂടെയാണ് യാത്രയയച്ചത്.

സ്വന്തദേശത്തെത്തിയ അവർക്ക് വിശ്രമവും, ചികിത്സയും അത്യാവശ്യമായിരുന്നു. പട്ടിണിയും, ദാരിദ്രവും, കഠിനാദ്ധ്വാനവും ഇരുവരുടേയും ശരീരത്തെ മരണത്തോളം എത്തിച്ചിരുന്നു. എങ്കിലും ആത്മദാഹിയായ ആ പ്രേഷിതന്റെ മനസ്സ് ചൈനയിലെ തെരുവീഥിയിൽ കൂടെ നശിച്ചുപോകുന്ന ആത്മാക്കളെ തേടി അലയുകയായിരുന്നു. ഒരിക്കൽ ആത്മാക്കൾക്കായുള്ള ദാഹത്തെ വിശദീകരിക്കാൻ ശ്രമിച്ചതിപ്രകാരമാണ്. യഥാർഥ ക്രിസ്ത്യാനിത്വം വസൂരിപോലെയാണ്, ഒരിക്കൽ നിങ്ങളെ ബാധിച്ചുകഴിഞ്ഞാൽ അത് മറ്റുള്ളവരിലേക്ക് പകരപ്പെടും.''

അൽപ്പം ശാരീരികമായ ആശ്വാസം ഇരുവർക്കും ലഭിച്ചുകഴിഞ്ഞപ്പോൾ ഒരുദിവസം പിതാവിന്റെ സുഹൃത്തായ വിൻസെന്റ് ഇപ്രകാരം പറഞ്ഞു. ഇന്ത്യയിൽ പോയി സുവിശേഷം അറിയിക്കണം എന്നതായിരുന്നു നിന്റെ പിതാവിന്റെ അന്ത്യാഭിലാഷം. അത് സാധിക്കാതെയാണ് അദ്ദേഹം മരിച്ചത്. നിങ്ങൾ ആ ദൗത്യം ഏറ്റെടുക്കണം. തന്റെ പിതാവ് സ്നേഹിച്ച ഇന്ത്യയിൽ സുവിശേഷം അറിയിക്കണം എന്ന ആഗ്രഹം സ്റ്റഡിലും മുളപൊട്ടി. ദൈവത്തിന്റെ വ്യക്തമായ നടത്തിപ്പ് ലഭിച്ചപ്പോൾ ആ മിഷനറികുടുംബം 1900 ൽ ഇന്ത്യയിൽ സുവിശേഷ ദൗത്യവുമായി കാലുകുത്തി. പിതാവ് ഇന്ത്യയിലായിരുന്നപ്പോൾ താമസിച്ച നോർത്ത് ഇന്ത്യയിലെ തിർഹൂത്തിൽ 6 മാസം സുവിശേഷ പ്രവർത്തനം ചെയ്തതിനുശേഷം ഊട്ടിയിൽ

**യേശുക്രിസ്തുവിന്റെ വരവിങ്കൽ കോംഗോയുടെ അപരിഷ്കൃതമായ മണ്ണിൽനിന്ന് തേജസ്സുപ്രാപിച്ച ശരീരത്തോടെ ക്രിസ്തുവിന്റെ ന്യായാസന ത്തിനുമുമ്പിൽ നിൽക്കുമ്പോൾ, അവനോടൊപ്പം ഒരു വലിയ പുരുഷാരവും കാണും. അന്ന് മാത്രമേ നമുക്ക് സ്റ്റഡിന്റെ ജീവിതത്തിന് ദൈവം കല്പിച്ച വില പൂർണ്ണമായി മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ.**

വന്ന് താമസിച്ച് പ്രവർത്തനം ആരംഭിച്ചു. ബ്രിട്ടീഷ് ഇന്ത്യയിലെ ഉന്നത ഉദ്യോഗസ്ഥരും, തോട്ടം ഉടമകളും കൂട്ടമായി താമസിച്ച സ്ഥലമായിരുന്നതിനാൽ സ്വന്തം ജനത്തോട് സുവിശേഷം പങ്കുവെക്കുവാൻ കിട്ടിയ അസുലഭ അവസരമായി ഈ സമയം താൻ പ്രയോജനപ്പെടുത്തി. കുറഞ്ഞത് 3 പേരെയെങ്കിലും ക്രിസ്തുവിനായി നേടാത്ത ഒരാഴ്ചയും ആ സമയത്ത് ഞങ്ങൾക്കുണ്ടായിട്ടില്ല എന്നാണ് പ്രിസ്കില്ല ഊട്ടിയിലെ ജീവിതത്തെപ്പറ്റി പറഞ്ഞത്. എന്നാൽ ഒഴിവുസമയങ്ങളിൽ ക്രിക്കറ്റ് കളിയിൽ മുഴുകിയിരിക്കുന്ന ബ്രിട്ടീഷ് ഉദ്യോഗസ്ഥരോട് സുവിശേഷം പങ്കുവെക്കുവാൻ അവസരം ലഭിക്കാതെയിരുന്ന സ്റ്റഡിന്റെ മുമ്പിൽ അവരുമായി ഇടപഴകാൻ കണ്ട അവസരം എന്നത് അവരോടൊപ്പം ക്രിക്കറ്റ് കളിക്കുക എന്നത് മാത്രമായിരുന്നു. അങ്ങനെ അനേക വർഷങ്ങൾക്കുമുമ്പ് സുവിശേഷത്തിനായി താൻ താഴെ വെച്ച ക്രിക്കറ്റ് ബാറ്റ്, സുവിശേഷത്തിനുവേണ്ടി തന്നെ സ്റ്റഡ് കരങ്ങളിലെടുത്തു. ദൈവം തന്റെ ദാസന് വീണ്ടും, ശരീരബലവും കഴിവും നൽകി. അവരുടെ മുമ്പിൽ ഇരട്ട സെഞ്ചറി നേടി മിന്നും പ്രകടനം കാഴ്ചവച്ച് കളിക്കാരെ അമ്പരപ്പിച്ചു. ഇങ്ങനെ തനിക്ക് ലഭിച്ച അംഗീകാരം പ്രയോജനപ്പെടുത്തി അവരോട് വ്യക്തിപരമായി സുവിശേഷം പങ്കുവെക്കുവാനും, ഉന്നത ഉദ്യോഗസ്ഥരടക്കം വളരെപ്പേരെ രക്ഷയിലേക്ക് നയിക്കുവാൻ സ്റ്റഡിനും കുടുംബത്തിനും വെറും ആറ് വർഷം കൊണ്ട് കഴിഞ്ഞു.

ഊട്ടിയിലെ ജീവിതം തനിക്ക് അവിസ്മരണീയമായി തീരുവാൻ മറ്റൊരു കാരണംകൂടെയുണ്ടായിരുന്നു. തന്റെ നാല് പെൺമക്കളേയും ഒരു സഭാശുശ്രൂഷകനെന്ന നിലയ്ക്ക് സ്നാനപ്പെടുത്തുവാനുള്ള അസുലഭ അവസരം ഈ സമയത്ത് തനിക്ക് ലഭിച്ചു. ഈ സമയത്തെക്കുറിച്ച് പിന്നീട് താൻ പറഞ്ഞത് ഇപ്രകാരമാണ്: 'എന്റെ നാല് മക്കളും കർത്താവിന്റെ ഭാഗത്തായിരിക്കുന്നു എന്നത് എനിക്ക് വിവരിക്കാനാകാത്ത സന്തോഷം പകർന്ന് നൽകുന്നു. ആ ഒറ്റ കാരണത്താൽ മാത്രം പോലും എന്റെ ശരീരവും മനസ്സും രക്ഷകനായ യേശുക്രിസ്തുവിനോട് കടപ്പെട്ടിരിക്കുന്നു.'

പിന്നീട് തിരിച്ച് ഇംഗ്ലണ്ടിലെത്തിയതിനുശേഷം ഒരിക്കൽ നരഭോജികൾക്ക് മിഷനറിമാരെ ആവശ്യമുണ്ട് എന്ന നോട്ടീസ് സ്റ്റഡിന്റെ ശ്രദ്ധയിൽ പെട്ടു. ഡോക്ടർ കാൾകൂം എന്ന വനിത ആഫ്രിക്കൻ ഗ്രാമങ്ങളുടെ ശോചനീയമായ അവസ്ഥയെ വിവരിച്ച് സുവിശേഷീകരണത്തിന്റെ അനിവാര്യത ഓർമപ്പെടുത്തിയപ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ആഫ്രിക്കൻ വനാന്തരങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുവാൻ വ്യക്തമായ നിർദ്ദേശം നൽകുകയായിരുന്നു. ദൈവത്തോട് അനുസരണക്കേട് കാണിക്കുവാൻ ആഗ്രഹിക്കാത്ത തന്റെ മുമ്പിൽ പ്രതികൂലങ്ങളുടെ ഒരു കൂമ്പാരം പിശാച് ഒരുക്കി. ശാരീരിക ബലഹീനതകൾ അനവധി ഉള്ള സ്റ്റഡിനെ ആഫ്രിക്കയിലേക്കയക്കുന്നതിന് തന്റെ സുഹൃത്തുക്കളും ബന്ധുക്കളും അനുമതി നൽകിയില്ല. 'ആഫ്രിക്കയിലേക്കുള്ള യാത്രക്കാവശ്യമായ ആരോഗ്യം സ്റ്റഡിന് ഉണ്ടെന്ന് ഒരു ഡോക്ടർ സർട്ടിഫിക്കറ്റ് ലഭിച്ചാൽ മാത്രമേ, തങ്ങൾ അതിന് അനുവദിക്കുകയുള്ളൂ.' എന്ന് അവർ ഒരു നിർദ്ദേശം വച്ചു. എന്നാൽ അനുകൂലമായ മെഡിക്കൽ സെർട്ടിഫിക്കറ്റിനു പകരം, തെക്കൻ സുഡാനിൽകൂടെയുള്ള യാത്ര 50 വയസ്സ് പ്രായമുള്ള, കടുത്ത ആസ്മാ രോഗിയായ സ്റ്റഡിന്റെ ജീവനുപോലും ഭീഷണിയാണെന്ന മുന്നറിയിപ്പാണ് നൽകിയത്. ഇതോടെ തന്റെ കുടുംബവും, സ്നേഹിതരും, സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തിരുന്ന കമ്മിറ്റിക്കാരും സ്റ്റഡിനെതിരെ അണിനിരന്നു. പക്ഷെ ദൈവം എപ്പോഴും തന്റെ അന്തരാത്മാവിൽ എനിക്ക് വേണ്ടി ആഫ്രിക്കയിലേക്ക് പോവുക എന്ന് മന്ത്രിച്ചുകൊണ്ടിരുന്നു. ഒടുവിൽ ചൈനയിൽ വെച്ച് തന്റെ സമ്പാദ്യമെല്ലാം ത്യജിച്ചവനായ സ്റ്റഡ്, അപ്പോൾ തന്റെ ജീവൻ ആഫ്രിക്കയ്ക്കുവേണ്ടി ത്യജിക്കുവാൻ തീരുമാനമെടുത്തു. എന്റെ നിമിത്തം ഒരുവൻ തന്റെ ജീവനെ നഷ്ടമാക്കിയാൽ അവൻ അതിനെ കണ്ടെത്തും എന്ന ക്രിസ്തുവിന്റെ വാക്കുകൾ സ്റ്റഡിന് ആവേശമായിരുന്നു. തന്നെ നിരുത്സാഹപ്പെടുത്തുന്ന സ്നേഹിതരോട് താനി പ്രകാരം പറഞ്ഞു. ദൈവം എന്നോട് ആഫ്രിക്കയിലേക്ക് പോകുവാൻ കൽപ്പിക്കുന്നതുകൊണ്ട് ഞാൻ അനുസരിക്കേണ്ടിയിരിക്കുന്നു. അവിടെ എന്നെ കാത്തിരിക്കുന്നത് ശവക്കുഴിയാണെങ്കിലും ഞാൻ അത് സന്തോഷത്തോടെ സ്വീകരിക്കും.

രോഗിയായിരിക്കുന്ന പ്രിസ്കില്ലക്കും, വിദ്യാഭ്യാസം ചെയ്തുകൊണ്ടിരിക്കുന്ന മക്കൾക്കും തന്നെ അനുഗമിക്കുവാൻ സാദ്ധ്യമല്ല. അവരെ പിരിഞ്ഞിരിക്കുന്നത് തനിക്ക് ചിന്തിക്കുവാൻ പോലും അസാദ്ധ്യമായിരുന്നു. ആഫ്രിക്കയിലേക്കുള്ള കപ്പൽ ടിക്കറ്റിന് പണം സ്വരൂപിക്കുവാൻ ഇതുവരേയും കഴിഞ്ഞിട്ടില്ല എന്ന് വ്യാകുലപ്പെട്ടിരിക്കുമ്പോൾ അത്ഭുതകരമായി ഒരു യോഗാനന്തരം ഒരു വ്യക്തി 10 പൗണ്ട് തനിക്ക് നൽകി. സന്തോഷം കൊണ്ട് തുള്ളിച്ചാടിയ സ്റ്റഡ് അപ്പോൾ തന്നെ ആഫ്രിക്കയിലേക്ക് ടിക്കറ്റ് ബുക്ക് ചെയ്തു. അങ്ങനെ 1910 ഡിസംബർ 15-ാം തീയതി കർത്താവിന്റെ ബലമുള്ള കരങ്ങളിൽ മുറുകെ പിടിച്ചുകൊണ്ട് ആഫ്രിക്കയിലേക്ക് യാത്രയായി. ആ കപ്പൽ യാത്രയിൽ ദൈവം തനിക്ക് നൽകിയ വാഗ്ദത്തം ആയിരുന്നു, നിന്റെ ഈ യാത്ര ആഫ്രിക്കക്ക് വേണ്ടി മാത്രമുള്ളതല്ല, സുവിശേഷം എത്താത്ത ലോകത്തിന്റെ എല്ലാ കോണുകളിലേക്കും



വേണ്ടിയുള്ളതാണ്. ആ വാഗ്ദത്തത്തിന്റെ നിവൃത്തിയായിരുന്നു താൻ പിന്നീട് തുടക്കമിട്ട വേൾഡ് വൈഡ് ഇവാഞ്ചലൈസേഷൻ ക്രൂസേഡ്.

സുഡാനിലെ കാർത്തൂമിലെത്തിയ സ്റ്റഡ് അവിടെനിന്നും പ്രിസ്കില്ലയെ ധൈര്യപ്പെടുത്തി കൊണ്ട് എഴുതിയ കത്തുകളിൽ നിറഞ്ഞുനിന്നത് തന്റെ ആത്മഭാരവും, ദൈവാശ്രയവുമാണ്. ''പ്രിയപ്പെട്ട പ്രിസ്കില്ല, നമ്മുടെ തൽക്കാലത്തേക്കുള്ള വേർപിരിയൽ നല്ലതിനാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഇതിലൂടെയും ദൈവനാമം മഹത്വപ്പെടട്ടെ. നിന്റെ ആരോഗ്യസ്ഥിതി മെച്ചപ്പെട്ട് നാം ഒരുമിച്ച് ക്രിസ്തുവിനുവേണ്ടി പോരാടാം എന്ന് ഉറച്ചുവിശ്വസിക്കുന്നു. നമ്മുടെ നാല് മക്കളും സുവിശേഷ പോർക്കളത്തിൽ ധീരയോദ്ധാക്കളായി യത്നിക്കുന്ന കാഴ്ച ഞാൻ വിശ്വാസ കണ്ണുകളാൽ ദർശിക്കുന്നു. എന്റെ തലച്ചോറിനേയും, ഹൃദയത്തേയും ചൂടുപിടിപ്പിക്കുന്ന ആത്മീയയുദ്ധം ഞാൻ ആരംഭിച്ചിരിക്കുന്നു. ഞാൻ ഇപ്പോൾ ജീവിക്കുന്നത് യേശുക്രിസ്തുവിലുള്ള വിശ്വാസത്താലും ദൈവത്തിന്റെ ശക്തിയാലുമാണ്'' എന്നിപ്രകാരമായിരുന്നു തന്റെ കത്തുകൾ ഓരോന്നും അവിടെനിന്നും അപരിഷ്കൃതരായ, നരഭോജികൾ പാർക്കുന്ന ബെൽജിയൻ കോംഗോയിലേക്ക് താൻ യാത്രയാരംഭിച്ചു. കാൽനടയായും, കഴുതപ്പുറത്തും സഞ്ചരിച്ച്, മലേറിയയാലും മറ്റ് പകർച്ചവ്യാധികളാലും ഭാരപ്പെട്ട്, ആസ്തമാ രോഗത്താൽ ക്ഷീണിതനായി താൻ കോംഗോയുടെ ഹൃദയം തേടി യാത്ര തുടർന്നു. കാട്ടുമൃഗങ്ങളും, കാട്ടുജാതിക്കാരും ജീവന് ഭീഷണിയായി കൂടെയുണ്ടായിരുന്നു.

ഒരിക്കൽ ഒരു യുവാവ് തന്നോട് ചോദിച്ചു. താങ്കൾക്ക് വയസ്സ് 52, ഭാര്യയും രോഗിയാണ്. ഈ അവസ്ഥയിൽ പെൺമക്കളേയും ഭാര്യയേയും, രാജ്യത്തേയും വിട്ട്പിരിഞ്ഞ് ആഫ്രിക്കയിലേക്ക് മിഷനറിയായി വരുവാനുള്ള പ്രചോദനമെന്താണ്?' യേശുക്രിസ്തു ദൈവമെങ്കിൽ, അവൻ എനിക്ക് വേണ്ടിയാണ് മരിച്ചതെങ്കിൽ, ഞാൻ അവനുവേണ്ടി ചെയ്യുന്ന ഒരു ത്യാഗവും അധികമാവുകയില്ല' എന്നായിരുന്നു. സ്റ്റഡിൽ നിന്നും ആവേശമുൾകൊണ്ട കേവലം 21 വയസ്സ് പ്രായമുള്ള ആൽഫ്രഡ് ബി. ബൂക്സ്റ്റൺ എന്ന യുവാവ് പിന്നീട് തന്റെ വൈദ്യശാസ്ത്ര പഠനം പാതിവഴിയിൽ ഉപേക്ഷിച്ച് സ്റ്റഡിനോടൊപ്പം മഹാപ്രതിഫലമുള്ള വേലയിൽ വ്യാപൃതനായിതീർന്നു.

ഒരിക്കൽ കൂടാരത്തിൽ കിടന്നുറങ്ങിയ സ്റ്റഡും, ബൂക്സ്റ്റണും കൂടാരത്തിന് തീ പിടിച്ചതുകണ്ട് ഞെട്ടിയുണർന്നു. ഒരു വിധത്തിൽ ജീവഹാനി സംഭവിക്കാതെ അവർ പുറത്തുകടന്നു. അൽപ്പസമയത്തിനുള്ളിൽ കൂടാരവും തങ്ങളുടെ സാധനങ്ങളും ഒരുപിടി ചാരമായി മാറി. മറ്റൊരിക്കൽ മഴ തകർത്തുപെയ്യുകയായിരുന്നു. കൂടാരം തടാക കരയിലായതിനാൽ തടാകത്തിൽ നിന്നും ചീങ്കണ്ണികൾ കൂടാരത്തിലേക്ക് കയറുവാൻ ആ രാത്രിമുഴുവൻ പരിശ്രമിച്ചുകൊണ്ടേയിരുന്നു. അങ്ങനെ ഭീതിപ്പെടുത്തുന്ന വിജനതയിലും കൂരിരുട്ടിലും ചീങ്കണ്ണികളോടൊത്ത് രാത്രി കഴിച്ചുകൂട്ടി. ഒരു പ്രഭാതത്തിൽ ഉണർന്ന സ്റ്റഡ് കണ്ടത് തന്നോടൊപ്പം കിടക്കയിൽ സുഖസുഷുപ്തിപൂണ്ട ഉഗ്രവിഷമുള്ള സർപ്പത്തേയാണ്. അങ്ങനെ ഓരോ ദിവസവും പ്രതികൂലങ്ങളുടെ നടുവിൽ സംരക്ഷിക്കുന്ന കർത്താവിന്റ കരുതൽ ഓർത്ത് ദൈവത്തെ സ്തുതിക്കുവാൻ സ്റ്റഡിന് കഴിഞ്ഞു.

ഒരു ദിവസം നട്ടുച്ചയ്ക്കു പോലും സൂര്യരശ്മികൾ ഭൂമിയിൽ സ്പർശിക്കാത്ത നിബിഡ കോംഗോ വനത്തിലൂടെ സ്റ്റഡും ബൂക്സ്റ്റണും യാത്രചെയ്യുകയായിരുന്നു. നന്നേ ക്ഷീണിച്ച സ്റ്റഡ് ഒരു മരത്തടിയിൽ വിശ്രമിച്ചു. പെട്ടന്ന് ഒരു നരഭോജി തനിക്കൊന്ന് ഞരങ്ങുവാൻ പോലും അവസരം നൽകാതെ ബന്ധനസ്ഥനാക്കി തോളിലേറ്റി അവരുടെ തലവന്റ മുമ്പിൽ നിർത്തി. അയാൾ സ്റ്റഡിനെ ഒന്നു നോക്കി, ആസ്തമാ രോഗത്താൽ എല്ലുന്തി, ബലഹീനനായ ഒരു മനുഷ്യൻ. 'ഇയാളെ ആർക്കുവേണം. ഈ മനുഷ്യനെ വിട്ടയക്കുക ഗോത്രമൂപ്പൻ പുച്ഛസ്വരത്തിൽ പറഞ്ഞു. അങ്ങനെ പലതവണ നരഭോജികളുടെ കൈയിൽ അകപ്പെട്ട് മരണം മുഖാമുഖം നിന്നപ്പോഴും, അവർക്ക് സ്റ്റഡിനോട് ദയതോന്നത്തക്കവണ്ണം കർത്താവ് അവരുടെ ഹൃദയത്തിൽ പ്രവർത്തിക്കുകയായിരുന്നു. നിദ്രാവിഹീനങ്ങളായ ഏറെ രാവുകളിലെ അദ്ധ്വാനത്തിനൊടുവിൽ, ഗോത്രവർഗ്ഗക്കാരുടെ അപരിഷ്കൃതമായ ബംഗ്ലാ ഭാഷയെ പരിപോഷിപ്പിച്ച് അക്ഷരമാലയും, വ്യാകരണവും ഉണ്ടാക്കി. വിണ്ടും തുടർന്ന കഠിനാദ്ധ്വാനത്തിനൊടുവിൽ പുതിയനിയമ വേദപുസ്തകം അവരുടെ സ്വന്തം ഭാഷയിൽ അവർക്കു നൽകാൻ സ്റ്റഡിനെ ദൈവം ബലപ്പെടുത്തി.

പ്രിസ്കില്ല ഇംഗ്ലണ്ടിൽ രോഗക്കിടക്കയിൽ ആയിരുന്നു എങ്കിലും ആഫ്രിക്കയിലെ പ്രവർത്തനത്തെ ഓർത്തുകൊണ്ട് മുട്ടിന്മേൽ നിന്ന് പ്രാർഥിക്കുന്ന പോരാളികളെ വാർത്തെടുക്കാൻ പ്രിസ്കില്ലക്കും കഴിഞ്ഞു. ഭർത്താവിന്റെ ഭാരിച്ച മിഷൻ പ്രവർത്തനങ്ങളും, ആത്മഭാരവും ഓർത്തുകൊണ്ട് അനേകരിൽ പ്രാർഥനയുടെ ആവശ്യബോധം ജനിപ്പിക്കുവാനും അവൾക്കായി. സ്റ്റഡ് ദമ്പതികളുടെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു അവരുടെ നാല് പെൺമക്കളും തങ്ങളുടെ പാത പിൻതുടർന്ന് മിഷനറി പോരാളികളായി ജീവിക്കുന്നത് കാണണം എന്നത്. ആ ആഗ്രഹം സാധിച്ചെടുക്കുവാൻ തക്കവണ്ണം അവരെ ആത്മിക ദർശനമുള്ളവരായി വളർത്തിയെടുക്കുവാൻ പ്രിസ്കില്ലക്ക് സാധിച്ചു എന്നത് അവളുടെ മഹത്വവും ദൈവത്തിന്റെ കൃപയുമാണ്.

1923 ആയപ്പോഴേക്കും സ്റ്റഡിന്റെ ആവേശം ഉൾകൊണ്ട 40 മിഷനറിമാർ ആഫ്രിക്കയുടെ ഗ്രാമപ്രദേശങ്ങളിൽ സുവിശേഷ ദൂതുമായി പിശാചിനെതിരെ ആത്മിക യുദ്ധത്തിൽ ഏർപ്പെട്ടവരായി ഉണ്ടായിരുന്നു. മാത്രമല്ല ആമസോൺ വനാന്തരത്തിലേക്കും, ടിബറ്റ് വരെ നീളുന്ന ഹിമാലയൻ മലനിരകളിലേക്കും, അറേബ്യൻ നാടുകളിലേക്കും തന്നാൽ സ്ഥാപിതമായ വേൾഡ് വൈഡ് ഇവാഞ്ചലൈസേഷൻ ക്രൂസേഡ് മുഖാന്തരം ദൈവത്തിന്റെ ഹൃദയമറിയുന്ന സമർപ്പണമുള്ള ദാസന്മാരെ അയക്കുവാൻ ദൈവകൃപയാൽ കഴിഞ്ഞു. സ്റ്റഡിന്റെ മിഷനറി ദർശനം കേവലം, രക്ഷിക്കപ്പെടുത്തൽകൊണ്ട് അവസാനിക്കുന്നതായിരുന്നില്ല. നാം പാട്ടു പാടുന്നതിലും, ആരാധിക്കുന്നതിലും മാത്രം സംതൃപ്തിയടയുന്നു. എന്നാൽ നാം ആത്മാവിന്റെ ഫലം പുറപ്പെടുവിക്കാതെയിരുന്നാൽ എന്താണ് പ്രയോജനം? ക്രിസ്തുവിന്റെ ആത്മാവ്, വിശുദ്ധിയുടേയും ത്യാഗത്തിന്റേയും സേവനത്തിന്റേയും ആത്മാവാണ്. ആ ആത്മാവിൽ നമുക്ക് നിറയുവാൻ സാധിക്കണം' എന്ന് തന്റെ

സഹപ്രവർത്തകരെ എപ്പോഴും ഉദ്ബോധിപ്പിക്കുമായിരുന്നു. കോംഗോയിലെ കറുത്ത വർഗ്ഗക്കാരിൽ നിന്നും തന്നെ ചിലർ പ്രേക്ഷിതവേലക്കായി തങ്ങളെതന്നെ സമർപ്പിച്ചത്, സ്റ്റഡിന്റെ ജീവിതത്തിലെ ഏറ്റവും സന്തോഷദായകമായ വസ്തുതയും, അനേക നാളുകളിലെ പ്രാർഥനയുടെ മറുപടിയും ആയിരുന്നു. ഒരു വ്യക്തിയെ രക്ഷയിലേക്ക് നയിക്കുക മാത്രമല്ല, അയാളെ വിശുദ്ധനും, യേശുക്രിസ്തുവിന്റെ പടയാളിയും അനേകരെ രക്ഷയിലേക്ക് നടത്തുന്നവനുമായി ഉയർത്തേണ്ടതുമുണ്ട്' എന്ന തന്റെ ദർശനം സഫലമാകുകയായിരുന്നു.

1925 ൽ തന്റേയും സഹപ്രവർത്തകരുടേയും ജീവിതത്തിൽ വീണ്ടും ആത്മിക പുതുശുക്തിക്കും, ആത്മനിറവിനും വേണ്ടിയുള്ള ഭാരം ഉണ്ടായി. അവർ എട്ടുപേർ ഒരുമിച്ചുകൂടി എബ്രായ ലേഖനം 11-ാം അദ്ധ്യായത്തിലെ വിശ്വാസ വീരന്മാരുടെ ജീവിതങ്ങളിൽനിന്നും പ്രചോദനം ഉൾക്കൊണ്ട് പ്രാർഥിക്കുവാനായി മണിക്കൂറുകൾ ചെലവഴിച്ചു. പെട്ടെന്ന് പരിശുദ്ധാത്മാവിന്റെ നിറവ് അവരുടെ ജീവിതത്തിൽ അനുഭവിക്കുവാനിടയായി. അവർ തങ്ങളുടെ ജീവിതങ്ങളെ കർത്താവിന്റെ കരങ്ങളിൽ ഒരു പ്രാവശ്യം കൂടെ പൂർണ്ണമായി സമർപ്പിച്ചുകൊണ്ട്, ഞങ്ങൾ നശിക്കുന്നു എങ്കിൽ നശിക്കട്ടെ, ജീവിച്ചാലും മരിച്ചാലും കർത്താവിനായി, അവന്റെ ഹിതം നിറവേറ്റാം' എന്ന് പ്രതിജ്ഞ ചെയ്തു.

1930 ൽ ബൽജിയൻ രാജാവ് സ്റ്റഡിന്റെ കോംഗോയിലെ ത്യാഗപൂർണ്ണമായ മിഷനറിപ്രവർത്തനങ്ങളെ മാനിച്ചുകൊണ്ട് 'ഷെവലിയർ ഓഫ് ദി റോയൽ ഓർഡർ ഓഫ് ദി ലയൺ'' എന്ന ബഹുമതി നൽകി ആദരിച്ചു.

നാല് മണിക്കൂർ മാത്രം ഉറക്കത്തിനായി മാറ്റിവെച്ച സ്റ്റഡിന്റെ ജീവിതം വിശ്രമരഹിതമായിരുന്നു. രാവിലെ 3 മണിക്കെഴുന്നേറ്റ് പ്രാർഥനക്കും, ധ്യാനത്തിനും, പഠനത്തിനും ചെലവഴിക്കുന്ന സ്റ്റഡിന്റെ ആത്മിക ശക്തിയുടെ രഹസ്യം മറ്റൊന്നായിരുന്നില്ല. എല്ലാ ദിവസവും രാവിലെ 3 മണിക്കൂർ നീണ്ട പ്രാർത്ഥനായോഗത്തിന് ശേഷമായിരുന്നു അന്നാട്ടിലെ ഗോത്രവർഗ്ഗക്കാർ അവരുടെ പണിക്കായി പോയിരുന്നത്. ലോകവ്യാപകമായി നടക്കുന്ന മിഷൻ പ്രവർത്തനങ്ങളുടെ വരവ് ചെലവ് കണക്കുകളും, കത്തിടപാടുകളും, മിഷനറിമാരുടെ പ്രശ്നങ്ങളുമൊക്കെ കൂടാതെ ദിവസവും വൈകിട്ട് നടക്കുന്ന മിഷനറിമാരുടെ 2 മണിക്കൂർ നീണ്ട യോഗങ്ങളും കൂടെ തന്റെ ജീവിതത്തെ ക്ലേശകരമാക്കി.

1928 ൽ പ്രിസ്കില്ല സ്റ്റഡിന്റെ അടുത്തെത്തി. 13 വർഷത്തിനിടയിൽ അവർ ഒരുമിച്ചായിരുന്ന ദിവസങ്ങൾ അത് മാത്രമായിരുന്നു. എന്നാൽ രണ്ടാഴ്ചക്കുശേഷം കാലാവസ്ഥയുടെ പ്രതികൂലങ്ങൾ നിമിത്തം പ്രിസ്കില്ലക്ക് തിരിച്ച് പോകേണ്ടിവന്നു. അങ്ങനെ ദൈവകരങ്ങളിൽ തങ്ങളെ പൂർണ്ണമായി സമർപ്പിച്ച ആ ദമ്പതികൾ പരസ്പരം പ്രാർഥിച്ച് ജീവിതത്തിൽ അവസാനമായി വേർപിരിഞ്ഞു. വിവാഹ ദിവസം അവർ പരസ്പരം എടുത്ത, കർത്താവിനെ സേവിക്കുന്നതിൽ ഞങ്ങൾ അന്യോന്യം തടസ്സം നിൽക്കുകയില്ല എന്ന തീരുമാനം അന്ത്യത്തോളം കാക്കാൻ അവർ ശ്രദ്ധിച്ചിരുന്നു.

1931 ആയപ്പോഴേക്കും സ്റ്റഡിന്റെ ആരോഗ്യനില തീർത്തും മോശമായി. എന്നാലും ശുശ്രൂഷകൾ ഒരു ദിവസം പോലും മുടക്കാൻ ആഗ്രഹിക്കാത്ത തന്നെ, സഹോദരന്മാർ കസേരയിലിരുത്തി എടുത്തുകൊണ്ട് വരികയായിരുന്നു ചെയ്തിരുന്നത്. ജൂലൈ 16-ാം തീയതി വ്യാഴാഴ്ചയായപ്പോഴേക്കും സ്റ്റഡ് തീർത്തും ബലഹീനനായി. ഹൃദയമിടിപ്പ് താഴ്ന്ന് വന്നുകൊണ്ടേയിരുന്നു. രാത്രി 10.30 ആയപ്പോഴേക്കും അവസാനമായി 'ഹല്ലേലുയ്യാ, ദൈവത്തിന് മഹത്വം'' എന്നു പറഞ്ഞു. ദൈവത്തിന്റെ ഇന്നിംഗ്സ് തികച്ച ആ വിശ്വാസ വീരനെ ദൈവം സ്വർഗ്ഗകവാടങ്ങൾ തുറന്ന് തന്റെ മാറിൽ ചേർക്കുകയായിരുന്നു. വ്യാഴാഴ്ച രാത്രി തന്നെ തങ്ങൾ സ്നേഹിച്ച, തങ്ങളെ സ്നേഹിച്ച വെള്ളക്കാരന്റെ നിശ്ചല ശരീരം ഒരുനോക്കു കാണുവാൻ അന്നാട്ടിലെ കാട്ടുജാതിക്കാരായ ഗോത്രവർഗ്ഗക്കാർ ഏകദേശം രണ്ടായിരത്തോളം പേർ കുടിലുകൾ വിട്ടിറങ്ങി. സ്റ്റഡിന്റെ മൺകുടിലിനുമുന്നിൽ താൻ തന്നെ തയിച്ച' വിശുദ്ധ സൈനീകൻ എന്നെഴുതിയ പതാകയിൽ മൂടിയ ശരീരം കണ്ടപ്പോൾ അവർ വാവിട്ട് കരഞ്ഞുപോയി. വെള്ളിയാഴ്ച തന്റെ ശരീരം അവിടെ തന്നെ അടക്കം ചെയ്തപ്പോൾ കറുത്ത വർഗ്ഗക്കാരുടെ കണ്ണുനീർ വീണ മൺതരികൾ പോലും പ്രലപിച്ചു. നരഭോജികളായ തങ്ങളുടെ ജീവിതങ്ങൾക്ക് മാറ്റം വരുത്തിയ സ്റ്റഡിന്റെ ഓർമകൾ അയവിറക്കിയത് ഹൃദയസ്പർശകമായി തീർന്നു. അനേകർ അപ്പോൾ തന്നെ സ്റ്റഡിന്റെ കർത്താവിന്റെ ക്രൂശിൽ രക്ഷക്കായി അഭയം ചൊല്ലുകയും, മറ്റനേകം പേർ നഷ്ടപ്പെട്ട ആത്മാക്കളെ തേടുന്ന മിഷനറിമാരായി പോകുവാൻ തീരുമാനമെടുക്കുകയും ചെയ്തു. സ്റ്റഡിന്റെ കുടിലിനോടുചേർന്ന് തേങ്ങിക്കരഞ്ഞ് പ്രാർഥിച്ചുകൊണ്ടിരുന്ന ജനം ദിവസങ്ങൾ നീങ്ങിയതുപോലും ശ്രദ്ധിച്ചില്ല. കണ്ണുനീർ തൂകിയ അവരുടെ പ്രാർഥനകൾക്കും, സ്തോത്രങ്ങൾക്കും വിരാമമായത് ഞായറാഴ്ചത്തെ ആരാധനയ്ക്കുശേഷമാണ്.

ദൈവസ്നേഹവും, സ്വർഗീയദർശനവും ലോകസ്നേഹിയായ ഒരു വ്യക്തിയിൽ എത്രത്തോളം മാറ്റം വരുത്തും എന്നതിന് ചാൾസ് തോമസ് സ്റ്റഡ് മാതൃകയാണ്. ലോകപ്രകാരം പ്രശസ്തിയുടേയും, സമ്പന്നതയുടേയും മടിത്തട്ടിൽ ജീവിതം നയിക്കാമായിരുന്ന സ്റ്റഡ്, തന്നെ സ്നേഹിച്ച ദൈവത്തെ മുഖാമുഖം ദർശിച്ചപ്പോൾ അനശ്വരമായ നിത്യതക്കുവേണ്ടി ലോകത്തെ പാടേ ഉപേക്ഷിച്ച് സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിക്കുന്നവനായിത്തീർന്നു.

സി. റ്റി. സ്റ്റഡ് തന്റെ ആത്മിക ജീവിതത്തിന്റെ മഹത്വകരമായ പ്രകടനം കാഴ്ചവെച്ച് ശുശ്രൂഷയുടെ ബാറ്റ് നമ്മുടെ കരങ്ങളിൽ ഏൽപ്പിച്ചിട്ട് മഹത്വത്തിൽ കരേറിപോയിട്ട് 80 ൽ പരം വർഷമായിരിക്കുന്നു. തന്നിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് അനേകം മിഷനറിമാർ ലോകത്തിന്റെ ആത്മികാന്ധകാര പ്രദേശങ്ങളിലേക്ക് സുവിശേഷവുമായി യാത്രയായി. എങ്കിലും ഇംഗ്ലണ്ടിലെ ടെഡ്വർത്തിലെ കൊട്ടാരത്തിൽ ജനിച്ച് ആഫ്രിക്കയിലെ കുടിലിൽ മരിച്ച് ആഫ്രിക്കൻ നരഭോജികളുടെ ഹൃദയത്തിൽ രാജാവായി വാണ സ്റ്റഡിനോളം ലോക ചരിത്രത്തെ ക്രിസ്തുസനേഹത്താൽ മുറുക്കി കെട്ടിയ ത്യാഗിയായ ദൈവ ഹൃദയമുള്ളവൻ മറ്റാരും ഉണ്ടായിട്ടില്ല.

യേശുക്രിസ്തുവിന്റെ വരവിങ്കൽ കോംഗോയുടെ അപരിഷ്കൃതമായ മണ്ണിൽനിന്ന് തേജസ്സുപ്രാപിച്ച ശരീരത്തോടെ ക്രിസ്തുവിന്റെ ന്യായാസനത്തിനുമുമ്പിൽ നിൽക്കുമ്പോൾ, അവനോടൊപ്പം ഒരു വലിയ പുരുഷാരവും കാണും. അന്ന് മാത്രമേ നമുക്ക് സ്റ്റഡിന്റെ ജീവിതത്തിന് ദൈവം കല്പിച്ച വില പൂർണ്ണമായി മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ.

'ഒരേയൊരു ജീവിതം അത് വേഗം തീർന്നുപോകും, ക്രിസ്തുവിനുവേണ്ടി ചെയ്തുതുമാത്രം നിലനിൽകും എന്ന സ്റ്റഡിന്റെ വിശ്വപ്രസിദ്ധമായ വാക്കുകൾ നമ്മുടെ ഭൗതീക ജീവിതത്തിന്റെ തെരഞ്ഞെടുപ്പുകൾക്ക് പ്രചോദനവും അളവുകോലുമായി തീർന്നിരുന്നെങ്കിൽ.



# കരിങ്കുളം മത്തായി ഉപദേശി:

## മലനിരകളിൽ സുവിശേഷം എത്തിച്ച സൂര്യതേജസ്

**പെന്തെക്കൊസ്തു ഉപദേശത്തിന് വെള്ളവും വളവുമേകിയ കരിങ്കുളം മത്തായി ഉപദേശി എന്ന പ്രേഷിതന്റെ കഥ.**



**സജി മേത്താനം**

സൂര്യൻ എരിഞ്ഞടങ്ങുന്നതിന് മുമ്പുതന്നെ ഹൈറേഞ്ചിൽ മഞ്ഞുപരക്കും. പിന്നീട് പച്ചപുതച്ച മാമലകൾ കണ്ടാൽ വെള്ള പുതച്ച പ്രതീതിയാണ്. രാത്രി മഞ്ഞിന്റെ കനം കൂടിക്കഴിഞ്ഞാൽ പിന്നെ അസ്ഥിതുളയ്ക്കുന്ന കൊടുംതണുപ്പാണ്. ഈ തണുപ്പിനെ വകഞ്ഞുമാറ്റിയാണ് കരിങ്കുളം മത്തായി ഉപദേശിയുടെ യാത്ര. മാറോട് ചേർത്ത ബൈബിളും കൈയിൽ ഒരു റാന്തൽ വിളക്കും. വെള്ളജുബായും തൂവെള്ള മുണ്ടുമാണ് ഉപദേശിയുടെ വേഷം. കുന്നിറങ്ങി ചെങ്കുത്തായ മലകയറിക്കഴിഞ്ഞാൽ ഉപദേശി ഒരു ദീർഘശ്വാസം ഉതിർത്തിട്ട് ദിഗന്തങ്ങൾ നടുങ്ങുമാറ് 'ഹല്ലേലുയ്യാ'' എന്നു വിളിച്ചുപറയും. ഈ ശബ്ദം കേൾക്കുമ്പോഴേ നാട്ടുകാർക്ക് അറിയാം 'എസ്റ്റേറ്റ് ഉപദേശി'' എത്തിയെന്ന്.

അങ്ങകലെ കണ്ണെത്താദൂരത്ത് മഞ്ഞിനെ ഭേദിച്ച് കത്തുന്ന മണ്ണെണ്ണ വിളക്ക് മാത്രം ഉപദേശിക്ക് കാണാം. പിന്നെ പർവ്വത സമാനമായ മലനിരകളും. ഈ മലനിരകളെ നോക്കിയാണ് ഉപദേശിയുടെ പ്രസംഗം. ആദ്യം വാക്യങ്ങൾ വിളിച്ചു പറയും, പിന്നെ സുവിശേഷവും. അങ്ങനെ രണ്ടുമണിക്കൂർ സത്യവചനം കലർപ്പില്ലാതെ വിളിച്ചു പറഞ്ഞ ശേഷം ആത്മാക്കളെ തേടിയായിരിക്കും ഉപദേശിയുടെ അടുത്ത സഞ്ചാരം.'

ഇത് ഹൈറേഞ്ചിൽ നാലരപ്പതിറ്റാണ്ടിനപ്പുറം പെന്തെക്കൊസ്തു ഉപദേശത്തിന് വെള്ളവും വളവുമേകിയ കരിങ്കുളം മത്തായി ഉപദേശി എന്ന പ്രേഷിതന്റെ കഥ. പെന്തക്കൊസ്തു സുവിശേഷകർ കൈവെക്കാത്ത അക്കാലത്ത് ഹൈറേഞ്ചിലെ എസ്റ്റേറ്റുകളിൽ ആത്മാക്കളെ തേടിയെത്തിയ ഈ ദൈവഭൃത്യന്റെ പ്രേഷിത രേഖ പെന്തക്കൊസ്തു വേരോട്ടത്തിന്റെ കഥമാത്രമല്ല, ഐ.പി.സി. സഭയുടെ വളർച്ചയ്ക്ക് ചാലകശക്തിയായ കഥയുമാണ്.

നവീകരണ സാരഥികളായ ഏബ്രഹാം മൽപ്പാന്റെയും സാധുകൊച്ചുകുഞ്ഞുപദേശിയുടെയും പ്രവർത്തന തട്ടകമായ കോഴഞ്ചേരിയിലാണ് ഈ ദൈവഭൃത്യന്റെ ജനനവും. പള്ളിത്താഴത്തേതിൽ സക്കറിയയുടെയും മറിയയുടെയും മൂന്നു മക്കളിൽ മൂന്നാമത്തെ മകനായി 1902ലാണ് എം. എൻ. മത്തായി ജനിക്കുന്നത്. മാതാപിതാക്കൾ തികഞ്ഞ വിശ്വാസികളായിരുന്നതിനാൽ ചെറുപ്പത്തിൽ തന്നെ സൺഡേസ്കൂൾ അഭ്യസനം ഉപദേശിക്ക് ലഭിച്ചു. ആരാധനാ വിഷയത്തിൽ പിതാവിന് വളരെ നിഷ്കർഷ ഉണ്ടായിരുന്നു. ബൈബിൾ കഥകളോടായിരുന്നു കൊച്ചു മത്തായിക്ക് ഏറെ പ്രിയം. പഠനകാലയളവിൽ യോസേഫിന്റെ ചരിത്രം പലപ്പോഴും കൂട്ടുകാരോട് പങ്കുവയ്ക്കുമായിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഉണർവിന്റെ ജ്വാല കേരളത്തിൽ ഒരു കൊടുങ്കാറ്റുപോലെ വീശിഅടിച്ചപ്പോൾ മധ്യതിരുവിതാംകൂറിലെങ്ങും കൺവൻഷന്റെ പൂരക്കാഴ്ചയായിരുന്നു. അക്കാലത്ത് ഉപദേശി പല കൺവൻഷനുകളിലും പിതാവിന്റെ കൂടെ പോകുമായിരുന്നു. പുഞ്ചമണ്ണിൽ മാമ്മൻ ഉപദേശി, സാധു കൊച്ചുകുഞ്ഞുപദേശി എന്നിവരുടെ പ്രസംഗങ്ങൾ ആഴത്തിൽ തന്നെ സ്പർശിച്ചതായി ഉപദേശി പറഞ്ഞിട്ടുണ്ട്. സ്കൂൾ

> **ഐ. പി. സിയുടെ ആരംഭകാല ശുശ്രൂഷാ സമ്മേളനങ്ങളിൽ ഉപദേശി ഒരു നിറസാന്നിധ്യമാണ്. അക്കാലത്ത് ഐ. പി. സിക്ക് ഹൈറേഞ്ചിൽ വേരോട്ടമായിട്ടില്ല. പക്ഷേ മത്തായി ഉപദേശിയെക്കുറിച്ചും അദ്ദേഹത്തിന്റെ ഹൈറേഞ്ചിലെ പ്രവർത്തനത്തെക്കുറിച്ചും പറയുമ്പോൾ പാസ്റ്റർ കെ. ഇ. ഏബ്രഹാമിന് നൂറു നാവാണ്.**

പഠനകാലയളവിലാണ് ദൈവവചനത്തിന്റെ ശക്തിയെക്കുറിച്ചും പഠനത്തിന്റെ ആവശ്യകതയെക്കുറിച്ചും മത്തായിക്ക് ബോധ്യമാകുന്നത്. ബൈബിളിലെ അജ്ഞാതമായ വിഷയങ്ങളെക്കുറിച്ച് സംശയം ചോദിക്കുന്ന ശീലമുണ്ടായിരുന്നു മത്തായിക്ക്. അറിയാനുള്ള ആകാംക്ഷയും ദൈവവചനത്തോടുള്ള പ്രതിപത്തിയും ചെറുപ്പത്തിൽ തന്നെ ഉപദേശിക്ക് ഉണ്ടായിരുന്നു. ഈ താല്പര്യം മാർത്തോമ്മാ സഭാ ഇടവകയിൽ യുവജനതകളുടെ ഇടയിൽ ആത്മീയ തരംഗം ഉണ്ടാക്കുവാൻ കഴിഞ്ഞു.

1920 കളിൽ പെന്തെക്കൊസ്ത് ഉപദേശം മധ്യതിരുവിതാംകൂറിൽ സമുദായ സഭകളിൽ ചലനം സൃഷ്ടിച്ചു. അക്കാലത്ത് കുക്കുസായിപ്പും പാസ്റ്റർ കെ. ഇ. ഏബ്രഹാമും മധ്യതിരുവിതാംകൂറിൽ നടത്തിയ ആത്മീയയോഗങ്ങൾ പരിശുദ്ധാത്മാവിന്റെയും അപ്പൊസ്തലിക ഉപദേശത്തിന്റെയും വേലിയേറ്റമായി. കുമ്പനാട്ടച്ചൻ എന്നറിയപ്പെടുന്ന മാമ്മൻ കശ്ശീശ വേർപെട്ട ഉപദേശം സ്വീകരിച്ച് ബ്രദറൺ പ്രസ്ഥാനത്തിലെത്തിയതോടെ സമുദായ കോട്ടകളിൽ വിള്ളലുകൾ വീഴാൻ തുടങ്ങി. സ്നാനത്തിന്റെയും അപ്പം നുറുക്കലിന്റെയും അപ്പൊസ്തലിക ഉപദേശത്തിന്റെയും പ്രാധാന്യം അന്നാദ്യമായി കൺകുളിർക്കെ കേട്ട സമുദായ സ്ഥർ മറ്റൊന്നും ചിന്തിക്കാതെ വേർപെട്ട ഉപദേശത്തിലേക്ക് ആകർഷിക്കപ്പെട്ടു. അങ്ങനെ നവീകരണത്തിന് അർത്ഥം കൈവന്നതോടെ സത്യ ഉപദേശത്തിന്റെ ആവശ്യകതയെക്കുറിച്ച് മത്തായിക്കും ബോധ്യമായി. പിന്നീട് ദൈവവചനം വായിച്ചപ്പോൾ സ്നാനത്തെക്കുറിച്ചും പരിശുദ്ധാത്മാഭിഷേകത്തെക്കുറിച്ചും മനസിലാക്കി. അങ്ങനെ താൻ നിന്ന പ്രസ്ഥാനത്തോടു വിടപറഞ്ഞു ഹൈറേഞ്ചിലേക്കു കുടിയേറി. ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പോക എന്ന് അബ്രാഹാമിനോടു അരുളിച്ചെയ്തതുപോലെ ആ ദൈവശബ്ദത്തിനു മുമ്പിൽ ഉപദേശിയും മുട്ടുമടക്കി. അക്കാലത്ത് ഹൈറേഞ്ചിൽ എണ്ണപ്പെട്ട നാമധേയ സഭകളേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ പെന്തക്കൊസ്തിന്റെ വ്യാപനത്തിനായ് ദൈവം കണ്ടത് മത്തായി ഉപദേശിയെ ആയിരുന്നു. അന്നത്തെ പരിതഃസ്ഥിതിയിൽ ഹൈറേഞ്ചിൽ സുവിശേഷ പ്രവർത്തനത്തിനു പോകാൻ പലരും ധൈര്യപ്പെട്ടിരുന്നില്ല. കാരണം കാലാവസ്ഥ, സാമ്പത്തിക ബുദ്ധിമുട്ട്, മലനിരകളും കുന്നുകളും നിറഞ്ഞ ഭൂപ്രദേശം എന്നിവ ആയിരുന്നു കാരണങ്ങൾ. എന്നാൽ, ഇതൊന്നും വകവെക്കാതെ 'കാൽവെച്ച ദേശമെല്ലാം സ്വന്തമാക്കിയ യോശുവയെപ്പോലെ ദൈവം തന്നെ തിരഞ്ഞെടുക്കും എന്നൊരു ബോധ്യം ഉപദേശിക്കുണ്ടായിരുന്നു. പിന്നെ ഒന്നും ചിന്തിച്ചില്ല വിളിച്ചവന്റെ പിന്നാലെയായി ഉപദേശി.

1922 ൽ ഐ.പി.സിയുടെ ആരംഭകാല ശുശ്രൂഷകരിലൊരാളായ പാസ്റ്റർ കെ.പി. മാത്യുവിന്റെ കൈക്കീഴിൽ ജലസ്നാനം സ്വീകരിച്ചു. സെമിനിവാലി എസ്റ്റേറ്റിലെ (ഇന്നത്തെ ചെമ്മണ്ണിൽ) ഒരു കടവിലായിരുന്നു സ്നാനം. അന്ന് ഈ സ്നാനം കാണുവാനായി ധാരാളം ജനങ്ങൾ തടിച്ചുകൂടി.

ആറന്മുള തട്ടയിൽ ചുടലമുടിയിൽ സാറാമ്മ തന്റെ ജീവിതസഖിയായതോടെ കുടുംബമായി ദീർഘവർഷങ്ങൾ കരിങ്കുളത്ത് താമസിച്ചുകൊണ്ട് സുവിശേഷ പ്രവർത്തനങ്ങൾ ചെയ്തു. ഹൈറേഞ്ചിലെ എസ്റ്റേറ്റുകളിൽ പെന്തക്കൊസ്ത് ഉപദേശം വേരുപാകിയത് മത്തായി ഉപദേശിയുടെ പ്രവർത്തനത്താലാണ്. ഐ.പി.സിയുടെ ശുശ്രൂഷകനായി ആദ്യം നിയോഗം ലഭിച്ചത് കരിങ്കുളം എന്ന സ്ഥലത്താണ്. അതുകൊണ്ടാണ് കരിങ്കുളം മത്തായി ഉപദേശി എന്ന് അറിയപ്പെട്ടത്. പാമ്പനാറിൽ ശുശ്രൂഷിക്കുമ്പോഴാണ് കോട്ടയത്ത് ദൈവവചനം പഠിക്കാൻ പോയത്. ഒരുവർഷത്തോളം താൻ കോട്ടയത്ത് താമസിച്ചു പഠിച്ചു.

ഒരിക്കൽ പഠനം കഴിഞ്ഞ് മുണ്ടക്കയം വരെ വരാനുള്ള പൈസയേ കൈയിലുണ്ടായിരുന്നുള്ളൂ. ആരോടും പൈസ കടം ചോദിക്കുന്ന സ്വഭാവം ഉപദേശിക്ക് ഇല്ല. കരിങ്കുളത്തിന് പോകാൻ ഇന്നത്തെ പോലെ അന്ന് വാഹന സൗകര്യവുമില്ല. ഒരുനിമിഷം കൈകൂപ്പി നിന്ന് കരഞ്ഞ് പ്രാർഥിച്ചിട്ട് ഉപദേശി ഇപ്രകാരം പറഞ്ഞു: ''കർത്താവേ, ഞാൻ നിന്റെ മകനാണ്... എനിക്ക് ഇനി മൈലുകൾ യാത്ര ചെയ്യണം! നീ എന്നെ ബലപ്പെടുത്തണം''.' പ്രാർഥന കഴിഞ്ഞിട്ട് ഉപദേശി കരിങ്കുളം ലക്ഷ്യമാക്കി യാത്രയാരംഭിച്ചു. മുണ്ടക്കയത്തുനിന്നും കരിങ്കുളത്തിന് 40 കി.മീറ്ററാണ് ശരാശരി ദൂരം. ദീർഘ മൈലുകൾ നടന്നുകഴിഞ്ഞപ്പോൾ ഉപദേശി റോഡ് സൈഡിലെ അരുവിയിൽ നിന്നും ആവോളം വെള്ളം കുടിച്ചു. പിന്നീട് റോഡരികിൽ മുഴങ്കാൽ മടക്കി പ്രാർഥിച്ചിട്ട് വീണ്ടും യാത്ര. കൈയിൽ ഒരു ബൈബിളും നോട്ട് ബുക്കും മാത്രം. അങ്ങനെ നീണ്ട മണിക്കൂർ ഘോരവനങ്ങൾ താണ്ടി പുലർച്ചെ ആയിരുന്നു ഉപദേശി കരിങ്കുളത്ത് എത്തിയത്. കനലിന്മേൽ ചുട്ട അടയും ഒരു തുരുത്തി വെള്ളവും കൊണ്ട് ദൈവത്തിന്റെ പർവതമായ ഹോരേബോളം യാത്ര ചെയ്ത ഏലിയാവിനെപ്പോലെ ധീരതയോടെ യാത്ര ചെയ്‌വാൻ ഉപദേശിക്കു മടിയില്ല.

1965 ൽ കരിങ്കുളത്തുനിന്നും ഉപദേശി ചപ്പാത്ത് എന്ന സ്ഥലത്ത് താമസമാക്കി. ഇക്കാലത്ത് നിരവധി ദിവസങ്ങൾ കുടുംബം പട്ടിണിയിൽ കഴിഞ്ഞു. ഒരിക്കൽ മൂന്നു ദിവസമായി കഞ്ഞിവയ്ക്കാൻ അരിയില്ല. ഭാര്യ സാറാമ്മ അരിക്കലത്തിൽ നോക്കിയിട്ട് ഒരു മണി അരിയില്ല. വിവരം ഉപദേശിയോടു പറഞ്ഞപ്പോൾ ഉപദേശി ഇപ്രകാരം പറഞ്ഞു: ''എന്നെ അയച്ചവന്റെ വേല ചെയ്യണം ഇതാണ് എന്റെ ആഹാരം! ഇതു പറഞ്ഞതും ഉപദേശി ബൈബിളുമെടുത്തു നടന്നു കഴിഞ്ഞു. അയൽപക്കത്തുപോയി അരി കടം വാങ്ങാൻ മാതാവ് തുടങ്ങിയപ്പോൾ മക്കളിലൊരാൾ മാതാവിനെ പോകാൻ സമ്മതിച്ചില്ല. അന്ന് തലേദിവസം കപ്പപൊളിച്ചതിന്റെ തൊലി അരിഞ്ഞ് വേവിച്ച് ആ മാതാവ് മക്കൾക്ക് നൽകി. മിക്കദിവസവും ഇതുതന്നെയായിരുന്നു ആഹാരം. എല്ലാ ദിവസവും നന്നേ പുലർച്ചെ നാലു മണി നേരമാകുമ്പോൾ ഉപദേശി യാത്രയാകും. ഈ സമയം ഹൈറേഞ്ചിൽ ശരീരം കോച്ചുന്ന കൊടും തണുപ്പായിരിക്കും. ഈ തണുപ്പിൽ എസ്റ്റേറ്റ് തൊഴിലാളികളോട് സുവിശേഷം പറയാൻ അതിരാവിലെ തന്നെ പോകണമെന്നത് ഉപദേശിക്ക് നിർബന്ധമാണ്. കാരണം നേരം വെളുത്താൽ പിന്നെ ഇവരെ കണ്ടുകിട്ടുക ബുദ്ധിമുട്ടായിരിക്കും. പലപ്പോഴും മക്കൾ ഉണർന്നു കഴിഞ്ഞാൽ ഉപദേശിയെ കാണുക വിരളമായിരിക്കും. കാരണം സുഖ

സുഷുപ്തിയിൽ ഇവർ മയക്കമാകുമ്പോഴേക്കും അഥവാ കിഴക്കു വെള്ള കീറുമ്പോഴേക്കും ഉപദേശി മൈലുകൾ നടന്നു കഴിയും.

ഇന്നത്തെപ്പോലെ കൂടുതൽ ആളെക്കൂട്ടി ക്രൂസേഡ് നടത്തുന്നതിനോട് ഉപദേശിക്ക് യോജിപ്പില്ല. അതുകൊണ്ടു തന്നെ വ്യക്തിപരമായ സുവിശേഷീകരണത്തിനായിരുന്നു ഉപദേശി പ്രാധാന്യം നൽകിയത്. ഉപദേശ വിഷയങ്ങളിൽ അയവില്ലാത്ത സമീപനമായിരുന്നു മത്തായി ഉപദേശിക്ക്. മിക്കപ്പോഴും തന്റെ ജുബ്ബായുടെ പോക്കറ്റിൽ ഒരു ലഘുലേഖ എങ്കിലും ഉണ്ടായിരിക്കും. താൻ വിതരണം ചെയ്ത 'മരണദൂതൻ' എന്ന ലഘുലേഖ നൂറുകണക്കിന് പേരെ രൂപാന്തരപ്പെടുത്തുകയുണ്ടായി.

ഐ.പി.സിയുടെ ആരംഭകാല ശുശ്രൂഷാ സമ്മേളനങ്ങളിൽ ഉപദേശി ഒരു നിറസാന്നിധ്യമാണ്. അക്കാലത്ത് ഐ.പി.സിക്ക് ഹൈറേഞ്ചിൽ വേരോട്ടമായിട്ടില്ല. പക്ഷേ മത്തായി ഉപദേശിയെക്കുറിച്ചും അദ്ദേഹത്തിന്റെ ഹൈറേഞ്ചിലെ പ്രവർത്തനത്തെക്കുറിച്ചും പറയുമ്പോൾ പാസ്റ്റർ കെ. ഇ. ഏബ്രഹാമിന് നൂറു നാവാണ്.

പലപ്പോഴും കുമ്പനാട് ശുശ്രൂഷക സമ്മേളനത്തിന് പോകാൻ ഉപദേശിയുടെ കൈയിൽ ചില്ലിക്കാശ് കാണില്ല. എങ്കിലും വിശ്വാസത്തോടെ ഉപദേശി യാത്ര തിരിക്കും. അക്കാലത്ത് ഉച്ചയ്ക്ക് ഭക്ഷണമായി ബംഗ്ലാവിൽ നിന്നും ശുശ്രൂഷകന്മാർക്ക് ലഭിക്കുന്നത് ഉപ്പുമാങ്ങയും വെള്ളവുമായിരുന്നു. ഇത് സന്തോഷത്തോടെ കഴിച്ചിട്ടാണ് മത്തായി ഉപദേശി മടങ്ങി വരിക.

ശുശ്രൂഷയുടെ സായാഹ്ന കാലത്ത് ഹൈറേഞ്ചിൽ തന്റെ പ്രവർത്തന തട്ടകത്തു തന്നെ മരിക്കണമെന്നായിരുന്നു മത്തായി ഉപദേശിയുടെ ആഗ്രഹം. ഇതിനോടകം പാമ്പനാർ, വണ്ടിപ്പെരിയാർ, ചപ്പാത്ത്, എസ്റ്റേറ്റ് മേഖലകൾ എന്നിവിടങ്ങളിൽ സഭാപ്രവർത്തനം വ്യാപിച്ചു. പ്രത്യേകിച്ച് തൊഴിലാളി മേഖലകളിൽ ഉപദേശിയുടെ സാന്നിധ്യം നിരവധി തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനും അവരെ വിശ്വാസത്തിൽ നിലനിർത്തുന്നതിനും കഴിഞ്ഞു. നീണ്ട നാലരപ്പതിറ്റാണ്ടുകാലം സിംഹഗർജ്ജനം പോലെ ഹൈറേഞ്ചിന്റെ മലമടക്കുകളിൽ ഗർജിച്ച ഈ വീരകേസരി എൺപതുകളുടെ പകുതിയിൽ ശാരീരികമായി ക്ഷീണിതനായി. എങ്കിലും തന്റെ അകത്തെ മനുഷ്യൻ ഹൈറേഞ്ചിനുവേണ്ടി, ആത്മാക്കൾക്കുവേണ്ടി തുടിച്ചുകൊണ്ടിരുന്നു. ഭവനത്തിൽ വിശ്രമജീവിതം നയിക്കുമ്പോഴും തന്റെ ആത്മാക്കളെ കണ്ടു കൊതി തീരണമെന്നതായിരുന്നു ഉപദേശിയുടെ ആഗ്രഹം.

അതുപോലെ തന്നെ നൂറുകണക്കിന് വിശ്വാസസമൂഹത്തിനെക്കണ്ട് 1986 സെപ്തംബർ 16ന് ഈ പ്രിയ ഭക്തൻ താൻ പ്രിയം വച്ച കർത്താവിന്റെ നാട്ടിലേക്ക് യാത്രയായി. മഹാപ്രതിഫലം പ്രാപിപ്പാനുള്ള തന്റെ അടങ്ങാത്ത വാഞ്ഛയുടെ തെളിവാണ് ഹൈറേഞ്ചിലെ ഇന്നത്തെ പെന്തെക്കൊസ്തു സഭയുടെ വളർച്ച' പൂർവപിതാവായ കാലേബിനെപ്പോലെ ആ മല എനിക്കു തരിക, മോശെ എന്നെ അയച്ച നാളിലെപ്പോലെ ഓടുവാനും പടവെട്ടുവാനും എനിക്ക് ആരോഗ്യമുണ്ടെന്ന് ചങ്കൂറ്റത്തോടെ പറയാൻ മത്തായി ഉപദേശി ധൈര്യംകാട്ടി. അക്കാലങ്ങളിൽ ഹൈറേഞ്ചിൽ സുവിശേഷ പ്രവർത്തനത്തിന് പോകാൻ പലരും മടിക്കുന്ന കാലയളവാണെന്നുകൂടി കൂട്ടിവായിക്കേണ്ടതാണ്. ഇന്നും ഇതൊക്കെതന്നെയാണ് സ്ഥിതി. എന്നാൽ കരിങ്കുളം മത്തായി ഉപദേശി ഒരു കാലേബിനെപ്പോലെ ധൈര്യമായി ആത്മാക്കളെ തേടി മലനിരകളിലേക്ക് സഞ്ചരിച്ചു. ഒരു സഞ്ചാര സുവിശേഷകൻ, അർപ്പണ മനസ്സിന്റെ ഉടമ, സുവിശേഷ ത്യാഗി, ഉദാരശീലൻ, ദൈവമക്കളെ ആദരിക്കുന്ന വ്യക്തി ഇങ്ങനെ ജീവിതം കൊണ്ട് ദർശന സാഫല്യം നേടിയ മത്തായി ഉപദേശി തീർച്ചയായും പെന്തെക്കൊസ്തിന്റെ പ്രകാശ ഗോപുരം തന്നെയായിരുന്നു. തന്റെ പ്രിയതമ സാറാമ്മ 1998 ഒക്ടോബർ 15-ന് കർത്താവിന്റെ സവിധത്തിൽ അണഞ്ഞു. തനിക്ക് ദാനമായി ദൈവം ആറു മക്കളെ നൽകി. പരേതനായ തോമസ്, റവ. ദാനിയേൽ മാത്യു, മറിയാമ്മ, ശമുവേൽ, ശോശാമ്മ, പാസ്റ്റർ പി. എം. കുഞ്ഞൂഞ്ഞുകുട്ടി എന്നിവരാണ്. റവ. ദാനിയേൽ മാത്യു ഫെയ്ത്ത് ലീ

**മലനിരകളിൽ ആത്മാക്കൾക്കുവേണ്ടി ഹൃദയം പറിച്ചുനൽകിയ കരിങ്കുളം മത്തായി ഉപദേശി പെന്തക്കൊസ്തു ചരിത്രത്തിലെ പ്രോജ്വല വ്യക്തിയും അനുകരണീയനായ ഒരു അപ്പൊസ്തലനുമാണ്.**



ഡേഴ്സ് ചർച്ച് ഓഫ് ഗോഡ് പ്രസിഡന്റും കൺവൻഷൻ പ്രസംഗകനും ദീർഘവർഷങ്ങളായി കർത്താവിന്റെ വേലയിൽ വ്യാപൃതനുമാണ്. ഇളയമകൻ പാസ്റ്റർ പി.എം. കുഞ്ഞൂഞ്ഞുകുട്ടി ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച് ശുശ്രൂഷകനും ബൈബിൾ സെമിനാരി ക്യാംപസ് മാനേജരും ഇവാഞ്ചലിസം ഡയറക്ടറുമായി പ്രവർത്തിക്കുന്നു. തന്റെ കൊച്ചുമക്കൾ കേരളത്തിനകത്തും പുറത്തും ശുശ്രൂഷയിൽ ശക്തമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

മലനിരകളിൽ ആത്മാക്കൾക്കുവേണ്ടി ഹൃദയം പറിച്ചുനൽകിയ കരിങ്കുളം മത്തായി ഉപദേശി പെന്തക്കൊസ്തു ചരിത്രത്തിലെ പ്രോജ്വല വ്യക്തിയും അനുകരണീയനായ ഒരു അപ്പൊസ്തലനുമാണ്.



ബോബൻ ക്ലീറ്റസ്

**ഏതിനെയും എന്തിനേയും രാഷ്ട്രീയവൽക്കരിച്ച് തമ്മിലടിക്കുന്നത് നാടിന്റെ നന്മയ്ക്ക് ചേർന്നതല്ല. അനീതിക്കെതിരെ പോരാടണം. നിശബ്ദരാകാതെ ജനസമൂഹത്തെ പ്രത്യുത യുവതലമുറയെ ബോധ വൽക്കരിക്കണം. അക്രമികളെ ഒറ്റപ്പെടുത്താനും നാം തയാറാകണം. ഇത് അത്യാവശ്യം മാത്രമല്ല, ഓരോരുത്തന്റെയും കടമ കൂടിയാണ്.**

# കൊലപാതകം ഒരു കലയല്ല!

നവഫ്രഞ്ച് സിനിമയുടെ പിതാവ് എന്ന് അറിയപ്പെടുന്ന ഫ്രാൻസോ ത്രൂഫോ ഹിച്ച് കോക്കു മനുഷ്യ മനസിനെ ഭയാകുലനാക്കുന്ന കൊലപാതക ആവിഷ്ക്കാരത്തെക്കുറിച്ച് മരിക്കുന്നതിന് 8 വർഷം മുൻപ് നടത്തിയ അഭിമുഖത്തിന്റെ മലയാള പരിഭാഷ ഭാഷാപോഷിണിയിൽ (ആഗസ്റ്റ് 2013) പ്രസിദ്ധീകരിച്ചതിൽ പറയുന്നു: 'കൊലപാതകം ഒരു കലയാണെന്ന്.' യഥാർഥത്തിൽ ആ വീക്ഷണം തെറ്റല്ലേ? കൊലപാതകം ഒരു കലയല്ല. മറിച്ച് മുഴുലോകത്തെക്കാളും വിലയുള്ള ഒരു മനുഷ്യന്റെ ജീവനെ ലോകത്തിൽ നിന്നു തന്നെ തുടച്ച് മാറ്റുന്ന ഹീന കൃത്യമാണ് കൊലപാതകം. അതിനെ കലയായി കലാകാരൻ കണ്ടാലും കാട്ടാളത്തമായി മാത്രമേ സമൂഹത്തിന് കാണാൻ കഴിയൂ. കല വാണിജ്യ അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നതിൽ തെറ്റില്ല. എന്നാൽ അവ വ്യവസായം മാത്രം ലക്ഷ്യമാക്കുമ്പോൾ സമൂഹത്തിന് നന്മയേക്കാൾ തിന്മ മാത്രമേ ലഭിക്കുകയുള്ളൂ.

സിനിമയിൽ കാണിക്കുന്ന വേഷവിധാനങ്ങളും ചേഷ്ടകളും അക്രമരംഗങ്ങളും പകർത്തുകയാണ് പുതുതലമുറ. അവരെ കൊലപാതകം തികച്ചും ഒരു കലയാണെന്ന് പഠിപ്പിച്ചാൽ അത് സാമൂഹിക വിപത്തിലേക്കാണ് വഴി തെളിക്കുന്നത്. കലാകാരന് കല ഒരു ഉപജീവന മാർഗം മാത്രം ലക്ഷ്യമാക്കി കഥയിലും വെള്ളിത്തിരയിലും ഒറിജിനാലിറ്റി' വരുത്തുവാൻ ശ്രമിക്കുമ്പോൾ പുതുതലമുറയുടെ മുഖമൊന്ന് ഓർക്കുക. നാം കാണുന്നതൊന്നും യാഥാർഥ്യമല്ലെന്നും യാഥാർഥ്യമെന്ന് തോന്നിപ്പിക്കലാണെന്നും പുതിയ തലമുറ മറക്കരുത്. സിനിമയിലെ പ്രണയവും മരംചുറ്റിപാട്ടും ഒരു യഥാർഥജീവിതത്തിന്റെ നേർക്കാഴ്ചയല്ല. യഥാർഥ ജീവിതത്തിൽ ആരെങ്കിലും അത് അനുകരിച്ചാൽ മാനസികാസ്വാസ്ഥ്യം ഉള്ളവരെന്ന് മുദ്രണം ചെയ്യപ്പെടും. കലാകാരൻ കലയെ കലയായി കണ്ടാൽ മറ്റൊരു കൂട്ടർ അതിനെ തൊഴിലാക്കി കണ്ടു തുടങ്ങി എന്ന് കൂടി ഓർക്കണം. ഭയം കലാകാരന് മുഖത്ത് വരുന്ന രസമാണെങ്കിൽ അനുഭവിക്കുന്നവന് ഉള്ളിലെ തീയാണ്. വികാരംകൊണ്ട് ഒരുവൻ കൊലപാതകിയായി മാറുമ്പോൾ അവനിൽ ഇല്ലാതെ പോകുന്നത് വീണ്ടുവിചാരമാണ്. തെറ്റുകൾ ഒരിക്കലും പേരുമാറ്റി പറഞ്ഞാലോ വ്യാഖ്യാനിച്ച് അതിന് പുതിയമാനം കണ്ടെത്തിയാലോ തെറ്റ് തെറ്റല്ലാതാകുന്നില്ല. സമൂഹത്തിൽ കുറ്റവാസന ഏറുന്നു എന്നതിന്റെ തെളിവാണ് വാർത്താമാധ്യമങ്ങൾ കുറ്റകൃത്യങ്ങളെ വാർത്തയാക്കി പ്രത്യേകം അവതരിപ്പിക്കുന്നത്.

കൊലപാതകികളെ വാർത്തെടുക്കരുത്. ആളുമാറിയാലും ഇല്ലെങ്കിലും കത്തി ആഴ്ന്നിറങ്ങും കുറ്റക്കാരനാണോ കോടീശ്വരനാണോ എന്ന് കത്തി നോക്കാറില്ല. കുത്തിയവനേയും കുത്തേറ്റവന്റെ കുടുംബത്തേയും കുത്തുപാളയെടുപ്പിക്കും. വാളെടുക്കുന്നവൻ വാളാൽ എന്ന സന്ദേശം ആരും മറക്കരുത് വ്യക്തികൾക്കോ സംഘടനകൾക്കോ പബ്ലിസിറ്റി നേടുവാൻ ഒരുവനെ കുത്തിയോ വെട്ടിയോ കൊന്നാൽ മതി എന്ന നിലയിലേക്ക് സാംസ്ക്കാര സമ്പന്നമായ ജനസമൂഹം തരം താഴുന്നത് കഷ്ടം തന്നെ. ഒരു മൃഗം അധ:പതിച്ചാൽ എത്രത്തോളം? മൃഗത്തോളം മാത്രമെന്നാൽ അത് മനുഷ്യനാണെങ്കിൽ മൃഗത്തെക്കാളും അധ:പതിക്കും എന്നതിന്റെ ശക്തമായ തെളിവുകളാണ് നമ്മുടെ ചുറ്റും നടക്കുന്നത്. കൊലചെയ്യപ്പെടുന്നവനെക്കാൾ കൊലപാതകിയെ ലോകം അറിയുന്നു. വാർത്താമാധ്യമങ്ങൾ അനുകൂലിച്ചും പ്രതികൂലിച്ചും പക്ഷം ചേരുന്നു. അവർ വരുന്നതും ഇറങ്ങുന്നതും ഇരിക്കുന്നതും ചിരിക്കുന്നതും അങ്ങനെ പലപല ദൃശ്യങ്ങൾ പ്രസിദ്ധീകരിച്ച് കൊലപാതകികളെ ഹീറോകളാക്കുന്നു. മറ്റൊരു കൂട്ടർ തൂവാലകൊണ്ട് മുഖം മറെയ്ക്കുന്നു. ലജ്ജ ഉള്ളവർക്ക് കുറ്റകൃത്യം ചെയ്യാതിരുന്നൂടെ!

വാൾ ആർക്കും സുരക്ഷിതത്വം തരില്ല. നിങ്ങളുടെ ആയുധം തന്നെ നിങ്ങൾക്ക് വിനയാകും. സത്യം അന്വേഷിച്ചാൽ മാത്രം കാണത്തക്കവിധം മറഞ്ഞാണ് കിടക്കുന്നത്. അതിനെ അന്വേഷിക്കുന്നതിന് പകരം ഏതിനെയും എന്തിനേയും രാഷ്ട്രീയവൽക്കരിച്ച് തമ്മിലടിക്കുന്നത് നാടിന്റെ നന്മയ്ക്ക് ചേർന്നതല്ല. അനീതിക്കെതിരെ പോരാടണം. നിശബ്ദരാകാതെ ജനസമൂഹത്തെ പ്രത്യുത യുവതല



മുറയെ ബോധവൽക്കരിക്കണം. അക്രമികളെ ഒറ്റപ്പെടുത്താനും നാം തയാറാകണം. ഇത് അത്യാവശ്യം മാത്രമല്ല, ഓരോരുത്തന്റെയും കടമ കൂടിയാണ്.

കോപം എന്നത് ഒരു അലങ്കാരമല്ല, അഹങ്കാരനിബിഡമായ ഒരു മനസിന്റെ വൈകല്യമാണ്. കോപം പാപത്തിന്റെ മുന്നോടിയാണ്. കോപിക്കുന്നവരുടെ മാനസികവും ശാരീരികവുമായ ഇടപെടൽ ക്രൂരവും പൈശാചികവുമായിരിക്കും. ആത്മസംയമനത്താൽ കോപത്തെ നിയന്ത്രിക്കുന്നവനെ സമൂഹത്തിൽ നന്മ നല്കുവാനും നല്ലവനായും ജീവിക്കാൻ കഴിയൂ. ഒരുവന്റെ കോപക്കൂത്ത് മറ്റൊരുവന്റെ ജീവന് വില പറഞ്ഞു കൊണ്ടാകരുത്. ചിരിക്കുമ്പോൾ കൂടെ ചിരിക്കാൻ ആയിരം പേർ. ഉള്ളതിന്റെ അഹങ്കാരത്തിൽ ചെയ്യുന്നതിന്റെ തിക്തഫലത്താൽ കരയേണ്ടിവരും. അപ്പോൾ ഒറ്റയ്ക്കേ കാണൂ എന്ന് മറക്കേണ്ട. നിയന്ത്രണം ഇല്ലാത്ത കോപം മനുഷ്യനെ വിരൂപനും മൃഗതുല്യനുമാക്കുന്നു എന്നൊരു ചിന്തകൻ പറഞ്ഞിട്ടുണ്ട്.

പരസ്പരം ക്ഷമിക്കുവാൻ കഴിയാത്തവർ ജീവിതത്തിൽ സന്തോഷം ആഗ്രഹിക്കാത്തവരാണ്. 'പിതാവേ, ഇവർ ചെയ്യുന്നതെന്തെന്ന് അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമേ'' എന്ന യേശുവിന്റെ വാക്കുകൾ ക്ഷമയ്ക്ക് ഉത്തമ ഉദാഹരണമാണ്. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ മർദ്ദിച്ചവരെക്കുറിച്ചോ അവരുടെ വിവരങ്ങളെക്കുറിച്ചോ ലോകത്തിന് വലിയ അറിവൊന്നുമില്ല. എന്നാൽ അവരോട് ക്ഷമിച്ച മഹാത്മാഗാന്ധിയെ ലോകത്തിന് ശ്രേഷ്ഠമായ നിലയിൽ അറിയാം. മുക്കിലും മൂലയിലും പെട്ടിക്കടയിലും മെഗാ സിറ്റികളിലും സിനിമാലോകത്തിലെ വീരനായകന്മാരുടെ പേരിലുള്ള ഫാൻസ് അസോസിയേഷനുകളുടെ പരസ്യബോർഡുകൾ ഉയർന്നു കഴിഞ്ഞു. അനുകരിക്കാൻ തയാറാകുന്ന പുത്തൻ തലമുറയ്ക്ക് അവർ കാണിച്ച് കൊടുക്കുന്നത് വൈരാഗ്യം മനസിൽ പതഞ്ഞ് പൊങ്ങി ക്ലൈമാക്സിൽ വില്ലനെ തല്ലിക്കൊന്ന് ധീരനായി മുന്നേറുന്ന പുത്തൻ ശൈലികളാണ്. നായകൻമാരേ... നിങ്ങൾക്കുമില്ലേ ഈ നാടിന്റെ അധ:പതനത്തിൽ ഒരു പങ്ക്? അനുകരിക്കാൻ തയാറായി നിലകൊള്ളുന്ന പുത്തൻ തലമുറയേ, നിങ്ങളുടെ വീരനായകൻമാരുടെ ജീവിതത്തിലേക്ക് ഒന്ന് എത്തിനോക്കൂ, അവർ ആരെയും ഇതുവരെ കൊന്നിട്ടില്ല. ജയിലിൽ കിടന്നിട്ടുമില്ല. തെരുവുകളിൽ വാളും വടിയുമായി അക്രമാന്തരീക്ഷം ഉണ്ടാക്കിയിട്ടുമില്ല. അവർ അവരുടെ കുടുംബത്തിനായി ജീവിക്കുന്നു.

നാളെയുടെ വാഗ്ദാനമായ യുവതലമുറയുടെ യാത്ര എവിടേക്കാണ്? വാളിന്റെ വായ്ത്തലയാൽ രാജ്യങ്ങൾ കീഴടക്കിയ നെപ്പോളിയൻ പറഞ്ഞത്: ഞങ്ങൾ വാളിന്റെ വായ്ത്തലയാൽ രാജ്യങ്ങൾ വെട്ടിപ്പിടിച്ചു. എന്നാൽ ഒരുവൻ ലോകം മുഴുവൻ ആയുധം കൂടാതെ സ്നേഹവും ക്ഷമയും കൊണ്ട് കീഴടക്കി. നെപ്പോളിയന്റെ വാക്കിൽ നിറഞ്ഞു നിൽക്കുന്നത് പിഴവും പോറലും ഏൽക്കാത്ത, ആർക്കും അനുകരിക്കാൻ സാധിക്കുന്ന നായകൻ ക്രിസ്തുവത്രേ. സ്വന്തജീവനേയും മറ്റുള്ള ജീവനേയും നശിപ്പിക്കരുത്. ഒരാത്മാവ് മുഴുലോകത്തെക്കാൾ വിലയുള്ളതാണ്.



റീന രാജൻ

# കൂടാരം

കുന്നിൻമുകളിൽ ചെഞ്ചുവപ്പു പരക്കുന്നു
ഭാണ്ഡം മുറുക്കി പടിയിറങ്ങുന്നു സഞ്ചാരികൾ
നമുക്കിവിടെ വീടില്ലാ
പോകുന്നു നമ്മൾ തീരം തേടിയാ-
പുത്തൻ വീടിനവകാശികൾ
പോകുമ്പോൾ യാത്രയ്ക്കായി
എന്തു കരുതി?
ഇത്തിരി ഓർമകളും പിന്നെയീ
മരുവിലെ നശ്വരബന്ധങ്ങളും
സാക്ഷി നിൽക്കുന്നു.

ഞാനോ മൺകൂടിനുള്ളിൽ ബോധിയായി
പിന്നെ പറന്നകലും മരീചിക.
കറുപ്പും വെളുപ്പും നിറഞ്ഞ
ജീവിത കളങ്ങൾ
അവിടെയും ഓടിത്തളർന്ന പന്തയക്കുതിര.
പിന്നെയും പറയുന്നു; – ഞാൻ
നീർത്തടങ്ങൾ തേടിയലഞ്ഞ
ആത്മദാഹിയാം മാൻപേട.

ഇനിയും മാർഗമേതെന്നു കാട്ടിത്തരുന്നു.
അനന്തവീഥിയിലേക്കു മാടി വിളിപ്പൂ
അർക്കൻ.
ദൂരെ നീലാകാശം സ്നേഹമുദ്രകൾ കാട്ടി

സാകൂതം പിന്തുടരുന്നു
പിറന്ന മണ്ണും, പ്രിയസഖിയുടെ മൗനവും
കുരുന്നുപിറവികളുടെ വാത്സല്യത്താരാട്ടും
പലഹാരപ്പൊതിയേറ്റുവാങ്ങിയ
മക്കളുടെ മുഖവും
എന്നിൽ നിന്നും ഇടറിമായുന്നു

വരണ്ടമണ്ണിൽ പുതഞ്ഞ പാദങ്ങൾ
വിണ്ടുകീറി ചോരയിറ്റു
അസ്ഥിജഡമാംസങ്ങളിൽ എരിഞ്ഞുണരുന്നു
വേദനയുടെ നെരിപ്പോടുകൾ
ആരേകിത്തന്നു പേശികളിൽ ബലാബലം?
മാമരച്ചോട്ടിൽ അലിവോടെ നോക്കി നിന്നൊരാൾ!

കണ്ണിൽ ഉദിച്ചുയർന്നുവോ നാഥാ നിൻ പ്രഭാവലയം.
നീയെനിക്കു ആരാകുന്നു ?
അത്രമേൽ അടുത്തിടാൻ,
അത്രമേൽ സ്നേഹിക്കുവാൻ,
നീയെനിക്കു ആരാകുന്നു?
നീയെനിക്കു, വർണപ്രപഞ്ചം കാട്ടിത്തന്നൊരു
സ്നേഹമയൻ
ആഴങ്ങളിൽ മുങ്ങിടാതെ കരം തന്നു
ചേർത്തണയ്ക്കും കരുണാമയൻ
പോയകാലത്തിനും എനിക്കുമിടയിൽ

എഴുതിവച്ച വചനങ്ങൾ,
ചുരുൾ നിവർത്തിയ സത്യം !
ചോരചുവപ്പിച്ച പച്ച പൈൻമരത്തിൽ
ഒഴുകി നിറയുന്നു നിൻ രുധിരത്തിൻ
ബലി പുഷ്പങ്ങൾ

എല്ലാം വറ്റിയമരുന്ന നേരത്തും
ദേഹം മണ്ണോടുചേരുന്ന നേരത്തും
ചൂടുമണൽക്കാറ്റിൽ പാദങ്ങൾ
പുതയുന്നനേരത്തും
ഈ നെഞ്ചിലെ ചൂടണയുംവരെ
മായാതെ സ്മൃതിയിൽ തെളിയട്ടെ
നിൻ മുഖം, നിൻ ത്യാഗം.

ആഗതനാകും പുതുവാനിൽ വേഗം നാഥൻ.
അന്നു പ്രിയന്റെ നാദം എൻ കാതിൽ മുഴങ്ങും
നവകായം പ്രാപിക്കും സംശയമെന്യേ
അതുവരേയ്ക്കും അമർത്തിച്ചവിട്ടി
കയറുക നാം കുന്നിൻ മുകളിൽ
നിൻ ത്യാഗത്തിൻ കൊടിയേന്തിടാൻ ...
വരും പിറവികൾക്ക് കൈകളിൽ-
തീജ്വാലകൾ പകർന്നു നൽകാൻ
ഉറക്കെയുറക്കെ തൻ നാമം ഉദ്ഘോഷിക്കുന്നു.

# ചിറകുകൾ തളരുമ്പോൾ

തെക്കേ വറുതിക്കൽ കൊച്ചുണ്ണൂണ്ണിച്ചേട്ടന്റെ മരണം ഒരു ഭാഗ്യമരണമായിരുന്നു. മരിക്കുമ്പോൾ വേണ്ടപ്പെട്ടവർ ആരും അടുത്തില്ലെങ്കിൽ, മാലാഖമാർ മധുരഗാനം മീട്ടി, ആകാശം ചായിച്ചിറങ്ങി വന്ന്, ആശ്വസിപ്പിച്ച് ആത്മാവിനെ കരങ്ങളിൽ വഹിച്ച് ഇമ്പങ്ങളുടെ പറുദീസയിലേക്ക് ആനയിക്കുമെന്നാണ് കേട്ടുകേൾവി. ഒരു പക്ഷെ അപ്പനോ അമ്മയോ ചത്തു വിറങ്ങലിച്ച് കിടക്കുന്നതുകണ്ട് നാട്ടുകാർ പിറുപിറുത്തപ്പോൾ സ്വന്തം പ്രതിച്ഛായ നഷ്ടപ്പെടാതിരിക്കാൻ ഏതോ ഒരു പുരാതന മരുമകൾ സൃഷ്ടിച്ച മൊഴിയായിരിക്കാം! ഭാഗ്യമാണെങ്കിലും നിർഭാഗ്യമാണെങ്കിലും തെക്കേ വറുതിക്കൽ കോര മകൻ കൊച്ചുണ്ണൂണ്ണി കർത്താവിൽ നിദ്ര പ്രാപിക്കുന്നത് ആരും കണ്ടില്ല.

കഷ്ടം! കൊച്ചുണ്ണൂണ്ണിച്ചേട്ടന് മക്കളോ കൊച്ചുമക്കളോ ഇല്ലാഞ്ഞിട്ടായിരിക്കും ഇങ്ങനെ ഒരു ഗതികേട് വന്നത് എന്നു കരുതാൻ വരട്ടെ. മക്കളും കൊച്ചുമക്കളും മരുമക്കളും എല്ലാം ഒത്തുകൂടിയാൽ സാമാന്യം നല്ല ആൾബലം ഉണ്ടെന്നുള്ളത് സത്യമാണെങ്കിലും ആരും സ്ഥലത്തില്ല എന്നതാണ് നഗ്നസത്യം. മൂത്ത മകൻ കുഞ്ഞവറാച്ചൻ ഭാര്യ ആനിയമ്മ, മക്കളും കൊച്ചുമക്കളുമായി അങ്ങു വടക്കേ മലബാറിലാണ്. രണ്ടാമത്തെ മകൾ കുഞ്ഞന്നാമ്മ ഭർത്തൃസമേതം പന്തളം. മൂന്നാമത്തെ മകൾ സൂസിയാമ്മ ഭർത്താവ് കറിയാച്ചൻ യു.എസ്.എ അല്ലെങ്കിൽ യുണൈറ്റഡ് സ്റ്റേറ്റ് ഓഫ് അമേരിക്ക. നാലാമത്തെ മകൻ സേവ്യറുകുട്ടി ഭാര്യ ഫിലോമിന യു.കെ. ആറാമത്തവൾ ഗ്രേസിക്കുട്ടി ഭർത്താവ് തോമസുകുട്ടി നൈജീരിയ. ഏഴാമത്തെ മകൻ സാബു ഭാര്യ സോനു യു.എസ്.എ. എട്ടാമൻ മോൻസി ഭാര്യ ലീന യു.എ.ഇ. ഇതാണ് മിസ്സിസ് ആന്റ് മിസ്റ്റർ കൊച്ചുണ്ണൂണ്ണിയുടെ മക്കൾപുരാണം. അതുകൊണ്ടു തന്നെ പലരും അദ്ദേഹത്തെ വാനോളം പുകഴ്ത്താറുണ്ട്. അല്ല, കൊച്ചുണ്ണൂണ്ണിച്ചേട്ടന്റെ ഒരു ഭാഗ്യം, മക്കളെല്ലാം വിദേശത്തല്ലേ, കൊച്ചുണ്ണൂണ്ണിച്ചേട്ടൻ ഭാഗ്യവാനോ നിർഭാഗ്യവാനോ ആണെന്ന് അയാൾക്കു മാത്രമേ അറിയാവൂ.

ഒരു കർഷകകുടുംബത്തിൽ ജനിച്ചു വളർന്ന കൊച്ചുണ്ണൂണ്ണിക്ക് സാമാന്യ വിദ്യാഭ്യാസം പോലും ലഭിച്ചില്ലെന്നുവേണം കരുതാൻ. തെളിവ്, പിൽക്കാലത്ത് പിള്ളേരുടെ മണിയോർഡർ വരുമ്പോൾ പാറേൽ പള്ളിയുടെ തിരുമുറ്റത്ത് നാട്ടിയിരിക്കുന്ന കൽക്കുരിശാണ് ഒപ്പായി ഇട്ടിരുന്നത് എന്നു ജനസംസാരം. അതല്ല, കഷ്ടതയുടേയും പട്ടിണിയുടേയും മലമ്പനിയുടേയും വസൂരിയുടേയും ഒക്കെ മധ്യത്തിൽ ഇടവിടാതെ കുരിശുവരച്ചു മനസിൽ പ്രാർഥിച്ചു നടന്നതിന്റെ ഫലമായി മക്കളെ തന്നതും മക്കൾ മറുനാട്ടിൽ പോയതും മറുനാട്ടിൽ നിന്നു മക്കളുടെ മണിയോർഡർ വന്നതും ഈ കുരിശു കാരണമാണെന്ന് മനസിലോർത്ത് നന്ദി സൂചകമായി കുരിശൊപ്പ് ഇടുന്നതാണെന്ന് മറ്റു ചിലർ.

പതിനാലാമത്തെ വയസിലാണ് കൊച്ചുണ്ണൂണ്ണിച്ചേട്ടൻ പാലായിൽ നിന്നും എട്ടു വയസ്സുള്ള കുഞ്ഞേലിയെ വിവാഹം ചെയ്തത്. എന്താണ് കല്യാണമെന്നോ എന്തിനാണ് കല്യാണമെന്നോ ഒന്നും അറിഞ്ഞുകൂടെങ്കിലും കല്യാണം കഴിഞ്ഞാൽ പിന്നെ പള്ളിക്കൂടത്തിൽ പോകേണ്ട എന്നതുകൊണ്ട് കുഞ്ഞേലിക്ക് കല്യാണം കഴിക്കാൻ ഇഷ്ടമായിരുന്നു. പള്ളിക്കൂടത്തിൽ പോയിരുന്ന് വാദ്ധ്യാൻമാരുടെ തല്ലും മേടിച്ച് തറ, പറ, പന പഠിക്കുന്നതിനേക്കാൾ എന്തു നല്ലതാ! എപ്പഴും കഞ്ഞീം കറീം കളിക്കാമല്ലോ, കണയോല കൊണ്ട് വീടുണ്ടാക്കി അച്ചനും അമ്മയും കളിക്കാൻ കൊച്ചുണ്ണൂണ്ണിച്ചെറുക്കൻ കൂട്ടിനും, ഹായ് കല്യാണം ഇതു മാത്രമായിരുന്നു കുഞ്ഞേലിയുടെ കുഞ്ഞുഹൃദയത്തിലെ കല്യാണമോഹം.


പഴയ കാലമല്ലേ, ദാരിദ്ര്യം കൊടികുത്തിവാഴുകയാണ്. തൊഴിലവസരങ്ങൾ വളരെ കുറവ്. രാസവളം കണ്ടുപിടിച്ചിട്ടില്ലാത്തതിനാൽ കൃഷിയുടെ ആദായം കുറവ്. അതുകൊണ്ടുതന്നെ പ്രഷറും ഷുഗറും മറ്റ് അസുഖങ്ങളും ഇല്ലെങ്കിലും ദാരിദ്ര്യത്തിന് ഒരു കുറവുമില്ല. കട്ടൻകപ്പ മൂന്ന് ഊറ്റി കട്ടു കളഞ്ഞ കപ്പപ്പുഴുക്ക്, കാന്താരി ചമ്മന്തി ഇതിനേക്കാൾ നല്ല ഒരു വിഭവം അന്നും ഇന്നും വേറെയുണ്ടോ? ചക്കപ്പുഴുക്ക്, ഇടിച്ചക്ക, ചക്കക്കുരുകറി, ചക്കക്കുരു തോരൻ, ചക്കക്കുരു മെഴുക്കുപുരട്ടി, ചക്കക്കൂഞ്ഞി മസാലറോസ്റ്റ്, ചക്കപാട തീയൽ, ചക്കക്കുരു അച്ചാർ, ചക്കപ്പഴം കൂടാതെ ഓമക്കയിൽ തീർത്ത പലതരം വിഭവങ്ങൾ മറ്റു പല വീടുകളേയുംപോലെ ഇവകൊണ്ട് കുഞ്ഞേലിയമ്മയുടെ അടുക്കളയും വിഭവസമൃദ്ധം.

മൂത്തമകൻ കുഞ്ഞവറാച്ചൻ മലബാറിലാണ് താമസം. അന്നത്തെ കാലത്ത് രണ്ടു ഏക്കർ ഭൂമിയും മുന്നൂറ്റമ്പത് രൂപ സ്ത്രീധനവും നൽകാമെന്ന വാഗ്ദാനവുമായി മലബാറിലുള്ള ഒരു ചേട്ടൻ തന്റെ മകൾക്ക് വിവാഹാലോചനയുമായി കൊച്ചുണ്ണൂണ്ണിച്ചേട്ടനെ സമീപിച്ചപ്പോൾ അദ്ദേഹം കൂടുതൽ ഒന്നും ആലോചിച്ചില്ല. തന്റെ മകൻ കുഞ്ഞവറാച്ചനെ മലബാറിൽ ദത്തു നിർത്തുന്നതിനു തന്നെ തീരുമാനിച്ചു.

രണ്ടാമത്തെ പുത്രി കുഞ്ഞന്നാമ്മ നാടുവിട്ടോടി വന്ന ഒരു പന്തളത്തുകാരന്റെ കൂടെ പാതിരായ്ക്ക് പാലായനം ചെയ്യാൻ പദ്ധതി തയ്യാറാക്കിയപ്പോൾ പ

ണി പറ്റിക്കുന്നതിനുമുമ്പെ കുഞ്ഞുണ്ണുണ്ണിച്ചേട്ടൻ പമ്മിയിരുന്ന് പത്തുപേരറിഞ്ഞ് കെട്ടിച്ചു പടിയിറക്കി പ റഞ്ഞു വിട്ടു.

അമേരിക്കയിൽ കുടിയേറിപ്പാർത്ത നിരണംകാരൻ കറിയാച്ചൻ തന്റേതല്ലാത്ത കാരണത്താൽ ഭാര്യയുമാ യുള്ള ബന്ധം വേർപെടുത്തി നാട്ടിലെത്തി സൂസിയാ മ്മയെ വിവാഹം കഴിക്കുകയും കറിയാച്ചൻ തന്റേതായി എന്ന കാരണത്താൽ സൂസിയാമ്മ സൂര്യൻ അസ്തമി ക്കാത്ത നാട്ടിലേക്ക് പറക്കുകയും ചെയ്തതോടുകൂടി കൊച്ചുണ്ണൂണ്ണിയുടെ വീട്ടിൽ സൂര്യൻ ഉദിക്കുകയായി



രുന്നു. ഏതായാലും സൂസിയാമ്മ പറന്നതോടുകൂടി കൂടപ്പിറപ്പുകളൊക്കെ ഇടവിട്ട് ഇടവിട്ട് കൂടെ പറന്നു പ ലയിടങ്ങളിലായി ചേക്കേറി. വിദേശത്തു നിന്ന് മക്കളും മരുമക്കളും കൊച്ചുമക്കളുമായി ഒന്നോ രണ്ടോ വർഷ ങ്ങൾ കൂടുമ്പോൾ നാട്ടിലെത്തുമ്പോൾ കൊച്ചുണ്ണൂണ്ണി ച്ചേട്ടനും കുഞ്ഞേലിച്ചേടത്തിക്കും ആഘോഷമാണ്. മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ വക ഉമ്മകളുടെ പൊടിപൂരമാണു പിന്നെ.

മക്കളാരും സ്ഥലത്തില്ലാത്തതിനാൽ വൃദ്ധ ദമ്പ തികൾ തനിച്ചാണ് താമസം. തപ്പിയും തടഞ്ഞും ഒരു കണക്കിനാണ് ജീവിതം മുമ്പോട്ടു നീക്കുന്നത്. കുഴമ്പ്, എണ്ണ, കഷായം, അമൃതാഞ്ജൻ എന്നിവയുടെ സുഗന്ധപൂരിതമായ മുറിയിൽ രണ്ടു കട്ടിലിൽ ആണ് കിടപ്പ്. ഒന്നുറങ്ങി കൊച്ചുണ്ണൂണ്ണി ഉണർന്നു 'എടീ കുഞ്ഞേലി..' പല പ്രാവശ്യം മൂപ്പിലാൻ വിളിച്ചിട്ടും കുഞ്ഞേലി ഉണർന്നില്ല.തലയ്ക്കൽ വെച്ചിരുന്ന ഊന്നുവടി എടുത്ത് അങ്ങേ കട്ടിലിൽ വില്ലുപോലെ വളഞ്ഞുകിടന്നുറങ്ങുന്ന സഹധർമ്മിണിയുടെ മുതുകിൽ എഴിച്ചുനിന്ന എല്ലിനിട്ട് അയാൾ കുത്തി.

'' 'എന്റമ്മോ'' ഒരു നിലവിളിയോടെ അവർ തിരിഞ്ഞു കിടന്നു.' 'എന്തോന്നാ മനുശാ സൂക്കേട് മനുശാമേ ഒറങ്ങാനും സമ്മതിക്കൂലേ'' തള്ള പകുതി ഉറക്കത്തിൽ പാലാഭാഷയിൽ അരിശപ്പെട്ടു. 'എടീ എനിക്ക് ഏതാണ്ടു പൊലെ'' കൊച്ചുണ്ണൂണ്ണി നിജസ്ഥിതി വെളിപ്പെടുത്തിട്ടും ചേട്ടത്തി ഉറക്കത്തിലേക്കു വഴുതി വീണു. അരിശം വന്ന കൊച്ചുണ്ണൂണ്ണി വീണ്ടും വിളിച്ചു '' 'എടീ... ഏക്ക് എനിക്കേതാണ്ടു പോലെ...'' 'യാർക്ക്' ചേട്ടത്തി പാതി ഉറക്കത്തിൽ മറു ചോദ്യം ചോദിച്ചു.

മുക്കിയും മൂളിയും മനസില്ലാമനസ്സോടെ എഴുന്നേറ്റ കുഞ്ഞേലി രണ്ടുമൂന്നു കസ്തുരാദി ഗുളിക എടുത്തു കൊടുത്തെങ്കിലും മൂപ്പിലാൻ അതു വാങ്ങാൻ കൂട്ടാക്കിയില്ല. തള്ള എഴുന്നേൽക്കാൻ താമസിച്ചതിന് കട്ടിസ് ഇട്ടു പിണങ്ങി കിടക്കുകയാണ്. 'മനുശാ പാതിരാത്രിക്ക് മുതുകൂത്ത് കാണിക്കാതെ ഇത് വായിലിട്...' വായു ആയിരിക്കും.''

പിറ്റേ പ്രഭാതത്തിൽ നീലഗിരി കാപ്പിപ്പൊടി ചേർത്ത കട്ടൻ കാപ്പിയുമായി കുഞ്ഞേലി കൊച്ചുണ്ണൂണ്ണിയെ പലപ്രാവശ്യം 'മനുശാ... മനുശാ കാപ്പി'' എന്ന് പറഞ്ഞ് കുലുക്കി വിളിച്ചെങ്കിലും കുലുങ്ങി കുലുങ്ങി കാപ്പി പോയതല്ലാതെ ചേട്ടൻ കുലുങ്ങിയില്ല. കുഞ്ഞേലിയുടെ നിലവിളികേട്ട് ഓടികൂടിയവരാണ് ചേട്ടന്റെ മരണം സ്ഥിരീകരിച്ചത്. കൊച്ചുണ്ണൂണ്ണിച്ചേട്ടൻ ഗുഡ്ബൈ. ഏറ്റവും ഒടുവിലും, കുഞ്ഞേലിയോടിട്ട കട്ടീസ് കട്ട് ചെയ്യാതെ തികഞ്ഞ പുരുഷത്വത്തോടെ തെക്കേവരുതിക്കൽ കോരമകൻ കൊച്ചുണ്ണൂണ്ണി ഗുഡ് ബൈ.

അതിരാവിലെ തന്നെ ഏഴാം കടലും കടന്ന് വാർത്ത മക്കളുടെ ചെവിയിലുലെത്തി 'അപ്പൻ ഗുഡ് ബൈ'. അപ്പന് യാതൊരു കുറവും വരുത്തരുത് എല്ലാം വേണ്ടപോലെ ചെയ്തുകൊള്ളുക ഫോറിൻ മക്കൾ കുഞ്ഞന്നാമ്മയേയും അളിയൻ പൈലിയേയും ചേട്ടൻ കുഞ്ഞവറാച്ചനേയും ശട്ടംകെട്ടി. അപ്പൻ മരിച്ചുപോയില്ലേ ഇനി എന്തു കുറവുവരാനാ? കുഞ്ഞന്നാമ്മക്കു സംശയം.

അപ്പന്റെ അടക്കം അടിപൊളിയാക്കണം. നമ്മടെ അപ്പനുവേണ്ടി നമ്മൾ ചെയ്തില്ലെങ്കിൽ പിന്നെ ആരു ചെയ്യാനാ! മാത്രമല്ല നമ്മുടെ സ്റ്റാറ്റസിന്റെ പ്രശ്നമാ. ഞങ്ങൾ വരുന്നതുവരെ മോർച്ചറിയിൽ വെയ്ക്കുക, പന്തൽ, പാട്ടുകാര്, ആദരാഞ്ജലിപടം, ഭക്ഷണ ക്രമീകരണം, പിന്നെ മന്ത്രിമാർ വല്ലവരും വരാൻ സാധ്യതയുണ്ടെങ്കിൽ വരുത്തണം. പത്രത്തിൽ ഫോട്ടോ സഹിതം വിവരം നൽകുമ്പോൾ മക്കൾ മരുമക്കൾ എല്ലാവരും വിദേശത്ത് എന്ന് എഴുതാൻ മറക്കരുത്. വലിയമെത്രാനേ തന്നെ കൊണ്ടുവന്ന് സംസ്കാരശുശ്രൂഷ നിർവ്വഹിക്കണം. രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക, ആചാര്യ പ്രമുഖർ എല്ലാം പങ്കെടുക്കത്തക്ക നിലയിൽ കാര്യങ്ങൾ ചെയ്യുക. പൈസ നോക്കേണ്ട. കാശ് പോന്നതും വരുന്നതുമാ അപ്പൻ പോയാൽ പിന്നെ വരുകേലാ അന്തസും പോയാൽ പോയതാ. എല്ലാം വീഡിയോയിൽ പിടിക്കണം. എല്ലാ പോസ്റ്റേലും ഫോട്ടോ ഒട്ടിക്കണം. ആവശ്യത്തിനു വണ്ടി ശട്ടം കെട്ടി ഫോട്ടോ പതിക്കണം. അലങ്കരിച്ച വണ്ടിയേൽ ബോഡി കൊണ്ടുപോകണം. കെട്ടാവുന്നിടത്തെല്ലാം കറുത്ത കൊടി കെട്ടണം. ഞങ്ങൾ എപ്പോൾ വരുമെന്ന് പിന്നീട് വിളിച്ചു പറയാം... ഓ.കെ... ഓ.കെ...

കൊച്ചുണ്ണൂണ്ണി പാകൃവാനാ... എന്തു വലിയ അടക്കമാ, എന്തുമാത്രം വണ്ടിയാ? ഇതിനുംമാത്രം ആളുകള് എവിടെ കെടന്നു. മാത്രമോ പോസ്റ്റേൽ എല്ലാം പടോം. ഇട്ടു മൂടാനുള്ള റീത്തും അലങ്കരിച്ച വണ്ടീം മൈക്കും പാട്ടും തിരുമേനിമാരും, രാഷ്ട്രീയക്കാരും എന്നുവേണ്ട മരിക്കുവാന്നേ കൊച്ചുണ്ണൂണ്ണി മരിച്ചപോലെ മരിക്കണം; പലരും അടക്കംപറഞ്ഞു. എന്നുവെച്ചാൽ വെള്ളം കിട്ടാതെ മരിക്കണമെന്നോ? ചിലർ തിരിച്ചു ചോദിച്ചു. ഈ കാട്ടിക്കൂട്ടുന്ന ബഹളം ഒക്കെ ആർക്കു വേണ്ടായാടോ, മരിച്ച തന്തക്കുവേണ്ടിയോ? അതോ ജീവിച്ചിരിക്കുന്ന മക്കക്കുവേണ്ടിയോ? പ്രായമായ തന്തേം തള്ളേം എഴഞ്ഞും വലിഞ്ഞും കാലം കഴിച്ചു കൂട്ടിക്കഴിഞ്ഞ് നാട്ടുകാരെ വിളിച്ച് 16 അടിയന്തരോം 40 അടിയന്തരോം നടത്തി തീറ്റിപോറ്റി വീട്ടാൽ മതിയല്ലോ? ഛീ വെറ്റില മുറുക്കാൻ ഒരുത്തൻ നീട്ടിത്തുപ്പി 'ഓൾഡ് സിറ്റിസൺ നോൺ സൺസ്'.

കൊച്ചുണ്ണൂണ്ണിയെ ഒരിക്കൽപോലും കണ്ടിട്ടില്ലാത്തവർപോലും അദ്ദേഹത്തെ വാനോളം പുകഴ്ത്തി അനുശോചനങ്ങൾ അറിയിച്ചു. 'നേരത്തെ വായ് മുറുക്കി കെട്ടിയതു ഭാഗ്യം അല്ലെങ്കിൽ ഇതൊക്കെ കേട്ട് കൊച്ചുണ്ണൂണ്ണി വാക്കോഴം വിളിച്ചേനേം അല്ലിയോടാ തോമാ' ഒരു മൂപ്പിലാൻ മറ്റൊരു തൈക്കിളവനോടു പറഞ്ഞു.

അപ്പന്റെ അടക്കം കഴിഞ്ഞ് 16 അടിയന്തരവും ഗംഭീരമായി നടത്തി. മക്കൾക്കു മടങ്ങി പോകാൻ സമയമായി. ഇനി അമ്മേടെ കാര്യം എങ്ങനാ എല്ലാവരും കൂടി ഒരു തീരുമാനത്തിൽ എത്തണം. ഇളയമക്കൾക്കല്ലേ അപ്പന്റേം അമ്മേടേം ഉത്തരവാദിത്തം മോൻസി എന്തെങ്കിലും ചെയ്യട്ടെ സൂസിയാമ്മ പറഞ്ഞു. 'പെങ്ങളെ, ഒരുമാതിരി ചൊറീന്ന വർത്തമാനം പറയല്ല് എല്ലാവർക്കുമുണ്ട് ഉത്തരവാദിത്തം. എന്നെ മാത്രം പ്രസവിക്കുകയും നിങ്ങളെ ഛർദ്ദിക്കുകയും അല്ലായിരുന്നല്ലോ?' ഞാൻ അമ്മേം നോക്കി ഇവിടിരിക്കാൻ പറ്റുമോ? യു.എ.ഇ.ൽ കൊണ്ടുപോകാൻ പറ്റുമോ, ഞങ്ങൾ രണ്ടുപേരും ജോലിക്കുപോയാൽ പിന്നെ ഏതെങ്കിലും സമയത്താവരുന്നത്. പിള്ളാർക്കാണെങ്കിൽ എണ്ണയും കൊഴമ്പിന്റെയും മണം പിടിക്കുകേലാ. ഒരു വിക്സ്പോലും തേക്കാൻ അവരു സമ്മതിക്കുകേല. ആ സ്ഥിതിക്ക് ആ കാര്യം ചിന്തിക്കേണ്ട, മോൻസി നിജസ്ഥിതി വെളിപ്പെടുത്തി.

എന്റെ കാര്യം ചിന്തിക്കുകയേ വേണ്ട, ഞങ്ങൾ വീട്ടിൽ മലയാളം സംസാരിക്കുകയില്ലെന്ന് തീരുമാനം എടുത്തുട്ടുള്ളതാ. ആ സ്ഥിതിക്ക് പിള്ളാരു സമ്മതിക്കുകേലാ. അല്ലേ സോനു? സാബു ചുവടു മാറി.

ഞങ്ങളാരും അമ്മേ നോക്കുന്ന കാര്യം നടക്കുകേലാ കൊച്ചായനോ, കൊച്ചമ്മയോ നോക്കണം അതേ നടക്കു ഫിലോമിന കുഞ്ഞവറാച്ചനോടും കുഞ്ഞന്നാമ്മയോടുമായി പറഞ്ഞു.

കൊച്ചേ, അമ്മയേ നോക്കുന്നതിന് എനിക്കു സന്തോഷക്കുറവൊന്നുമില്ല. മക്കടേം കൊച്ചുമക്കടേം അന്വേഷണത്തിലാ ഞാനിപ്പം കഴിയുന്നതെന്നറിയാമല്ലോ? കൊച്ചുമരുമക്കളുകൂടി വന്നതോട് ഞാനും ആനിയമ്മയും തന്നെ അധികപറ്റായി മാറിരിക്കുകയാ. അതിന്റെ കൂടെ അമ്മയെ കൂടി കൊണ്ടു ചെന്നാൽ നല്ല പൊല്ലാപ്പായി. എന്നാ പിന്നെ കൊച്ചായനും ചേടത്തിക്കും ഇവിടെ വന്ന് അമ്മേടെ കൂടി താമസിക്കാമോ?

അത് ഒട്ടും നടക്കുകേല, മലബാറിൽ ചെറിയൊരു മാടക്കട നടത്തിയാ എന്റെ വട്ടച്ചെലവ് നടക്കുന്നത്. തന്നെയല്ല ഞങ്ങൾ വീട്ടീന്ന് ഇറങ്ങിയാൽ പിന്നെ അങ്ങോട്ടു കയറ്റുമെന്ന് തോന്നുന്നില്ല. ഇങ്ങനെ നിക്കുന്നതുകൊണ്ട് അങ്ങുനിന്നു പോവാ.

കൊച്ചമ്മ എന്തു പറയുന്നു അമ്മയെ കൂടി കൊണ്ടു പോകാമോ? എല്ലാവരുടേയും നോട്ടം കുഞ്ഞന്നാമ്മയുടെ നേർക്കായി.

എട്ടാമത്തെ വയസ്സിൽ കുഞ്ഞേലിയെ കെട്ടിക്കാൻ അപ്പൻ എടുത്തുകൊണ്ടു പോയതുപോലെ പൈലി കുഞ്ഞേലിയമ്മയെ കോരി എടുത്തുകൊണ്ട് ഓട്ടോയ്ക്കരിയിലേക്ക് നടന്നപ്പോൾ കുഞ്ഞേലി പറഞ്ഞു: "ഹായ് എന്റെ പൈലി"!

എന്റെ മക്കളെ, ആഗ്രഹമില്ലാഞ്ഞിട്ടല്ല അതു നടക്കുകേല, എനിക്കവിടെ കറവ പശുവും എരുമയുമുണ്ട്. അതിനെ നോക്കണം, മാത്രമല്ല അതിയാന്റെ അപ്പനും അമ്മയും എഴുപത് കഴിഞ്ഞിട്ടും ചക്കക്കുരുപോലെ കുറ്റോം കുറവും നോക്കി അവിടെ ഇരിപ്പുണ്ട്. അതിങ്ങടെ പടം ഒന്നു പോസ്റ്റേൽ കേറിയിരുന്നെങ്കിൽ പശൂന്റെ കാര്യം സാരമില്ലായിരുന്നു.

തേക്കേ വറുതിക്കൽ കൊച്ചുണ്ണൂണ്ണിച്ചേട്ടന്റെ മക്കളുടെ വട്ടമേശസമ്മേളനം വട്ടമറുതി എത്തിയെങ്കിലും അമ്മയുടെ കാര്യത്തിൽ ഒരു തിട്ടമായില്ല. അമ്മയെ ആർക്കും വേണ്ട. അവരുടെ സാഹചര്യം അതല്ലേ, അവരെ എന്തിനു കുറ്റപ്പെടുത്തണം. പട്ടിണി കിടന്ന് മക്കളെ പോറ്റി പ്രാർഥിച്ചും നിലവിളിച്ചും നേർച്ചകൾ നേർന്നും അവരെ വിദേശത്തയച്ചത് അവരുടെ കുറ്റമല്ലല്ലോ? മാതാപിതാക്കളുടെ കുറ്റമല്ലേ? തിരക്കേറിയ ജീവിതത്തിൽ പ്രായാധിക്യത്തിലെത്തിയ അമ്മയെ അവർ എങ്ങനെ കൂടെ താമസിപ്പിക്കും? പോരെങ്കിൽ കുഴമ്പും എണ്ണയും തേക്കുന്ന തള്ള, ഇംഗ്ലീഷ് അറിയാൻ മേലാത്ത തള്ള.

ഇനി കൂടുതൽ ഒന്നും ആലോചിക്കേണ്ട, അമ്മയെ ഓൾഡ് ഏജ് ഹോമിലാക്കാം. അതിനല്ലേ അതൊക്കെ പണിതിട്ടിരിക്കുന്നത്?

അമ്മേ ഞങ്ങൾ ഒരു സ്ഥലത്ത് കൊണ്ടുപോയി ആക്കാം. അവിടെ പ്രായം ചെന്ന ഒത്തിരിപ്പേരുണ്ട്, ഞങ്ങൾ വരുമ്പോൾ അമ്മയെ അവിടെവന്ന് കണ്ടുകൊള്ളാം.''

എന്റെ എട്ടാമത്തെ വയസിൽ വന്ന വിടാ ഇത് ഇവിടുന്ന് ഞാനെങ്ങും വരത്തില്ല. എന്റെ കട്ടിലിൽ കിടന്ന് എനിക്കു കണ്ണടക്കണം'' കുഞ്ഞേലി കട്ടായം പറഞ്ഞു.

അതു സാരമില്ലമ്മേ, അമ്മേടെ കട്ടിലൂടെ അങ്ങോട്ടു കൊണ്ടുതരാം. ''

പോടീ അവിടുന്ന്, എന്റെ കട്ടിലേൽ കിടന്ന് ഈ കഴുക്കോലേൽ നോക്കി എനിക്കു കണ്ണടക്കണം'' കുഞ്ഞേലി മക്കളെ വെട്ടിലാക്കി.

അവിടെന്തു രസമാണന്ന് അമ്മക്കറിയാമോ സമയാസമയത്ത് ഭക്ഷണം, മരുന്ന്, കുഴമ്പു തേച്ചുതരാൻ ആള്, പാട്ട്, പ്രാർഥന, പിന്നെ പ്രായമുള്ള എല്ലാരുംകൂടി എന്തെല്ലാം കളികള്, വർത്തമാനം എന്നു വേണ്ട അവിടെ ചെന്നാൽ പിന്നെ പോരാൻ തോന്നുകേല, നമുക്കൊന്നു പോയി കണ്ടിട്ട് വരാം. അമ്മക്കിഷ്ടമുണ്ടേൽ നിന്നാമതി, മക്കൾ എല്ലാം കൂടി അമ്മയെ ചാടേൽക്കേറ്റി.

ഞാൻ നിക്കത്തൊന്നുമില്ല, വേണേൽ കാണാൻ നിങ്ങളെ കൂടെ വരാം കുഞ്ഞേലി അർദ്ധസമ്മതം മൂളി.

അമ്മയേയും കൂട്ടി മക്കൾ വൃദ്ധസദനത്തിൽ എത്തി. അമ്മയെ എത്തിച്ചതും പെട്ടെന്ന് ചിരിച്ചുകൊണ്ട് ഒരു വൃദ്ധ ഓടി വണ്ടിക്കരുകിൽ വന്നു. ‘‘എന്റെ കണ്ണനാണോടാ നീ അമ്മയെ കൊണ്ടുപോകാൻ വരുമെന്ന് എനിക്കറിയാമായിരുന്നു. നീ എന്താ താമസിച്ചേ ഞാൻ എത്രനാളായി നോക്കി ഇരിക്കുന്നു. ഇനി ഒട്ടും താമസിക്കേണ്ട, പേരക്കുട്ടികളെ കണ്ടിട്ട് എത്രനാളായി...'' വൃദ്ധ സ്വന്തം മക്കളെന്ന് തെറ്റിദ്ധരിച്ച് പോകാൻ തിടുക്കം കൂട്ടി.

എന്റെ മോനേ, നിങ്ങൾ വഴിക്കെങ്ങാനും കണ്ടോ? മരുന്നും വാങ്ങി വരാമെന്നു പറഞ്ഞ് അവൻ പോയതാ. ഇപ്പം ഒത്തിരി നാളായി. വണ്ടി കിട്ടാഞ്ഞായിരിക്കും. പാച്ചു വൈദ്യരുടെ കൊഴമ്പാ എനിക്കു പിടിക്കുന്നേ.'' വൈദ്യശാല അവനറിയാം. താമസിച്ചാലും അവൻ കൊണ്ടുവരും. അവനെ കണ്ടാൽ പെട്ടന്നു വരാൻ പറയണേ...' മറ്റൊരു വൃദ്ധൻ ദയനീയമായി അപേക്ഷിച്ചു.

സാവിത്രി ഓണത്തിനു വരും. അവക്കെന്നോട് സ്നേഹമാ! ഒന്നുമല്ലെങ്കിൽ അപ്പൻ ചത്തെങ്കിലും ഞാൻ വേല ചെയ്തു വളർത്തി കെട്ടിച്ചതല്ലേ? അവളതു മറക്കത്തില്ല! തിരുവോണത്തിന് വീട്ടിൽ പോകണം, അത്തപ്പൂവ് ഇടണം, കൊച്ചുമക്കളുടെ കൂടെയിരുന്ന് ഓണസദ്യകഴിക്കണം. എന്നാണാവോ ഓണം. എന്നായാലും അവൾ വരും വരാതിരിക്കില്ല മറ്റൊരു വൃദ്ധ ആരോടെന്നില്ലാതെ പുലമ്പി.

കുഞ്ഞേലിയുടെ മക്കൾ നടത്തിപ്പുകാരുമായി സംസാരിച്ചു അമ്മയെ അവിടെ ആക്കുന്ന കാര്യം ഉറപ്പിച്ചു. മരിച്ചുപോയ അപ്പന്റെ പേരിൽ ഒരു മുറി സ്പോൺസർ ചെയ്യുക ഒരു ലക്ഷം രൂപ നൽകണം. മുറിയുടെ പേര് തെക്കേവറുതിക്കൽ കൊച്ചുണ്ണൂണ്ണി മെമ്മോറിയൽ റൂം'

നമ്മളു പോകുന്നത് അമ്മ അറിയേണ്ട, അറിഞ്ഞാൽ സമ്മതിക്കത്തില്ല. രണ്ടു ദിവസം ഇവിടെ നിന്നു കഴിഞ്ഞാൽ പിന്നെ പ്രയാസമങ്ങു മാറിക്കൊള്ളും. അപ്പോൾ ഗ്രാൻമക്ക് ഉമ്മ കൊടുക്കേണ്ടേ? മകൻ സ്റ്റീഡിന് സംശയം. ഇപ്രാവശ്യം ഉമ്മ കൊടുക്കേണ്ട എന്നു മക്കൾ ഒറ്റക്കെട്ടായി തീരുമാനിച്ച് മറുവഴിയെ പുറത്തിറങ്ങി.. ഞങ്ങൾ നേരേ വിഗാലാന്റിനാ, ഇന്നു രാത്രി ഹോട്ടലിൽ തങ്ങും നാളെ പകലും ചില സ്ഥലങ്ങൾ കണ്ട ശേഷം രാത്രിയിൽ വിദേശത്തേക്കു പോകും. സഹോദരങ്ങൾ നാടൻ കുഞ്ഞന്നാമ്മയോടായി പറഞ്ഞു. അമ്മ കാണേണ്ട നിങ്ങളും പോയ്ക്കോ. സൗജന്യ നിരക്കിൽ ആവശ്യത്തിലധികം ചുംബനങ്ങളും ടാറ്റായും കുഞ്ഞന്നാമ്മയ്ക്ക് നൽകി തെക്കേ വറുതിക്കൽ കോരമകൻ കൊച്ചുണ്ണൂണ്ണിയുടെ വിദേശമക്കൾ അപ്പന്റെ ശവസംസ്കാരവും നടത്തി അമ്മയ്ക്ക് ഒരു അഭയസ്ഥാനവും നൽകി സസന്തോഷം മഹാനഗരങ്ങളിലേക്ക് യാത്ര തിരിച്ചു.

മക്കൾ കടമ നിറവേറ്റി കടന്നുകളഞ്ഞതറിയാതെ അന്തേവാസികളുമായി കുഞ്ഞേലി സംസാരിച്ചിരുന്നു. ''ഏതു കൊഴമ്പാ തേക്കുന്നത്? പിണ്ണതൈലം. തലേ

വെയ്ക്കുന്നതോ? ധന്വന്തരോം ബലാകടാതിയും ചേർന്ന എണ്ണയാ. കുറുന്തോട്ടി കഷായം വല്ലപ്പോഴും കഴിച്ചാൽ ഒരു ബലമാ. ഞരമ്പോടൽ കഞ്ഞി ആണ്ടിലൊരിക്കൽ കഴിച്ചോണ്ടിരുന്നതാ ഇവിടെ വന്നേ പിന്നേ കുടിച്ചിട്ടില്ല.''

മരുന്നിന്റേയും വേദനയുടേയും മക്കളുടേയും ഒക്കെ കഥമാത്രം പറയുവാനുള്ള വൃദ്ധസദനം.

മക്കളെ കാണുന്നില്ലല്ലോ കുഞ്ഞേലി ഇടക്കിടക്ക് അസ്വസ്ഥമായി ചുറ്റും നോക്കി.

നടത്തിപ്പുകാരൻ അച്ചൻ അവർക്കിടയിലേക്കു വന്നു എല്ലാവരോടുമായി പറഞ്ഞു: ഇത് കുഞ്ഞേലി, നമ്മുടെ പുതിയ അതിഥി' ഹായ് കുഞ്ഞേലി,വൃദ്ധർ കുഞ്ഞേലിക്കു സ്വാഗതം അരുളി.

'അച്ചോ, എന്റെ മക്കളെന്തിയേ' കുഞ്ഞേലി തിരക്കി.

അവരൊക്കെ പോയി രണ്ടു മൂന്നു ദിവസം കഴിയുമ്പോൾ വരും അതുവരെ അമ്മ ഇവിടെ താമസിക്കണം. 'അവരൊന്നും അങ്ങനെ പോകത്തില്ലച്ചോ എനിക്ക് എട്ടു മക്കളാ അവരെന്നെ കൊണ്ടുപോകും'. തള്ള വിജയഭാവത്തിൽ പറഞ്ഞു.

മൂന്നു ദിവസം കഴിഞ്ഞുവരാമെന്നു പറഞ്ഞു പോയതാ കുഞ്ഞേലീ എന്റെ മക്കളും ഇപ്പം രണ്ടു കൊല്ലം കഴിഞ്ഞു, ഇതുവരെ വന്നില്ല. വെറുതെ ഈ മക്കളെ വളർത്തുകയല്ലേ? പഠിപ്പിച്ചതാ ഏറ്റവും വലിയ അബദ്ധം. അവരു വരും ചത്തുകഴിഞ്ഞ് അച്ചൻ വിവരം അറിയിക്കുമ്പോൾ വെറുതെ മക്കളെ പ്രതീക്ഷിക്കാതെ ഞങ്ങളോടൊപ്പം കൂടിക്കോ അതാ നല്ലത്. മറ്റൊരു വൃദ്ധ കുഞ്ഞേലിയെ ഗുണദോഷിച്ചു.

നമ്മളു മക്കൾക്കു വേണ്ടിയല്ലേ ജീവിച്ചതുതന്നെ, അവർക്ക് നമ്മളിനിയും ഒരു ബുദ്ധിമുട്ടാകരുത്. അവരുടെ ജീവിതസാഹചര്യങ്ങൾ നമ്മളു ജീവിച്ച സാഹചര്യമല്ല. തിരക്കുള്ള ജീവിതത്തിൽ നമ്മളെ ശ്രദ്ധിക്കുവാനും പരിചരിക്കുവാനും സമയവും സന്ദർഭവും ഉണ്ടാകുകയില്ല. നാം സാഹചര്യങ്ങൾക്കനുസരിച്ച് മക്കളുടെ നന്മക്കുവേണ്ടി എല്ലാം ഉൾക്കൊള്ളുവാൻ തയ്യാറാകണം. അച്ചൻ എല്ലാവരേയും സമാധാനിപ്പിച്ചു.

ഗയിറ്റിനു വെളിയിൽ ഇറങ്ങി ബസ്റ്റോപ്പിലേക്കു നടക്കാൻ ഭാവിച്ച പൈലിക്ക് കാലുകൾ മുമ്പോട്ടു വെയ്ക്കാൻ കഴിയുന്നില്ല. അങ്ങു ദൂരെ നിരവധി വൃദ്ധർക്കിടയിലൂടെ മക്കളെ പരതി നടക്കുന്ന കുഞ്ഞേലിയെ അയാൾ കണ്ടു. മക്കളേ കണ്ടോ? അമ്മ ഇവിടെ ഇരിക്ക് ഞങ്ങളിപ്പം വരാം എന്ന് പറഞ്ഞ് അകത്തേക്കു കയറി പോയതാ. ഇതുവരെ തിരികെ വന്നില്ല. ജീവിതകാലം മുഴുവൻ ഈ അമ്മയും മറ്റുള്ളവരെപോലെ മക്കളെ തിരഞ്ഞ് നടക്കും. പൈലിയുടെ കണ്ണുകൾ നിറഞ്ഞു.

'എടീ കുഞ്ഞന്നാമ്മേ, നമ്മളീ തള്ളയോടു ചെയ്യുന്നത് വലിയ കടും കൈയ്യാ. കട്ടൻ കപ്പേം കഞ്ഞിവെള്ളോം കുടിച്ച് എട്ടു മക്കളെ പെറ്റു വളർത്തി കഷ്ടപ്പെട്ടു ജീവിച്ചിട്ട് മക്കൾക്കെല്ലാം നല്ലകാലം വന്നു എന്ന ഒറ്റക്കാരണത്താൽ ഉപേക്ഷിച്ചു പോകുന്നത് ദൈവംപോലും പൊറുക്കത്തില്ലടീ'.

'എന്തോ ചെയ്യാനാ അച്ചായാ മനസോടെയല്ലല്ലോ നിവൃത്തികേടുകൊണ്ടല്ലേ? എല്ലാവരുടേയും സാഹചര്യങ്ങൾ അങ്ങനെ ഒക്കെ അല്ലേ? കുഞ്ഞന്നാമ്മയും കണ്ണുനീർ തുടച്ചു.

സാഹചര്യങ്ങൾ യാഥാർത്ഥ്യമാണെങ്കിൽപോലും അതിനപ്പുറം മാനുഷിക നന്മകളുടെ പേരിൽ, നന്ദിയുടേയും കടപ്പാടുകളുടേയും പേരിൽ എന്തൊക്കെയോ സാധ്യതകൾ അവശേഷിക്കാതിരിക്കുമോ? സ്വയം ത്യജിക്കുവാൻ സ്വന്തസുഖം വേണ്ടന്നു വെയ്ക്കുവാൻ, നഷ്ടവും കഷ്ടവും സഹിക്കുവാൻ തയ്യാറായാൽ അവിടെ സാഹചര്യം മാറിമറിയുകയില്ലേ? വേണമെങ്കിൽ എല്ലാം സാധിക്കും കുഞ്ഞന്നാമ്മേ, നമ്മളുൾപ്പെടെയുള്ളവർ എന്തിന് ഒരു ബാദ്ധ്യതകൂടി ഏറ്റെടുക്കുന്നു എന്തിനതിന്റെ കൂടെ കഷ്ട നഷ്ടങ്ങൾ സഹിക്കണം എന്ന ചിന്താഗതികൊണ്ട് ഒഴിഞ്ഞുമാറുകയല്ലേ? നമുക്ക് പശുവും എരുമയുമാണ് പെറ്റമ്മയെക്കാൾ വലുത്. അവർക്ക് മക്കളുടെ സംതൃപ്തിയും ജോലിക്കാര്യങ്ങളുമാണ് വലുത്. നാളെ നമ്മളെല്ലാവരും ഈ സ്ഥിതിയിലേക്കാണ് ചെന്നെത്തുന്നതെന്ന് ഓർമവേണം. കൂടുതൽ ഒന്നും ആലോചിക്കേണ്ട, നമുക്കൊരു കാര്യം ചെയ്യാം അമ്മയെ നമുക്കു നമ്മുടെ വീട്ടിൽ കൊണ്ടു പോകാം.

കൊണ്ടുപോയാൽ കൊള്ളാം പശുക്കളും എരുമയും നമ്മുടെ ഉപജീവനമാർഗമല്ലേ? വിശ്രമമില്ലാതെ നമ്മൾ അദ്ധ്വാനിച്ചിട്ടല്ലേ അതിന്റെ കാര്യങ്ങൾ നോക്കാൻ കഴിയുന്നത്?

കൊണ്ടുപോയാൽ കൊള്ളാമെന്നല്ല, കൊണ്ടുപോകണം. കന്നുകാലികളുടെ കാര്യം കുറേക്കൂടി ഞാനും ശ്രദ്ധിക്കാം. അല്പംകൂടി ത്യാഗം നമ്മൾ സഹിക്കേണ്ടിവരും അത്രമാത്രം. എന്നാലും ഞാനും നീയും ജീവിച്ചിരിക്കുമ്പോൾ അമ്മ അനാഥയായി ഈ ലോകം വിട്ട് പോകരുത്. മാത്രമല്ല നമ്മുടെ മക്കൾ മണ്ണിന്റെയും ചാണകത്തിന്റെയും ഗന്ധം ശ്വസിച്ചു വളർന്നവരാ അവർക്ക് എണ്ണയുടേയും കുഴമ്പിന്റേയും ഗന്ധം ഇഷ്ടപ്പെടും. അവർ നാട്ടിൽ ജനിച്ചു വളർന്ന് നാടിന്റെ പൈതൃകം അറിഞ്ഞവരാണ്. നമ്മൾ അങ്ങനെ ചെയ്താൽ നമ്മുടെ മക്കൾ നമ്മളേയും തള്ളിക്കളയത്തില്ല. മാത്രമല്ലെടി, എന്റെ നല്ല യൗവനത്തിൽ വീടും നാടും വിട്ടോടി വന്നപ്പോൾ അഭയം തരുകയും ആഹാരം തരികയും ഒരു മകനേപ്പോലെ കരുതുകയും ചെയ്തത് ഈ അമ്മയാണ്. ഞാനും നീയും കൊള്ളരുതായ്ക കാണിച്ചപ്പോൾ നിന്റപ്പൻ തല്ലിക്കൊന്ന് ചാണകക്കുഴിയിൽ മൂടാൻ ശ്രമിച്ചപ്പോൾ തല്ലുകൊള്ളാതെ രക്ഷിച്ച് നിന്റെ കൈപിടിച്ച് എനിക്കു തന്നത് ആ തള്ളയാ... പൈലിയുടെ കണ്ഠം ഇടറി.

പിന്നെ പൈലി നിന്നില്ല, അയാൾ അകത്തേക്കോടി ''അമ്മയെ ഞാൻ എന്റെ വീട്ടിൽ കൊണ്ടുപോവുകയാ അച്ചോ... പൈലി അച്ചനോടു പറഞ്ഞു. അപ്പോൾ മുറിക്കു നൽകിയ ഒരു ലക്ഷം രൂപയോ അതുകൂടി കൊണ്ടുപൊയ്ക്കോ'' അച്ചൻ മേശ തുറന്നു.

അതുവേണ്ട അച്ചോ, രൂപാ തന്നവർ എന്നെങ്കിലും ഇവിടെ പാർക്കാൻ വരാതിരിക്കില്ല. അവരുടെ മക്കൾ ഈ സ്ഥാപനം കണ്ടിട്ടല്ലേ പോയത്. അതുവരെ മക്കളില്ലാത്ത ഏതെങ്കിലും സാധുക്കൾ എത്തിയാൽ അവർക്കു നൽകിക്കോ അച്ചോ... പൈലി മറുപടി പറഞ്ഞു.

എട്ടാമത്തെ വയസ്സിൽ കുഞ്ഞേലിയെ കെട്ടിക്കാൻ അപ്പൻ എടുത്തുകൊണ്ടു പോയതുപോലെ പൈലി കുഞ്ഞേലിയമ്മയെ കോരി എടുത്തുകൊണ്ട് ഓട്ടോയ്ക്കരിയിലേക്ക് നടന്നപ്പോൾ കുഞ്ഞേലി പറഞ്ഞു: ''ഹായ് എന്റെ പൈലി''!

## Devotion

Dr. Shibu Cherian



# But He Gives more Grace

Check out this fictitious story: A man dies and goes to heaven. An angel meets him at the Pearly Gates and says, "Ok, here's how it works. You need 100 points to make it into Heaven. You tell me all the good things you've done, and I'll award you a certain number of points for each item, depending on how good it was. When you reach 100 points, you get in."

"Okay," the man says..."I was married to the same woman for 50 years and never once cheated on her, even in my heart.""That's wonderful," says the angel, "That's worth three points!"

"Three points?" he asks. "Well, I attended church all my life and supported its ministry with my tithes and service.""Terrific!" says the angel, "That's certainly worth a point.""One point?!!!"

“Hey, I started a soup kitchen in my city and worked in a shelter for homeless veterans!"“Fantastic, that's good for two more points, "the angel says. "Two points?!!!" the man cries.

"At this rate, the only way I'm going to get into heaven is by the grace of God!"At this the angel answered: "Bingo, 100 points! Come on in!"

So, what exactly is the grace of God?How is it all-sufficient for our needs? It is interesting to note that our Lord Jesus Christ never used the word ‘grace’ in any of His sermons or teachings. He just modeled it through His life and exemplified it. It is no wonder that the scriptures tell us that grace came through Jesus (John 1:17; Rom. 1:5), and by His grace we have been made rich (2 Cor. 8:9). The grace of God that brings salvation (referring to our Lord Jesus Christ) has appeared to everyone (Titus 2:11), and today we are justified freely by His grace (Rom. 3:24) as "we should become heirs according to the hope of eternal life" (Titus 3:7).

The Old Testament Hebrew translation of the word grace means to bend or, to stoop; and it includes the idea of condescending favor. So, the love of God that stoops down to us can be referred to as His grace. To show grace is to extend favor or kindness to the one who can never earn it and doesn’t deserve it. We have to accept the grace of God as a free gift that we can never earn in our lives. Out of the goodness of God’s heart, He simply extends out His favor to us when we do not deserve it. The grace of God is totally free, and we are all under His grace (Rom. 6:14)."For by grace you have been saved through faith, and that not of yourselves; it is the gift of God, not of works, lest anyone should boast." (Eph. 2:8-9)

Today, let us claim the amazing grace of God by accepting His free gift of eternal life, and ensure that we never"fall short of the grace of God"in our lives (Heb. 12:15)."Let us therefore come boldly to the throne of grace, that we may obtain mercy and find grace to help in time of need" (Heb. 4:16).Let us approach God with humility for "God resists the proud, but gives grace to the humble" (James 4:6). Above all, let us "grow in the grace and knowledge of our Lord and Savior Jesus Christ" (2 Peter 3:18).Truly, God’s grace is all sufficient for us today!

"For the Lord God is a sun and shield; the Lord will give grace and glory; no good thing will He withhold from those who walk uprightly. O Lord of hosts, blessed is the man who trusts in You!" (Psalms 84:11-12)



അജയ് ജേക്കബ്

## 2013 പ്രധാന ദിനങ്ങൾ

# ഒക്ടോബർ 13 പ്രകൃതി ദുരന്തം കുറയ്ക്കുന്നതിനുള്ള അന്താരാഷ്ട്ര ദിനം

1989 ഡിസംബർ 22 -ാം തീയതി ഐക്യരാഷ്ട്ര സഭയിലെ ജനറൽ അസംബ്ലിയിൽ അവതരിപ്പിച്ച 44/236 എന്ന പ്രമേയത്തിൽ ഒക്ടോബർ മാസത്തിലെ രണ്ടാം ബുധനാഴ്ച്ച പ്രകൃതി ദുരന്തം കുറയ്ക്കുന്നതിനുള്ള അന്താരാഷ്ട്ര ദിനമായി ആചരിക്കുവാൻ തീരുമാനിച്ചു. തുടർന്ന് 1990 മുതൽ 1999 വരെയും പ്രകൃതി ദുരന്തം കുറിക്കുന്നതിനുള്ള അന്താരാഷ്ട്ര ദശവത്സരാഘോഷഭാഗമായി എല്ലാ വർഷവും ഈ അന്താരാഷ്ട്ര ദിനം ലോകം ആചരിച്ചു പോന്നു.

2009 ഡിസംബർ 21-ലെ ജനറൽ അസംബ്ലിയിലെ 64/200 എന്ന പ്രമേയത്തിലൂടെ എല്ലാവർഷവും ഒക്ടോബർ 13-ാം തീയതി ഈ ദിനം ആചരിക്കുവാനും, ദുരന്തം കുറക്കുന്നതിനുള്ള അന്താരാഷ്ട്ര ദിനം എന്നു പുനർ നാമകരണം ചെയ്യുവാനും തീരുമാനിച്ചു. ദുരന്തങ്ങളുടെ ആഘാതം കുറക്കുവാനും ദുരന്ത നിവാരണത്തിനുമായി ജനങ്ങൾ പ്രവർത്തിക്കുന്നതെങ്ങനെയാകണമെന്നുള്ള ബോധവത്കരണം നടത്തുക എന്നതാണ് ഈ ദിനാചരണത്തിന്റെ മുഖ്യ ലക്ഷ്യം.

Internationl Day for disaster reduction (IDDR) അഥവാ ദുരന്തങ്ങൾ കുറക്കുന്നതിനുള്ള അന്താരാഷ്ട്ര ദിനത്തിന്റെ ഈ വർഷത്തെ ചിന്താവിഷയം ദുരന്ത ഫലം അനുഭവിക്കുന്നവർക്കും അവശത അനുഭവിക്കുന്നവർക്കും ഒപ്പം താമസിക്കുക എന്നതാണ്. അവശതയിലും ബലഹീനതയിലും ജീവിക്കുന്നവർ സമൂഹത്തിൽ തിരസ്കരിക്കപ്പെട്ടവരായി മാറുകയും ദുരന്തങ്ങൾ അവരുടെ കഷ്ടാവസ്ഥ വലുതാകുകയും ചെയ്യുന്നു. അവർക്ക് ദുരന്ത സഹായ നിധികൾ കൈപ്പറ്റുവാൻ പലപ്പോഴും താമസം നേരിട്ടു എന്നതു മാത്രമല്ല ദുരന്തത്തിൽ നിന്നു മോചനം നേടുവാൻ അധിക സമയങ്ങളും എടുക്കുന്നു.വികാരങ്ങൾ മുറിപ്പെടത്തക്ക ദുരന്തഫലം അനുഭവിക്കുന്നവർ എതെങ്കിലും വിധത്തിലുള്ള അവശത അനുഭവിക്കുന്നവർ തുടങ്ങി 100 കോടി ജനങ്ങളെയാണ് ഈ ദിനത്തിൽ ലക്ഷ്യം വക്കുന്നത്.

# സച്ചിൻ പടിയിറങ്ങിയപ്പോൾ

നൂറ്റി ഇരുപതുകോടി ജനതയുടെ ആശയും ആവേശവും യുവജനതയുടെ ക്രിക്കറ്റ് ദൈവവുമായ സച്ചിൻ തെണ്ടുൽക്കർ നവംബർ 14ന് ക്രീസിനോട് വിടപറഞ്ഞപ്പോൾ, മാധ്യമലോകം വലിയ പ്രാധാന്യത്തോടെയാണ് അച്ചു തനിരത്തിയത്.

രണ്ടര പതിറ്റാണ്ടുകൾ കളി മൈതാനത്ത് വിസ്മയം തീർത്ത ഈ നാല്പതുകാരൻ ഇന്ത്യൻ ബാറ്റിംഗ് ലോകത്തെ അതുല്യ പ്രതിഭയായി.

രണ്ടായിരത്തിന്റെ തുടക്കത്തിൽ ഇന്ത്യൻ ക്രിക്കറ്റ് പ്രേമികൾ മുംബൈയിലെ തെരുവീഥികളിൽ സച്ചിന്റെ ഫോട്ടോയുമായി ആർത്തുല്ലസിച്ചപ്പോൾ അവർ ഇങ്ങനെ ഏകസ്വരത്തിൽ പറഞ്ഞു: ''ക്രിക്കറ്റ് ഞങ്ങളുടെ മതം, സച്ചിൻ ഞങ്ങളുടെ ദൈവം.''

രണ്ടായിരത്തിനുശേഷം ഈ ക്രിക്കറ്റ് ദൈവത്തിന് തിരിഞ്ഞുനോക്കേണ്ടി വന്നില്ല. യുവ, കൗമാര ഹൃദയങ്ങളിൽ സച്ചിൻ ഒരുറണ്മഴയായി പെയ്തിറങ്ങുകയായിരുന്നു. ലോകം കണ്ടത് മൈതാനത്ത് കളിക്കുന്ന സച്ചിനെയല്ല, ടെലിവിഷൻ എന്ന മാധ്യമത്തിന്റെ ബൗണ്ടറിയ്ക്കുള്ളിൽ നിറഞ്ഞാടുന്ന സച്ചിനെയാണ്. ക്രിക്കറ്റ് മതത്തിനപ്പുറത്തേക്ക് പടർന്നു കയറിയ ഈ ക്രിക്കറ്റ് ബാറ്റ്സ്മാൻ ലോകക്രിക്കറ്റ് പ്രേമികളിലേക്ക് ചേക്കേറിയത് ഇന്ത്യയുടെ എക്കാലത്തെയും വസന്തമായിരുന്ന സുനിൽ ഗവാസ്കറിന്റെ വിക്കറ്റ് വീഴ്ത്തിയാണ്.



ഒരർത്ഥത്തിൽ രവിശാസ്ത്രിക്കും കപിലിനും ഗവാസ്കറിനും അപ്പുറത്തേക്ക് ഈ യുവകേസരി പന്തടിച്ചു നേടിയത് ഇന്ത്യയുടെ അഭിമാനമായിരുന്നു.

ബൗണ്ടറിയെ ഇളക്കിമറിച്ച സിക്സറുകളും നേടിയ സെഞ്ചറികളും ഇന്ത്യൻ ക്രിക്കറ്റ് ചരിത്രത്തിന്റെ സുവർണ രേഖകൾ തന്നെയായിരുന്നു.

1989 നവംബർ 15ന് കറാച്ചിയിൽ പാകിസ്ഥാനെതിരെ അന്താരാഷ്ട്ര ക്രിക്കറ്റിൽ അരങ്ങേറ്റം കുറിച്ച ഈ കൗമാരക്കാരനെ ലോകം കൗതുകത്തോടെയാണ് വീക്ഷിച്ചത്. കണ്ണിൽ തിളക്കവും മനസിൽ ആകാംക്ഷയും പൂണ്ട ഈ വട്ടമുഖക്കാരൻ അങ്കംകുറിച്ച റൺമഴ 24 വർഷത്തിന് ശേഷം മുംബൈയിൽ അവസാന ടെസ്റ്റിലും പെയ്തൊഴിഞ്ഞു.

ക്രിക്കറ്റിൽ മറ്റാർക്കും തകർക്കാനാവാത്ത റിക്കോർഡുകൾ നേടിയ സച്ചിൻ ഏകദിനത്തിലും ടെസ്റ്റിലും ബൗണ്ടറിക്കപ്പുറത്തേക്ക് തുഴയെറിഞ്ഞു.



**ഇന്ത്യൻ ക്രിക്കറ്റ് അസോസിയേഷൻ മുമ്പാകെ ഗദ്ഗദത്തോടെ സച്ചിൻ പുലമ്പി: ജീവിതത്തിലിന്നോളം ഞാൻ സ്വപ്നം കണ്ടുകൊണ്ടിരുന്നത് ഇന്ത്യയ്ക്കുവേണ്ടി ക്രിക്കറ്റു കളിക്കുക എന്നതു മാത്രമായിരുന്നു.**

അന്താരാഷ്ട്ര ക്രിക്കറ്റിൽ 100 കരിയർ സെഞ്ചറി നേടിയ ഏക ബാറ്റ്സ്മാൻ സച്ചിൻ തെണ്ടുൽക്കർ തന്നെ.

*വിടപറയൽ...! വിതുമ്പൽ*

ഇന്ത്യൻ ക്രിക്കറ്റ് അസോസിയേഷൻ മുമ്പാകെ ഗദ്ഗദത്തോടെ സച്ചിൻ പുലമ്പി: 'ജീവിതത്തിലിന്നോളം ഞാൻ സ്വപ്നം കണ്ടുകൊണ്ടിരുന്നത് ഇന്ത്യയ്ക്കുവേണ്ടി ക്രിക്കറ്റു കളിക്കുക എന്നതു മാത്രമായിരുന്നു. കഴിഞ്ഞ 24 വർഷവും എല്ലാ ദിവസവും ഈ സ്വപ്നത്തിലാണ് ഞാൻ കളിച്ചുകൊണ്ടിരുന്നത്. ക്രിക്കറ്റ് കളിക്കാത്ത ജീവിതം സങ്കല്പിക്കാൻപോലും പ്രയാസമാണ്.

എസ്. എം.




# കളറിടാമോ?






കിളികൾ പറയുന്ന വാക്യം ബൈബിളിൽ എവിടെയാണ്?

KIDS CORNER

## യേശുവിന്റെ ശിഷ്യന്മാരുടെ പേരുകൾ മാത്രം തിരഞ്ഞെടുത്ത് താഴെ എഴുതുക.

| | | | | | |
|---|---|---|---|---|---|
| പത്രൊസ് | പൗലൊസ് | യെശയ്യാവ് | അന്ത്രെയാസ് | അബ്രഹാം | യോശുവ |
| യാക്കോബ് | ശീമോൻ | മോശെ | യോഹന്നാൻ | യോസേഫ് | ലാസർ |
| ഫിലിപ്പൊസ് | ഇസ്കര്യോത്താ യൂദാ | ബർത്തൊലൊമായി | ദാവീദ് | തോമാസ് | യിസ്ഹാക്ക് |
| ചുങ്കക്കാരൻ മത്തായി | ദാനിയേൽ | അല്ഫായുടെ മകൻ യാക്കോബ് | യോനാ | തദ്ദായി | യിരെമ്യാവ് |

## വാക്യം പൂരിപ്പിക്കുക

തന്റെ ..................................പുത്രനിൽ ............................ ഏവനും ....................................... നിത്യജീവൻ ............................... ദൈവം അവനെ ........................ തക്കവണ്ണം ലോകത്തെ ................................ (യോഹന്നാൻ 3:16).

## പുതിയ നിയമ പുസ്തകത്തിൽ വിട്ടുപോയവ ഏതെല്ലാം?

യോഹന്നാൻ, ഗലാത്യർ, വെളിപ്പാട്, എബ്രായർ, കൊലൊസ്യർ, മത്തായി, 1 തെസ്സലൊനിക്യർ, മർക്കൊസ്, 2 തെസ്സലൊനീക്യർ, 1 തിമൊഥെയൊസ്, തീത്തോസ്, 1 പത്രൊസ്, 1 കൊരിന്ത്യർ, 2 പത്രൊസ്, 1 യോഹന്നാൻ, 2 യോഹന്നാൻ,



അജയ് ജേക്കബ്

# WiSE QUIZ

മത്സരാർഥികൾക്ക് പ്രായപരിധിയില്ല. വിജയി നറുക്കെടുപ്പിലൂടെ.
ബൈബിൾ ക്വിസിനും ജനറൽ ക്വിസിനും പ്രത്യേകം സമ്മാനം.
ഉത്തരങ്ങൾ എല്ലാ മാസവും ഇരുപതാം തീയതിക്കു മുമ്പ് ലഭിക്കണം.

## ബൈബിൾ ക്വിസ്

### വിഷയം: രാജ്ഞി

1. അശേരയ്ക്ക് ഒരു മ്ലേച്ഛവിഗ്രഹം ഉണ്ടാക്കിയതുകൊണ്ട് രാജ്ഞി സ്ഥാനം നഷ്ടപ്പെട്ടവൾ?
2. മകൻ മരിച്ചു എന്ന് കണ്ട് രാജസന്തതിയെ ഒക്കെയും നശിപ്പിച്ചവൾ?
3. ശലോമോൻ രാജാവിനെ കടമൊഴികളാൽ പരീക്ഷിച്ച രാജ്ഞി?
4. രാജധാനിയിൽ വച്ച് സ്ത്രീകൾക്ക് വിരുന്നുകഴിച്ചവൾ?
5. കണ്ണിൽ മഷിയെഴുതി തലചീകി മിനുക്കി കിളിവാതിലിൽ കൂടി നോക്കിയവൾ?
6. അഹശ്വരേശ് രാജാവ് വസ്ഥിക്ക് പകരം രാജ്ഞിയാക്കിയത് ആരെ?
7. യഹോവയുടെ പ്രവാചകന്മാരെ കൊന്നവൾ?
8. മിസ്രയീം രാജാവായ ഫറവോന്റെ ഭാര്യയുടെ പേര്?
9. രാജധാനിക്കരികെ വച്ച് വാൾകൊണ്ട് കൊല്ലപ്പെട്ടവൾ?
10. ദുഷ്ടസ്ത്രീ എന്നു വിശേഷിപ്പിക്കപ്പെട്ട രാജ്ഞി?

## ജനറൽ ക്വിസ്

### വിഷയം: ഭരണം

1. മുഖ്യമന്ത്രിമാരെയും മന്ത്രിമാരെയും നിയമിക്കുന്നതാര്?
2. സംസ്ഥാന മന്ത്രിസഭയുടെ തലവനാര്?
3. സെക്രട്ടറിയേറ്റിന്റെ പൂർണ്ണ ചുമതലയുള്ള ഉദ്യോഗസ്ഥൻ?
4. ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വം ആർക്ക്?
5. ജില്ലയിലെ പോലീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ?
6. താലൂക്കിന്റെ തലവൻ ആര്?
7. കോർപ്പറേഷന്റെ ഭരണത്തലവൻ ആര്?
8. കേരളനിയമസഭ പഞ്ചായത്ത് രാജ് നിയമം പാസാക്കിയത് എന്ന്?
9. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ആസ്ഥാനം?
10. മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതി?

കഴിഞ്ഞ ലക്കത്തിലെ വിജയികൾ
ബൈബിൾ ക്വിസ്: ശൈലാസ് ഏബ്രാഹാം, പെരുന്തരുത്തി
ജനറൽ ക്വിസ്: നിസി ബി. ജോൺ, ആമല്ലൂർ

### കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ

**ബൈബിൾ ക്വിസ്:** 1. ഹീരാം (2 ശമൂ. 5:11), 2. ശലോമോൻ രാജാവ് (1 രാജാ. 9:26), 3. ഹെരോദാവിന്റെ (മത്താ. 2:1), 4. 62 (ദാനീ. 5:31), 5. ബേൽശസ്സർ (ദാനി. 5:6), 6. ബേൽശസ്സർ (ദാനീ. 5:1), 7. സോർ രാജാവ് (യെശ. 28:12), 8. അർത്ഥഹ്ശഷ്ടാ രാജാവ് (എസ്രാ. 7:1), 9. രെഹബെയാം (2 രാജാ. 10:16), 10. 4 ലക്ഷം (2 രാജാ. 13:3).

**ജനറൽ ക്വിസ്:** 1. കാസർഗോഡ്, 2. ഇടുക്കി, 3. 14, 4.പാലക്കാട്, 5 മലപ്പുറം, 6. പത്തനംതിട്ട, 7. വയനാട്, 8. ഇടുക്കി, 9. കോട്ടയം, 10. തൃശൂർ



# ഫെയ്ത്ത് ലീഡേഴ്സ് ബൈബിൾ ട്രെയിനിംഗ് സെന്റർ

## Graduating Students 2013


Shibil K.Jayan


Jomon T.R.


Bosco J.


Paul Joseph


Bijin C. Babu


Nithin R. Jacob


Johnson T. Samuel


John M.K.


Pastor Sam John


Antony M.J.


Thomaskutty Mathew


Achankunju M.J.


Allwin Tom Alexander

## Faculty


Rev. Daniel Mathew


Pastor Roy Daniel


Pastor Sunny Varky


Evg. Pappachan K.


Evg. Johnson P.


Pastor M.P. Baby


Evg. Santhosh Joseph


Evg. Ajay Jacob


Evg. T.S. Mathew


Pastor M.R. Shibu


Pastor Roji Thomas


Pastor Umman Thomas



**സുവിശേഷ വേലയിൽ താല്പര്യമുള്ള യുവാക്കൾക്കായി നടത്തുന്ന 1 വർഷ ബൈബിൾ കോഴ്സിന്റെ അഞ്ചാം ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു.**

പഠനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേരളത്തിലെ വിവിധയിങ്ങളിൽ ഈ മിനിസ്ട്രീസിന്റെ ഭാഗമായി പ്രവർത്തിക്കുവാൻ അവസരം. താമസവും ഭക്ഷണവും സൗജന്യം

**അടിസ്ഥാന യോഗ്യത: ദൈവ വേലക്കുള്ള വിളിയും സമർപ്പണവും**

അപേക്ഷാ ഫോമിനും കുടുതൽ വിവരങ്ങൾക്കും ഓഫീസുമായി ബന്ധപ്പെടുക
പ്രിൻസിപ്പാൾ
പാലയ്ക്കാത്തകിടി പി.ഒ. കുന്നന്താനം, പത്തനംതിട്ട 689581
Tel: 0469 3269009, Email: info@faithleaderschurch.org Web: www.faithleaderschurch.org

WiSE

WALKING IN SPIRITUAL EXCELLENCE



# FAITH LEADERS CHURCH OF GOD


Wise Magazine, Faith Leaders Church of God, Palakkathakidi Post, Venkotta, Pathanamthitta Dist., Pincode: 689 581, Kerala State, India
Tel: +91 469 32 69009, +91 974 479 7080, Email: wise@faithleaderschurch.org
For Subscription Enquires: Tel: +91 974 448 2454, Email: circulationmanagerwise@gmail.com
www.faithleaderschurch.org



Printed and published by Reji Daniel Mathew, on behalf of Faith Leaders Church of God, Palakkathakidi Post, Venkotta, Pathanamthitta Dist, Pin-689581, Kerala State, India. Cover Design by SANTHOSH JOSEPH. Printed at Ebenezer Printers, Trichur.